ഭാഷാരാമായണചമ്പു

ഭാഷാ [illegible]

കേരള സാഹിത്യ അക്കാദമി

കേരളസാഹിത്യ അക്കാദമി

C.14'

SRI MULAM MALAYALAM SERIES.

No. XV.

BHÂSHÂ RAMAYANA CHAMPU

(BALAKANDA)

EDITED

WITH INTRODUCTION, EXPLANATIONS AND NOTES

BY

KOLATTERI SANKARA MENON, M. A., L. T.,

Director of Ayurveda, Travancore

and

Curator for the Publication of Malayalam Manuscripts

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1926.

All Rights Reserved.]

[Price Rs. 1-7-10.

COCHIN GOVERNMENT

അവതാരിക.

ലോകത്തിലേക്ക് ഏററവും ഉത്കൃഷ്ടമായ കാവ്യം വാല്മീകി രാമായണമാണ്. രാമനെപ്പോലെ ഒരു നായകനേയോ സീതയേപ്പോലെ ഒരു നായികയേയോ, രാവണനേപ്പോലെ ഒരു പ്രതിനായകനേയോ ഒരുകാലത്തും, ഒരിടത്തും ഒരുകവിക്കും സൃഷ്ടിക്കുവാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടു വാല്മീകിയെപ്പോലെ ഒരു കവിയും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. വാല്മീകി ആദികവിയും, രാമായണം ആദികാവ്യവുമായിരിക്കുന്നതുപോലെ കഥാപാത്രങ്ങളായ രാമാദികൾ നിസ്തുല്യന്മാരുമാകുന്നു. രാമായണം വായിക്കാത്തവരൊ, കഥ കേൾക്കാത്തവരൊ ഹിന്ദുക്കളിൽ ആരും തന്നെ ഇല്ല. അന്യമതക്കാരും മറുരാജ്യക്കാരും രാമായണകാവ്യത്തിൻെറ രസാസ്വാദനവിഷയത്തിൽ ഔൽസുക്യമുള്ളവരാണ്. ബാലന്മാരും, സ്ത്രീകളും, പാമരന്മാരും കഥാരസത്തിലുള്ള വൈവശ്യം നിമിത്തം രാമായണം നിത്യപാരായണം ചെയ്യുന്നു. പ്രൌഢന്മാരായ പണ്ഡിതസഹൃദയന്മാർ ദ്രാക്ഷാപാകമായ പദ്യങ്ങളിൽ നിറഞ്ഞു വഴിഞ്ഞൊഴുകുന്ന കാവ്യരസാമൃതം ആസ്വദിച്ചാസ്വദിച്ച് അലംഭാവത്തെ പ്രാപിക്കാതെ അതിൽതന്നെ നിഷ്ണാതന്മാരായി ഭവിക്കുന്നു. വൃദ്ധന്മാരായ പണ്ഡിതാഗ്രേസരന്മാർ, വേദോപബൃംഹണമായ രാമായണത്തിൽ പ്രോജ്ജ്വലപ്രഭാവത്തോടുകൂടിയ ധൎമ്മതത്വരത്നങ്ങളുടെ മാഹാത്മ്യത്തെ നിൎവ്വർണ്ണനംചെയ്തു തദ്ഗതചിത്തവൃത്തികളായി വിഷയവൈരാഗ്യത്തെ പ്രാപിക്കുന്നു. ഇപ്രകാരം എല്ലാത്തരക്കാരായ മനുഷ്യരേയും ഒരുപോലെ രമിപ്പിച്ചു രമിപ്പിച്ച് അവരവർ അറിയാതെതന്നെ ധൎമ്മപഥത്തിൽ സഞ്ചരിപ്പിച്ചു ശീലിപ്പിക്കുന്നതിനുള്ള പ്രത്യേകസാമൎത്ഥ്യം വാല്മീകിമഹൎഷി രാമായണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതുപോലെ മറെറാരുകവിയും ഒരിടത്തും പ്രകടിപ്പിച്ചിട്ടില്ല. പ്രസന്നഗംഭീരമായ രാമായണനദിയിൽ എല്ലാവരും അവരവരുടെ നിലപോലെ ഇറങ്ങി വിഹരണംചെയ്തു രസിച്ചാസ്വദിക്കുന്നു.

വാല്മീകിരാമായണം എത്രെല്ലാംവിധം വേഷംമാറി ലോകരംഗത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നുള്ളതിന കയ്യും കണക്കുമില്ല. പ്രവരസേനന്റെ സേതുബന്ധം പ്രാകൃതകാവ്യം, ഭോജന്റെ ചമ്പൂരാമായണം, രാഘവാഭ്യുദയം, കവിരാജന്റെ രാഘവപാണ്ഡവീയം, വിശ്വനാഥന്റെ രാഘവവിലാസം, രാമചന്ദ്രന്റെ രാമവിലാസം, ഹരിനാഥന്റെ രാമവിലാസം, അഗ്നിവേശന്റെ രാമചന്ദ്രചരിത്രസാരം, രഘുനാഥാഭ്യുദയം, ഹരദത്തസൂരി എഴുതിട്ടുള്ള രാഘവനൈഷധീയം, ഭട്ടഭീമന്റെ രാവണാർജ്ജുനീയം വേദാന്തദേശികരുടെ പാദുകാസഹസ്രം, ഭവഭൂതിയുടെ മഹാവീരചരിതം, ഉത്തരരാമചരിതം, മുരാരിയുടെ അനർഘരാഘവം, ജയദേവന്റെ പ്രസന്നരാഘവം, സുന്ദരമിശ്രന്റെ അഭിരാമാമണി രാജശേഖരന്റെ ബാലരാമായണം, ഉദാത്തരാഘവം, ഭാസ്കരകവിയുടെ ഉന്മത്തരാഘവം, സുബന്ധുവിന്റെ ഉന്മത്തരാഘവം ശ്രീനിവാസാചാര്യരുടെ ജാനകീചരണചാമരം, രാമഭദ്രദീക്ഷിതരുടെ ജാനകീപരിണയം, ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി ഹനുമന്നാടകമെന്നു പറയുന്ന മഹാനാടകം, ചക്രകവിയുടെ ജാനകീപരിണയകാവ്യം, കുമാരദാസന്റെ ജാനകീഹരണം രാമപാണിവാദന്റെ രാഘവീയമഹാകാവ്യം, സീതാരാഘവനാടകം, അജ്ഞാതകർത്തൃകമായ രഘുവീരചരിതം മഹാകാവ്യം എന്നിവയെല്ലാം ഇവിടെ പ്രസ്താവയോഗ്യങ്ങളായിട്ടുള്ളവയാകുന്നു.

ഇവകൂടാതെ അഗ്നിവേശരാമായണം, ബോധായനരാമായണം ഭരദ്വാജരാമായണം മുതലായി അനേകഗ്രന്ഥങ്ങൾ ഋഷിശ്വന്മാർതന്നെ എഴുതീട്ടുള്ളതായികേട്ടിട്ടുണ്ട്. ആനന്ദരാമായണം അത്ഭുതരാമായണം, യോഗവാസിഷ്ഠരാമായണം, മന്ത്രരാമായണം ഭട്ടികാവ്യം മുതലായവയും ഇവിടെ സ്മർത്തവ്യമാകുന്നു. പ്രായേണ എല്ലാ പുരാണങ്ങളിലും രാമായണംകഥ പ്രത്യേകം പറഞ്ഞ കാണുന്നു. പൂർവകല്പത്തിൽ നടന്ന പ്രകാരമുള്ള രാമായണകഥയെ പത്മപുരാണത്തിൽ വിവരിച്ചിട്ടുണ്ട്.

ബുദ്ധന്മാരുടെ ഗ്രന്ഥമായ ദശരഥജാതകത്തിൽ രാമായണകഥയെ വികൃതസ്വരൂപത്തിലും, ജൈനന്മാരുടെ ഗ്രന്ഥമായ ജൈനരാമായണത്തിൽ രാമകഥയെ മറെറാരു പ്രകാരത്തിൽ പറഞ്ഞുകാണുന്നു.

ഇവയെല്ലാംതന്നെ രാമായണത്തിന്റെ ഔൽകൃഷ്ട്യത്തെ പ്രകടിപ്പിയ്ക്കുന്നു. അദ്ധ്യാത്മതത്വങ്ങളെ രാമായണകഥാദ്വാരേണ പ്രകാശിപ്പിക്കുന്നതിന്നു വ്യാസൻ അദ്ധ്യാത്മരാമായണത്തെയും, ക്ഷേമേന്ദ്രൻ വാല്മീകിരാമായണത്തെ സംഗ്രഹിച്ചു രാമായണമഞ്ജരിയേയും എഴുതി കൃതാൎത്ഥതപ്പെട്ടു. അദ്ധ്യാത്മരാമായണത്തിന്റെ കൎത്താവു രാമാനന്ദനാണെന്നു പറയുന്ന അഭിപ്രായത്തെ ഇവിടെ വിഗണിക്കുന്നില്ല. ദിവ്യനായ വസിഷ്ഠമഹൎഷി സൂൎയ്യവംശരാജാക്കന്മാരുടെ കുലഗുരുവായി ആദികാലം മുതൽ പൌരോഹിത്യം വഹിച്ചുവന്നതു ഭാവിയായ ശ്രീരാമാവതാരത്തെ പ്രതീക്ഷിച്ചുകൊണ്ടാണെന്നു പറഞ്ഞിട്ടുള്ളതുപോലെ, മഹാകവിയായ കാളിദാസൻ ദിലീപന്റെ കഥമുതൽ രഘുവംശകാവ്യം എഴുതിത്തുടങ്ങുവാനുണ്ടായ ഉദ്ദേശ്യം രാമായണംകഥക്കൂടി ഈ സന്ദൎഭത്തിൽ കാവ്യരൂപത്തിൽ ചുരുക്കിഎഴുതുവാൻ സംഗതി വരുമെന്നു വിചാരിച്ചായിരിക്കാമെന്നുതന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. വാല്മീകിരാമായണത്തെ പലതവണ വായിച്ചു പഠിച്ചുരസിച്ചിട്ടുള്ള കാളിദാസൻ രാമായണംകഥയെ സംഗ്രഹിച്ചു കാവ്യരൂപത്തിൽ എഴുതീട്ടുള്ളതും, ശ്രീരാമൻ ഹനൂമാനെ ദൂതനായിക്കല്പിച്ചു സീതയുടെ സമീപത്തിൽ അടയാളവാക്കോടുകൂടി പറഞ്ഞയക്കുന്ന രാമായണകഥാഭാഗത്തിൽനിന്നു സന്ദേശകാവ്യബീജത്തെ ഗ്രഹിച്ചു മേഘദൂതം ചമച്ചിട്ടുള്ളതും സ്വഗുരുവായ വാല്മീകിമഹൎഷിയുടെ നേൎക്കുള്ള ഭക്ത്യാദരബഹുമാനങ്ങളെ പ്രദൎശിപ്പിക്കുവാനാണെന്നുള്ളതിന്നു തൎക്കമില്ല.

സംസ്കൃതഭാഷയിൽ എഴുതിയിരിക്കുന്ന രാമായണം സംസ്കൃതാനഭിജ്ഞന്മാൎക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെന്നതുകൊണ്ടു ആ കഥയെത്തന്നെ ദേശഭാഷകളിൽ എഴുതി പ്രചരിപ്പിക്കുന്നതിന്നു വാല്മീകിമഹൎഷി രണ്ടു ജന്മങ്ങളെക്കൂടി സ്വീകരിച്ചു എന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. അതിൽ ആദ്യത്തെ ജന്മത്തിൽ [illegible] എന്നു പ്രസിദ്ധ[illegible] ദ്രാവിഡഭാഷയിൽ [illegible] രചിച്ചു രാമായണകഥയെ ഭാരതഖണ്ഡത്തിന്റെ ദക്ഷിണഭാഗങ്ങളിൽ പ്രചരിപ്പിച്ചു. പിന്നീടു ഉത്തരദേശങ്ങളിൽ തുളസീദാസനെന്നു പ്രസിദ്ധനായ രാമഭക്തനായി ജനിച്ചു തുളസീദാസരാമായണം ഹിന്ദിഭാഷയിൽ എഴുതി [illegible]ജനങ്ങളെ [illegible].

„വാല്മീകിസ്തുളസീദാസഃ
  കലൌ ഖലു ഭവിഷ്യതി
രാമചന്ദ്രകഥാം പൂതാം
  ഭാഷാരൂപാം കരിഷ്യതി."

വാല്മീകിരാമായണത്തിനും, കമ്പരാമായണത്തിനും, തുളസീദാസരാമായണത്തിനും തുല്യപ്രാധാന്യമാണ് വിദ്വാന്മാർ കല്പിച്ചിരിക്കുന്നത്. അവ മൂന്നും വേദതുല്യമായിക്കരുതിപ്പോരുന്നു.

„വാല്മീകിതുളസീദാസ-
  കമ്പാദ്യൈഃ കവിധാതൃഭിഃ
കൃതാ രാമായണകഥാ
  ത്രയീവ പരിശോഭതേ."

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു മൂന്നു രാമായണങ്ങളുടേയും പ്രാമാണ്യം പ്രത്യക്ഷമാകുന്നു.

ഇനി രാമായണം ധർമ്മമാർഗ്ഗത്തെ ഏതുവിധം പ്രദ്യോതിപ്പിക്കുന്നു എന്നു ചിന്തിക്കാം. രാമായണകഥാപ്രാരംഭത്തിൽ തന്നെ രാമനെക്കുറിച്ചു 'രക്ഷിതാ സ്വസ്യ ധർമ്മസ്യ' എന്നും ആരണ്യകാണ്ഡത്തിൽ 'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്നും പറഞ്ഞിട്ടുള്ളതിൽനിന്നു ധർമ്മജ്ഞതവിശിഷ്ടമഹാപുരുഷന്റെ കഥയാണ് രാമായണത്തിൽ പറഞ്ഞിരിക്കുന്നത് എന്നു സിദ്ധിക്കുന്നു.

„യസ്മിന്ന ചലതേ ധർമ്മോ
  യോ ധർമ്മം നാതിവർത്തതേ."

എന്ന യുദ്ധകാണ്ഡത്തിലെ ശുകവാക്യംകൊണ്ടും,

„വിദ്ധി മാമൃഷിഭിസ്തുല്യം
  കേവലം ധർമ്മമാസ്ഥിതം."

എന്ന് അയോദ്ധ്യാകാണ്ഡത്തിൽ രാമൻ പറഞ്ഞിരിക്കുന്നതുകൊണ്ടും,

„ധർമ്മാത്മാ സത്യസന്ധശ്ച
  രാമോ ദാശരഥിര്യദി
പൌരുഷേ ചാപ്രതിദ്വന്ദ്വഃ
  ശരൈനം ജഹി ര

എന്ന ധൎമ്മസ്വരൂപതത്വപ്രതിപാദകശബ്ദരൂപലക്ഷണവാക്യം കൊണ്ടും,

"ലോകാനാം ത്വം പരോ ധൎമ്മഃ."

എന്നുള്ള യുദ്ധകാണ്ഡത്തിലെ ബ്രഹ്മവചനംകൊണ്ടും,

"യദാ യദാ ഹി ധൎമ്മസ്യ
ഗ്ലാനിൎഭവതി ഭാരത!
അഭ്യുത്ഥാനമധൎമ്മസ്യ
തദാത്മാനം സൃജാമ്യഹം.

പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധൎമ്മസംസ്ഥാപനാൎത്ഥായ
സംഭവാമി യുഗേ യുഗേ."

എന്നുള്ള ഭഗവദ്ഗീതാവാക്യങ്ങളേക്കൊണ്ടും വിഷ്ണുവിൻെറ എല്ലാ അവതാരങ്ങളുടെയും ഉദ്ദേശ്യം ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവും ചെയ്തു ലോകത്തിൽ ധൎമ്മസ്ഥാപനമാണെന്ന് അനായാസേന സിദ്ധിക്കുന്നു. ഈ തത്വത്തെ മനസ്സിൽ വച്ചുകൊണ്ടാണ് "രാമവദ്വൎത്തിതവ്യം സ ധൎമ്മഃ, രാവണവന്ന വൎത്തിതവ്യം സോഽധൎമ്മഃ" എന്നു ഭട്ടാചാൎയ്യൻ പറഞ്ഞിരിക്കുന്നതു്.

രാമായണത്തിൽ "പുണ്യം വേദൈശ്ച സമ്മിതം" എന്നും "വേദോപബൃംഹണാൎത്ഥായ താവഗ്രാഹയത പ്രഭുഃ" എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു രാമായണത്തിനു വേദോപബൃംഹകത്വവും, വേദസമ്മിതത്വവും സിദ്ധമായി. 'വേദോഽഖിലോ ധൎമ്മമൂലം' 'വേദോ ധൎമ്മമൂലം', എന്നാദിയായിട്ടുള്ള വാക്യങ്ങളിൽനിന്നു വേദം മുഴുവൻ ധൎമ്മപ്രതിപാദകമെന്നു വന്നുകൂടുന്നു. താദൃശവേദോപബൃംഹകത്വവും തത്സമ്മിതത്വവും ധൎമ്മതാൽപൎയ്യപ്രതിപാദനം കൂടാതെ അനുപപന്നമായിരിക്കുന്നതുകൊണ്ടു രാമായണത്തിൽ ധൎമ്മതാൽപൎയ്യപ്രതിപാദനം യുക്തം തന്നെ.

ധൎമ്മം അലൌകികശ്രേയസ്സാധനമാകുന്നു. "ചോദനാലക്ഷണോഽൎത്ഥോ ധൎമ്മഃ" എന്നു ജൈമിനി പറഞ്ഞിരിക്കുന്നു. "യത്ത്വാൎയ്യാഃ ക്രിയമാണം പ്രശംസന്തി സ ധൎമ്മോ, യദ് ഗൎഹന്തേ

സോ/ധൎമ്മഃ" എന്ന് ആപസ്തംബാചാൎയ്യൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള ധൎമ്മത്തിനു നാലു പ്രമാണം ഭവിക്കുന്നു.

"വേദഃ സ്മൃതിഃ സദാചാരഃ
സ്വസ്യ ച പ്രിയമാത്മനഃ
ഏതച്ചതുൎവ്വിധം പ്രാഹുഃ
സാക്ഷാദ്ധൎമ്മസ്യ ലക്ഷണം."

എന്നു മനുസ്മൃതിയിൽ കാണുന്നു.

"വേദോ ധൎമ്മമൂലം തദ്വിദാം ച സ്മൃതിശീലേ" എന്ന ഗൌതമവാക്യത്തിലെ സദാചാരവാചിയായ ശീലപദംകൊണ്ടു സന്മനഃസ്സന്തുഷ്ടിയുംകൂടി ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു. "ധൎമ്മജ്ഞസമയഃ പ്രമാണം വേദാശ്ച"എന്ന ആപസ്തംബവാക്യത്തിലെ 'ധൎമ്മജ്ഞസമയഃ' എന്നുള്ളതുകൊണ്ടു സ്മൃതിയും സദാചാരവും ആത്മസന്തുഷ്ടിയും ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

ധൎമ്മത്തിൽ സ്വതന്ത്രമായിരിക്കുന്ന വേദംതന്നെ പ്രഥമമായിരിക്കുന്ന പ്രമാണം. "ശ്രുതേരിവാൎത്ഥം സ്മൃതിരന്വഗച്ഛത്" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു സ്മൃതി രണ്ടാമത്തെ പ്രമാണം ആകുന്നു ശിഷ്ടാചാരം മൂന്നാമത്തെ പ്രമാണവും ആത്മസന്തുഷ്ടി നാലാംപ്രമാണവുമാകുന്നു. എന്നാൽ ശ്രുതിസ്മൃതിവാക്യങ്ങൾക്കു വിരോധം കണ്ടാൽ ശ്രുതിവാക്യം തന്നെ സ്വീകാൎയ്യമാകുന്നു. 'വിപ്രതിഷേധേ ശ്രുതിലക്ഷണം ബലീയഃ' എന്നു ആപസ്തംബാചാൎയ്യനും പറഞ്ഞിരിക്കുന്നു. സ്മൃത്യാചാരങ്ങൾക്കു വൈരുദ്ധ്യം കണ്ടാൽ ആചാരത്തേ അപേക്ഷിച്ചു സ്മൃതിക്കുതന്നെ പ്രാബല്യം കല്പിക്കണം.

"സ്മൃതേൎവ്വേദവിരോധേ തു
പരിത്യാഗോ യഥാ ഭവേത്
തഥൈവ ലൌകികാചാരം
സ്മൃതിബാധാൽ പരിത്യജേത്."

എന്നു കാത്യായനനും പറഞ്ഞിരിക്കുന്നു.

ശ്രുതിസ്മൃതിസദാചാരങ്ങൾ സംശയനിവൃത്തിവരുത്തുവാൻ പൎയ്യാപ്തങ്ങളല്ലാതെ വരുമ്പോൾ ധൎമ്മമാൎഗ്ഗത്തിൽ സഞ്ചരിച്ചു ശീലിച്ചിട്ടുള്ള ഒരുവന്നു "സ്വസ്യ ച പ്രിയമാത്മനഃ" എന്ന നാലാമത്തെ പ്രമാണത്തെ അവലംബിക്കാവുന്നതാണ്.

"സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ."

എന്നു കാളിദാസൻ ശാകുന്തളത്തിൽ പറഞ്ഞിട്ടുള്ളതു് ഈ നാലാം പ്രമാണത്തെ മനസ്സിൽ കരുതിക്കൊണ്ടാണെന്നു് ഇപ്പോൾ വ്യക്തമായല്ലോ.

അപൌരുഷേയമായ വേദത്തിൻെറ പ്രാമാണ്യത്തെ ആരും അപലപിച്ചുകൂടുന്നതല്ല. വേദാൎത്ഥത്തെ സംഗ്രഹിച്ചു പറഞ്ഞിട്ടുള്ളതാകുന്നു സ്മൃതി.

"ധൎമ്മശാസ്ത്രരഥാരൂഢാ
വേദഖഡ്ഗധരാ ദ്വിജാഃ
ക്രീഡാൎത്ഥമപി യദ്ബ്രൂയുഃ
സ ധൎമ്മഃ പരമഃ സ്മൃതഃ."

എന്നു ബോധായനാചാൎയ്യൻ പറഞ്ഞിരിക്കുന്നു. അപ്രകാരമുള്ള മഹാന്മാർ ധൎമ്മബുദ്ധിയോടുകൂടി അനുഷ്ഠിക്കുന്നതെല്ലാം സദാചാരമാകുന്നു. ധൎമ്മതത്പരന്മാരായ മഹാന്മാർ സംശയാകലിതചിത്തവൃത്തികളാകുമ്പോൾ അവരുടെ മനസ്സിൽ ധൎമ്മബുദ്ധിക്കു് അനുകൂലമായിട്ടുദ്ഭവിക്കുന്ന വിചാരങ്ങളും ധൎമ്മ്യങ്ങളാകുന്നു.

പൂൎവ്വികന്മാരുടെ സകലവിദ്യാഭ്യാസത്തിൻെറയും ഉദ്ദേശ്യം ധൎമ്മതത്വാവബോധം മാത്രമായിരുന്നു. എന്നാൽ അതു ദുൎഗ്രഹമായതുകൊണ്ടു സാകല്യേന ആരും കാണ്മാൻ കഴിഞ്ഞിട്ടില്ല. 'ധൎമ്മസ്യ തത്വം നിഹിതം ഗുഹായാം' എന്നു പറഞ്ഞിട്ടുള്ളതു വാസ്തവം ആകുന്നു.

ഒരു പുരുഷൻെറ സമസ്തചരിത്രവും ആഖ്യായികാരൂപത്തിൽ ധൎമ്മസ്വരൂപാവബോധനാൎത്ഥം ഒരിക്കലും പ്രദൎശിപ്പിച്ചിട്ടില്ല. അതിനാൽ സമഗ്രധൎമ്മാനുഷ്ഠാനകൎത്താവായ ഒരു പുരുഷധൌരേയൻെറ പാവനചരിത്രം ഒരു കാവ്യത്തിൽ നിബന്ധിക്കുന്നതുകൊണ്ടു സൎവ്വസദാചാരങ്ങളും പ്രത്യക്ഷമാക്കുവാൻ സാധിക്കുമെന്നു വിചാരിച്ചാണു് വാല്മീകിമഹൎഷി ശ്രീരാമചരിതം എഴുതിട്ടുള്ളതു്. എന്നാൽ അസദ്വസ്തുനിരൂപണം, സമീചീനവസ്തുവിൻെറ അസത്വപ്രതിപാദനം, അസദ്വസ്തുവിൻെറ സദ്വസ്തുത്വപ്രതിപാദനം, അൎത്ഥവാദബാഹുല്യം, 'കാവ്യാലാപാംശ്ച

വജ്ജയേൽ' എന്നുള്ള നിഷേധം മുതലായ ദോഷങ്ങൾക്ക് ആസ്പദമായ കാവ്യംകൊണ്ടു ധമ്മാധമ്മവിവേചനം സാദ്ധ്യമാണോ എന്ന സംശയം തോന്നാവുന്നതാണ്. ഇവിടെ അസത്കൃതമായും, അസന്നായകമായും, അധമ്മപ്രതിപാദകമായുമുള്ള പ്രാകൃതകാവ്യങ്ങളുടെ വിഷയത്തിൽമാത്രമെ നിഷേധവാക്യത്തിന്നു പ്രവൃത്തിയുള്ളൂ. സന്നായകപ്രതിപാദകങ്ങളായും, ധമ്മപ്രധാനങ്ങളായും, പുരുഷാത്ഥസാധകങ്ങളായുമിരിക്കുന്ന മഹാകവികളുടെ സത്കാവ്യങ്ങളെ സജ്ജനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. കാളിദാസ മഹാകവിയുടെ കാവ്യങ്ങളെക്കൂടി മഹാന്മാർ സ്മൃതികളായി ഗണിച്ചുപോരുന്നു. ഭട്ടാചാര്യർ,

"സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ."

എന്ന ശ്ലോകഭാഗത്തെ ഉദ്ധരിച്ചു സ്വഗ്രന്ഥത്തിൽ ചേത്തതിൻെറ ശേഷം "ഇതി കാളിദാസസ്മൃതേഃ"എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു കാളിദാസകൃതികൾക്കു സ്മൃതിപ്രാമാണ്യമുണ്ടെന്നു സിദ്ധമായി. അതിനാൽ മഹാന്മാരുടെ കൃതികൾക്കു ധമ്മപ്രാധാന്യമുള്ളതുകൊണ്ടു സ്മൃതിതുല്യതയുമുണ്ടെന്നു സാരം. ശ്രുതിസ്മൃത്യത്ഥങ്ങളെ കാവ്യരൂപത്തിൽ പ്രകാശിപ്പിക്കുന്നതു ഹൃദയരഞ്ജനാത്ഥമാകുന്നു. "വേദേ യദുച്യതേ സാ രാജാജ്ഞാ, സ്മൃതിഷു ഋഷിഭിര്യദുച്യതേ സ മിത്രോപദേശഃ, കാവ്യേ യദുച്യതേ സ കാന്താസമ്മിതോപദേശഃ" എന്നു പ്രാചീനാചാര്യന്മാർതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായത്തെത്തന്നെ

"യദ്വേദാത് പ്രഭുസമ്മിതാദധിഗതം
ശബ്ദപ്രധാനാച്ചിരം
യച്ചാത്ഥപ്രവണാൽ പുരാണകഥനാ-
ദിഷ്ടം സുഹൃത്സമ്മിതാത്
കാന്താസമ്മിതയാ യയാ സരസതാ-
മാപാദ്യ കാവ്യശ്രിയാ
കത്തവ്യേ കുതുകീ ബുധോ വിരചിത-
സ്തസ്യൈ സ്പൃഹാം കുമ്മഹേ"

എന്നും,

"കാവ്യം യശസേഽർത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃ പരനിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ."

എന്നും, മററുവിധത്തിൽ വേറെ ചില ആചാര്യന്മാരും അനുസരിച്ചു കാണുന്നു. വസ്തുസ്ഥിതി ഇപ്രകാരമായതുകൊണ്ടു വാല്മീകിമഹർഷി പുണ്യശ്ലോകനായ പരമപുരുഷന്റെ ചരിതവർണ്ണനത്തെ നാരദന്റെ ഉപദേശത്തോടും ബ്രഹ്മാവിന്റെ വരപ്രസാദത്തോടും കൂടി വേദോപബൃംഹകമായും ചതുർവ്വിധപുരുഷാർത്ഥസിദ്ധിക്കായും എഴുതീട്ടുള്ളതു സ്മൃതിതുല്യമായിട്ടുള്ളതുതന്നെ.

പാദബദ്ധാക്ഷരമായ ശ്ലോകം വാല്മീകിയുടെ മുഖത്തുനിന്ന് ഇദംപ്രഥമമായി പുറപ്പെട്ടുവാനുണ്ടായ സന്ദർഭം പ്രസിദ്ധമായിട്ടുള്ളതാണല്ലൊ.

"പാദബദ്ധോഽക്ഷരസമ-
സ്തന്ത്രീലയസമന്വിതഃ
ശോകാർത്തസ്യ പ്രവൃത്തോ മേ
ശ്ലോകോ ഭവതു നാന്യഥാ."

ശോകാർത്തനായ മഹർഷിയുടെ ഹൃദയത്തിൽനിന്നു പുറപ്പെട്ടതാണെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ചേതോവികാരത്തിങ്കൽനിന്നാണ് കവിതയുടെ ഉത്ഭവമെന്നുകൂടി സൂചിതമായി.

പാദബദ്ധാക്ഷരശ്ലോകത്തിന്റെ ആദികർത്താവു വാല്മീകിയായതുപോലെ വേദാർത്ഥങ്ങളെ സ്പഷ്ടമാക്കുവാൻവേണ്ടി രഘുരാമചരിതത്തെ ആദ്യമായി കാവ്യരൂപത്തിൽ എഴുതിയതും ആ മഹാത്മാവുതന്നേയാണ്. ഛന്ദസ്സിന്റേയും, കാവ്യവിഷയത്തിന്റേയും, കാവ്യത്തിന്റേയും മാർഗ്ഗപ്രദർശകനാവാനുള്ള മഹാഭാഗ്യം വാല്മീകിമഹർഷിക്കുതന്നെ സിദ്ധിച്ചു. രാമായണം ആദികാവ്യവുമായിത്തീർന്നു. ശ്രുതിസ്മൃതികളിലടങ്ങിയിരിക്കുന്ന ധർമ്മതത്വങ്ങളനുസരിച്ചു ജീവിതയാത്രയെ നയിച്ചിട്ടുള്ള ഒരു പുണ്യശ്ലോകന്റെ ചരിത്രത്തെ ധർമ്മമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാതെ എഴുതി ഫലിപ്പിച്ചിരിക്കുന്നതുകൊണ്ടു രാമായണത്തിനു ലോകോത്തരമായ വൈശിഷ്ട്യവും പ്രസിദ്ധിയും ഉണ്ടായി എന്നുമാത്രമല്ല അതിനെത്തന്നെ വിഷയീകരിച്ച് അനേകം

കവികൾ അവരവരുടെ മനോധമ്മങ്ങളെ പ്രകടിപ്പിച്ചു വിശിഷ്ട കൃതികൾ എഴുതി ലോകോപകാരാൎത്ഥം പ്രചരിപ്പിക്കുകയുംചെയ്തു.

II

ആദികാലംമുതല്ക്കുതന്നെ കേരളത്തിൽ പുരാണകഥകളെ വിസ്തരിച്ചുപറഞ്ഞു മനസ്സിലാക്കുന്നതിനായി പല ഏൎപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്ന കൂട്ടത്തിൽ 'കൂത്തി'നാണ് പ്രാധാന്യം കല്പിച്ചിട്ടുണ്ടായിരുന്നത്. ക്ഷേത്രങ്ങളിൽവച്ചു പുരാണകഥകളെ ബഹുജനമല്ക്കാരത്തോടുകൂടി വൎണ്ണിച്ചു മനുഷ്യഹൃദയത്തെ വികസിപ്പിക്കുന്ന കാൎയ്യത്തിൽ ചാക്യാന്മാർ അത്യന്തം വിദഗ്ദ്ധന്മാരായിരുന്നു. കൂത്തിൽനിന്നു കിട്ടുന്ന സമ്പാദ്യംകൊണ്ടു ചാക്യാന്മാർ സുഖമായി ഉപജീവനം കഴിച്ചുപോന്നിരുന്നു. അവർ വേറെ യാതൊരു തൊഴിലിലും പ്രവേശിക്കാതെ ഈ കലാവിദ്യയെത്തന്നെ ഭക്തിയോടുകൂടി ഉപാസിച്ചു കാലാന്തരത്തിൽ അവൎക്ക് ആ വിഷയത്തിൽ അദ്വിതീയവൈദഗ്ദ്ധ്യം സമ്പാദിക്കുവാൻ സാധിച്ചു. പ്രായേണ ക്ഷേത്രങ്ങളിൽ പുരാതനകാലത്തു ജനങ്ങൾ 'കൂത്തു'കഴിപ്പിക്കാറുണ്ടായിരുന്നു എന്നതിന്നു ഇപ്പോൾ അവശിഷ്ടമായിരിക്കുന്ന കൂത്തമ്പലങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു. വടക്കൻക്ഷേത്രങ്ങളിൽ ഇക്കാലത്തും ചില മാസങ്ങളിൽ കൂത്തു നിയതമായിത്തന്നെ കഴിച്ചുവരാറുണ്ട്. കാലംകൊണ്ടു ജനങ്ങൾക്കിതിൽ അഭിരുചി കുറഞ്ഞുപോയിട്ടുണ്ടായിരിക്കാമെങ്കിലും ഇപ്പോഴും വടക്കൻക്ഷേത്രങ്ങളിലുണ്ടാകുന്ന കൂത്തുകേൾക്കുവാൻ ആളുകൾ കൂട്ടംകൂട്ടമായി വരാറുണ്ട്.

കൂത്തുപറയുന്നതിനു പാടവമുള്ള ചാക്യാന്മാർ കുറവായും കേൾക്കുവാനാഗ്രഹമുള്ള ജനങ്ങളുടെ സംഖ്യ വൎദ്ധിച്ചുമിരുന്ന മുൻകാലത്തു നമ്പ്യാന്മാരും കഥാപ്രസംഗത്തിൽ പ്രവേശിക്കാതിരുന്നില്ല. 'കൂത്തു'പറയുന്നതു ചാക്യാരുടെ കുലധമ്മമാകയാലും, അതിനെ മററുള്ളവൎക്ക് അനുകരിച്ചു നടത്തുവാൻ അന്നത്തെ സമുദായഘടന അനുവദിക്കായ്കയാലും, നമ്പ്യാന്മാർ ചെയ്യുന്ന പുരാണകഥാപ്രസംഗത്തിന്നു 'പാഠക'മെന്നു പ്രസിദ്ധിയുണ്ടായി. കാലക്രമത്തിൽ ബ്രാഹ്മണരും, അമ്പലവാസികളും സമുദായത്തിന്റെ ആവശ്യമൊ അപേക്ഷയൊ അനുസരിച്ചു പാഠകം പറഞ്ഞുതുടങ്ങി. അവരിലും അനേകംപേർ ഈ വിഷയത്തിൽ കീൎത്തി സമ്പാദിച്ചിട്ടുണ്ട്.

പാഠകംപറയുന്നവരുടെ പാണ്ഡിത്യം വാക്പാടവം മുതലായവയെ പരീക്ഷിക്കുന്നതിന്നുള്ള അധികാരം തളിപ്പറമ്പത്തു സമീപമുള്ള നമ്പൂരിമാൎക്കാണ്. തളിപ്പറമ്പത്തുക്ഷേത്രത്തിൽ വച്ചാണ് പരീക്ഷനടത്തുന്നത്. പരീക്ഷ്യനായ പാഠകക്കാരൻ വന്നിട്ടുണ്ടെന്നു നമ്പൂരിമാരെ അറിയിച്ചാൽ അവർ എല്ലാവരും ക്ഷേത്രത്തിൽ സംഘം കൂടും. അപ്പോൾ അവർ നിശ്ചയിക്കുന്ന കഥാഭാഗം പരീക്ഷ്യൻ പറഞ്ഞവസാനിപ്പിക്കണം. ഗൌരവത്തിൽ ഇരിക്കുന്ന പണ്ഡിതന്മാരായ കേരളബ്രാഹ്മണരെ, രസിപ്പിക്കുവാൻ കഴിവുള്ളവൎക്കു മാത്രമെ പരീക്ഷയിൽ ജയിക്കാൻ സാധിക്കയുള്ളു. പരീക്ഷ സാധാരണയായി പന്ത്രണ്ടു ദിവസമാണ് നടത്താറുള്ളത്. പരീക്ഷയിൽ ജയിക്കുന്നവൎക്കു ചന്ദ്രക്കലകളെക്കൊണ്ട് അലംകൃതമായ ഒരു മുടി നമ്പൂരിമാർ ഉണ്ടാക്കിച്ചുകൊടുക്കും. ആ മുടി ആ ക്ഷേത്രത്തിലെ മൂൎത്തിയായ ശിവനു ചാൎത്തിയശേഷം അത്താഴശ്ശീവേലികഴിഞ്ഞു എല്ലാവരും കൂടുന്ന സമയം ശാന്തിക്കാരനെക്കൊണ്ടു വിജയിയായ പാഠകക്കാരന്റെ ശിരസ്സിൽ വയ്പിക്കും. അന്നുമുതൽ ആ മുടി ധരിച്ചുകൊണ്ടു ബ്രാഹ്മണസദസ്സിൽ ആയാൾക്കു പാഠകം പറവാനുള്ള അധികാരം സിദ്ധമായി. പിന്നീടു കൃതാൎത്ഥനായ പാഠകക്കാരൻ 'സേവ'യായി ഇഷ്ടംപോലെ ഏതെങ്കിലും കഥ മൂന്നുനാലു ദിവസം പറഞ്ഞു നമ്പൂരിമാരെ സന്തോഷിപ്പിച്ച് അവരുടെ അനുഗ്രഹത്തോടുകൂടി പാഠകം പറവാൻ ലോകരംഗത്തിൽ പ്രവേശിക്കുന്നു.

നമ്പൂരിമാർ ഏതെങ്കിലും ദിവസം പാഠകം കേൾപ്പാൻ വരാതിരുന്നാൽ പാഠകക്കാരൻ സ്വദേശത്തേക്കു തിരിച്ചുപോകാമെന്നു മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. പരീക്ഷ നടക്കുന്ന കാലത്തു നമ്പൂരിമാരുടെ മുഖഭാവംകൊണ്ടു പാഠകക്കാരനു യാതൊന്നും തന്റെ ജയപരാജയങ്ങളെക്കുറിച്ച് അനുമാനിക്കുവാൻ സാധിക്കുന്നതല്ല. അവരുടെ ആന്തരമായ അഭിപ്രായത്തെ എത്രയും ഭംഗിയായി ഗോപനം ചെയ്യുവാൻ അപ്പോൾ അവൎക്കു സാധിക്കും. പാഠകം കഴിഞ്ഞാൽ അതിനെക്കുറിച്ചു യാതൊരഭിപ്രായവും യാതൊരുത്തരും പറയുന്നതല്ല. മുടി ശിരസ്സിൽ വയ്ക്കുന്ന സമയമല്ലാതെ പാഠകക്കാരനു നമ്പൂരിമാരുടെ ഇംഗിതം അറിവാൻ സാധിക്കുന്നതല്ല. അതിന്റെശേഷം ഉണ്ടാവുന്ന

പാഠകങ്ങളെ കേട്ടു രസിക്കുന്ന ഈ നമ്പൂരിമാർ മുൻപു വികാരശൂന്യന്മാരായിരുന്നു കഴിച്ചുകൂട്ടിയതെങ്ങനെയെന്നുകൂടി ചിലപ്പോൾ വിചാരിച്ച് അത്ഭുതപ്പെട്ടുപോവാൻ ഇടയുണ്ട്. തളിപ്പറമ്പത്തുനിന്നും മുടിവാങ്ങീട്ടുള്ള പാഠകക്കാർ എല്ലാവരും അതാതു കാലത്തു ഖ്യാതിയെ പ്രാപിച്ചവരാകുന്നു.

പരീക്ഷയുടെ കാഠിന്യംനിമിത്തം ഇപ്പോൾ അധികം ആരും തന്നെ ഈ പരീക്ഷയിൽ ചേരുന്നില്ല. അടുത്തകാലത്തു തിരുവനന്തപുരത്തുവന്നു തുടച്ചയായി പാഠകംപറഞ്ഞു കീർത്തി സമ്പാദിച്ചിട്ടുള്ള ബ്രഹ്മശ്രീ പെരുമനത്തു കെ. എസ്. കൃഷ്ണയ്യർ അവർകൾ തളിപ്പറമ്പത്തു പരീക്ഷയിൽ ജയിച്ചു മുടിവാങ്ങിയ ആൾ ആണ്. ഇപ്പോഴുള്ള പാഠകക്കാരിൽ മററാർക്കുംതന്നെ തളിപ്പറമ്പത്തുനിന്നു മുടി കിട്ടീട്ടുള്ളതായി അറിവില്ല.

ആദ്യകാലങ്ങളിൽ കൂത്തിനും, പാഠകത്തിനും ഉപയോഗപ്പെട്ടുത്തിവന്നിരുന്ന ഗദ്യപദ്യങ്ങൾ മലയാളഭാഷയിൽ പ്രത്യേകം ഈ ആവശ്യത്തിലേക്കായി എഴുതി ഉണ്ടാക്കീട്ടുള്ളവ തന്നെയായിരുന്നു. ചാക്യാന്മാരും പാഠകക്കാരും കൂത്തിനൊ പാഠകത്തിനൊ ആരംഭിക്കുന്നസമയം മന്ത്രംപോലെ ആദ്യമായി മനസ്സുകൊണ്ടു ചൊല്ലാറുള്ളതു് ഒരു ഭാഷാശ്ലോകമാണ്. അതു താഴെ ചേക്കുന്നു.

"ഘോരാണാം ദാനവാനാം നിരുപമപൃതനാ-
ഭാരഖിന്നാം ധരിത്രീ-
മോരോ ലീലാവതാരൈരഴകിനൊടു സമാ-
ശ്വാസയന്തം നിതാന്തം
ക്ഷീരാംഭോധൌ ഭുജംഗാധിപശയനതലേ
യോഗനിദ്രാമുദാരാം
നേരേകൈക്കൊണ്ടു ലക്ഷ്മീകളുർവ്വല പുണരും
പത്മനാഭം ഭജേഥാഃ."

ശിവപരമായ കഥ പറയുവാനാണ് ഭാവമെങ്കിൽ താഴെ ചേക്കുന്ന ശ്ലോകംകൂടിച്ചൊല്ലിവരാറുണ്ട്.

,,ലോകാനാമേകനാഥം പദതളിരിൽ വണ-
ങ്ങും ജനാനാമശേഷാ-
മാകാംക്ഷാം പൂരയന്തം നയനശിഖിശിഖാ
ലീഢചൂതായുധാംഗം
ഏകീഭാവായ കുന്നിൻമകളെ നിജശരീ-
രാൎദ്ധമായ്ചേൎത്തു പേൎത്തും
ഭോഗോന്മേഷം വളൎക്കും വിബുധപരിവൃഢം
ചന്ദ്രചൂഡം ഭജേഥാഃ."

ഇതിൻെറശേഷം ചെയ്യുന്ന ഉപന്യാസവും ഭാഷയിലാണ്. അതു താഴെ ചേൎക്കുന്നു:—

,,പുരുഷാൎത്ഥചതുഷ്ടയത്തെ സാധിപ്പാനായിക്കൊണ്ടു ത്രൈലോക്യനാഥനായിരിക്കുന്ന ശ്രീപരമേശ്വരനെ സൎവ്വദാ ഹൃദയകമലകൎണ്ണികാമദ്ധ്യത്തിങ്കൽ വച്ചു ഭക്തിപുരസ്സരമാകുംവണ്ണം ഉപാസിച്ചുകൊള്ളണം എന്നതു കൂടാതെകണ്ടു് അസാരങ്ങളായി അനിത്യങ്ങളായി അല്പസുഖപ്രദങ്ങളായി അത്യന്തദുഃഖപ്രദങ്ങളായിരിക്കുന്ന വിഷയങ്ങളിൽ സാരബുദ്ധ്യാ ഭ്രമിച്ചു കാലക്ഷേപം ചെയ്തുപോയാൽ ദുരിതമാൎജ്ജിക്കുകയല്ലൊ ഒരു ഫലപ്രാപ്തിയുള്ളു. അകൃതസുകൃതന്മാൎക്കു് അസുലഭമായിരിപ്പോന്നല്ലൊ മനുഷ്യജന്മമാകുന്നതു്. സകലപുരുഷാൎത്ഥസാധകമാകയുമുണ്ടു്. അങ്ങനെയെല്ലാമിരിക്കുന്ന മനുഷ്യജന്മത്തെ ലഭിച്ചവരു പക്ഷം അതിനെ നിരൎത്ഥമാക്കിക്കളയാതെകണ്ടു സ്വാത്മനാ ഒരു് ഈശ്വരനേ ഭക്തിയോടുകൂടെ വിശ്വസിച്ചു സേവിച്ചു സഫലമാക്കിക്കൊള്ളണം. അതിനു് ഏതൊരു് ഈശ്വരനെ സേവിക്കേണ്ടു എന്നു വിചാരിക്കേണ്ടിവരുമ്പോൾ ചന്ദ്രചൂഡനെ സേവിച്ചുകൊള്ളുകയേ വേണ്ടു."

ഇത്രയും അവതാരികയോടുകൂടി ശ്ലോകാൎത്ഥവും പദപ്രയോജനവും പറഞ്ഞു പരമേശ്വരൻതന്നെ സേവ്യനെന്നു സാധിക്കുന്നു. അതിൻെറ ശേഷം—

എന്തുപാപമവിനീതനായ് ഭുവനസുന്ദ-
രാംഗികളിലാശപൂ-
ണ്ടന്ധനായ് കുറിവരച്ചുമാത്രു തിലകങ്ങൾ-
ചേൎത്തുമതിസംഭ്രമാത്

ഹന്ത! നീളെ വലയായ്ക ചിത്ത! തവ ബന്ധു-
വാരിതു നിനയ്ക്കടോ!
അന്തകൻവരവിലാധിതീപ്പ്തിനു ചന്ദ്ര-
മൌലികൃപയെന്നിയേ.''

എന്ന ശ്ലോകം ചൊല്ലി പരമേശ്വരന്റെ മാഹാത്മ്യങ്ങളെ വ്യക്തമായിപ്പറഞ്ഞു് അദ്ദേഹംതന്നെ സേവ്യനെന്നു സ്ഥാപിക്കുന്നു.

വിഷ്ണുപരമായ കഥ പറയുവാനാരംഭിക്കുന്നുണ്ടെങ്കിൽ പീഠികക്കു് ഉചിതമായ വ്യത്യാസങ്ങൾ ചെയ്തു വിഷ്ണുതന്നെ സേവ്യനെന്നു സാധിക്കുന്നു.

തദനന്തരം,

,,പിന്നീടു സേവാമാൎഗ്ഗങ്ങൾ പലപ്രകാരേണയുണ്ടു്. നാമസംകീൎത്തനം, സ്വരൂപധ്യാനം, പ്രതിമാൎച്ചനം, കഥാശ്രവണം എന്നിങ്ങനെ പല മാൎഗ്ഗങ്ങളുള്ളതിൽ കഥാശ്രവണത്തിനും കഥാപഠനത്തിനും തന്നെ വളരെ മഹത്വമുള്ളതാകുന്നതു്. കഥകളെന്നുവന്നാൽ അതു പലപ്രകാരത്തിലുണ്ടു്.''

ഇതിന്റെശേഷം രാമായണംകഥയുടെ മാഹാത്മ്യത്തെപ്പറഞ്ഞു് ആ കഥയിൽ പ്രവേശിക്കുന്നു. ഇങ്ങനെയായിരുന്നു പൂൎവ്വകാലങ്ങളിൽ കഥാവതരണം ചെയ്തിരുന്ന സമ്പ്രദായം. തദനന്തരം ഭാഷാഗദ്യപദ്യാത്മകമായ പ്രബന്ധത്തെച്ചൊല്ലി വിസ്തരിച്ചു് അൎത്ഥം പറഞ്ഞു ശ്രോതാക്കളെ സന്തോഷിപ്പിച്ചിരുന്നു.

ഇങ്ങനെ നടന്നുവരുന്നകാലത്താണു് തിരുവഞ്ചിക്കുളത്തു വാണരുളിയിരുന്ന കുലശേഖരവൎമ്മ മഹാരാജാവു ധനഞ്ജയം മുതലായ നാടകങ്ങളുണ്ടാക്കി ചാക്യാന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചു തുടങ്ങിയതു്. സംസ്കൃതഭാഷയിൽ അധികപരിചയമില്ലാത്തവരായ ശ്രോതാക്കളുടെ ബോധത്തിനും വിനോദത്തിനുമായിക്കൊണ്ടു വിദൂഷകൻ, കഥാപാത്രങ്ങൾ ചൊല്ലുന്ന പദ്യങ്ങളുടേയും, പറയുന്ന ഗദ്യങ്ങളുടേയും ഭാഷാന്തരങ്ങളെക്കൂടി ഭാഷാപദ്യരൂപത്തിൽ ചൊല്ലുക പതിവായിരുന്നു. ഈ ആവശ്യത്തിലേക്കു വേണ്ടു സകലപദ്യങ്ങളും 'തോലൻ' ഉണ്ടാക്കിട്ടുള്ളതായിട്ടാണു് കേൾവി.

ഇങ്ങനെ കുലശേഖരവമ്മ മഹാരാജാവിൻെറ ആജ്ഞാനുസരണം അഭിനയിച്ചുപോന്ന നാടകങ്ങളിൽ പണ്ഡിതന്മാരെ രമിപ്പിക്കുന്നതിന്നു സംസ്കൃതഗദ്ദ്യപദ്ദ്യങ്ങളുണ്ടായിരുന്നതുപോലെതന്നെ പാമരന്മാരെ രസിപ്പിക്കുന്നതിന്നു ഭാഷാപദ്ദ്യങ്ങളും ധാരാളമായി ഉപയോഗപ്പെട്ടുത്തിയിരുന്നു.

കുലശേഖരവമ്മ മഹാരാജാവിൻെറ കാലംവരെ ഭാഷയിൽതന്നെ ഗദ്ദ്യപദ്ദ്യങ്ങൾ ചൊല്ലി അൎത്ഥം പറഞ്ഞു സദസ്യരെ രസിപ്പിച്ചു പോന്നിരുന്ന ചാക്യാന്മാർ അന്നുമുതൽ സംസ്കൃതഗദ്ദ്യപദ്ദ്യങ്ങളും അവയുടെ ഭാഷാന്തരപദ്ദ്യങ്ങളുംകൂടെ ഉപയോഗിച്ചുതുടങ്ങി. അതിൻെറ ശേഷം മററുള്ള കവികളും നാടകങ്ങളെഴുതി ചാക്യാന്മാരെക്കൊണ്ട് അഭിനയിപ്പിച്ചുതുടങ്ങി. ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കീട്ടുള്ള സംസ്കൃതനാടകങ്ങൾ എണ്ണത്തിൽ ധാരാളം ഉണ്ട്. അവയിൽ ചില നല്ല നാടകങ്ങളും മററു ചിലതിൽ ചില നല്ല ശ്ലോകങ്ങളും കാണ്മാനുണ്ട്. വാസുഭട്ടതിരിയുടെ യുധിഷ്ഠിരവിജയം ബോംബയിലച്ചടിച്ചപ്പോൾ വാസുദേവൻ കാശ്മീരദേശക്കാരനായതുപോലെ കേരളീയരുടെ ഈ നാടകങ്ങൾ പരദേശികളുടെ കൈയിൽ കിട്ടുമ്പോൾ അവയുടെ കൎത്തൃത്വം അന്ന്യത്ര പോകുന്നതിൽ അത്ഭുതപ്പെട്ടുവാനില്ലതന്നെ.

സുഭദ്രാധനഞ്ജയംനാടകത്തിലെ ചില ഭാഗങ്ങളും അതിന്നുപകരം വിദൂഷകൻ ചൊല്ലാറുള്ള തോലകവിയുടെ ഭാഷാപദ്ദ്യങ്ങളും താഴെ ചേക്കുന്നു.

സു. ധ: — „ഭോ ഭോ ഭഗവന്തോ മഹഷയഃ! ഭിക്ഷാം ദത്ത ഭിക്ഷാം ദത്ത."

ഭാഷാ— „ദൈവാധീനമശേഷമെന്നു മനസാ
ചിന്തിച്ചു ഭൂമീഭുജാം
സേവാദുഃഖമിളച്ചുകൊണ്ടു സുഖമേ
വാഴുന്ന സാധുക്കളേ!
സ്ത്രീഭോഗാദിവിരക്തിപൂണ്ടു വിപിനേ
വാഴും മഹാത്മാക്കളേ!
ഭോ ഭോ! ഭിക്ഷതരേണമേ മുനികളേ!
പാരം വലഞ്ഞേനഹം."

സു. ധ: — „അഹോ ശൂന്യാനി സവ്വാണ്യുടജാഭ്യന്തരാണി

അഹോ മമോദരഭാഗധേയസ്യ പ്രഭാവഃ, യോ നിത്യസന്നിഹിതതദുപാധനമപി തപോവനം ശൂന്യം കരോതി. അഥവാ മമൈവൈഷ ദോഷഃ."

ഭാഷാ— "എല്ലാനാളും താപസന്മാർ വസിക്കും
ചെല്ലേറുന്നോരാശ്രമം ശൂന്യമാവാൻ
ചൊല്ലീടാമിന്നെൻെറ മാററിത്തമെന്നൊ-
ന്നല്ലാതൊന്നും മൂലമില്ലെന്നുചെയ്വൂ."

സ്വ. ധഃ— "യേന തത്ര യുധിഷ്ഠിരമന്ദിരേ യാജ്ഞസേനീകരകമലസംസൎഗ്ഗസുഭഗം ചതുൎവ്വിധമാഹാരജാതമഷ്ടാശീതിസഹസ്രാണാം സ്നാതകാനാം മദ്ധ്യേ നിഷ്കുപാത്രീഷഃനാപളുജ്ജ്യൈതസ്യ സവ്യസാചിനസ്തീൎത്ഥയാത്രാകാമകസ്യ പൃഷ്ഠത ആഹിണ്ഡ്യതേ തത്ര പുനസ്തപോവന ആഹാരസ്യ കഥാപി നാസാദ്യതേ."

ഭാഷാ "എൺപത്തെട്ടുസഹസ്രമന്തണവര-
ന്മാരോടുകൂടിസ്സുഖം
മുൻപിൽചെന്നടന്തുകൊട്ടിലിലിടം-
വെച്ചങ്ങിരുന്നാദരാൽ
തുമ്പപ്പൂവിനു കമ്പമേകിന നറും
ചോറും പുളിശ്ശേരിയും
വൻപിച്ചോരമൃതാമടപ്രഥമനും
കൂടിബ്ഭുജിപ്പേനഹം.

ഓൎത്താലെൻഭാഗ്യദോഷം ശിവശിവ! സുഖമേ
തൽക്ഷണം ഭക്ഷണം ഞാ-
നുജ്ഝിച്ചും കൃതമാ പുറപ്പെട്ടിഹ ധരണിതലേ
മണ്ടിമണ്ടിക്കിതച്ചും
തീൎത്ഥാന്തേ മുങ്ങിമുങ്ങിപ്പലദിശി നടമാ
ടുന്ന പാൎത്ഥന്റെ പിൻപേ
പാൎത്താലാശ്ചൎയ്യമല്ലോ പഴുതിലുഴലുവാൻ
നമ്മുടെ കൎമ്മദോഷം."

ചാക്യാന്മാരഭിനയിക്കുന്ന നാടകങ്ങളിലെ ഗദ്യപദ്യങ്ങൾക്കു പ്രായേണ വിദൂഷകന്റെ ഭാഷാപദ്യങ്ങളുമുണ്ട്. അതുകൊണ്ടു

സംസ്കൃതനാടകങ്ങളഭിനയിക്കുവാൻ ചാക്യാന്മാർ പ്രേരിതരായ കാലത്തു ജനരഞ്ജനം ചെയ്യുന്നതിലേക്കായി സദൃശഭാഷാപദ്യങ്ങളെക്കൂടി ഉണ്ടാക്കിച്ചൊല്ലാറുണ്ടായിരുന്നു എന്നു സിദ്ധമായി.

ഇക്കാലത്തും ചാക്യാന്മാർ പുരുഷാർത്ഥം പറയുന്നതിന്ന് ഉപയോഗിക്കുന്ന പദ്യങ്ങളെല്ലാം ഭാഷയിൽ ഉണ്ടാക്കീട്ടുള്ളവയാണ്. ഉദാഹരണത്തിനു ചിലതു താഴെ ചേർക്കുന്നു.

"വെണ്ണസ്മേരമുഖീം വറുത്തുവരളും
വൃന്താകദന്തച്ഛദാം
ചെററാമനമധുരക്കറിസ്തനഭരാ-
മപ്പോപദംശോദരീം
ചൊല്പാന്നോരെരുമത്തയിർക്കടിതടാം
ചിങ്ങംപഴ്ഴോരുദ്വയീ-
മേനാം ഭുക്തിവധൂം പിരിഞ്ഞയി സഖേ!
ലോകഃ കഥം ജീവതി?"

"മച്ചും മാളികയും നിറഞ്ഞപണവും
പാത്രങ്ങൾ ഭണ്ഡാരവും
മുററും ക്ഷ്മാപതിയോടുചേർന്ന ധനികൻ
തന്മാന്യയാമമ്മതാൻ
അച്ഛൻതാൻ സഹസാ മരിച്ചു സരസം
സംവത്സരാന്തെ നൂണാ-
മിച്ഛാപൂർത്തിവരുത്തുവാൻ തുനിയുമാ-
മാസം ഭുജിച്ചീടണം."

"കാരെള്ളു നന്നായുണക്കീട്ടുണക്കി-
ക്കൊട്ടുത്തു ചക്കിൽ പുനരൊട്ടരഞ്ഞാൽ
നീരല്പമാഞ്ഞീഴ്ത്തിയെടുത്തൊരെണ്ണ-
ക്കേററം കൊതിക്കുന്നിതു ഗാത്രമെൻെറ."

"എണാങ്കമണ്ഡലംപോലെ
ചേർന്നൊന്നീടിന പപ്പടം
ഊണിന്നുകാലമാകുമ്പോൾ
വേണം കാച്ചി വിളമ്പുവാൻ."

„അപ്പപ്പാ പഴമായതം കൊടിമരം
തീക്കാം പുനഃ കപ്പലിൽ
കല്പിക്കാം ചില പാമരങ്ങൾ മതിയാം
പാലത്തിനംഭോധിയിൽ
ഇപ്പകപങ്ങൾ വിളമ്പിയാൽ കലശലാ-
മുച്ഛിഷ്ടമൊന്നിക്കമെ-
ന്നല്പതേപന മുറിച്ചു ചെണ്ടമുറിയെ-
ന്നാപ്പേരുമിട്ടു സഖേ!"

പൂൎവ്വകാലങ്ങളിൽ ഏൎപ്പെടുത്തീട്ടുള്ള രീതിയിൽ ഈവകശ്ലോകങ്ങൾ ചാക്യാന്മാർ ഇന്നും ചൊല്ലി വിസ്തരിച്ചു അൎത്ഥം പറഞ്ഞുപോരുന്നുണ്ട്. അതു കേൾക്കുന്നതിനും കൊണ്ടാടുന്നതിനും ജനങ്ങളും കുറവല്ല.

അതുകൊണ്ടു വന്നുകൂടിയതെന്തെന്നാൽ പുരാതനകാലം മുതൽതന്നെ ചാക്യാർ കൂത്തിനും, നമ്പ്യാർ പാഠകത്തിനും, ഭാഷാശ്ലോകങ്ങൾതന്നെ ഉപയോഗപ്പെടുത്തിവന്നിരുന്നു എന്നും കുലശേഖരവൎമ്മ മഹാരാജാവു സംസ്കൃതനാടകങ്ങളഭിനയിക്കുവാൻ വേണ്ട സൌകൎയ്യങ്ങൾ „ചാക്യാന്മാൎക്ക്" ഉണ്ടാക്കിക്കൊടുത്തകാലത്തുകൂടി ഭാഷാപദ്യങ്ങൾക്കുള്ള പ്രാധാന്യത്തെ അവഗണിച്ചു തിരസ്കരിക്കാതിരുന്നു എന്നുമാണ്. അക്കാലത്തു ചാക്യാന്മാരും നമ്പ്യാന്മാരും കൂത്തിനും പാഠകത്തിനും ഉപയോഗപ്പെടുത്തിവന്നിരുന്ന ഭാഷാശ്ലോകങ്ങളെല്ലാം കാലക്രമത്തിൽ പ്രചാരലുപ്തമായിത്തീൎന്നു. മദ്ധ്യകാലത്തു വിദ്വാന്മാരായ നമ്പൂരിമാർ പുരാണകഥകളെ ഭാഷാചമ്പൂരൂപത്തിൽ എഴുതിയതു ചാക്യാന്മാരെക്കൊണ്ടും നമ്പ്യാന്മാരെക്കൊണ്ടും കഥ പറയിക്കുന്നതിന്നുവേണ്ടിയാണ്. ആ സംപ്രദായം തുടൎച്ചയായി കേരളത്തിൽനിന്നുകൊണ്ടുപോരുന്നകാലത്താണ് വരകവിയായ മേപ്പത്തൂർ നാരായണഭട്ടതിരി പ്രസിദ്ധനായിത്തീൎന്നത്. അദ്ദേഹവും തന്റെ യൌവനകാലത്തു കൂത്തും പാഠകവും കേട്ടു നന്നെ രസിച്ചിട്ടുണ്ടായിരുന്നിരിക്കണം. എന്നാൽ ആ മഹാനുഭാവന്റെ മദ്ധ്യവയസ്സിനുശേഷം കൂത്തിന്റേയും പാഠകത്തിന്റേയും ഗതിക്കു വലിയൊരുമാററം സംഭവിച്ചു.

പ്രസിദ്ധവാഗ്മിയായ കുട്ടഞ്ചേരി ഇരവിച്ചാക്ക്യാരു നാരായണഭട്ടതിരിയുടെ ഒരു വലിയ സ്നേഹിതനായിരുന്നു. ഈ ചാക്ക്യാരുടെ ആവശ്യത്തിലേക്കായിട്ടാണു് ഭട്ടതിരി സംസ്കൃതപ്രബന്ധങ്ങൾ എഴുതിത്തുടങ്ങിയതു്. ഭട്ടതിരിയുടെ പ്രസിദ്ധമായ നിരനുനാസികാപ്രബന്ധം ഇരവിച്ചാക്ക്യാർ ആദ്യമായി കൂത്തിനു് ഉപയോഗിച്ചസമയം കേൾക്കുന്നതിനു ഭട്ടതിരിയും ഉണ്ടായിരുന്നു. ആ പ്രബന്ധം അനുനാസികാക്ഷരങ്ങൾ കൂടാതെ തന്നെ ഏകദേശം ഒരു യാമത്തോളം കാലം വിസ്തരിച്ചു കഴിഞ്ഞപ്പോൾ അത്ഭുതപരതന്ത്രനായ ഭട്ടതിരി 'ചാക്ക്യാരെ! ഇത്ര വിചാരിച്ചില്ല' എന്നു പറഞ്ഞതായി കേൾവിയുണ്ടു്. ചാക്ക്യാർ ഭട്ടതിരിയുടെ പാഞ്ചാലീസ്വയംവരം പറയുന്ന മദ്ധ്യെ സ്വയംവരത്തിനു് ആവശ്യമുള്ള നെടുംപുരകൾക്കു തൂണുകളും ഉത്തരങ്ങളും ഉയൎത്തുന്ന ഭാഗം വിവരിച്ചുകൊണ്ടിരിക്കുന്ന സമയം ഒരു വലിയ ഉത്തരം കയററു ധീം! എന്നു ജനങ്ങളുടെ ഇടയിൽ നിലത്തു പതിച്ചു എന്നു പറഞ്ഞപ്പോൾ നാരായണഭട്ടതിരിയുൾപ്പെടെയുള്ള സകല ശ്രോതാക്കളും അറിയാതെ സ്വരക്ഷയ്ക്കുവേണ്ടി തലയിൽ കൈ വച്ചുപോയി എന്ന സംഗതി സുപ്രസിദ്ധമായിട്ടുള്ളതാണല്ലോ. ഈ രണ്ടു സംഭവങ്ങളും ഇരവിച്ചാക്ക്യാരുടെ പ്രതിഭാവിലാസത്തേയും വാഗ്ധാടിയേയും അഭിനയചാതുൎയ്യത്തേയും നല്ലവണ്ണം പ്രകാശിപ്പിക്കുന്നുണ്ടു്.

വ്യുത്പന്നനും ശാസ്ത്രജ്ഞനും രസികനുമായ ഇരവിച്ചാക്ക്യാർ ഭട്ടതിരിയുടെ പ്രബന്ധശ്ലോകങ്ങളെത്തന്നെ ചൊല്ലി വിസ്തരിച്ചു് അൎത്ഥം പറഞ്ഞുകഴിഞ്ഞപ്പോൾ തന്റെ പദ്യങ്ങളെത്തന്നെയാണൊ ഇത്ര സരസമായി വ്യാഖ്യാനിച്ചതു് എന്നു ഭട്ടതിരിക്കു തന്നെ പലപ്പോഴും സംശയം തോന്നീട്ടുണ്ടു്. ഇരവിച്ചാക്ക്യാരുടെ സരസസരസങ്ങളായ വ്യാഖ്യാനങ്ങളാണു് ഭട്ടതിരിയെ വീണ്ടും വീണ്ടും പ്രബന്ധങ്ങളുണ്ടാക്കുവാൻ പ്രോത്സാഹിപ്പിച്ചതു്. ഭട്ടതിരിയുടെ വാൎദ്ധക്യകാലം പ്രബന്ധം എഴുതുന്നതിനും ഇരവിച്ചാക്ക്യാരുടെ കൂത്തുകേട്ടു രസിക്കുന്നതിനുമായിട്ടാണു് പ്രായേണ വിനിയോഗിക്കപ്പെട്ടിരുന്നതു്.

ഇരവിച്ചാക്ക്യാൎക്കു് എല്ലാ പ്രബന്ധങ്ങൾ പറയുന്നതിനും അസാമാന്യപാടവം ഉണ്ടായിരുന്നെങ്കിലും 'സുഭദ്രാഹരണം' വിസ്തരിച്ചൎത്ഥംപറയുന്നതിനുള്ള സാമൎത്ഥ്യം അന്യാദൃശമായിരുന്നു.

ഭട്ടതിരി എഴുതിക്കൊടുത്തിട്ടുള്ള പ്രബന്ധങ്ങൾ ഇരവിച്ചാക്യാർ കൂത്തുപറയുമ്പോൾ കേൾക്കാമെന്നല്ലാതെ ആ ഗ്രന്ഥങ്ങൾ ഒന്നും തന്നെ ആരെയും കാണിക്കുകപോലും ചെയ്തിരുന്നില്ല. ചാക്യാർ എവിടെ പോയാലും 'സുഭദ്രാഹരണം' പ്രബന്ധം കൊണ്ടുപോവുക പതിവായിരുന്നു. ഒരുതവണ ഇരവിച്ചാക്യാർ ഇരിങ്ങാലക്കുടെ ചെന്നു കുളികഴിഞ്ഞു തൊഴാൻ അകത്തേക്കു കടന്ന സമയം ഗ്രന്ഥം കൈയിലിരിക്കുന്നതു് അസൌകര്യമെന്നു കരുതി അതു് ഒരു പടിപ്പുറത്തുവച്ചു. അതുകണ്ടുനിന്ന ചില തദ്ദേശവാസികളായ ചാക്യാന്മാർ ഇരവിച്ചാക്യാർ തൊഴുതു പുറത്തുവരുന്നതിന്നു ഭാവിച്ച സമയം മുൻനിശ്ചയിച്ചിരുന്നപ്രകാരം അദ്ദേഹത്തെ ഓരോ വർത്തമാനം പറഞ്ഞു കുറെ താമസിപ്പിച്ചു. അതിന്നിടയ്ക്കു് സുഭദ്രാഹരണംഗ്രന്ഥത്തിന്റെ സകല ഏടുകളും ഊരി ഓരോരുത്തർ ഓരോന്നുവീതം പകർത്തി പൂർത്തിയാക്കി ചാക്യാരുടെ ഗ്രന്ഥം മുൻപിലത്തെപ്പോലെ കെട്ടി ഭദ്രമായി പടിപ്പുറത്തു യഥാസ്ഥാനത്തുതന്നെ സൂക്ഷിച്ചുവച്ചു കഴിഞ്ഞു. ഇരിങ്ങാലക്കുടക്കാരൻ വിദ്വാനായ ഒരു ചാക്യാർ ഈ പ്രബന്ധത്തിൽ ചില ഭാഗങ്ങൾ ഇതിന്നിടെ തോന്നിച്ചു കൂത്തമ്പലത്തിൽ കൂത്തും ആരംഭിച്ചു. ഇരവിച്ചാക്യാർ പുറത്തുവന്നപ്പോൾ സുഭദ്രാഹരണംപ്രബന്ധം പറയുന്നതുകേട്ടു കോപാക്രാന്തനായി. തന്നെ ചിലരെല്ലാം ഓരോ വർത്തമാനംപറഞ്ഞു താമസിപ്പിച്ചതിന്റെ മദ്ധ്യേ ഗ്രന്ഥം ചാക്യാന്മാർ പകർത്തിയതുംമററും ചാക്യാർക്കു പെട്ടെന്നു ബുദ്ധിഗോചരമായിത്തീർന്നു. കോപാന്ധനായ ചാക്യാരു കൂടൽമാണിക്യസ്വാമികൂടി തന്നെ ചതിക്കുവാൻ പുറപ്പെട്ടവരെ സഹായിച്ചു എന്നു വിചാരിച്ചു് "ഞാനും എന്റെ വംശക്കാരും ഈ ക്ഷേത്രത്തിൽ ഒരിക്കലും ദർശനത്തിനുകൂടി വരുന്നതല്ല" എന്നു സത്യംചെയ്തു് ഊണിനുകൂടി താമസിക്കാതെ അപ്പോൾതന്നെ അവിടെനിന്നു തിരിച്ചു. ഇതിന്റെശേഷം കുട്ടഞ്ചേരിച്ചാക്യാന്മാരാരുംതന്നെ ഇതുവരെ ഇരിങ്ങാലക്കുടെ ക്ഷേത്രത്തിൽ ദർശനത്തിനൊ കൂത്തുപറയുന്നതിനൊ പോയിട്ടില്ല. അസുലഭങ്ങളായ ഭട്ടതിരിയുടെ പ്രബന്ധങ്ങൾ ഓരോന്നോരോന്നായി ഇരവിച്ചാക്യാരുടെ കൈവശത്തിൽനിന്നു മററു ചാക്യാന്മാർ ഇപ്രകാരം കൈവശമാക്കി. ഇരവിച്ചാക്യാരുടെ പ്രസിദ്ധിയും പ്രബന്ധങ്ങളുടെ മാഹാത്മ്യവും അവയുടെ

നൂതനത്വവും ജനങ്ങൾക്ക് അവയിലുണ്ടായിരുന്ന ശ്രദ്ധയും കൊണ്ടു സകലചാക്യാന്മാരും അവയെത്തന്നെ ഉരുവിട്ടു പഠിച്ചു രംഗത്തു് അഭിനയിച്ചു പ്രസംഗിക്കുവാൻ തുടങ്ങി. ഈ പ്രബന്ധങ്ങൾക്കു പ്രാബല്യം കിട്ടിയതോടുകൂടി ഭാഷാപ്രബന്ധങ്ങളിൽ ജനങ്ങൾക്കു് അഭിരുചി കുറഞ്ഞുവശായി. ഇങ്ങനെയാണു് ഭാഷാപ്രബന്ധങ്ങളുടെ സ്ഥാനത്തു സംസ്കൃതപ്രബന്ധങ്ങൾ കൈയേറി കുടിപാക്കുവാൻ ഇടയായതു്.

ഭാഷാപ്രബന്ധങ്ങൾക്കു പ്രചാരമുണ്ടായിരുന്നകാലത്താണു് രാമായണാദിഭാഷാപ്രബന്ധങ്ങളുടെ ആവിർഭാവം. സംസ്കൃതഭാഷയിൽ ചമ്പുകാവ്യങ്ങൾ ധാരാളമുണ്ടെങ്കിലും ഇദംപ്രഥമമായി ഭാഷയിൽ ആ രീതിയെത്തുടൎന്നു് ഒരു ചമ്പുകാവ്യം എഴുതിയതു് ആരാണെന്നു സൂക്ഷ്മമായി അറിവാൻ നിവൃത്തിയില്ല. പുനത്തിൻെറ കാലത്തിനു മുൻപുണ്ടായിരുന്നവയെല്ലാം അദ്ദേഹത്തിൻെറ ചമ്പുക്കളുടെ ആവിർഭാവത്തോടുകൂടി അസ്തമിച്ചതായി വിചാരിക്കേണ്ടിയിരിക്കുന്നു.

പുനംനമ്പൂരി ഉദ്ദണ്ഡശാസ്ത്രികളുടെ സമകാലികനായിരുന്നു എന്നാണല്ലോ കേൾവി. „ധരാ ഹന്ത! കല്പാന്തതോയേ" എന്നവസാനിക്കുന്ന പദ്യം പുനം ഉണ്ടാക്കിച്ചൊല്ലിയപ്പോൾ ശാസ്ത്രികൾ സന്തോഷിച്ചു് „അന്ത ഹന്തക്കിന്തപ്പട്ടു്" എന്നു പറഞ്ഞു് ഒരു പട്ടു സമ്മാനിച്ച സംഗതിയും പ്രസിദ്ധമാണല്ലോ. അതിനുംപുറമെ,

„അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയം തു ന താൻ വിനുമഃ
പുളകോദ്ഗമകാരിവചഃപ്രസരം
പുനമേവ പുനഃ പുനരാസ്തുമഹേ."

എന്നൊരു സർട്ടിഫിക്കററും ശാസ്ത്രികൾ പുനത്തിനു കൊടുത്തിട്ടുണ്ടു്. ഈ ഉദ്ദണ്ഡശാസ്ത്രികൾ ചേന്നാസ്സു നാരായണൻ നമ്പൂരിയുടെ സമകാലികനായിരുന്നു. ചേന്നാസ്സുനമ്പൂരി തന്ത്രസമുച്ചയം എഴുതുന്ന അവസരത്തിൽ ശാസ്ത്രികൾ അവിടെ ചെന്നു സഹായിക്കാമെന്നു പറഞ്ഞപ്പോൾ നമ്പൂരി നാലു പദ്യങ്ങളെഴുതുവാനുള്ള ആശയം പറഞ്ഞുകൊടുത്തു എന്നും അദ്ദേഹം സംസ്കൃതത്തിൽ മൂന്നരശ്ലോകം എഴുതിക്കഴിഞ്ഞപ്പോൾ

പകുതിയിലധികം കാൎയ്യഭാഗങ്ങൾ ശേഷിച്ചിരുന്നതുകൊണ്ടു് അവയേക്കൂടി അരശ്ലോകത്തിൽ സംഗ്രഹിക്കുവാൻ സാധിക്കുന്നതല്ലെന്നു പറഞ്ഞു് ഉദ്യമത്തിൽനിന്നു വിരമിച്ചു എന്നും ശാസ്ത്രികൾ ഉണ്ടാക്കിയിടത്തോളം ഉപേക്ഷിക്കാൻ പാടില്ലെന്നു പറഞ്ഞു നമ്പൂരി ശേഷംഭാഗം മുഴുവൻ അരശ്ലോകത്തിൽ സംഗ്രഹിച്ചു എന്നും അതുകൊണ്ടു ശാസ്ത്രികൾ സന്തോഷിച്ചു നമ്പൂരിയുടെ സംഗ്രഹണസാമൎത്ഥ്യത്തെ വളരെ ശ്ലാഘിച്ചു പറഞ്ഞു എന്നും പ്രസിദ്ധിയുണ്ടു്. മറെറാരവസരത്തിൽ ശാസ്ത്രികൾ ചേന്നാസ്സു നമ്പൂരിയെക്കണ്ടസമയം ഉത്സവാവസാനത്തിലുള്ള അവഭൃഥസ്നാനത്തെ വൎണ്ണിക്കുവാൻ ഭാവിക്കുന്ന നമ്പൂരിയോടു തദ്ഘോഷയാത്രയേ വിവരിക്കുവാനനുവദിക്കണമെന്നുള്ള ശാസ്ത്രികളുടെ അപേക്ഷയെ നമ്പൂരി സ്വീകരിച്ചപ്പോൾ അദ്ദേഹം,

„ശംഖപ്രേംഖച്ചടുലപടഹോത്താളതാളോരുഭേരീ-
രംഗച്ഛൃംഗോഡ്ഡമരുഡമരുദ്ഗീതവീണാപ്രവീണാഃ
ഢക്കാഢുക്കാവിരളമുരളീകമ്മഠാശ്ചാഭിയാന്തു
സ്ഥായദ്ദീപാസ്തമിഹ മഹിതോദ്ദാമഹേളാമഹേളാഃ."

എന്ന പദ്യം ഉണ്ടാക്കിച്ചൊല്ലിയതിനെ നമ്പൂരി സ്വഗ്രന്ഥത്തിൽ ചേൎക്കുകയും ചെയ്തു. ഈ രണ്ടു് ഐതിഹ്യങ്ങളിൽ നിന്നും ചേന്നാസ്സനമ്പൂരിയും ഉദ്ദണ്ഡശാസ്ത്രികളും സമകാലികന്മാരെന്നു തന്നെ സിദ്ധിക്കുന്നു. ചേന്നാസ്സു നാരായണൻനമ്പൂരി തന്ത്രസമുച്ചയമുണ്ടാക്കിയ കാലം,

"കല്യബ്ദേഷ്വതിയൽസു നന്ദനയനേ-
ഷ്വംഭോധിസംഖ്യേഷ്വ യഃ
സംഭൂതോ ഭൃഗുവീതഹവ്യമുനിയു-
ങ്മൂലേ സവേദാത്മയേ
പ്രാഹ്ഗ്യസ്യ ജയന്തമംഗലപദേ-
ദ്ധാം ധാമ നാരായണഃ
സോഽയം തന്ത്രമിദം വ്യധാദ് ബഹുവിധാ-
ദുദ്ധൃത്യ തന്ത്രാൎണ്ണവാത്."

എന്ന ശ്ലോകത്തിൽനിന്നും കല്യബ്ദം ൪൫൫൯ കഴിഞ്ഞുവരുന്ന ൪൫൬൦-ൽ എന്നു സിദ്ധിക്കുന്നു. അതിൽനിന്നു 'തരളാംഗം' വാങ്ങിയാൽ കിട്ടുന്ന കൊല്ലവൎഷം ൬൭൦ ൪-ൽ ആയിരിക്കണം

തന്ത്രസമുച്ചയം എഴുതിത്തീൎന്നതു്. ഈ പ്രൌഢഗ്രന്ഥം എഴുതിയകാലത്തു നമ്പൂരിക്കു ൫൦ വയസ്സിൽ കുറവില്ലെന്നു വിചാരിക്കുന്നതിൽ വലിയ തെററുവരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പുനത്തിനും അക്കാലത്തു് ഏതാണ്ടു് അത്രതന്നെ വയസ്സു കാണും. അങ്ങനെയാണെങ്കിൽ പുനംനമ്പൂരി കൊല്ലവൎഷം ൫൭൦-നു ശേഷം പ്രബന്ധരചനയിൽ ഏൎപ്പെട്ടതായി വിചാരിക്കാം. ചമ്പുഗ്രന്ഥങ്ങൾ ചാക്യാന്മാരുടെ ആവശ്യത്തിനായിരിക്കാവുന്നതുകൊണ്ടും അവ സരസഫലിതസമ്മിശ്രങ്ങളായിരുന്നതുകൊണ്ടും ചാക്യാന്മാരും നമ്പ്യാന്മാരും പ്രായേണ അവയെ കൂത്തിനും പാഠകത്തിനും ഉപയോഗപ്പെടുത്തിവന്നതായിട്ടും തീരുമാനിക്കാം. ജനങ്ങൾ ഈ ചമ്പുക്കളെ കൊണ്ടാടിയിരുന്നിരിക്കാവുന്നതുകൊണ്ടു് പുനംനമ്പൂരി പുതിയ പ്രബന്ധങ്ങൾ എഴുതുവാൻ അത്യന്തം പ്രേരിതനായിരുന്നിരിക്കണം. ഭട്ടതിരിയുടെ ബാല്യയൌവനകാലങ്ങളിൽ ഈ പ്രബന്ധങ്ങൾ കേട്ടു രസിക്കുവാൻ അവസരം അദ്ദേഹത്തിനും നിശ്ചയമായും ലഭിച്ചിട്ടുണ്ടായിരിക്കും. ഭട്ടതിരി പ്രബന്ധങ്ങൾ എഴുതിത്തുടങ്ങിയതു നാരായണീയം എഴുതിക്കഴിഞ്ഞതിന്റെ ശേഷമാകുന്നതിനേ തരമുള്ളു. നാരായണീയം എഴുതിത്തീൎന്നതു് 'ആയുരാരോഗ്യസൌഖ്യം' എന്ന കലിദിനംകൊണ്ടു ൭൬൨-ൽ എന്നു സിദ്ധിക്കുന്നു. അക്കാലത്തു നാരായണഭട്ടതിരിക്കു ഏകദേശം ൫൦ വയസ്സു കഴിഞ്ഞിരിക്കണമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഭട്ടതിരി പ്രബന്ധം എഴുതുവാൻ ആരംഭിച്ചതു വാൎദ്ധക്യദശയിൽത്തന്നെ ആയിരുന്നിരിക്കണം. ഭട്ടതിരിയുടെ പ്രബന്ധങ്ങൾക്കുള്ള ശബ്ദശുദ്ധിയും അൎത്ഥപുഷ്ടിയും പദലാളിത്യവും കവിയുടെ വാൎദ്ധക്യദശയിലെ പരിണതപ്രജ്ഞതയെത്തന്നെ വ്യഞ്ജിപ്പിക്കുന്നു. ഭട്ടതിരി നൂററാറുവയസ്സുവരെ ജീവിച്ചിരുന്നിട്ടുള്ളതുകൊണ്ടു് അനേകം പ്രബന്ധങ്ങൾ എഴുതുവാനും സാധിച്ചു. അപ്പോൾ ഭട്ടതിരി ഏകദേശം ൭൭൦-ാമാണ്ടിനുശേഷം മാത്രമെ പ്രബന്ധരചനയിൽ ഏൎപ്പെട്ടിട്ടുള്ളു എന്നു സിദ്ധിക്കുന്നു. ഏകദേശം ൮൦൦-ാമാണ്ടു സമീപിച്ചു് അനേകം പ്രബന്ധങ്ങൾ ഭട്ടതിരി എഴുതിത്തീൎത്തിരിക്കണം. ഇരവിച്ചാക്യാരു ഭട്ടതിരിയുടെ പ്രബന്ധങ്ങളെ മററുള്ളവൎക്കു കൊടുക്കാതെ വളരെ ഗോപ്യമായി സൂക്ഷിച്ചിരുന്നതുകൊണ്ടു് അവ എഴുതിത്തീൎന്നു വളരെ

ക്കാലം കഴിഞ്ഞതിൻെറശേഷം മാത്രമെ അവയ്ക്കു പ്രചാരം സിദ്ധിച്ചുള്ളൂ. അതിനാൽ കൊല്ലവഷം ൮൨൭-ാമാണ്ടിനുശേഷം ഭട്ടതിരിയുടെ ചംപുപ്രബന്ധങ്ങൾക്കു പ്രചാരം സിദ്ധിച്ചു എന്നു വിചാരിക്കാം. അപ്പോൾ പുനംനമ്പൂരിയുടെ പ്രബന്ധങ്ങൾക്കു കൊല്ലവഷം ൬൨൦-ാമാണ്ടു മുതൽ ൮൨൭-ാമാണ്ടു വരെയുള്ള രണ്ടരശതാബ്ദകാലത്തേക്കു പ്രചുരപ്രചാരമുണ്ടായിരുന്നു എന്നും വിചാരിക്കാവുന്നതാണ്.

പുനംനമ്പൂരി എഴുതീട്ടുള്ള ഭാഷാചമ്പുക്കളിൽ അപൂവ്വമായി സംസ്കൃതപദ്യങ്ങളും ഗദ്യങ്ങളും ഉണ്ടായിരുന്നിരിക്കാം. എന്നാൽ സംസ്കൃതജ്ഞന്മാരായ ചാക്യാന്മാരും നമ്പ്യാന്മാരും സന്ദഭോചിതമായ സംസ്കൃതപദ്യങ്ങളും ഗദ്യങ്ങളും മററു ഗ്രന്ഥങ്ങളിൽ നിന്ന് എഴുതിച്ചേത്തു പുഷ്ടിപ്പെടുത്തുവാൻ യത്നിക്കാതിരുന്നിട്ടില്ലെന്നു തോന്നുന്നു. അതുനിമിത്തമായിരിക്കണം അനേകം പ്രസിദ്ധസംസ്കൃതപദ്യങ്ങളും ഗദ്യങ്ങളും ഭാഷാപ്രബന്ധങ്ങളിൽ സ്ഥലം പിടിക്കുവാൻ ഇടയായിത്തീന്നിട്ടുള്ളതു്.

"ദേവോഽപി നദ്ധഃ കപടീ ഹരോഽസ്യ
പ്രഭാവനാസ്തിക്യജനാരിയുക്തഃ
കോളംബകാലാദ് ഭൃഗണഘ്നസിംഹാത്
മദ്ധ്യാധിമാസഃ പുനരേവമേവ."

എന്നുള്ള മഴമംഗലത്തു ശങ്കരൻനമ്പൂരിയുടെ പദ്യത്തിൻെറ നിഷ്കൃഷ്ടാത്ഥംകൊണ്ടു് അദ്ദേഹം ജീവിച്ചിരുന്നതു് ഏകദേശം ൬൬൦-നും ൭൮൦-നും മദ്ധ്യേ ആണെന്നു വിചാരിക്കാവുന്നതാണ്. അപ്പോൾ മഴമംഗലത്തിൻെറ വാദ്ധക്യകാലത്തു നാരായണഭട്ടതിരി സംസ്കൃതഭാഷയിൽ സാമാന്യം പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരു യുവാവായിരുന്നിരിക്കാം. അക്കാലത്തു സവ്വതന്ത്രസ്വതന്ത്രനും വരകവിയും മഹഷിവൽപൂജ്യനുമായിരുന്ന മഴമംഗലത്തിൻെറ ശ്രദ്ധയ്ക്കു ഭട്ടതിരി വിഷയീഭൂതനായിത്തീന്നിട്ടില്ലായിരുന്നിരിക്കാം. അക്കാലത്തു ഭട്ടതിരിയെ ഉണ്ണിനമ്പൂരിമാരുടെ കൂട്ടത്തിൽ ഒരാളായിട്ടു മാത്രമെ മഴമംഗലം ഗണിച്ചിരിപ്പാൻ ഇടയുള്ളൂ. മഴമംഗലത്തിൻെറ ഭാഷാനൈഷധചംപു കാവ്യം ഗുണോത്കൃഷ്ടമായിട്ടുള്ളതുതന്നെയെങ്കിലും രംഗപ്രവേശനത്തിനു യോഗ്യതയുള്ളതായി ചാക്യാന്മാരും നമ്പ്യാന്മാരും

അക്കാലത്തു കരുതിപ്പോന്നിരുന്നില്ലെന്നുതന്നെ തോന്നുന്നു. നൈഷധം ഇപ്പോഴും ചാക്യാന്മാരും നമ്പ്യാന്മാരും കൂത്തിനും പാഠകത്തിനും ഉപയോഗിക്കാറില്ല. അതിൽനിന്ന് ഒരു പദ്യം പോലും ഒരിടത്തും അവർ ഉപയോഗിച്ചതായി അറിവില്ല. അതു കാവ്യത്തിനു സാരള്യമോ ഗുണപൂർത്തിയോ ഇല്ലാഞ്ഞിട്ടാണെന്ന് ആരും ശങ്കിക്കരുത്. പുനംനമ്പൂരിയുടെ പ്രബന്ധങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന അതിരുകവിഞ്ഞ ബഹുമാനവും ശ്രദ്ധയും മാത്രമായിരിക്കണം ഈ അനാദരവിന്റെ കാരണം. ഇങ്ങനെ രംഗപ്രവേശം ചെയ്യാത്തതുകൊണ്ടായിരിക്കണം അതിൽ മററ കൃതികളിൽനിന്നു സംസ്കൃതപദ്യങ്ങളും ഗദ്യങ്ങളും അവസരോചിതമായി എടുത്തു ചേർക്കാതിരുന്നത്. ഭാഷാനൈഷധചംപുവിനു ധാരാളം പ്രചാരം ഉണ്ടായിരുന്നെങ്കിൽ അതിന്റെ കൈയെഴുത്തുപ്രതികൾ സുലഭമായി പല ദിക്കിൽനിന്നും കിട്ടേണ്ടതായിരുന്നു. കൂത്തു പറയുന്ന ചാക്യാന്മാരുടേയോ പാഠകം പറയുന്ന നമ്പ്യാന്മാരുടേയോ ഗ്രന്ഥപ്പുരകളിൽനിന്ന് അതിന്റെ ഒരു പ്രതിപോലും കിട്ടുവാൻ ഇതേവരെ സാധിച്ചിട്ടില്ല. നേരെ മറിച്ചു പുനത്തിന്റെ കൃതികൾ ഈ തൊഴിൽക്കാരുടെ ഗ്രന്ഥപ്പുരകളിൽ സുലഭമായിക്കിട്ടുന്നുമുണ്ട്. പുനംനമ്പൂരിയുടെ ഭാഷാചംപുക്കൾ ഭാഷാസാഹിത്യചക്രവർത്തിപദത്തെ ഏകദേശം ഇരുനൂററിഅൻപതു വത്സരകാലം നിരന്തരമായി അലങ്കരിച്ചിരുന്നു എന്നതു മേൽപറഞ്ഞ യുക്തികളിൽനിന്നു സിദ്ധിക്കുന്നു.

ഇതിനിടയ്ക്കുണ്ടായ മഹാകവികൾക്കെല്ലാം പുനംതന്നെ ആയിരുന്നു ആദർശം. അദ്ദേഹത്തിന്റെ കവിതകളെ വായിച്ചു രസിക്കാതെയൊ അവയിൽനിന്നു നിരന്തരം പ്രവഹിക്കുന്ന മകരന്ദഝരിയെ ആസ്വദിക്കാതെയൊ അക്കാലത്ത് ആരുംതന്നെ ഉണ്ടായിരുന്നില്ല. വരകവിയായ മഴമംഗലത്തിന്റേയും മഹാകവിയായ ഭട്ടതിരിയുടേയും കവിതാവാസനയെ പ്രോജ്ജ്വലിപ്പിച്ചു പ്രസരിപ്പിക്കുവാൻ പുനത്തിന്റെ കവിതകൾ അത്യന്തം സഹായിച്ചിരിക്കണം. നമ്പ്യാരുടെ തുള്ളപ്പാട്ടുകളുടെ ബീജം പുനത്തിന്റെ ഗദ്യങ്ങളിൽനിന്നാണ് അദ്ദേഹം സമ്പാദിച്ചിട്ടുള്ളതു്. സരസകവിയായ കുഞ്ചൻനമ്പ്യാർ അവയെ വലിയൊരു സാഹിത്യാരാമത്തിൽ നട്ടുവളർത്തുകകാരണം കാലക്രമത്തിൽ സുരഭിലകുസുമങ്ങളെക്കൊണ്ടു നിബിഡവും മധുരഫലങ്ങളെ

ക്കൊണ്ടു വിനമ്രവുമായ വല്ലരീതല്ലജങ്ങളുടേയും വൃക്ഷാഗ്രശാഖകളുടേയും അധോഭാഗങ്ങളിലുള്ള നിബിഡച്ഛായകളിൽ സകലജനങ്ങളും ഒരുപോലെ വന്നിരുന്നു വിഹരിച്ചു രസിച്ചാസ്വദിക്കുവാൻ ഭാഗ്യമുള്ളവരായിത്തീൎന്നു.

ഭട്ടതിരിപ്പാട്ടിൽനിന്നും പുനത്തിന്റേയും മഴമംഗലത്തിന്റേയും ഭാഷാചമ്പുക്കളിലെ ഭാഷാപദ്യങ്ങളെ സ്വവിരചിത സംസ്കൃതചമ്പുക്കളിൽ അവസരോചിതമായി ഭാഷാന്തരം ചെയ്തു ചേൎക്കുവാൻ ഒട്ടുംതന്നെ അമാന്തം കാണിച്ചിട്ടില്ല. ചില ഉദാഹരണങ്ങളെ താഴെ ചേൎക്കുന്നു.

സീതാസ്വയംവരകാലത്തുണ്ടായ ഉത്സവഘോഷത്തെ അനേകം ശ്ലോകങ്ങളെക്കൊണ്ടു പുനംനമ്പൂരി വൎണ്ണിച്ചിരിക്കുന്നതിനെ ഭട്ടതിരി ചുരുക്കി സംസ്കൃതത്തിൽ മറെറാരവസരത്തിൽ വൎണ്ണിച്ചിരിക്കുന്നപ്രകാരം കാണ്ക.

"ഭേരീമട്ടളകാഹളാദിനിനദഃ
 ക്വാപി, ക്വചിദ്ഘോഷിതാം
ഗീതം, ക്വാപി ച സൌവിദല്ലരഭസ-
 പ്രോത്സാരണാനിസ്വനഃ
വിപ്രാണാം ക്വചിദശ്നതാം കളകളോ,
 ഗംഭീരകുംഭീശ്വര-
പ്രദ്ധ്വാനഃ ക്വചിദുത്സവോദയമഹാ-
 ഘോഷഃ കഥം കഥ്യതേ."

"ലോഹിതദ്യുതികലൎന്നു മേവിന
 കുടന്നകൊണ്ടു ദമയന്തിയാ-
ലാഹുതീകൃതമനോജ്ഞലാജനികരം
 രരാജ ഹുതഭോജനേ
സ്വാഹതൻ മുലയിണയ്ക്കണിഞ്ഞ
 നവമുത്തുമാല സരസീരുഹാ-
സ്യാഹവേ ബത മുറിഞ്ഞുവീണു
 ചിതറുന്ന മൌക്തികമനോഹരം."

എന്ന മഴമംഗലത്തിന്റെ ഭാഷാനൈഷധചമ്പുവിലെ മനോജ്ഞപദ്യത്തെ ഭട്ടതിരി,

"ലാജാഞ്ജലിർഗ്ഗിരിജയാ പരിമുച്യമാനോ
ഭേജേ രുചിം നിപതദുജ്ജ്വലിതേ കൃശാനൌ
വേഗോത്തരേ രതിരണേ ദളിതച്യുതാനാം
സ്വാഹാകുചാന്തധൃതഹാരലതാമണീനാം."

എന്ന പാർവ്വതീസ്വയംവരം ചമ്പുകാവ്യത്തിൽ ഭംഗിയായി തർജ്ജമചെയ്തു ചേർത്തിരിക്കുന്നു.

"നിത്യം പ്രത്യൂഷകാലേ മിളിതരുചികുളി-
ച്ചാസ്ഥയാ ദേവകൃത്യം
കൃത്വാ നത്വാ ഗുരൂണാം കഴലിണ കലിതാ-
നന്ദമിന്ദീവരാക്ഷീ
ഭുക്ത്വാ സംചർവ്വ്യ താംബൂലവുമഴകൊടു
വൃദ്ധാംഗനോക്തം പുരാണം
വൃത്താന്തം കേട്ടുമിത്ഥം മധുരമുഖി ദിവാ
യാപയാമാസ കാലം."

എന്നുള്ള, മഴമംഗലത്തിന്റെ ഭാഷാനൈഷധചമ്പുവിലെ പദ്യം സീതാസ്വയംവരാനന്തരം ജനകമഹാരാജാവിന്റെ പട്ടമഹിഷി സീതയ്ക്കു കൊടുക്കുന്ന ഉപദേശങ്ങളുടെ ചില ഭാഗം സംഗ്രഹിച്ചെഴുതീട്ടുള്ളതാകുന്നു.

"എന്നേ! വൈചിത്ര്യമയ്യോ! ധരണിയിലൊരു സൌ-
ദാമിനീ നീലമേഘം
തന്നോടാഹന്ത! വേർപെട്ടിത വിഹരതി ഭം-
ഗ്യാ ചിരം ഭാസമാനാ
എന്നേ! കാണപ്പെടുന്നൂ ലളിതതരവിലാ-
സങ്ങളെല്ലാമതല്ലേ
മിന്നുന്നൂ മേല്ക്കുമേലേ ചില മധുരപദാ-
ർത്ഥങ്ങളാത്താനുബന്ധം."

എന്ന പദ്യവും അതിന്റെ അടുത്ത രാമായണചമ്പുവിലെ പദ്യവും ഈഷൽ പാഠഭേദങ്ങളോടുകൂടി രാജരത്നാവലീയത്തിൽ കാണുന്നു.

"ഗൌരീസൌഭാഗ്യരാശേ! ജയജയ തൊഴുതേ-
നമ്പിലെൻ തമ്പിരാനേ
നേരേവന്നിങ്ങു തൃക്കാലിണയിലടിമ പു-
ക്കീടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
റ്റി പ്രഭോ! കാംക്ഷിതാൎത്ഥ-
പ്പേരാം വാരാകരത്തിൻ മറുകരയൊടണ-
യ്ക്കേണമെൻ തമ്പിരാനേ!"

എന്നാദിയായ ശിവസ്തുതിപരമായ രാമായണചമ്പുവിലെ പദ്യങ്ങളും വേറെ അതിലെ അനേകം പദ്യങ്ങളും ചെല്ലൂർനാഥോദയംചമ്പുവിൽ അതേവിധം തന്നെ കാണുന്നു.

രാജരത്നാവലീയത്തിലെ അനേകം ഭാഷാപദ്യങ്ങൾ കൊടിയവിരഹത്തിലും ബാണയുദ്ധത്തിലും അപ്രകാരം അതിലേ ചില പദ്യങ്ങൾ നാരായണീയം, കംസവധം, രാമായണം മുതലായ ചമ്പുക്കളിലും കാണുന്നുണ്ട്. ഭാഷാപദ്യങ്ങൾ അന്യഗ്രന്ഥങ്ങളിൽനിന്ന് എടുത്തുചേൎക്കുന്ന സമ്പ്രദായം ചമ്പുകൎത്താക്കന്മാൎക്കില്ലാതിരുന്നതുകൊണ്ട് ഈവകകൃതികളെല്ലാം ഒരു കവിയുടേതാണെന്നുതന്നേ തീരുമാനിക്കേണ്ടിയിരിക്കുന്നു.

മഴമംഗലംനമ്പൂരിയുടെ ഭാഷാപദ്യങ്ങളെ ഭട്ടതിരി സംസ്കൃതശ്ലോകങ്ങളാക്കി സ്വഗ്രന്ഥങ്ങളിൽ ചേൎത്തിട്ടുള്ളതുപോലെ മഴമംഗലവും പുനംനമ്പൂരിയുടെ ഭാഷാപദ്യങ്ങളെ സംസ്കൃതഭാഷയിലാക്കി സ്വഗ്രന്ഥത്തിൽ ചേൎത്തുകാണുന്നുണ്ട്. ഉദാഹരണമായി രാജരത്നാവലീയത്തിലെ

"ധന്യേ പൂൎവ്വാനുഭൂതേ ചെവികൾ മധുരഗീ-
താമൃതേ ചെന്നുറച്ചൂ
തന്നെത്തന്നേ തദീയേ നെറിതടവിന രൂ-
പാമൃതേ കണ്ണുരണ്ടും
ഇന്നന്യേ മൂവരും കുന്തളപരിമളവും
ബന്ധുരസ്പൎശ്വവും വാർ-
മിന്നും ബിംബാധരാസ്വാദവുമഴകൊടു സം-
കല്പ്യ തസ്യാം നിലീനഃ."

എന്ന പദ്യത്തെ ഭാണത്തിൽ,

“ആമോദേന മദാന്ധഭൃംഗതരുണീ-
സംഘാനുയാതേന തേ
രൂപേണാതിമനോഹരേണ മധുരേ
ണാനേന ഗാനേന ച
സന്തുഷ്ടാ കരണത്രയീ തരുണി! നഃ
ഖിന്നാം തദന്യദ്വയീം
സംപ്രാപ്തേഽവസരേ ഗിരാ കിമഥവാ
രംഭോരു! സംഭാവയ.”

എന്ന പ്രകാരം ഭാഷാന്തരപ്പെടുത്തിച്ചിരിക്കുന്നു. ഓർമ്മയിലുണ്ടായിരുന്ന ചില ഉദാഹരണങ്ങളെമാത്രം സ്ഥാലീപുലാകന്യായേന കാണിച്ചതല്ലാതെ സാകല്യേന കാണിക്കുവാൻ ഇവിടെ യത്നം ചെയ്തിട്ടില്ല. ഇങ്ങനെ നോക്കുന്നതായാൽ പുനംനമ്പൂരിയുടെ കവിതകളെ ആദരിച്ചും ആസ്വദിച്ചും അനുകരിച്ചും ബഹുമാന്യപദത്തെ പ്രാപിച്ചിട്ടുള്ളവരനേകമുണ്ടെന്നു കാണാവുന്നതാണ്.

ഭട്ടതിരിയുടെ സംസ്കൃതപ്രബന്ധങ്ങളെ അനുകരിച്ചു സംസ്കൃതത്തിൽതന്നെ അനേകകേരളകവികൾ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്നതു് ഇടവട്ടിക്കാട്ടു നമ്പൂരിയുടെ 'രുഗ്മിണീസ്വയംവരം' ആകുന്നു. ഭട്ടതിരിയുടെ സുഭദ്രാഹരണംചമ്പുവിനോടു കിടപിടിക്കത്തക്കവണ്ണം എഴുതിയിരിക്കുന്ന രുഗ്മിണീസ്വയംവരംപ്രബന്ധം അതിൽ ഒട്ടും താഴെ അല്ലെന്നു പറയാവുന്നതാണ്.

ഈ പ്രബന്ധങ്ങളെല്ലാം കൂത്തിനും പാഠകത്തിനുംവേണ്ടി എഴുതീട്ടുള്ളവയാണെന്നു പറഞ്ഞുവല്ലോ. എന്നാൽ ചാക്യാർ കൂത്തിന്റെ ആഗമം എന്താണെന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. അതു പരമ്പരയാ പറഞ്ഞുകേട്ടിട്ടുള്ളപ്രകാരം താഴെ ചേർക്കുന്നു.

പണ്ടു് ഉദയനമഹാരാജാവിന്റെ പുത്രനായി വത്സൻ എന്നു് ഒരു രാജകുമാരനുണ്ടായിരുന്നു. ഈ രാജകുമാരൻ വേട്ടയാടി കാട്ടിൽ സഞ്ചരിക്കുന്ന കാലത്തു് ഒരു ദിവസം അച്ഛോദസരസ്സിന്റെ സമീപത്തിൽ ചെന്നുചേരുവാൻ സംഗതിയായി. അവിടെ മനോഹരമാകുംവണ്ണം ഗാനംചെയ്തുകൊണ്ടിരുന്ന അപ്സരസ്ത്രീകളുടെ ദാസനായിട്ടു് ഒരു താപസവേഷധാരിയെക്കണ്ടു. ആ താപസവേഷധാരിയുടെ അപേക്ഷപ്രകാരം രാജകുമാരൻ

പോയി തൻെറ മാതാവിൻെറ കങ്കണം കൊണ്ടുചെന്നുകൊടുത്തു. അതു താപസവേഷധാരി വാങ്ങി ദേവസ്ത്രീകൾക്കു കൊടുത്തു ശാപസിദ്ധമായ ദാസ്യഭാവത്തിൽനിന്നു വിമോക്ഷത്തെ പ്രാപിച്ചു. താപസവേഷധാരിയായ വാസുകിയുടെ പുത്രൻ സന്തോഷം നിമിത്തം രാജകുമാരനെ പാതാളലോകത്തുള്ള സ്വപിതാവിൻെറ മന്ദിരത്തിൽ കൂട്ടിക്കൊണ്ടുപോയി. സ്വപുത്രൻെറ ശാപമോക്ഷത്തിനു ഹേതുഭൂതനായ രാജകുമാരൻെറ നേരെയുള്ള സന്തോഷാധിക്യംനിമിത്തം വാസുകി അദ്ദേഹത്തെ സ്വഭവനത്തിൽ ഉപചാരപൂൎവ്വം സൽകരിച്ചു താമസിപ്പിച്ചു. രാജകുമാരൻ യാത്രപറഞ്ഞു സ്വദേശത്തേക്കുപോകുവാൻ ഭാവിക്കുന്നസമയം പുത്രൻെറ അപേക്ഷപ്രകാരം വാസുകി രാജകുമാരനു ദിവ്യപ്രഭാവങ്ങളോടുകൂടിയ ഒരു ആനയും, കുതിരയും, വീണയും, ചെരുപ്പും കൊടുത്തു. അവയോടുകൂടി വത്സരാജകുമാരൻ സ്വരാജധാനിയിൽ ആനയെ ശുശ്രൂഷിച്ചു താമസിച്ചു. ഉദയനമഹാരാജാവിൻെറ നിൎയ്യാണാനന്തരം വത്സരാജകുമാരൻ മഹാരാജാവായിത്തീൎന്നു.

ഗജശുശ്രൂഷണത്തിൽ മാത്രം താൽപൎയ്യമുണ്ടായിരുന്ന രാജകുമാരനെ മന്ത്രിമാർ കൌശലംകൊണ്ടു രാജ്യകാൎയ്യങ്ങളിൽ പ്രവേശിപ്പിക്കുവാൻ തുടങ്ങി. ആനയാകട്ടെ ഈ അവസരത്തിൽ ചങ്ങലപൊട്ടിച്ചു ദേശാന്തരം പ്രാപിച്ചു. ആനയെ അന്വേഷിച്ച് ഏകാകിയായി സഞ്ചരിക്കുന്ന രാജകുമാരനെ സാലപരാജാവു ബന്ധനസ്ഥനാക്കി. സാലപരാജാവു വത്സരാജൻെറ രാജ്യവുംകൂടി സ്വാധീനമാക്കി രണ്ടു രാജ്യവും ഭരിച്ചു.

ഈ സംഭവം നിമിത്തം വത്സരാജാവിൻെറ നാലുമന്ത്രിമാരും ദുഃഖാക്രാന്തന്മാരായിത്തീൎന്നു. അവരിൽ വൈശ്യമന്ത്രിയായ യജ്ഞഗുപ്തൻ ഉടനേതന്നെ മരിച്ചു. ശേഷം മൂന്നുപേരും വേഷച്ഛന്നന്മാരായി വത്സരാജാവിനെ അന്വേഷിച്ചുകൊണ്ടു ദേശാന്തരങ്ങളിൽ സഞ്ചരിച്ചു. വസന്തകൻ എന്ന ബ്രാഹ്മണമന്ത്രി വിദൂഷകവേഷധാരിയായിട്ടു സാലപകമഹാരാജാവിൻെറ രാജധാനിയിൽ പ്രവേശിച്ചു. മററുള്ള രണ്ടു മന്ത്രികളും വേഷംമാറി ദേശാന്തരങ്ങളിൽ സഞ്ചാരം തുടങ്ങി.

വസന്തകനു തൻെറ വാക്ചാതുൎയ്യം നിമത്തം സാലപമഹാരാജാവിൻെറ പട്ടമഹിഷിയായ മന്ദാരമാലയുടെ സമീപത്തിൽ

ചെന്ന പുരാണകഥകൾ പറയുവാനുള്ള സ്വാതന്ത്ര്യം കാലക്രമത്തിൽ ലഭിച്ചു. ഇങ്ങനെ ഓരോ കഥകൾ പറഞ്ഞു കൊട്ടാരത്തിൽ താമസിച്ചു.

ശേഷമുള്ള രണ്ടു മന്ത്രിമാരും വേഷംമാറി സഞ്ചരിച്ചു സഞ്ചരിച്ചു കാലക്രമത്തിൽ സാലപമഹാരാജാവിൻെറ രാജധാനിയിൽ തന്നേ ചെന്നുചേൎന്നു. ഗ്രൂഢതന്ത്രങ്ങളെക്കൊണ്ടു വത്സരാജാവിനെ അവിടെ കാരാഗൃഹത്തിൽ പാൎപ്പിച്ചിരിക്കുന്ന വൃത്താന്തം അവർ മനസ്സിലാക്കി. പിന്നീടു വേഷധാരികളായ അവർ മൂവരുംകൂടി ആലോചനനടത്തി വത്സരാജാവിനെ ബന്ധനത്തിൽനിന്നു വിടുവിക്കുവാൻ വഴിനോക്കി.

സാലപരാജാവിനു വാസവദത്ത എന്ന പേരായ ഒരു മകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. കന്യാഗൃഹം കാരാഗൃഹത്തിൻെറ സമീപത്തായിരുന്നതുകൊണ്ടു രാജകുമാരിക്കു വത്സരാജാവിനെ പല കുറി കാണുവാൻ സാധിച്ചിരുന്നു. കാലക്രമത്തിൽ അവൎക്കു് അന്യോന്യം അനുരാഗവും ഉണ്ടായി. വേഷപ്രച്ഛന്നന്മാരായ മന്ത്രിമാർ ഈ വൃത്താന്തം രാജാവിനെ ധരിപ്പിച്ചു. സാലപമഹാരാജാവു സസന്തോഷം കന്യകയെ വത്സരാജാവിനു വിവാഹം ചെയ്തുകൊടുത്തു. വത്സരാജാവിനെ രണ്ടു രാജ്യത്തേയും രാജാവായി അഭിഷേകംചെയ്തു സാലപമഹാരാജാവു പത്നിയോടുകൂടി തപസ്സുചെയ്യാൻ വനാന്തരത്തിൽ പ്രവേശിച്ചു.

ഈ കഥയിൽ വേഷച്ഛന്നനായ വസന്തകൻ എന്ന ബ്രാഹ്മണൻ മന്ദാരമാലികയുടെ സമീപത്തിലിരുന്നു പുരാണകഥാപ്രസംഗം ചെയ്തതനുസരിച്ചാണു് ചാക്യാർ വേഷംകെട്ടി രംഗത്തുവന്നു കഥാപ്രസംഗം ചെയ്യുന്നതു്. ഇതാണു കൂത്തിൻെറ ആഗമം.

വേഷപ്രച്ഛന്നന്മാരായ മൂന്നു മന്ത്രിമാരും കൂടിയിരുന്നു് ആലോചിക്കുന്നതാണു് കൂടിയാട്ടത്തിൻെറ ആഗമം.

ഈ രണ്ടു സംഗതികളേയും അടിസ്ഥാനമാക്കിയാണു് കൂത്തും കൂടിയാട്ടവും കേരളത്തിൽ പ്രചാരപ്പെടുത്തിയതെന്നു പറഞ്ഞുവരുന്നു.

സൂതൻ മഹർഷിമാരുടെ മുൻപിലിരുന്നു കഥാപ്രസംഗം ചെയ്യുന്നതിനെ അനുസരിച്ചു നടത്തിപ്പോരുന്നതാകുന്നു കൂത്തെന്നു മററു ചിലർ അഭിപ്രായപ്പെടുന്നു. ഇതുകൊണ്ടാണത്രെ ചാക്യാക്കു ബ്രാഹ്മണസദസ്സിൽ പീഠത്തിന്മേലിരിക്കുവാൻ അവകാശം സിദ്ധിച്ചതു്.

ഏതുവിധമായാലും ഇപ്രകാരം പുരാണകഥാപ്രസംഗം ചെയ്യുന്ന സമ്പ്രദായം ജനങ്ങളുടെ ഇടയിൽ മതബോധം വർദ്ധിപ്പിക്കുന്നതിന് ഒരു ഉത്തമമാർഗ്ഗമാകുന്നു. എന്നാൽ കാലക്രമത്തിൽ ഇതിൽ കടന്നുകൂടി ദൂഷിപ്പിക്കുന്ന അസംഗതവും അസഭ്യവുമായ പ്രവചനങ്ങളെ നിശ്ശേഷം പരിഹരിച്ചു ജനങ്ങളുടെ രുചിഭേദം അനുസരിച്ചു പരിഷ്കരിക്കുന്നതു് ആശാസ്യമായിട്ടുള്ളതാകുന്നു. ഇതുനിമിത്തം ഈ കഥാപ്രസംഗസമ്പ്രദായത്തിനു പൂർവ്വാധികം പ്രശസ്തിയും പ്രചാരവും സിദ്ധിക്കുന്നതാണ്.

ഇത്രയും പൂർവ്വപീഠികയോടുകൂടി ചമ്പൂരാമായണത്തിന്റെ സംക്ഷിപ്തനിരൂപണത്തിന്നു ആരംഭിക്കുന്നു.

III

"ഭാഷാരാമായണചമ്പു" പ്രബന്ധം ബാലകാണ്ഡത്തിൽ ആറു കഥാഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. അവ (൧) രാവണോദ്ഭവം. (൨) രാമാവതാരം. (൩) താടകാവധം. (൪) അഹല്യാമോക്ഷം. (൫) സീതാസ്വയംവരം. (൬) പരശുരാമവിജയം. എന്നിവയാകുന്നു. ഇതിൽ രാവണോദ്ഭവം വർണ്ണിക്കുന്നഭാഗം ഉത്തരകാണ്ഡത്തിൽ ചേർന്നതാണെങ്കിലും പ്രതിനായകന്റെ ബാഹുവീര്യപരാക്രമങ്ങളുടെ പൌഷ്കല്യം പ്രദർശിപ്പിക്കുന്നതുകൊണ്ടു നായകഗുണങ്ങൾക്കുള്ള പ്രാബല്യവും പ്രാശസ്ത്യവും വ്യക്തമായിത്തീരുന്നതുനിമിത്തം കവി ആദ്യംതന്നെ അവയെ സുസ്പഷ്ടമായിക്കാണിച്ചുതന്നു നായകന്റെ നേർക്കു ശ്രോതാക്കൾക്കുണ്ടാകുന്നതായ ഭക്ത്യാദരബഹുമാനങ്ങളെ സീമാതീതമായി വർദ്ധിപ്പിക്കുന്നു.

"ജേതാരം ലോകപാലാനാം
സ്വമുഖൈരർച്ചിതേശ്വരം

രാമസ്ഖലിതകൈലാസ-
മരാതിം ബഹ്വമന്യത."

എന്നു കാളിദാസനും പറഞ്ഞിരിക്കുന്നു.

ചമ്പൂരാമായണത്തിലേ കഥാവസ്തു വാല്മീകിരാമായണത്തിലുള്ള പ്രകാരമാണെങ്കിലും പുനംനമ്പൂരി രാമായണകഥയെ പ്രതിപാദിക്കുന്ന എല്ലാ സംസ്കൃതഗ്രന്ഥങ്ങളേയും നല്ലവണ്ണം വായിച്ചുനോക്കി അവയിലെ ആശയവിശേഷങ്ങളെ സ്വായത്തമാക്കി മനോധമ്മംകൊണ്ടു രൂപാന്തരപ്പെടുത്തി സരസവും ഹൃദ്യവുമായ ഒരു പന്ഥാവിൽക്കൂടി അവതരിപ്പിച്ചു കഥാപാത്രങ്ങളേയും മററും നമുക്ക് അക്ഷിഗോചരമാക്കിത്തീക്കുന്നു.

രാവണനാകട്ടെ

"സാകം ജഗാമ തപസേ നിജസോദരാഭ്യാം
ഗോകണ്ണമുത്തരമുദിതപരബാഹുതേജാഃ."

എന്നു പറഞ്ഞിട്ടുള്ളതു്

"യദ്ദുസ്തരം യദ്ദുരാപം
യദ്ദുഗ്ഗം യച്ച ദുഷ്കരം
തത്സവ്വം തപസാ സാദ്ധ്യം
തപോ ഹി ദുരതിക്രമം."

എന്നുള്ള തപോമാഹാത്മ്യത്തെ അറിഞ്ഞിട്ടുള്ളതുകൊണ്ടാകുന്നു.

"പ്രാപ്സ്യാമി തപസാ കാമ-
മിതികൃത്വാദ്ധ്യവസ്യ ച
ആഗച്ഛദാത്മസിദ്ധ്യത്ഥം
ഗോകണ്ണസ്യാശ്രമം ശുഭം."

എന്നു രാമായണത്തിൽ കാണുന്നു. അവിടെ രാവണാദികൾ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ;

"പിതാമഹസ്തു സുപ്രീതഃ
സാദ്ധം ദേവൈരുപസ്ഥിതഃ

തവ താവദ്ദശഗ്രീവ!
പ്രീതോഽസ്മീത്യഭ്യഭാഷത."

എന്നതുകൊണ്ടു ബ്രഹ്മാവു പ്രത്യക്ഷമായി വരംകൊടുത്തു എന്നു സിദ്ധിക്കുന്നു. രാവണൻ ശിവനേ തപസ്സുചെയ്തു എന്നു വേറെ ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

"ദത്വാ സ്വസാരമഥ ശൂൎപ്പണഖാം സ വിദ്യു-
ജ്ജിഹ്വായ വിഹ്വലിതവിഷ്ടപചക്രവാളഃ."

എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു രാവണൻ സോദരിയായ ശൂൎപ്പണഖയെ വിദ്യുജ്ജിഹ്വനു വിവാഹംചെയ്തുകൊടുത്തു എന്നു സിദ്ധിക്കുന്നു.

"പിതാ പിതാമഹോ ഭ്രാതാ
സകുല്യോ ജനനീ തഥാ
കന്യാപ്രദഃ പൂൎവനാശേ
പ്രകൃതിസ്ഥഃ പരഃ പരഃ."

എന്നു യാജ്ഞവല്ക്യൻ പറഞ്ഞിരിക്കുന്നതിൽനിന്നു ഭ്രാതാവിനും സോദരിയെ വിവാഹംചെയ്തുകൊടുപ്പാൻ അധികാരം ഉണ്ടെന്നു സിദ്ധിക്കുന്നു. എന്നാൽ രാവണൻെറ പിതാവും പിതാമഹനും ഈ വിഷയത്തിൽ ഉദാസീനന്മാരായതുകൊണ്ടു രാവണൻെറ കൃത്യം ധൎമ്മശാസ്ത്രാനുരോധേന തന്നെയെന്നു വരുന്നു.

"പഞ്ചിക്കെട്ടെന്നപോലേ രജതശിഖരിണം
പാണിപദ്മേ വിലാസം
തഞ്ചിക്കെക്കൊണ്ടു പത്തൻപതുകുറികളിയ-
മ്മാനമാട്ടും ദശായാം
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞാകുലതരമചല-
പ്പെൺതൽ പുല്കിപ്രസാദീ
കഞ്ചത്താർബാണവൈരീ വരമരുളിന ല-
ങ്കേശപരന്നാരുമൊവ്വാ."

എന്ന പദ്യം മാഘത്തിലെ

„സമുൽക്ഷിപൻ യഃ പൃഥിവീഭൃതാം വരം
വരപ്രദാനസ്യ ചകാര ശൂലിനഃ
ത്രസത്തുഷാരാദ്രിസുതാസസംഭ്രമ-
സ്വയംഗ്രഹാശ്ലേഷസുഖേന നിഷ്ക്രയം."

എന്ന ശ്ലോകത്തെ സരസമായി വലിച്ചുനീട്ടി ഭാഷാന്തരപ്പെടുത്തീട്ടുള്ളതാകുന്നു. രാവണൻ ഭഗവാന്ന് ഒരു ഉപകാരം ചെയ്തതിന്ന പ്രത്യുപകാരമായി വരം കൊടുത്തിരിക്കുന്ന സംഗതിയെ 'നിഷ്ക്രയം'കൊണ്ടു സൂചിപ്പിച്ചിരിക്കുന്നതിനെ മനസ്സിൽവച്ചുകൊണ്ടാണ് പുനംനമ്പൂരി 'ലങ്കേശ്വരന്നാരുമൊവ്വാ' എന്നു പറഞ്ഞിട്ടുള്ളതു്. യാച്ഞാദൈന്യംകൂടാതെ വരംകിട്ടുന്നതു സുലഭമല്ലെന്നു താൽപര്യം.

ഈ ആശയത്തെത്തന്നെ ഭട്ടതിരി പറഞ്ഞിരിക്കുന്നതു്

„യസ്മിൻ കൈലാസശൈലം തുലയതി ജഗതീ-
ലംഘനാജാംഘികോദ്യ-
ജ്ജ്യോതിഃ സ്ഥൂലംഭവിഷ്ണൌ പവനബലചല-
ന്നീലശൈലപ്രകാശേ
ഭീമത്യാം ഹൈമവത്യാം തരളതരതടി-
ദ്വല്ലിതൌല്യം ദധത്യാ-
മപ്രീണാൻമേരുധന്വാ ഹഹഹ! സ ഹി ഗിരാം
ദൂരദൂരേ ദശാസ്യഃ."

ഇപ്രകാരമാകുന്നു.

„തോലയാമാസ തം ശൈലം
സശൈലഃ സമകമ്പത."

... ...

„ചചാല പാർവതീദേവീ
തദാശ്ലിഷ്ടാ മഹേശ്വരം."

... ...

„ദദൌ ഖഡ്ഗം മഹാദീപ്തം
ചന്ദ്രഹാസമിതി ശ്രുതം."

എന്നു വാല്മീകിരാമായണത്തിൽ കാണുന്നു.

„വണങ്ങി വിബുധാളിചെന്നളവു പദ്മനാഭൻ തെളി-
ഞ്ഞുണർന്നു കണികണ്ടിതമ്മലർവധൂമുഖാംഭോരുഹം

അനന്യപരരാസ്ഥിളങ്ങമഭിഗമ്യലോകാ ന്നണാം
മനീഷിതഫലാപ്തിഭേ പ്രകടയന്തി തേ ഭാവിനീം."

എന്നു രസമായി മനോധമ്മത്തോടുകൂടി വണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്ന പദ്യം കാളിദാസൻെറ,

"തേ ച പ്രാപുരുദന്വന്തം
ബുബുധേ ചാദിപൂരുഷഃ
അവ്യാക്ഷേപോ ഭവിഷ്യന്ത്യാഃ
കാൎയ്യസിദ്ധേഹി ലക്ഷണം."

എന്ന ശ്ലോകത്തിനെ മനസ്സിൽവച്ചുകൊണ്ടാകുന്നു.

ദേവന്മാർ വൈകുണ്ഠമൂൎത്തിയെക്കണ്ടു സങ്കടംപറയുന്ന ഭാഗത്തുള്ള ചമ്പൂരാമായണത്തിലെ പദ്യങ്ങൾ പ്രായേണ എല്ലാം തന്നെ രഘുവംശം പത്താംസൎഗ്ഗത്തിലെ ശ്ലോകങ്ങളെ പുനം നമ്പൂരി മനസ്സിൽവച്ചുകൊണ്ടു ഭംഗ്യന്തരേണ പരിഷ്കരിച്ചു മനോധൎമ്മാമൃതവൎഷംകൊണ്ടു് ആപാദശീൎഷം മധുരങ്ങളാക്കിത്തീൎത്തിട്ടുള്ളവയാണെന്നു സൂക്ഷ്മദൃക്കുകൾക്കു കാണ്മാൻ കഴിയുന്നതാണു്.

തൊഴിലില്ലാതെ ഉഴന്നു നടക്കുന്നവരെക്കാണുന്നതിൽ ഉള്ള വൈമുഖ്യംകൊണ്ടും, യോഗ്യതയറിഞ്ഞു് ഉദ്യോഗം കൊടുക്കുവാനുള്ള സാമൎത്ഥ്യാതിശയംകൊണ്ടും രാവണൻ ചില യോഗ്യന്മാൎക്കെല്ലാം ഉദ്യോഗം ഉണ്ടാക്കി ക്കൊടുത്തവിവരം കവി,

"സുത്രാമാ തത്ര പാത്രം വിതരതി, ദഹനൻ
പാചകൻ, ദണ്ഡധാരീ
കുത്തിക്കൊൽവാൻ, മുറിപ്പാൻ നിരൃതി, കഴുകുവാൻ
പാശധാരീ ജലാത്മാ,
ഉദ്യാനേ പൂവറുപ്പാൻ പവന,നറുതുറ-
ന്നീട്ടുവാൻ വിത്തപാലൻ,
ചൊല്ലേറുള്ളും ഗോപുരംകാപ്പതിനഴകെഴുമീ-
ശാനനാശാന്തചേതാഃ.

തണ്ടിങ്കൽ പാട്ടുപാടും മുനിവരനധുനാ
നാരദന്നംഗനാനാം
കണ്ടിക്കാർകുന്തൽ ചിക്കുന്നതു ബത! പരിപൂ-
ൎണ്ണേന്ദുമന്ദാക്ഷധാരീ

കൊണ്ടാടേണം വസന്താദികളിരുപുറവും
　　നിന്നു കൈക്രൂപ്പി മേളം
തണ്ടും പൊൽതാമരപ്പൂ പുലരിയിൽ വിരിയി-
　　ക്കേണമാരോഗ്യദാതാ.

ആസന്ധ്യം കണ്ടകല്ലും മരവുമുടനിഴ-
　　യ്ക്കേണമൈരാവതം ചെ-
ന്നാതുംഗം വാജിരത്നം പുതിയ പൊതിചുമ-
　　ന്നീട്ടുവാന്തുഡഖേദം
നാൾതോറും നാകനാരീജനമടിതളിചെ-
　　യ്തീട്ടുവാൻ ചാടിഴപ്പാ-
നയ്യോ! യാമ്യം പെരുംപോത്തലമിഹ വചനാ-
　　ഡംബരം തമ്പിരാനെ!"

എന്നവിധം സരസമായി വർണ്ണിച്ചിരിക്കുന്നു. ഇതിനെത്തന്നെ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ,

"വയ്ക്കണമവന്നശനമഗ്നി കരിയാതെ
　　കത്തണമധോഭുവി തെളിഞ്ഞു ഹരിരാമാ!

കൊല്ലുവതിനൊക്കെ യമനങ്ങവ മുറിപ്പാൻ
　　വല്ലഭമെഴും നിരൃതി പാശി കഴുകാനും
മുല്ലമലരാദികളറുപ്പതിനു മെല്ലെ
　　നല്ലപവമാനനെ വണങ്ങി ഹരിരാമാ!

എട്ടുദിശി ദീപമവനഷ്ടമണിനാഗം
　　കഷ്ടമിതു കേട്ടു പണിപെട്ടു ഫണിരാജൻ
പൂട്ടറ തുറപ്പതിനു വൈശ്രവണമാക്കീ
　　ചട്ടമിതി ദുഷ്ടനിശിചാരി ഹരിരാമാ!

സ്തംഭശതശുംഭിതമഹാമണിപുരാഗ്രേ
　　കുംഭമുഖരാക്ഷസദുരുക്തിവശവർത്തീ
സ്തംഭമയനായ്വസതി സംപ്രതി മഹാത്മാ
　　ജംഭരിപുതാനഗതി ഹന്ത! ഹരിരാമാ!

വാസ്തവമതീശ! യമനേറിനടകൊള്ളും
　　പോത്തിനുപിടിച്ചു പണി ചാടുകളിഴപ്പാൻ

ധൂൎത്തമതി വന്മരമിഴപ്പതിനുചേൎത്തു
  ചേൎത്തുമയിരാവതഗജത്തെ ഹരിരാമാ!

കാമവശനായവനറക്കറയിൽ വീണാൽ
  മാമകവിലാസിനികൾ കാലുഴികവേണം
മേനക നനപ്പതിനടിപ്പതിനു രംഭാ
  ഉൎവ്വശി തിലോത്തമ തളിക്ക ഹരിരാമാ!”

എന്നിപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

സൂക്ഷ്മമായി പരിശോധിക്കുന്നവൎക്കു രാമായണം ഇരുപത്തിനാലുവൃത്തത്തിൽ, ഭാഷാരാമായണചമ്പുവിലെ പലഭാഗങ്ങളേയും സരസസരസം സംഗ്രഹിച്ചെഴുതിയിരിക്കുന്നതായിക്കാണ്മാൻ സാധിക്കുന്നതാണ്.

വാല്മീകിരാമായണത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ശ്രീരാമന്റെ ജാതകം ഭോജചമ്പുവിൽ എഴുതിച്ചേൎത്തിട്ടുള്ളതുതന്നെ ഭാഷാരാമായണചമ്പുവിലും ചേൎക്കേണ്ടതായിവന്നപ്പോൾ പ്രതിനായകനായ രാവണന്റെ ജാതകംകൂടി ചേൎക്കേണ്ടതു യുക്തമെന്നു കരുതിയായിരിക്കാം പുനംനമ്പൂരി അപ്രകാരം ചെയ്തതു്. എന്നാൽ രാവണന്റെ ജാതകം എഴുതിച്ചേൎപ്പാൻ അടിസ്ഥാനമായ രാമായണവാക്യങ്ങളോ പുരാണവചനങ്ങളോ ഏതാണെന്നറിയുന്നില്ല. രാവണന്റെ ജാതകം ഋഷീശ്വരന്മാർ ആരുംതന്നെ ഗണിച്ചുപറഞ്ഞിട്ടുള്ളതായി ഓൎക്കുന്നില്ല. കമ്പരാമായണത്തിലും തുളസീദാസരാമായണത്തിലും രാവണന്റെ ജാതകം പറഞ്ഞിട്ടുള്ളതായി കേട്ടിട്ടില്ല. അതിനാൽ അതു കവി മനോധൎമ്മംകൊണ്ടുതന്നെ കല്പിച്ചിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു.

രാവണന്റേയും രാമന്റേയും ജാതകങ്ങളെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ രാവണോദ്ഭവംകഴിഞ്ഞു് ഏകദേശം അൻപതുസംവത്സരം ചെന്നപ്പോഴാണ് ശ്രീരാമാവതാരമെന്നു സാധിക്കാം. ശ്രീരാമൻ രാവണവധംചെയ്തകാലത്തു് ഏകദേശം നാല്പതുവയസ്സു പ്രായമുള്ളവനായിരുന്നു എന്നൂഹിപ്പാൻ രാമായണംതന്നെ അവകാശം തന്നിരിക്കുന്നു.

വിശ്വാമിത്രൻ യാഗരക്ഷാൎത്ഥം രാമനെ ആവശ്യപ്പെടുന്ന കാലത്തു രാമനു പന്ത്രണ്ടു വയസ്സായിട്ടുണ്ടെന്നു ദശരഥവാക്യത്തിൽനിന്നുതന്നെ സിദ്ധിക്കുന്നു.

„ബാലോ ദ്വാദശവൎഷോ/യ-
മകൃതാസ്ത്രശ്ച രാഘവഃ.''

എന്നും,

„ഊനഷോഡശവൎഷോ മേ
രാമോ രാജീവലോചനഃ.''

എന്നും പറഞ്ഞുകാണുന്നു. ആ വൎഷത്തിൽതന്നെ സീതാവിവാഹവും നടന്നിട്ടുണ്ട്.

„സമാ ദ്വാദശ തത്രാഹം
രാഘവസ്യ നിവേശനേ
ഭുഞ്ജാനാ മാനുഷാൻ ഭോഗാൻ
സൎവകാമസമൃദ്ധിനീ.''

എന്നു സീതപറഞ്ഞിട്ടുള്ളതിൽനിന്നു വനപ്രവേശകാലത്തു രാമന്ന് ഏകദേശം ഇരുപത്തിനാലുവയസ്സു കഴിഞ്ഞിരിക്കണം.

„മമ ഭൎത്താ മഹാതേജാ
വയസാ പഞ്ചവിംശകഃ
അഷ്ടാദശ ഹി വൎഷാണി
മമ ജന്മനി ഗണ്യതേ.''

എന്നുള്ള സീതാവാക്യത്തിൽനിന്നും, വനപ്രവേശകാലത്തു രാമന്ന് ഇരുപത്തിഅഞ്ചും അപ്പോൾ സീതയ്ക്കു പതിനെട്ടും വയസ്സു പ്രായമെന്നു സിദ്ധിക്കുന്നു. സ്വയംവരകാലത്തു സീതയ്ക്കു് ആറു വയസ്സിൽ അധികം പ്രായമില്ലെന്നുതന്നെ കിട്ടുന്നു.

"ദശസപ്ത ച വൎഷാണി
ജാതസ്യ തവ പുത്രക!
ആസീനാനി പ്രകാങ്ക്ഷന്ത്യാ.
മയാ ദുഃഖപരിക്ഷയം.''

എന്നുള്ള കൌസല്യാവാക്യത്തിൽനിന്നു രാമന്നു വനപ്രവേശകാലത്തു പതിനേഴുവയസ്സുമാത്രമെന്നു സിദ്ധിക്കുന്നു. ഈ അഭിപ്രായങ്ങൾ അന്യോന്യവിരുദ്ധങ്ങളായിരിക്കുന്നു. ഇവിടെ ക്ഷത്രിയനും ദ്വിജത്വമുള്ളതുനിമിത്തം 'ജാതസ്യ' എന്നതുകൊണ്ടു് ഉപനയനാനന്തരമുള്ള വയസ്സിനെ പറഞ്ഞിട്ടുള്ളതായി വിചാരിക്കുന്നതായാൽ പരിഹാരം സിദ്ധിക്കുന്നു.

ക്ഷത്രിയന്നു വിഹിതോപനയനകാലം „ഗൎഭൈകാദശേഷു രാജന്യം'' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ഗൎഭൈകാദശവൎഷ ത്തിലാകുന്നു. ഇവിടെ വൃദ്ധനായ ദശരഥൻ കാമ്യപക്ഷത്തെ ആശ്രയിച്ചു ഗൎഭാഷ്ടമത്തിൽതന്നെ രാമന്റെ ഉപനയനം കഴിച്ചി രിക്കുന്നു എന്നു ധരിച്ചുകൊള്ളണം. അപ്പോൾ കൌസല്യാവാക്യം സംഗതമായിത്തീരുന്നു. ഉപനയനാൽപൂൎവ്വമുള്ള എട്ടുവയസ്സിനെ ക്കൂടി ചകാരം സമുച്ചയിക്കണമെന്നു വിചാരിച്ചായിരിക്കണം „ദശ സപ്ത ച വൎഷാണി'' എന്നു കൌസല്യ പറഞ്ഞിരിക്കുന്നതു്. ഇരുപത്തഞ്ചാമത്തെ വയസ്സിൽ വനവാസത്തിന്നു പോയ രാമൻ പതിന്നാലു സംവത്സരം കാട്ടിൽ താമസിക്കുന്നു. പതിന്നാലാ മത്തെ സംവത്സരത്തിന്റെ അവസാനത്തിലാണു് രാവണവധം ചെയ്യുന്നതു്. അതുകൊണ്ടാണു് രാവണവധംചെയ്ത കാലത്തു രാമനു് ഏകദേശം നാല്പതുവയസ്സായി എന്നുപറഞ്ഞതു്.

അപ്പോൾ രാവണനു് അട്ടത്തുപിടിച്ചു തൊണ്ണൂറുവയസ്സു പ്രായംചെന്നിരിക്കണം. യൌവനയുക്തനായ രാമൻ പടുവൃദ്ധ നായ രാവണനെക്കൊന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ലെന്നു വിചാരിച്ചായിരിക്കാം തുല്യവയസ്കന്മാരും തുല്യപരാക്രമശാലികളു മായ ലക്ഷ്മണന്റേയും മേഘനാദന്റേയും യുദ്ധകൌശലങ്ങളെ പ്രശംസിച്ചു ലക്ഷ്മണൻ ഇന്ദ്രജിത്തിനെ നിഗ്രഹിച്ചപ്രകാ രത്തെ മഹൎഷിമാർ ഉത്തരകാണ്ഡത്തിൽ കൊണ്ടാടുവാൻ ഇട യായതു്.

„ശ്രുത്വാ തു തേഷാം വചന-
   മൃഷീണാം ഭാവിതാത്മനാം
വിസ്മയം പരമം ഗത്വാ
   രാമഃ പ്രാഞ്ജലിരബ്രവീൽ.

ഭഗവന്തഃ കുംഭകൎണ്ണം
   രാവണം ച നിശാചരം
അതിക്രമ്യ മഹാവീൎയ്യൌ
   കിം പ്രശംസഥ രാവണിം.''

എന്നു ശ്രീരാമൻതന്നെ അത്ഭുതപാരവശ്യത്തോടുകൂടി മഹൎഷി മാരോടു ചോദിക്കുന്നതിന്നു് അവർ രാമനു് അപകൎഷമുണ്ടാവാ തിരിക്കത്തക്കവണ്ണം ഉത്തരംപറഞ്ഞു സമാധാനപ്പെടുത്തുന്നു.

എന്നാൽ പ്രായാധിക്യംകൊണ്ടുള്ള രാവണന്റെ ബലഹാനിയെ അവർ അന്തരാന്തരാ സൂക്ഷ്മമായി നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ളതു സൂക്ഷ്മദൃക്കുകൾക്കു കാണ്മാൻ കഴിയുന്നതാണു.

„വൃദ്ധയായേററം വിരൂപയായുള്ളോരു
നക്തഞ്ചരാധിപസോദരി രാമനെ
ശ്രദ്ധിച്ചകാരണമാപത്തിതൊക്കവേ
വർദ്ധിച്ചുവന്നതു മററില്ല കാരണം.”

എന്നുള്ള അദ്ധ്യാത്മരാമായണവചനത്തിൽനിന്നു ശൂർപ്പണഖ വൃദ്ധയാണെന്നു സിദ്ധിക്കുന്നു. അപ്പോൾ അവളുടേയും കുംഭകർണ്ണന്റേയും ജ്യേഷ്ഠഭ്രാതാവായ രാവണൻ പടുവൃദ്ധനായിത്തീർന്നിട്ടുണ്ടെന്നുള്ള സംഗതി വ്യക്തമാകുന്നുണ്ടല്ലോ.

ദശരഥമഹാരാജാവു ധർമ്മമാർഗ്ഗം അനുസരിച്ചു രാജ്യംഭരിച്ചിരുന്നകാലത്തു

„കാലേ കാലേ ചൊരിക്കും മഴ നിരതിശയം
കള്ളരെന്നുള്ള ശബ്ദം-
പോലും കേൾപ്പാനരിപ്പം പുഴവഴി തടയാ-
മാജ്ഞകൊണ്ടും ന ദീനം.”

എന്നു ചുരുക്കമായിപ്പറഞ്ഞിട്ടുള്ളതിനെ വാല്മീകിരാമായണത്തിൽ

„സ്വകർമ്മനിരതാ നിത്യം
ബ്രാഹ്മണാ വിജിതേന്ദ്രിയാഃ
ദാനാദ്ധ്യയനശീലാശ്ച
സംയതാശ്ച പ്രതിഗ്രഹേ.

ന നാസ്തികോ നാനൃതകോ
ന കശ്ചിദബഹുശ്രുതഃ
നാസൂയകോ നചാശക്തോ
നാവിദ്വാൻ വിദ്യതേ തദാ.

... ...

ദീർഘായുഷോ നരാഃ സർവ്വേ
ധർമ്മം സത്യം ച സംശ്രിതാഃ
സഹിതാഃ പുത്രപൌത്രൈശ്ച
ശൂരാ വിക്രമസംയുതാഃ

എന്നു തുടങ്ങി അനേകം പദ്യങ്ങളെക്കൊണ്ടു വിവരിച്ചിരിക്കുന്നു. രാജാവു ധൎമ്മാനുസരണം രാജ്യപാലനം ചെയ്യുന്നസമയം പ്രജകൾക്കു ധൎമ്മനിരതത്വവും സൌഖ്യവും ഉണ്ടാവുന്നതുപോലെ രാജാവിന് ഐഹികാമുഷ്മികശ്രേയഃപ്രാപ്തിയുമുണ്ടാകുമെന്നുള്ള ധൎമ്മശാസ്ത്രത്തെ ഇവിടെ അനുസ്മരിച്ചിരിക്കുന്നു.

"രാജ്ഞി ധൎമ്മിണി ധൎമ്മിഷ്ഠാഃ
പാപേ പാപാഃ സമേ സമാഃ
ലോകാസ്തമനുവൎത്തന്തേ
യഥാ രാജാ തഥാ പ്രജാഃ."

എന്നു ശാസ്ത്രം.

"സന്താനാഭാവഖിന്നേ തദനു നരപതൌ
ഗാഢചിന്താം കുറിക്കൊ-
ണ്ടന്തഃ സന്തപ്യമാനേ സഹ സചിവവരൈ-
ൎമ്മന്ത്രശാലാന്തരാളേ."

എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു ദശരഥമഹാരാജവിന് അനേകം മന്ത്രിമാരുണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു.

"അഷ്ടൌ ബഭ്രുവുൎവീരസ്യ
മഹാമാത്യാ യശസ്വിനഃ
ശുചയശ്ചാനുരക്താശ്ച
രാജകൃത്യേഷു നിത്യശഃ.

ധൃഷ്ടിൎജ്ജയന്തോ വിജയഃ
സിദ്ധാൎത്ഥോ ഹ്യൎത്ഥസാധകഃ
അശോകോ മന്ത്രപാലശ്ച
സുമന്ത്രശ്ചാഷ്ടമോഽഭവത."

എന്നു രാമായണത്തിലും കാണുന്നു. ഇതുകൊണ്ടു രാജാവിനു സദ്ഗുണവിശിഷ്ടന്മാരായിരിക്കുന്ന എട്ടു മന്ത്രിമാർ ഉണ്ടായിരിക്കണമെന്നുള്ള ശാസ്ത്രതത്വം ഉദ്ബോധിപ്പിക്കപ്പെട്ടു.

"മൌലാഞ്ഛസ്ത്രവിദഃ ശൂരാൻ
ലബ്ധലക്ഷാൻ കുലാഗതാൻ
സചിവാൻ സപ്ത വാഷ്ടൌ വാ
പ്രകുൎവീത പരീക്ഷിതാൻ.

മന്ത്രിണോ യസ്യ കുലജാ
അസംഹാര്യാഃ സഹോഷിതാഃ
നൃപതേർമ്മതിദാഃ സന്തി
സംബന്ധജ്ഞാനകോവിദാഃ.

അനാഗതവിധാതാരഃ
കാലജ്ഞാനവിശാരദാഃ
അതിക്രാന്തമശോചന്തഃ
സ രാജ്യഫലമശ്നുതേ.

സമദുഃഖസുഖാ യസ്യ
സഹായാഃ പ്രിയകാരിണഃ
അർത്ഥചിന്താപരാഃ സഭ്യാഃ
സ രാജ്യഫലമശ്നുതേ.''

എന്നു മനുസ്മൃതിയിൽ കാണുന്നു.

'മന്ത്രാർത്ഥം സംപ്രവൃത്തേ' എന്നു പറഞ്ഞിട്ടുള്ളതു,

''തൈർമ്മന്ത്രിഭിർമ്മന്ത്രഹിതേ നിവിഷ്ടൈർ-
വൃതോഽനുരക്തൈഃ കുശലൈഃ സമർത്ഥൈഃ
സ പാർത്ഥിവോ ദീപ്തിമവാപ യുക്ത-
സ്തേജോമയൈർഗ്ഗോഭിരിവോദിതോഽർക്കഃ.''

എന്ന രാമായണപദ്യത്തെ അനുസ്മരിച്ചാകുന്നു.

ഇവിടെ

''സ്വയം സമർത്ഥോഽപി രാജാ സർവ്വലക്ഷണാന്വിതൈഃ
പുരോഹിതാമാത്യൈരന്വിത ഏവ രാജ്യപാലനം കുര്യാത്.''

എന്ന ധർമ്മശാസ്ത്രവാക്യത്തെ അനുസന്ധാനം ചെയ്തുകൊള്ളണം

''അപി യത് സുകരം കർമ്മ
തദപ്യേകേന ദുഷ്കരം
വിശേഷതോഽസഹായേന
കിമു രാജ്യം മഹോദയം.

നിത്യം തസ്മിൻ സമാശ്വസ്തഃ
സർവ്വകാര്യാണി നിക്ഷിപേത്

തേന കാര്യം വിനിശ്ചിത്യ
തതഃ കർമ്മ സമാചരേത്."

എന്നു മനുസ്മൃതിവചനം.

ഇപ്രകാരം സർവ്വവിധധർമ്മങ്ങളേയും അനുഷ്ഠിച്ചുപോരുന്ന ദശരഥമഹാരാജാവിനു പുത്രനില്ലാത്തതുകൊണ്ടു വ്യസനം ഉണ്ടായി. പുത്രോത്പത്തിയിൽനിന്ന് ഋണനിവൃത്തി, നരകോദ്ധാരണം, ഉത്തമലോകപ്രാപ്തി, വംശാഭിവൃദ്ധി എന്നിവ സിദ്ധിക്കുന്നു എന്നു ശ്രുതി ഘോഷിക്കുന്നു.

"ജായമാനോ വൈ ബ്രാഹ്മണസ്ത്രിഭിർഋണവാൻ ജായതേ, ബ്രഹ്മചര്യേണ ഋഷിഭ്യോ, യജ്ഞേന ദേവേഭ്യഃ, പ്രജയാ പിതൃഭ്യ ഏവ വാ അനൃണോ യഃ പുത്രീ."

എന്ന് ഋണനിവർത്തകത്വവിഷയത്തിൽ ശ്രുതിവാക്യം.

നരകോദ്ധാരണത്തേക്കുറിച്ചു

"പുന്നാമ്നോ നരകാത് ത്രായത ഇതി പുത്രഃ."

എന്നും, ഉത്തമലോകപ്രാപകത്വവിഷയത്തിൽ

"നാപുത്രസ്യ ലോകോ/സ്തി."

എന്നും, വംശവൃദ്ധികരത്വവിഷയത്തിൽ

"പ്രജാതന്തും മാ വ്യവച്ഛേത്സീഃ."

എന്നും വചനങ്ങൾ കാണുന്നു.

പുത്രേണ ലോകാൻ ജയതി
പൌത്രേണാനന്ത്യമശ്നുതേ
അഥ പുത്രസ്യ പൌത്രേണ
നാകമേവാധിരോഹതി."

എന്നു ബോധായനനും പറഞ്ഞിരിക്കുന്നു.

'ആത്മാ വൈ പുത്രനാമാസി' എന്നും വചനം കാണുന്നു. മഹാഭാരതം ആദിപർവ്വത്തിൽ പാണ്ഡുമഹാരാജാവ്,

"അപ്രജസ്യ മഹാഭാഗേ
ന ദ്വാരം പ്രതിചക്ഷതേ
ദേഹനാശേ ധ്രുവോ നാശഃ
പിതൄണാമേവ നിശ്ചയഃ.

ഋണൈശ്ചതുർഭിഃ സംയുക്താ
ജായന്തേ മാനവാ ഭുവി
പിതൃദേവർഷിമനുജ-
ദേവൈഃ ശതസഹസ്രശഃ.

ഏതാനി തു യഥാകാലം
യോ ന ബുദ്ധ്യതി മാനവഃ
ന തസ്യ ലോകാഃ സന്തീഹ
ധർമ്മവൽസുപ്രതിഷ്ഠിതാഃ.

യജ്ഞൈസ്തു ദേവാൻ പ്രീണാതി
സ്വാദ്ധ്യായൈസ്തപസാ മുനീൻ
പുത്രൈഃ ശ്രാദ്ധൈഃ പിതൄംശ്ചൈവ
ആനൃശംസ്യേന മാനവാൻ.

അപത്യം നാമ ലോകേഷു
പ്രതിഷ്ഠാ ധർമ്മസംഹിതാ
ഇതി കുന്തി! വിദുഃ പ്രാജ്ഞാഃ
ശാശ്വതം ധർമ്മമാസ്ഥിതാഃ.

ഇഷ്ടം ദത്തം തപസ്തപ്തം
നിയമാശ്ച സ്വനുഷ്ഠിതാഃ
സർവ്വമേവാനപത്യസ്യ
ന പാവനമിഹോച്യതേ.”

എന്നപ്രകാരം കുന്തീദേവിയോടു പറഞ്ഞിരിക്കുന്നു.

ഹരിവംശത്തിൽ സുപുത്രകാമയായ രുഗ്മിണിയോടു

“പുത്രേണ ലഭിരേ ലോകാൻ
സതാ കാമദുഹോ ഹി മേ
നരകം പുദിതി ഖ്യാതം
ദുഃഖം ച വിബുധാ വിദുഃ.

പുതസ്ത്രാണാത്തതഃ പുത്ര-
മിഹേച്ഛന്തി പരത്ര ച
അനന്താഃ പുത്രിണോ ലോകാഃ
പുരുഷസ്യ പ്രിയേ ശുഭാഃ.

പതിജ്ജായാം പ്രവിശതി
ഗർഭോ ഭൂത്വാ സ മാതരം
തസ്യാം പുനൎന്നവോ ഭൂത്വാ
ദശമേ മാസി ജായതേ.

പുത്രവന്തം ബിഭേതീന്ദ്രഃ
കിന്നു തേനാജിതം ഭവേത്."

എന്നാദിയായി ശ്രീകൃഷ്ണൻ പറഞ്ഞിരിക്കുന്നു.

"ശ്ലാഘനീയമഹിമാ മഹീപതി വിചാൎയ്യ
മന്ത്രിഭിരയന്ത്രിതം
പ്രാഹിണോൽ സമമനേകസൈന്യഘടയാ യ-
ഥാവിധി യയൂത്തമം
ആഗതേ സപദി തത്ര നീളെ വിപുലേ ന-
ടത്തി വസുധാതലേ
യാഗവാടമഴകോടുതീൎത്തിതുടന്നത്ത-
രത്ര സരയൂതടേ."

എന്നു പറഞ്ഞപ്രകാരം ദശരഥമഹാരാജാവ് അശ്വമേധം ചെയ്തതു,

"സൎവ്വം പാപ്മാനം തരതി തരതി ബ്രഹ്മഹത്യാം
യോഽശ്വമേധേന യജതേ."

എന്ന ശ്രുതിവാക്യത്തേയും

"ബ്രഹ്മഹത്യാശ്വമേധാഭ്യാം ന പരം പുണ്യപാപയോഃ."

എന്ന മനുസ്മൃതിവാക്യത്തേയും അനുസ്മരിച്ചിട്ടാണെന്ന് ഇപ്പോൾ പ്രത്യക്ഷമായല്ലോ.

ഭാഷാരാമായണചംപുവിലെ പല പദ്യങ്ങളേയും അനേകം കവികൾ തങ്ങളുടെ ഗ്രന്ഥങ്ങളിൽ അനുകരിച്ചു ഭംഗ്യന്തരേണ എഴുതിച്ചേൎത്തുകാണുന്നുണ്ടു.

"കനകകലശശോഭാം കാൽപിടിപ്പിച്ചു വായ്ക്കും-
പുണർമുലയിണ ചാഞ്ഞു പുണ്ഡരീകേക്ഷണായാഃ
കനിവൊടുലകമൂന്നും പെററ വിശ്വംഭരൻതൻ-
ജനനകലവികാമ്യം കാണ്മതിന്നെന്നപോലെ."

എന്ന പദ്യത്തെ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ

"പൊന്മണീകുംഭംപോലെവിളങ്ങുന്ന
നന്മുലയിണ ചാഞ്ഞു കൌസല്യേടെ
ഇമ്മൂന്നലോകംപെററ ഹരിജന്മം
കാണ്മാനെന്നതുപോലവേ ഗോവിന്ദ!"

എന്നപ്രകാരത്തിൽ എഴുതിച്ചേർത്തിരിക്കുന്നു.

കാളിദാസമഹാകവിയുടെ രഘുവംശത്തിലെ,

"ജനായ ശുദ്ധാന്തചരായ ശംസതേ
കുമാരജന്മാമൃതസമ്മിതാക്ഷരം
അദേയമാസീൽ ത്രയമേവ ഭൂപതേഃ
ശശിപ്രഭം ഛത്രമുഭേ ച ചാമരേ."

എന്ന പദ്യത്തെ പുനംനമ്പൂരി,

"അന്നേരം കൌതുകം പൂണ്ടധികമുടനുടൻ
ചെന്നുചെന്നുണ്ണിയുണ്ടാ-
യെന്നോതുന്നോൎക്കു പൊന്നും പുടവ പണവുമേ-
കീടിനാനെന്നുവേണ്ടാ
ധന്യാത്മാ ചെററുകാരുണ്യവണ്ടശയിലേ
നല്കിനാൻ പ്രീതിശാലീ
മന്നോർമാണിക്യമയ്യാ! കുടകൾ തഴകളി-
ത്യാദിവേറായതെല്ലാം."

എന്നവിധത്തിൽ അൎത്ഥപുഷ്ടിയോടുകൂടി എഴുതിച്ചേർത്തിട്ടുള്ളതിനേയും രഘുവംശത്തേയും അനുകരിച്ചു രാമായണം ഇരുപത്തിനാലുവൃത്തത്തിൽ,

"ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതി കൊടുക്കയാൽ
ആലവട്ടം കുടതഴയെന്നിയെ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദ!"

എന്നു സരസമായി എഴുതിച്ചേർത്തിരിക്കുന്നു.

സാധാരണപുണ്യകാലം ഉത്സവകാലമല്ലാതേയും, ഉത്സവകാലം പുണ്യകാലമല്ലാതേയുമാണ് പറയപ്പെട്ടിട്ടുള്ളത്. എന്നാൽ പുത്രോത്പത്തികാലമാകട്ടേ പുണ്യോത്സവോഭയകാലമായിട്ടാണ് ശാസ്ത്രം ഘോഷിക്കുന്നത്.

"ദേവാശ്ച പിതരശ്ചൈവ
പുത്രേ ജാതേ ദ്വിജന്മനാം
ആയാന്തി തസ്മാത്തദഹഃ
പുണ്യം പൂജ്യം ച സർവ്വദാ.

തത്ര ദദ്യാത് സുവർണ്ണം ച
ഭൂമിം ഗാം തുരഗം രഥം
ഛത്രം ച ഗന്ധമാല്യം ച
ശയനം ചാസനം ഗൃഹം."

എന്നു വ്യാസൻ പറഞ്ഞിരിക്കുന്നു. ഇവിടെ പുണ്യപൂജ്യശബ്ദങ്ങളേക്കൊണ്ടു പുത്രോത്പത്തിദിവസത്തിന്റെ ഉഭയരൂപത്വം ദർശിതമായി എന്നു ധരിച്ചുകൊള്ളുകയും വേണം. അപ്പോൾ ആഗതന്മാരായിരിക്കുന്ന ദേവകളേയും പിതൃക്കളേയും ജാതേഷ്ടിവൃദ്ധിശ്രാദ്ധാദികളെക്കൊണ്ടു തൃപ്തിപ്പെടുത്തണം. "വൈശ്വാനരം ദ്വാദശകപാലം നിർവ്വപേൽ പുത്രേ ജാതേ" എന്നു ബോധായനനും, "ജാതമേവ വിദിത്വാ" എന്നു ശാലീകിയും പറഞ്ഞിരിക്കുന്നു.

"സചേലസ്യ പിതുഃ സ്നാനം
ജാതേ പുത്രേ വിധീയതേ
ജാതകർമ്മ തദാ കുർയ്യാ-
ച്ഛ്രാദ്ധമാഭ്യുദയം ചരേത്."

എന്നു വിഷ്ണുപുരാണത്തിൽ കാണുന്നു.

"ത്രിവിധാനി ച ദാനാനി ദേയാനി" എന്നും പറഞ്ഞിരിക്കുന്നു. ഇവിടെ അദൃഷ്ടാർത്ഥം ബ്രാഹ്മണർക്കു ഗോദാനാദിയും, ഉത്സവദിനമായതുകൊണ്ടു പ്രിയവാദികളായ ജനങ്ങൾക്കു പ്രീതിജനകദാനങ്ങളും, നടനർത്തകന്മാർക്കു കീർത്ത്യർത്ഥമായ ദാനങ്ങളും വിഹിതങ്ങളാകുന്നു.

“ധൎമ്മാൎത്ഥം ബ്രാഹ്മണേ ദാനം
യശോൎത്ഥം നടനൎത്തകേ.”

എന്നു മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നു.

പ്രിയശംസികളായവൎക്കുള്ള ദാനം മഹാന്മാരുടെ ആചാരങ്ങളിൽനിന്നു സിദ്ധമാകുന്നു.

“ദൃഷ്ട്വാ പ്രിയാണി ച ശ്രുത്വാ
ഹൎഷാദ്ദദ്യാത് പ്രയച്ഛതി
ഹൎഷദാനമിതി പ്രാഹു-
ൎദ്ദാനം ധൎമ്മവിചിന്തകാഃ.”

എന്നു മാധവീയത്തിൽ ദേവലവാക്യം കാണുന്നു.

വിശ്വാമിത്രനും ദശരഥനും ഓരോന്നു പറഞ്ഞു പിണങ്ങി കോപലൌല്യത്തോടുകൂടി വിശ്വാമിത്രൻ യാത്ര ചൊല്ലാതെ തിരിച്ചപ്പോൾ വാമദേവവദനാംബുജോദ്ഗത വസിഷ്ഠവാക്യം രാജാവിനെ സാന്ത്വനപ്പെടുത്തുന്നു.

“ന രാമഗമനേ രാജൻ!
സംശയം ഗന്തുമൎഹസി
തേഷാം നിഗ്രഹണേ ശക്തഃ
സ്വയം ച കുശികാത്മജഃ.

തവ പുത്രഹിതാൎത്ഥായ
ത്വാമുപേത്യ ഹി യാചതേ.”

എന്നു രാമായണത്തിലും കാണുന്നു.

അകാൎയ്യനിരതനായ രാജാവിനെ ശാസിച്ചു വേണ്ട ഹിതോപദേശം ചെയ്യുന്നതിന്നു മന്ത്രിക്കു സ്വാതന്ത്ര്യമുണ്ട്.

“സജ്ജമാനമകാൎയ്യേഷു
നിരുന്ധ്യുൎമ്മന്ത്രിണോ നൃപം
ഗുരൂണാമിവ ചൈതേഷാം
ശൃണുയാദ്വചനം നൃപഃ.

നൃപസ്യ തേ ഹി സുഹൃദ-
സ്ത ഏവ ഗുരവോ മതാഃ
യ ഏനമുത്പഥഗതം
വാരയന്ത്യനിവാരിതാഃ

സജ്ജമാനമകാര്യേഷു
സുഹൃദോ വാരയന്തി യേ
ന കേവലം തേ സുഹൃദോ
ഗുരവോ ഗുരവോ ഹി തേ.”

എന്നു കാമന്ദകനീതിശാസ്ത്രത്തിലും കാണുന്നു.

രാമലക്ഷ്മണന്മാരെ വിശ്വാമിത്രന്റെകൂടെ അയയ്ക്കാൻ ദശരഥൻ അനുവദിച്ചസമയം

“സഹസാ സഹ സോദരേണ തസ്മൈ
മഹസാം ശേവധയേ ननാമ രാമഃ.”

എന്നു പറഞ്ഞിട്ടുള്ളതു

“അഭിവാദനശീലസ്യ
നിത്യം വൃദ്ധോപസേവിനഃ
ചത്വാരി തസ്യ വർദ്ധന്തേ
ഹ്യായുഃ പ്രജ്ഞാ യശോ ബലം.”

എന്ന മനുസ്മൃതിയേയും

“വർദ്ധയന്തിഹ ധർമ്മാർത്ഥൌ
സേവിതൌ സദ്ഭിരാദരാത്
നിഗൃഹീതേന്ദ്രിയഗ്രാമഃ
കുർവീത ഗുരുസേവനം.”

എന്ന കാമന്ദകവാക്യത്തേയും മനസ്സിൽവച്ചുകൊണ്ടാകുന്നു.

“മുന്നം ഞാൻചെയ്ത പുണ്യോല്ക്കരഫലപരിണാ-
മേന കാണായിതിപ്പോൾ
നിന്നംഗം ചെററിദാനീം തദനു ദുരിതവും
മീലിതം കാങ്കെകൊണ്ടേ
മന്യേ മേലിന്നിമേവുന്നതുമൊരു കുശലം
നൂന;മിജ്ജന്മഭാജാം
ധന്യം ത്രൈലോക്യസൌഖ്യം ഭവനമതി മഹതാ-
മാഗമം മൌനബന്ധോ!”

എന്ന പദ്യം മാഘത്തിലെ,

"ഫലത്ര്യംഫലം സംപ്രതി ഹേതുരേഷ്യതഃ
ശുഭസ്യ, പൂർവാചരിതൈഃ കൃതം ശുഭൈഃ
ശരീരഭാജാം ഭവദീയദർശനം
വ്യനക്തി കാലത്രിതയേ/പി യോഗ്യതാം."

എന്ന ശ്ലോകത്തിൻെറ ഒരു സരസമായ ഭാഷാന്തരം മാത്രമാകുന്നു.

യാഗരക്ഷാൎത്ഥം വിശ്വാമിത്രൻ രാമനെ അയച്ചാൽ കൊള്ളാമെന്നു ദശരഥനോട്ട് അപേക്ഷിച്ചപ്പോൾ ദശരഥൻ,

"ഊനഷോഡശവഷോ മേ
രാമോ രാജീവലോചനഃ
ന യുദ്ധയോഗ്യതാമസ്യ
പശ്യാമി സഹ രാക്ഷസൈഃ."

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ബാല്യംനിമിത്തം ഒരു മനുഷ്യനോടുതന്നെ യുദ്ധം ചെയ്വാൻ സാമൎത്ഥ്യമില്ലാത്ത രാമന് ഒരു രാക്ഷസനുമായിട്ടു യുദ്ധംചെയ്യുന്നകാൎയ്യമസാദ്ധ്യമെന്നും വിശേഷിച്ചു രാക്ഷസന്മാരോടുള്ള യുദ്ധം ചിന്തിക്കപോലും ചെയ്യുന്നതിനു ശക്തിയില്ലെന്നും സിദ്ധിക്കുന്നു. രാജീവലോചനനെന്നു പറഞ്ഞിട്ടുള്ളതിൽനിന്നു താമരപ്പൂക്കൾ സായംകാലം കൂമ്പുന്നതു സഹജമായിട്ടുള്ളതുപോലെ ബാലനായ രാമൻ ആദിത്യൻ അസ്തമിച്ചാൽ ഉറങ്ങുന്നതു പതിവായിട്ടുള്ളതുകൊണ്ടു രാത്രിഞ്ചരന്മാരോടുകൂടി യുദ്ധംചെയ്വാൻ അസാദ്ധ്യമായിട്ടുള്ളതാണെന്നും ധ്വനിപ്പിച്ചിരിക്കുന്നു. ഈവക അഭിപ്രായങ്ങളെ പുനംനമ്പൂരി മനസ്സിൽ കരുതി ഭാഷാചമ്പൂരാമായണത്തിൽ ആ ഭാഗങ്ങളെ വിശദമായും ശക്തിയോടുകൂടിയും വൎണ്ണിച്ചിരിക്കുന്നു.

താടകാവധം ചെയ്യുവാൻ ഭഗവാൻ വിശ്വാമിത്രൻ ശാസിക്കുന്ന സമയം തൻെറ പ്രവൃത്തി ധൎമ്മ്യമായിട്ടുള്ളതാണൊ എന്നു സംശയിക്കുന്നതുതന്നെ രാമൻെറ ധൎമ്മബുദ്ധിയെ സവിശേഷമായി പ്രകാശിപ്പിക്കുന്നു. തൻെറ കുലത്തിന്നും ഗുരുവായ വസിഷ്ഠനും അപമാനത്തെ ഉണ്ടാക്കുന്നതായ യാതൊരു പ്രവൃത്തിയും ചെയ്യുവാൻ രാമൻ ഒരിക്കലും സന്നദ്ധനാവുന്നില്ല.

"ത്രൈലോക്യശ്ലാഘ്യതേജോനിധികുശികസുതൻ
മേല്ക്കുമേലങ്ങപേക്ഷി-
ച്ചാലോലാത്മാ പറഞ്ഞോരളവുമശിഥില-
സ്ത്രീവധോദ്യോഗഭ്രമാ
മേലേമേലേ മദംപൂണ്ടുലകുകളെ നട-
ങ്ങിക്കുമത്താടകാമ-
ങ്ങാലോക്യാലോക്യ കോപം വളരുമളവുമാ-
ശങ്ക രാമൻ കലർന്നു."

എന്നു പറഞ്ഞിരിക്കുന്നതു രാമന്റെനേൎക്കു നമുക്കുണ്ടാകുന്ന സ്നേഹാദരങ്ങളെ വൎദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു.

സ്ത്രീവധം ശാസ്ത്രനിഷിദ്ധമാകുന്നു. മായാസീതാവധോദ്യുക്തനായ ഇന്ദ്രജിത്തിനോടു

"യേ ച സ്ത്രീഘാതിനാം ലോകാ
വീരലോകേഷു കുത്സിതാഃ
ഇഹ ജീവിതമുത്സൃജ്യ
പ്രേത്യ താൻ പ്രതിപത്സ്യസേ."

എന്നു വിധത്തിൽ ഹനുമാൻ പറഞ്ഞിരിക്കുന്നു.

"പ്രതിപ്രദാനം ശരണാഗതസ്യ
സ്ത്രിയോ വധോ ബ്രാഹ്മണസ്വാപഹാരഃ
മിത്രദ്രോഹസ്താനി ചത്വാരി ശക്ര!
ഭക്തത്യാഗശ്ചൈവ സമം മതോ മേ."

എന്നു മഹാഭാരതത്തിൽ മഹാപ്രസ്ഥാനത്തിലും പറഞ്ഞുകാണുന്നു.

വധാൎത്ഥമുദ്യുക്തനായ പൃഥുവിനോടു,

"സ്ത്രീവധേ ത്വം മഹാപാപം
കിം നരേന്ദ്ര! ന പശ്യസി
യേന മാം ഹന്തുമത്യൎത്ഥം
പ്രകരോഷി നൃപോദ്യമം."

എന്നു പൃത്ഥ്വി പറഞ്ഞസമയം പൃഥു

"ഏകസ്മിന്യത്ര നിധനം
പ്രാപിതേ ദുഷ്ടചാരിണി!

ബഹൂനാം ഭവതി ക്ഷേമ-
സ്തസ്യ പുണ്യപ്രദോ വധഃ."

എന്നുപറഞ്ഞിട്ടുള്ള സമാധാനത്തെ പൎയ്യവേക്ഷണംചെയ്യുമ്പോൾ താടകാവധം ദോഷമല്ലെന്നും പ്രത്യുത പുണ്യമെന്നും സാധിക്കാവുന്നതാണ്.

"ധൎമ്മാഗമാൻ ധൎമ്മപരാൻ
യേ ന രക്ഷന്തി മാനവാൻ
പാൎത്ഥിവാഃ പുരുഷവ്യാഘ്ര!
തേഷാം പാപം ഹരന്തി തേ."

എന്നാദിയായി അനേകം ഭാരതവാക്യങ്ങളെ ഉദ്ധരിച്ചു ചേൎത്തു വിശ്വാമിത്രയാഗരക്ഷചെയ്യുവാൻ ശ്രീരാമൻെറ സുബാഹുപ്രമുഖ വധത്തേ നീതീകരിക്കാവുന്നതാണ്.

അനാഹൂതഗമനനിഷേധത്തിന്ന് ആൎത്വിജ്യേച്ഛുവിഷയത്തിങ്കൽ മാത്രം പ്രവൃത്തിയുള്ളതുകൊണ്ടു യാഗദൎശനാൎത്ഥമുള്ള രാമൻെറ ഗമനം ധൎമ്മവിരുദ്ധമായിട്ടുള്ളതല്ല.

"നയജ്ഞമവൃതോ ഗച്ഛേദ്ദൎശനായ തു കാമം."

എന്നു ഗൌതമവാക്യവും

"അനാഹൂതോഽദ്ധ്വരം ഗച്ഛേൽ."

എന്നു സ്മൃതിയും ഉണ്ടു്.

രാക്ഷസവധംചെയ്തു മഖസംരക്ഷണംചെയ്തശേഷം രാമൻ വിനയാനമിതനായിട്ടു ഗുരുവിൻെറ സമീപത്തിൽ നില്ക്കുന്ന വിധത്തെ

"നാശം നൈശാചരംചേൎത്തഖിലമപി മഖ-
ത്രാണമാധായ വായ്ക്കും
തേജോരാശൌ പുരസ്താന്നമതി കുലഗുരോ-
രന്തികേ രാമചന്ദ്രേ
ആശാകാശാവകാശോത്ഥിത'ജയ ജയ' ശ-
ബ്ദങ്ങളും മൌനഭാജാ-
മാശീൎവ്വാദങ്ങളും തങ്ങളിലൊരുമകലൎ-
ന്നു നഭോമദ്ധ്യരംഗേ."

എന്നു സരസമായി വൎണ്ണിച്ചിരിക്കുന്നതു ധീരോദാത്തനായ രാമൻെറ സ്വഭാവത്തിനു അനുഗുണമായിട്ടിരിക്കുന്നു.

ആകാശഗംഗയുടെ ആർഭാടത്തോടുകൂടിയുള്ള ആഗമനത്തെ കവി ഉചിതമായ വൃത്തത്തിൽ രണ്ടു പദ്യങ്ങളെക്കൊണ്ടു ഭംഗിയായി വിവരിച്ചിരിക്കുന്നു.

„തുംഗഭംഗുരതരംഗസംഘകബളീകൃ-
താംബരദിഗങ്കണാ-
സംഗശീതകരശംഖസങ്കുലിതതാര-
മൌക്തികസമാകുലാ
മംക്ഷു ഫേനവിഹിതാത്മകുഞ്ജരഗവേഷ-
ണാകുലപുരന്ദരാ
ഭംഗകൃഷ്ടഹയവിഹ്വലാരുണദിശാ വി-
മൂഢദിവസേശ്വരാ.

ദൃശ്യമാനവിടപാഗ്രസമ്യഗനമേയ-
നന്ദനമഹീരുഹാ-
കഷ്ണാ ജലദജാലശൈവലിതകേവ-
ലോദകനഭോന്തരാ
ഉദ്ധതധ്വനിപ്രപാതശങ്കരജടോദ-
രേ സുരനദീ ഘനാ-
വൎത്തഗൎത്തവലമാനഭാസുരവിമാന-
പോതവിഹിതാദ്ഭുതാ.

ഇതിലെ ആശയങ്ങളുടെ ബീജം മററു ഗ്രന്ഥങ്ങളിൽനിന്നു സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനെ പോഷിപ്പിച്ചു ഹൃദ്യമാക്കിത്തീൎക്കുവാൻ വാസനാബലംകൊണ്ടു മാത്രമേ സാദ്ധ്യമായിത്തീരുന്നുള്ളു.

„അലബ്ധനിൎഗ്ഗമാ ശംഭോഃ
കപൎദ്ദാദമരാപഗാ
ദധൌ ദൂൎവാശിഖാലഗ്ന-
തുഷാരകണികോപമാം."

എന്ന ഭോജചമ്പുവിലെ ആശയത്തെ നമ്മുടെ കവി

„വിസ്തീൎണ്ണ ഹരജടാജൂടകുഹരേ
നിദ്ധായ ദൂൎവാശിഖാ-
ലഗ്നസ്വല്പതുഷാരവിഭ്രമധരാം
ഗംഗാമദഭ്രോദ്ഭടാം.

എന്നവിധത്തിൽ ഭാഷയിൽ വിവൎത്തനം ചെയ്തിരിക്കുന്നു.

ധൈൎയ്യം, ക്ഷമ, ഉത്സാഹം എന്നീ മൂന്നു ഗുണങ്ങളെയും ഉണ്ടാക്കുന്നതായ ഭഗീരഥകഥയെ വിശ്വാമിത്രൻ ഉപദേശിച്ച ശേഷം ഭവിതവ്യതാവിധുരിതനായ ഇന്ദ്രനും, വിപുലബലമെഴും ഭാവിതാശക്തികൊണ്ടു ലോലാത്മാവായ അഹല്യക്കും സംഭവിച്ച ശാപകാരണത്തെപ്പറയുന്നു.

അനാൎയ്യവൃത്തനായ വൃത്രഹന്താവിനെ ഗൌതമൻ,

"മമ രൂപം സമാസ്ഥായ
കൃതവാനസി ദുൎമ്മതേ!
അകൎത്തവ്യമിദം യസ്മാ-
ദ്വിഫലസ്ത്വം ഭവിഷ്യസി."

എന്നു ശപിച്ച ശേഷം അഹല്യയെ

"ഇഹ വൎഷസഹസ്രാണി
ബഹൂനി ത്വം നിവത്സ്യസി
വായുഭക്ഷാ നിരാഹാരാ
തപ്യന്തീ ഭസ്മശായിനീ.
അദൃശ്യാ സൎവ്വഭൂതാനാ-
മാശ്രമേ ത്വം ഭവിഷ്യസി."

എന്നും ശപിച്ചു എന്നു വാല്മീകിരാമായണത്തിൽ പറഞ്ഞു കാണുന്നു.

പരദാരാഭിമൎശനംചെയ്യുന്ന മഹാപാപിക്കു പ്രാണാത്യയമൊ മഹാക്ലേശമൊ ഭവിക്കുന്നതു യുക്തമെന്നുതന്നെ ഇതിൽ നിന്നു സിദ്ധിക്കുന്നു.

"നഹീദൃശമനായുഷ്യം
ലോകേ കിഞ്ചന വിദ്യതേ
യാദൃശം പുരുഷസ്യേഹ
പരദാരാഭിമൎശനം."

എന്നു യുദ്ധകാണ്ഡത്തിൽ സീത പറഞ്ഞതായിട്ടും കാണുന്നു.

ഗൌതമമഹൎഷിയുടെ കോപംനിമിത്തമഫലനായ ഇന്ദ്രനെ പിതൃപ്രാൎത്ഥനാലബ്ധമായ മേഷവൃഷണംകൊണ്ടു ദേവന്മാർ സഫ

ലനാക്കി ചെയ്തു. ഇത്രയും കഥപറഞ്ഞശേഷം വിശ്വാമിത്രൻ ആശ്രമത്തെ ചൂണ്ടിക്കാണിച്ചു രാമനോടു

"താരയൈനാം മഹാഭാഗാ-
മഹല്യാം ദേവരൂപിണീം."

എന്നു പറഞ്ഞപ്പോൾ രാമൻ സ്വപാദവിന്യാസമാത്രംകൊണ്ടു തന്നെ അഹല്യക്കു മോക്ഷം കൊടുത്തു.

തദനന്തരം രാമൻ ലക്ഷ്മണനോടും വിശ്വാമിത്രനോടുംകൂടി മിഥിലാരാജധാനിയിൽ പ്രവേശിക്കുന്നു.

സിംഹാസനാരൂഢനായ ജനകമഹാരാജാവിനെക്കവി സരസമായി വർണ്ണിച്ചിരിക്കുന്ന ശ്ലോകംകൊണ്ടു നമുക്ക് അദ്ദേഹത്തിനെ പ്രത്യക്ഷമാക്കിത്തന്നിരിക്കുന്നു.

"കണ്ടാരഗ്രേ നരേന്ദ്രം ജനകമമലഭ-
ദ്രാസനേ ഭാസമാനം
തണ്ടാർമാതിൻ കടാക്ഷാഞ്ചലകുവലയമാ-
ലാവിലോലാഖിലാംഗം
കണ്ടോളം കാമ്യരൂപം പുകൾപെരിയ പര-
ബ്രഹ്മസാക്ഷാൽ ക്രിയായാ
ഭണ്ഡാരം പാർശ്വഭാഗേ മരുവുമൊരു ശതാ-
നന്ദനാൽ നന്ദ്യമാനം."

എന്ന പദ്യംകൊണ്ടു പുനംനമ്പൂരി ജനകമഹാരാജാവിന്റെ ഒരു ഛായാപടം വരച്ചിരിക്കുന്നു. ഇതു

"ജ്യാഘാതഃ കാർമ്മുകസ്യ ശ്രയതി കരതലം
കണ്ഠമോങ്കാരനാദ-
സ്തേജോ ഭാതി പ്രതാപാഭിധമവനിതലേ
ജ്യോതിരാത്മീയമന്തഃ
രാജ്യം സിംഹാസനശ്രീഃ ശമമപി പരമം
വക്തി പത്മാസനശ്രീ-
ര്യേഷാം തേ യൂയമേതേ നിമികുലകുമുദാ-
നന്ദചന്ദ്രാ നരേന്ദ്രാഃ."

എന്ന ജയദേവന്റെ ശ്ലോകത്തെ സ്മരിപ്പിക്കുന്നു.

ജനകമഹാരാജാവു വിശ്വാമിത്രനുമററുമായി കൂടിയാലോചന നടത്തിയ ശേഷം സീതാസ്വയംവരത്തിന്നു വേണ്ട കോപ്പുകൾകൂട്ടി രാജാക്കന്മാരെ ക്ഷണിക്കുവാൻ 'മടക്കോല' അയക്കുന്നു.

വിശ്വാമിത്രമഹർഷി രാമൻെറ വിവാഹത്തേക്കുറിച്ച് ആലോചനചെയ്യുന്നതു ദശരഥമഹാരാജാവിൻെറ അഭിപ്രായമറിഞ്ഞു വേണ്ടതല്ലേ എന്നു വിചാരിക്കുന്നതായാൽ, വിശ്വാമിത്രൻ യാഗരക്ഷാർത്ഥം രാമലക്ഷ്മണന്മാരെക്കൂട്ടിക്കൊണ്ടുപോരുവാൻ ദശരഥസമീപത്തിൽ ചെന്നസമയം,

"അഥ രാജാ ദശരഥ-
സ്തേഷാം ദാരക്രിയാം പ്രതി
ചിന്തയാമാസ ധർമ്മാത്മാ
സോപാദ്ധ്യായഃ സബാന്ധവഃ."

എന്നു പറഞ്ഞിരിക്കുന്നവിധം രാജധാനിയിൽ ആലോചന നടന്നിട്ടുണ്ട്. രാമൻ ദാരക്രിയായോഗ്യദശയെ പ്രാപിച്ചോ എന്നാണെങ്കിൽ

"വേദാനധീത്യ വേദൌ വാ
വേദം വാപി യഥാക്രമം
അവിപ്ലുതബ്രഹ്മചര്യോ
ലക്ഷണ്യാം സ്ത്രിയമുദ്വഹേത്."

എന്നു യാജ്ഞവല്ക്യസ്മൃതിയനുസരിച്ചു വിഹിതകാലം പ്രാപ്തമായി എന്നു തന്നെ സിദ്ധിക്കുന്നു. ശൈവധനുസ്സിനെ ആരോപണം ചെയ്യുന്നവന്നു സീതയെ വിവാഹംചെയ്തുകൊടുക്കാമെന്നുള്ള ജനകമഹാരാജാവിൻെറ വീര്യശുല്ക്കത്തെ കേട്ടപ്പോൾ വിശ്വാമിത്രൻ,

"സദൃശോ ധർമ്മസംബന്ധഃ
സദൃശോ രൂപസംപദാ."

എന്നു മനസ്സുകൊണ്ടു വിചാരിച്ചു നിശ്ചയിക്കുന്നു. എന്തുകൊണ്ടെന്നാൽ സദൃശവയോരൂപസമ്പന്നന്മാരായിരിക്കുന്ന വധൂവരന്മാരുടെ വിവാഹം കുലലക്ഷണാദിപരീക്ഷാപൂർവ്വകം ചെയ്യേണ്ടതാണല്ലോ. "കുലമഗ്രേ പരീക്ഷേത മാതൃതഃ പിതൃതശ്ച" എന്ന് ആശ്വലായനാചാര്യൻ പറഞ്ഞിരിക്കുന്നു.

‟മഹാന്ത്യപി സമൃദ്ധാനി
ഗോജാവിധനധാന്യതഃ
സ്ത്രീസംബന്ധേ ദശൈതാനി
കുലാനി പരിവൎജ്ജയേൽ.

ഹീനക്രിയം നിഷ്പുരുഷം
നിശ്ഛന്ദോ രോമശാൎശസം
ക്ഷയ്യാമയാവ്യപസ്മാരി
ശ്വിത്രികുഷ്ഠകുലാനി ച.”

എന്നു മനുസ്മൃതിയിലും,

‟ചതുൎദ്ദശകുലാനീമാ-
ന്യവിവാഹ്യാനി നിൎദ്ദിശേത്
അനാമധേയം ബ്രാഹ്മണാനാ-
മൃത്വിജാം ചൈവ വൎജ്ജയേൽ.

അത്യുച്ചമപ്യതിഹ്രസ്വ-
മതിവൎണ്ണം ച വൎജ്ജയേൽ
ഹീനാംഗമതിരിക്താംഗ-
മാമയാവികുലാനി ച
ശ്വിത്രികുഷ്ഠികുലാദീനാം
കന്യാദപിപരിവൎജ്ജനം

സദാ കാമകുലം വൎജ്ജ്യം
രോമശാനാം ച യത് കുലം
അപസ്മാരികുലം യച്ച
യച്ച പാണ്ഡുകുലം ഭവേത്.

യേ സ്തേനാഃ പിശുനാഃ ക്ലീബാ
യേ ച നാസ്തികവൃത്തയഃ
വികൎമ്മണാ ച ജീവന്തോ
വികൃതാകൃതയസ്തഥാ.

പ്രവൃദ്ധവൈരാഃ ശൂരൈശ്ച
രാജകില്ബിഷിണസ്തഥാ
ബ്രഹ്മസ്വാദാനനിത്യാശ്ച
കദൎയ്യാശ്ച വിഗൎഹിതാഃ.

ന പ്രജാ യേഷു വംശേഷു
　　സ്ത്രീപ്രജാപ്രസവസ്തഥാ
പതിഘ്നയഃ സ്വവാസിന്യ-
　　സ്താശ്ച യത്നേന വർജ്ജയേൽ.''

എന്നു യമനും, പറഞ്ഞിരിക്കുന്നു.

മഹാഭാരതത്തിൽ

„യൻമൂലം സർവ്വകർമ്മാണാം
　　പ്രജനസ്യ ഗൃഹസ്യ ച
പിതൃദേവാതിഥീനാം ച
　　തന്മേ ബ്രൂഹി പിതാമഹ!''

എന്നു ധർമ്മപുത്രർ ചോദിച്ചതിന്റെ മറുപടിയായി ഭീഷ്മർ,

„ശീലം വൃത്തിം ച വിജ്ഞായ
　　വിദ്യാം യോനിം ച കർമ്മ ച
സദ്ഭിരേവം പ്രദാതവ്യാ
　　കന്യാ ഗുണവതേ വരേ.''

എന്നു പറഞ്ഞിരിക്കുന്നു.

„ഉത്തമൈരുത്തമൈർന്നിത്യം
　　സംബന്ധാനാചരേൽ സഹ
നിനീഷുഃ കുലമുത്കർഷ-
　　മധമാനധമാംസ്ത്യജേത്.

വിശുദ്ധാഃ കർമ്മഭിശ്ചൈവ
　　ശ്രുതിസ്മൃതിനിദർശിതൈഃ
അവിപ്ലുതബ്രഹ്മചര്യാ
　　മഹാകുലസമന്വിതാഃ.

മഹാകുലേന സംബദ്ധാ
　　മഹതോ ച വ്യവസ്ഥിതാഃ
സന്തുഷ്ടാഃ സജ്ജനഹിതാഃ
　　സാധവഃ സമദർശിനഃ.

ലോഭരാഗദ്വേഷമഷ്-
ണാമോഹാദിവിവജ്ജിതാഃ
അക്രോധനാഃ സുപ്രസാദാഃ
കാൎയ്യാഃ സംബന്ധിനഃ സദാ.

എന്നു യാജ്ഞവല്ക്യനും പറഞ്ഞിരിക്കുന്നു.

വരലക്ഷണത്തെപ്പററി ഗൌതമൻ

„വിദ്യാചാരിത്രബന്ധുലക്ഷണശീലലക്ഷണസംപന്നായ ദദ്യാത്."

എന്നു പറഞ്ഞിട്ടുണ്ടു്.

„ബന്ധുശീലലക്ഷണസമ്പന്നഃ ശ്രുതവാനരോഗ ഇതി വര സമ്പത്."

എന്നു് ആപസ്തംബന്റെ അഭിപ്രായം. 'ബുദ്ധിമതേ കന്യാം പ്രയച്ഛേത്' എന്നു് ആശ്വലായനൻ ഘോഷിച്ചിരിക്കുന്നു. യമനാകട്ടെ,

"കുലം ച ശീലം ച വപുർവയശ്ച
വിദ്യാം ച വിത്തം ച സനാഥതാം ച
ഏതാൻ ഗുണാൻ സപ്ത പരീക്ഷ്യ ദേയാ
കന്യാ ബുധൈഃ ശേഷമചിന്തനീയം."

എന്നപ്രകാരമാണു് അഭിപ്രായപ്പെട്ടിരിക്കുന്നതു്.

കന്യാലക്ഷണങ്ങളെക്കുറിച്ചു

„ബുദ്ധിരൂപശീലലക്ഷണസമ്പന്നാമരോഗാമുപയച്ഛേത."

എന്നു് ആശ്വലായനൻ പറഞ്ഞിട്ടുണ്ടു്.

"അരോഗിണീം ഭ്രാതൃമതീ-
മസമാനാൎഷഗോത്രജാം
ഉദ്വഹേത ദ്വിജഃ കന്യാ-
മസപിണ്ഡാം യവീയസീം."

എന്നാണു് യാജ്ഞവല്ക്യൻ നിർദ്ദേശിച്ചിട്ടുള്ളതു്.

„അസപിണ്ഡാ ച യാ മാതു-
രസഗോത്രാ ച യാ പിതുഃ
സാ പ്രശസ്താ ദ്വിജാദീനാം
ദാരകൎമ്മണി മൈഥുനേ.

നോദ്വഹേത് കപിലാം കന്യാം
നാധികാംഗീം ന രോഗിണീം
നാലോമികാം നാതിലോമാം
ന വാചാടാം ന പിംഗലാം.

നർക്ഷവൃക്ഷനദീനാമ്നീം
നാന്ത്യപർവ്വതനാമികാം
ന പക്ഷ്യഹിപ്രേഷ്യനാമ്നീം
ന വിഭീഷണനാമികാം.

അവ്യംഗാംഗീം സൌമ്യനാമ്നീം
ഹംസവാരണഗാമിനീം
തനുരോമകേശദശനാം
മൃദ്വംഗീമുദ്വഹേത് സ്ത്രീയം.

യസ്യാസ്തു ന ഭവേദ് ഭ്രാതാ
ന വിജ്ഞായേത വാ പിതാ
നോപയച്ഛേത താം പ്രാജ്ഞഃ
പുത്രികാധർമ്മശങ്കയാ.''

എന്നു മാനവധർമ്മശാസ്ത്രമുദ്ഘോഷിക്കുന്നു.

''ദത്താം ഗുപ്താം ദ്യോതാമൃഷഭാം ശരഭാം വിനതാം വികടാം മുണ്ഡാം മണ്ഡൂഷികാം സാംകാരികാം രാതാം പാലീം മിത്രാം സ്വനുജാം വർഷകാരീം ച വർജ്ജയേത്. നക്ഷത്രനാമാ നദീനാമാ വൃക്ഷനാമാ ച ഗർഹിതാഃ സർവാശ്ച രേഫലകാരോപാന്താ വരണേ പരിവർജ്ജയേത്'' എന്ന് ആപസ്തംബനും പറഞ്ഞുകാണുന്നു.

''ഗൃഹസ്ഥഃ സദൃശീം ഭാര്യാം വിന്ദേത അനന്യപൂർവ്വാം യവീയസീം.''

എന്നു ഗൌതമനും പറഞ്ഞിട്ടുണ്ട്.

''ന ശ്മശ്രുവ്യഞ്ജനവതീം
നചൈവ പുരുഷാകൃതിം
ന ഘർഘരസ്വരാം ക്ഷാമാം
തഥാ കാകസ്വരാം ന ച.

നാതിവൃത്തേക്ഷണാം തഥാ-
ദ്വൃത്താക്ഷീം നോദ്വഹേദ് ബുധഃ
യസ്യാശ്ച രോമശേ ജംഘേ
ഗുൽഫൌ യസ്യാസ്തഥോന്നതൌ.

ഗണ്ഡയോഃ കൂപ്പരേ യസ്യാ
ഹസന്ത്യാസ്താം ച നോദ്വഹേത
നാതിരൂക്ഷച്ഛവിം പാണ്ഡും
കരജാമരുണേക്ഷണാം.

ആപീനഹസ്തപാദാം ച
ന കന്യാമുദ്വഹേദ് ബുധഃ
ന വാമനാം നാതിദീൎഘാം
നോദ്വഹേത് സംഹതഭ്രുവം.

നചാതിച്ഛിദ്രദശനാം
ന കരാളമുഖീം നരഃ."

എന്ന വിഷ്ണുവാക്യം ഇവിടെ സ്മൎത്തവ്യമാകുന്നു.

"യയോരാത്മസമം വിത്തം
ജന്മൈശ്വൎയ്യാകൃതിൎഭവഃ
തയോൎവ്വിവാഹോ മൈത്രീ ച
നോത്തമാധമയോഃ കചിൽ."

എന്നു ഭാഗവതത്തിൽ ശ്രീകൃഷ്ണൻ രുഗ്മിണിയോടു പറഞ്ഞിരിക്കുന്നു.

"വിവാഹശ്ച തഥാ മൈത്രീ
സമയോരേവ ശോഭതേ."

എന്നു പ്രമാണം.

ഇപ്രകാരമുള്ള ശ്രുതിസ്മൃതിപുരാണാദിവാക്യങ്ങളെല്ലാം കരതലാമലകംപോലെ കണ്ടുകൊണ്ടിരിക്കുന്ന വിശ്വാമിത്രമഹൎഷിയുടെ അഭിപ്രായങ്ങൾ സ്മൃതിതുല്യങ്ങളായതുകൊണ്ടു സൎവ്വവും ശോഭനമാകുന്നു.

സ്വയംവരാഘോഷം എത്രതന്നെ വർണ്ണിച്ചിട്ടും കവിക്കു തൃപ്തിവന്നതായി തോന്നുന്നില്ല. രാജാക്കന്മാരുടേയും ബ്രാഹ്മണരുടേയും വരവും തിക്കും തിരക്കുമെല്ലാം കവിക്കുതന്നെ അനുഭൂതിയുണ്ടായിട്ടുള്ള ഏതോ ചില സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണു് വർണ്ണിച്ചിരിക്കുന്നതു്.

സീതയുടെ സൌന്ദര്യാതിശയത്തേ ഉപമാനങ്ങളെക്കൊണ്ടു മാത്രം സരസമായി വർണ്ണിച്ചിരിക്കുന്നു. സംസ്കൃതകവികളെ അനുകരിച്ചു ഭാഷയിൽ എഴുതീട്ടുള്ള ഈ പദ്യം പലേ അർവാചീന കവിതകൾക്കും നിദാനമായിത്തീർന്നിട്ടുണ്ടു്.

"പൊന്നിൻ ചെന്താമരയ്ക്കുണ്ടുപരി കനകതൂ-
ണീയുഗം ബാലരംഭാ-
ദണ്ഡം തേർത്തട്ടുതുണ്ടതിനുമുകളിലാ-
കാശമെന്നേ! വിനോദം
ചിന്തുന്നു രണ്ടു പൂവല്ലികൾ മലകളഹോ
ശംഖവും ചന്ദ്രബിംബേ
ബന്ധൂകാദർശമല്ലീകുവലയലളിതേ
ഭാതി മേലേ പയോദഃ."

ഇവിടെ പാദാദികേശമായിട്ടാണു് വർണ്ണനാക്രമം. ഇതൊന്നുകൊണ്ടും തൃപ്തിവരാതെ കവി ദണ്ഡകത്തിലും സരസമായി സീതയുടെ സൌന്ദര്യത്തേ വർണ്ണിക്കുന്നു. പിന്നീടു രാജാക്കന്മാർ സൌന്ദര്യലഹരികൊണ്ടു കൃത്യബോധശൂന്യന്മാരായി ചെയ്യുന്ന ഗോഷ്ടികളെ വിസ്തരിച്ചുവർണ്ണിക്കുന്നു. അനന്തരം,

"തസ്മിൻ ക്ഷണേ സസ്മിതവക്ത്രപദ്മാ
ഭദ്രാസനസ്ഥാനഖിലാൻ നരേന്ദ്രാൻ
നിവേദയാമാസ നൃപാത്മജായൈ
നിരീക്ഷ്യ ധാത്രീ വചസാ പ്രവീണാ."

എന്നു നൈഷധത്തേ അനുകരിച്ചു രാജാക്കന്മാരുടെ ഗുണഗണങ്ങളെ സീതയെ വർണ്ണിച്ചുകേൾപ്പിക്കുന്നു. രാജാക്കന്മാരെല്ലാവരും ശൈവചാപം പൊക്കുന്നതിന്നുകൂടി സാധിക്കാതെ ലജ്ജാവിനമ്രമുഖങ്ങളോടുകൂടി പിന്തിരിഞ്ഞപ്പോൾ രാമചന്ദ്രൻ രംഗപ്രവേശംചെയ്തു. അപ്പോൾ,

"ആത്ത്ത നാനാജനൌഘം കനിവിനൊടിവനാ
 രെന്നമോത്ത്ത വിശംകാം
തീത്ത്ത രാജന്യചൂഡാമണി മനസികുള്ള-
 ത്ത്ത വിദേഹാത്മജായാഃ
വാഴ്ത്തീ വീണാപ്രവീണോ മുനി ഗഗനതലേ
 വന്ദിവഗ്ഗം പുകഴ്ത്തീ
താത്തേൎത്ഥകുന്നവാചാ ദശരഥതനയേ
 കാർമ്മുകാദാനലോലേ."

പിന്നീട്ട രാമൻ മൂഢാനിയേയും അനന്തരം മൂഢനേയും നമസ്കരിക്കുന്നു. ചാപഭംഗംകൊണ്ടു കുപിതനായ മൂഢന്റെ കോപത്തേ മൂഢാനിയെക്കൊണ്ടു പരിഹരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ആദ്യമായി മൂഢാനിയെ നമസ്കരിക്കുന്നത്. "നഹി വസ്തുഹാനിമനുശോചതി കാമീ" എന്നു കവിതന്നെ പിന്നീടു സമത്ഥിക്കുന്നുമുണ്ട്. ഈ ഭാഗം ചാക്യാന്മാർ പല ഉപകഥകളോടുകൂടി വിസ്തരിച്ചു പറയാറുള്ളതാണ്.

ചാപഭംഗാനന്തരം

"മന്ദീഭൂതേ ജനൌഘേ പരിമളബഹുളം
 കയ്യിലാദായ മാലാം
മന്ദാരാഭോഗമന്ദസ്മിതമധുരമുഖീ
 മംഗലസ്ത്രീസമേതാ
മന്ദം മന്ദം നയന്തീ ഘനജഘനഭരം
 പ്രാഭൃതപ്രായമഗ്രേ
മന്ദാക്ഷാലംകൃതാക്ഷീ മനസിജകലികാ
 മൈഥിലീ സാ നടന്നാൾ."

എന്നു മൈഥിലിയുടെ വരണമാലയുംകൊണ്ടുള്ള രംഗപ്രവേശം സരസമധുരമാകുംവണ്ണം തന്നെ കവി വർണ്ണിച്ചിരിക്കുന്നു. ഭാഷാനൈഷധചമ്പുവിൽ ദമയന്തിയുടെ രംഗപ്രവേശത്തെ മഴമംഗലംനമ്പൂരി

"കലയന്തീ കരേ മാലാം
 തുലയന്തീ രതിം രുചാ
ദമയന്തീ ഗതാ രംഗം
 നമയന്തീ മുഖാംബുജം."

എന്നു വർണ്ണിച്ചിരിക്കുന്ന പദ്യത്തേ ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നു.

ജനകമഹാരാജാവിന്റെ നിദേശപ്രകാരം ഉചിതജ്ഞന്മാരായ അമാത്യോപാദ്ധ്യായന്മാർ പോയി സംബന്ധികളായ ദശരഥമഹാരാജാവു തുടങ്ങിയുള്ളവരെ കൂട്ടിക്കൊണ്ടുവന്നു. അവരെയെല്ലാവരേയും യഥാക്രമം സല്ക്കാരപൂർവ്വം ജനകമഹാരാജാവു തന്നെ എതിരേററു പൂജിച്ചു. എന്നിട്ടു ജനകൻ

"ഏകാഹ്നാ രാജപുത്രീണാം
 ചതസ്സൃണാം മഹാമുനേ!
പാണീൻ ഗൃഹ്ണന്തു ചത്വാരോ
 രാജപുത്രാ മഹാബലാഃ.

ഉത്തരേ ദിവസേ ബ്രഹ്മൻ!
 ഫല്ഗുനീഭ്യാം മനീഷിണഃ
വൈവാഹികം പ്രശംസന്തി
 ഭഗോ യത്ര പ്രജാപതിഃ."

എന്നവിധം വിശ്വാമിത്രമഹർഷിയെ അറിവിക്കുന്നു. അതുപ്രകാരം വിവാഹത്തിനു വേണ്ട സകല ഏർപ്പാടുകളും ചെയ്തു പൂർത്തിയാക്കിയ സമയം ദശരഥമഹാരാജാവ്,

"ദാതാരം ത്വാമഭികാംക്ഷതേ."

എന്നു ജനകമഹാരാജാവിനോടു പറഞ്ഞു. അപ്പോൾ ജനകൻ

"കാരയസ്വ ഋഷേ! സർവ്വ-
 മൃഷിഭിഃ സഹ ധാർമ്മിക!
രാമസ്യ ലോകരാമസ്യ
 ക്രിയാം വൈവാഹികീം വിഭോ!"

എന്നു വസിഷ്ഠമഹർഷിയോടു നിർദ്ദേശിക്കുന്നു. വസിഷ്ഠൻ വിധിപ്രകാരം ഹോമാദികളെല്ലാം ചെയ്തു. ജനകമഹാരാജാവു

സർവ്വാഭരണഭൂഷിതയായ സീതയെ അഗ്നിസമക്ഷം നിർത്തി രാഘവാഭിമുഖനായിട്ടു സാദരമിപ്രകാരം പറഞ്ഞു.

"ഇയം സീതാ മമ സുതാ
സഹധർമ്മചരീ തവ
പ്രതീച്ഛ ചൈനാം ഭദ്രം തേ
പാണിം ഗൃഹ്ണീഷ്വ പാണിനാ.

പതിവ്രതാ മഹാഭാഗാ
ഛായേവാനുഗതാ സദാ
ഇത്യുക്ത്വാ പ്രാക്ഷിപദ്രാജാ
മന്ത്രപൂതം ജലം തദാ."

ഇപ്രകാരം ശ്രീരാമചന്ദ്രന്റെ വൈവാഹികകർമ്മം വിധിയാകും വണ്ണം നടത്തി.

വിവാഹം എട്ടുവിധമെന്നു സ്മൃതിയിൽ പറഞ്ഞിരിക്കുന്നു.

"ബ്രാഹ്മോ ദൈവസ്തഥൈവാർഷഃ
പ്രാജാപത്യസ്തഥാസുരഃ
ഗാന്ധർവ്വോ രാക്ഷസശ്ചൈവ
പൈശാചശ്ചാഷ്ടമോ ധമഃ.

ആച്ഛാദ്യ ചാർച്ചയിത്വാ ച
ശ്രുതിശീലവതേ സ്വയ
ആഹൂയ ദാനം കന്യായാ
ബ്രാഹ്മോ ധർമ്മഃ പ്രകീർത്തിതഃ.

യജ്ഞേ ച വിതതേ സമ്യ-
ഗൃത്വിജേ കർമ്മ കുർവ്വതേ
അലംകൃത്യ സുതാദാനം
ദൈവം ധർമ്മം പ്രചക്ഷതേ.

ഏകം ഗോമിഥുനം ദ്വേ വാ
വരാദാദായ ധർമ്മതഃ
കന്യാപ്രദാനം വിധിവ-
ദാർഷോ ധർമ്മഃ സ ഉച്യതേ.

സഹോഭൌ ചരതാം ധർമ്മ-
മിതി വാചാനുഭാഷ്യ ച

കന്യാപ്രദാനമഭ്യർച്ച്യ
പ്രാജാപത്യോ വിധിഃ സ്മൃതഃ.

ജ്ഞാതിഭ്യോ ദ്രവിണം ദത്വാ
കന്യായൈ ചൈവ ശക്തിതഃ
കന്യാപ്രദാനം സ്വാച്ഛന്ദ്യാ-
ദാസുരോ ധമ്മ ഉച്യതേ.

ഇച്ഛയാന്യോന്യസംസർഗ്ഗഃ
കന്യായാശ്ച വരസ്യ ച
ഗാന്ധർവ്വസ്സ തു വിജ്ഞേയോ
മൈഥുന്യഃ കാമസംഭവഃ.

ഹത്വാ ഛിത്വാ ച ഭിത്വാ ച
ക്രോശന്തീം രുദതീം ഗൃഹാത്
പ്രസഹ്യ കന്യാഹരണം
രാക്ഷസോ വിധിരുച്യതേ.ത്

സുപ്താം മത്താം പ്രമത്താം വാ
രഹോ വാ യത്ര ഗച്ഛതി
സ്വാപിഷ്ഠോ വിവാഹാനാം
പൈശാചശ്ചാഷ്ടമോഽധമഃ."

എന്നു മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നു.

രാമന്റെ വിവാഹം മേൽപറഞ്ഞ എട്ടുവിധവിവാഹങ്ങളി ലൊന്നിന്റെയും ലക്ഷണങ്ങളോടുകൂടിക്കാണാത്തതുകൊണ്ടു് അവ യിലുൾപ്പെട്ടതല്ലായിരിക്കുമോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ആഹ്വയദാനാഭാവം നിമിത്തം ബ്രാഹ്മമല്ല. ക്ഷത്രിയനു് ആർത്വിജ്യാസംഭവം നിമിത്തം ദൈവവുമല്ലല്ലൊ. കന്യാപിതാ വിനു ഗോമിഥുനഗോദാനം കൊടുത്തിട്ടില്ലാത്തതുകൊണ്ടു് ആർഷ വുമല്ല. വീര്യശുല്കംനിമിത്തം പ്രാജാപത്യമല്ല. കന്യാപിതാവിനു ദ്രവ്യദാനം ചെയ്തിട്ടില്ലാത്തതുകൊണ്ടു് ആസുരമല്ല. പരസ്പരാനു രാഗബന്ധം കൊണ്ടുണ്ടായ വിവാഹമല്ലാത്തതുകൊണ്ടു ഗാന്ധർവ്വ മല്ല. ഛേദനഹനനാദികളെക്കൊണ്ടു ബലാത്കാരം നിമിത്ത മുണ്ടായിട്ടുള്ളതല്ലാത്തതുകൊണ്ടു രാക്ഷസവുമല്ല. സ്വാപപ്രമാദാ ദ്യന്യതമാവസ്ഥായുക്തയായിരിക്കുന്നവളെ രഹസ്സിൽ ധർഷണം

ചെയ്തിട്ടില്ലാത്തതുനിമിത്തം പൈശാചവുമല്ല. എന്നാൽ പിന്നെ രാമന്റെ വിവാഹം ഏതിലുൾപ്പെട്ടതാണെന്നുള്ള നിരൂപണം സംഗതമായിരിക്കുന്നു. സീതയെ വിവാഹംചെയ്തുകൊടുക്കുന്ന സമയം ജനകൻ 'സഹധർമ്മചരീ' എന്നു പറഞ്ഞിട്ടുള്ളതു പ്രാജാപത്യവിവാഹത്തിന്റെ ലക്ഷണമായതുകൊണ്ടു പ്രകൃതവിഷയമായ വിവാഹം പ്രാജാപത്യമെന്നു ധരിച്ചുകൊള്ളുകയും വേണം.

'സഹധർമ്മം ചരത ഇതി പ്രാജാപത്യഃ' എന്ന് ആശ്വലായനനും പറഞ്ഞിരിക്കുന്നു. "സംയോഗമന്ത്രഃ പ്രാജാപത്യേ സഹധർമ്മം ചര്യതാം" എന്നു ഗൌതമന്റെ അഭിപ്രായം.

"സഹോഭൌ ചരതാം ധർമ്മ-
മിതി വാചാനുഭാഷ്യ ച
കന്യാപ്രദാനമഭ്യർച്ച്യ
പ്രാജാപത്യോ വിധിഃ സ്മൃതഃ."

എന്നുള്ള മനുസ്മൃതിവാക്യത്തെ മുൻപുദ്ധരിച്ചു കാണിച്ചിട്ടുണ്ടല്ലൊ. "ആച്ഛാദ്യാലംകൃത്യൈഷാ സഹധർമ്മം ചര്യതാമിതി പ്രാജാപത്യഃ എന്നു ബോധായനവാക്യം.

എന്നാൽ ചില ധർമ്മശാസ്ത്രകർത്താക്കന്മാർ വർണ്ണക്രമാനുസാരേണ വിവാഹവിഭാഗം ചെയ്തിട്ടുള്ളതിൽനിന്നു പ്രജാപത്യം ക്ഷത്രിയർക്കു വിഹിതമായിട്ടുള്ളതല്ലെന്നു സിദ്ധിക്കുന്നു.

"ഷഡാനുപൂർവ്യാ വിപ്രസ്യ
ക്ഷത്രസ്യ ചതുരോവരാൻ
വിട്ശൂദ്രയോസ്തു താനേവ
വിദ്യാദ്ധർമ്മ്യാനരാക്ഷസാൻ."

എന്നും,

"ചതുരോ ബ്രാഹ്മണസ്യാദ്യാൻ
പ്രശസ്താൻ കവയോ വിദുഃ
രാക്ഷസം ക്ഷത്രിയസ്യൈക-
മാസുരം വൈശ്യശൂദ്രയോഃ."

എന്നും മനു പറഞ്ഞിട്ടുള്ളതിൽനിന്നു ബ്രാഹ്മണക്കു ബ്രാഹ്മ-ദൈവാർഷപ്രാജാപത്യാസുരഗാന്ധർവ്വങ്ങൾ ധർമ്മ്യങ്ങളെന്നും, ക്ഷത്രിയക്കു് ആസുരഗാന്ധർവ്വരാക്ഷസപൈശാചങ്ങൾ ധർമ്മ്യങ്ങളെന്നും, വൈശ്യശൂദ്രക്കു് ആസുരഗാന്ധർവ്വപൈശാചങ്ങൾ ധർമ്മ്യങ്ങളെന്നും, ബ്രാഹ്മണക്കു ബ്രാഹ്മദൈവാർഷപ്രാജാപത്യങ്ങൾ പ്രശസ്തമെന്നും, ക്ഷത്രിയക്കു രാക്ഷസം പ്രശസ്തമെന്നും, വൈശ്യശൂദ്രക്കു് ആസുരം പ്രശസ്തമെന്നും സിദ്ധിക്കുന്നു.

„തേഷാം ചത്വാരഃ പൂർവേ ബ്രാഹ്മണസ്യ തേഷ്വപി പൂർവ്വഃ പൂർവ്വഃ ശ്രേയാൻ, ഉത്തരേഷാം ഉത്തരോത്തരഃ പാപീയാൻ, അത്രാപി ഷഷ്ഠസപ്തമൌ ക്ഷത്രധർമ്മാനുഗതൌ തത്-പ്രത്യയത്വാത് ക്ഷത്രിയസ്യ, പഞ്ചമാഷ്ടമൌ വൈശ്യശൂദ്രാണാം, ഗാന്ധർവ്വമപ്യേകേ പ്രശംസന്തി സർവ്വേഷാം സ്നേഹാനുഗതത്വാത്."

എന്നുള്ള ബോധായനസൂത്രങ്ങളിൽനിന്നു ബ്രാഹ്മണക്കു ബ്രാഹ്മപ്രാജാപത്യാർഷദൈവങ്ങളെന്നു വിവാഹം നാലുവിധമാണെന്നും അതിൽ പൂർവ്വപൂർവ്വമുള്ളതു ശ്രേയാനെന്നും കിട്ടുന്നു. ക്ഷത്രിയക്കു് ആസുരരാക്ഷസമെന്നു വിവാഹം രണ്ടുവിധം. വൈശ്യശൂദ്രക്കു ഗാന്ധർവ്വപൈശാചങ്ങളെന്നു വിവാഹം രണ്ടുവിധം. ഗാന്ധർവ്വവിവാഹം എല്ലാവക്കും സാധാരണമാകുന്നു എന്നും കല്പിക്കാം. ഇപ്രകാരം സ്മൃതിവാക്യങ്ങളെ പര്യാലോചനചെയ്യുമ്പോൾ പ്രശസ്തത്വധർമ്മ്യത്വവശാൽ പ്രാജാപത്യവ്യതിരിക്ത വിവാഹങ്ങൾ ക്ഷത്രിയക്കു വിഹിതത്വേന കല്പിച്ചിരിക്കുന്നതുകൊണ്ടു ക്ഷത്രിയനായ ദാശരഥിയുടെ വിവാഹം പ്രാജാപത്യമെന്നു ശാസ്ത്രരീത്യാ സിദ്ധിക്കുന്നില്ലെന്നു വിചാരിക്കുന്നെങ്കിൽ താഴെ ചേക്കുന്ന യുക്തികളേക്കൂടി പരിഗണിച്ചുകൊള്ളേണ്ടതാകുന്നു.

„പഞ്ചാനാം തു ത്രയോ ധർമ്മ്യാ
ദ്വാവധർമ്മ്യൌ സ്മൃതാവിഹ
പൈശാചശ്ചാസുരശ്ചൈവ
ന കർത്തവ്യൌ കഥഞ്ചന."

വ്യാഖ്യാനം:—പഞ്ചാനാം പ്രാജാപത്യാദീനാം മദ്ധ്യേ പ്രാജാപത്യ-ഗാന്ധർവ്വരാക്ഷസാ ധർമ്മ്യാഃ ധർമ്മാദനപേതാഃ. യഥോക്തത്വാലാഭേ

ചതുണ്ണാം വണ്ണാനാം ദ്വാവധൎമ്മ്യൌ. പൈശാചാസുരൌ ന കൎത്തവ്യൌ. തത്ര ക്ഷത്രിയവൃത്തിസ്ഥസ്യ വിപ്രസ്യ രാക്ഷസഃ. അയം തു ആസുരപൈശാചൌ ശൂദ്രവിശോഃ വികല്പിതൌ. ബ്രാഹ്മാദി ബ്രാഹ്മണസ്യൈവ.

എന്നുള്ള രാഘവാനന്ദീയവ്യാഖ്യാനത്തിൽനിന്നു വണ്ണ വിഭാഗക്രമമനുസരിച്ചുള്ള വ്യവസ്ഥിതവിവാഹത്തിൻെറ അലാഭത്തിൽ പ്രാജാപത്യഗാന്ധൎവ്വരാക്ഷസങ്ങൾ സൎവ്വവണ്ണസാധാരണ്യേന ധൎമ്മ്യങ്ങളെന്നു പറഞ്ഞിട്ടുള്ളതിൽനിന്നു ക്ഷത്രിയന്നു പ്രാജാപത്യവിവാഹം വിഹിതമെന്നുതന്നെ സിദ്ധമാകുന്നു. ഇപ്രകാരം എട്ടുവിധവിവാഹങ്ങളെക്കല്പിച്ചിട്ടു

„ചത്വാരോ ധൎമ്മ്യാഃ പ്രഥമാഃ ഷഡിത്യേകേ."

എന്ന സൂത്രംകൊണ്ടു വണ്ണവിഭാഗത്തെ അനുസരിക്കാതെ ബ്രാഹ്മാദിനാലിൻേറയൊ ആറിൻേറയൊ ധൎമ്മ്യത്വത്തെ പ്രതിപാദിക്കുന്ന ഗൌതമാചാൎയ്യൻകൂടി പ്രാജാപത്യം ക്ഷത്രിയവിഹിതമായിട്ടുള്ളതെന്നുതന്നെ നിണ്ണയിച്ചിരിക്കുന്നു. മിതാക്ഷരാവ്യാഖ്യാനത്തിൽ ഇതിനെത്തന്നെ അനുവദിച്ചിട്ടുണ്ടു്. „ഏവം അഷ്ടൌ വിവാഹാ ഉക്താഃ. തേഷു ചത്വാരോ ധൎമ്മ്യാഃ പ്രഥമാഃ ആദിതശ്ചത്വാരോ ധൎമ്മ്യാഃ ധൎമ്മാദനപേതാഃ പ്രശസ്താഃ. അവിശേഷാത് സൎവ്വേഷാമേവ വണ്ണാനാം ഷഡിത്യേകേ ഏക ആചാൎയ്യാഃ ഷട് ധൎമ്മ്യാ ഇത്യാഹുഃ പ്രഥമാ ഇത്യേവ."

„തേഷാം ത്രയ ആദ്യാഃ പ്രശസ്താഃ പൂൎവ്വഃ പൂൎവ്വഃ ശ്രേയാൻ."

എന്നു് ആപസ്തംബാചാൎയ്യൻ പറഞ്ഞിട്ടുള്ളതു വണ്ണവിഭാഗം കൂടാതെയാകുന്നു. ഇങ്ങനെയാണെങ്കിൽ ക്ഷത്രിയന്നു രാക്ഷസവിവാഹം ഒന്നുതന്നെ പ്രശസ്തമെന്നുവന്നുകൂടുന്നതുകൊണ്ടു പ്രാജാപത്യവിവാഹം രാമൻ ചെയ്തതു ശരിയായൊയെന്നാണെങ്കിൽ കരുണാനിധിയായ രാമചന്ദ്രൻെറ മനസ്സിൽ ഇപ്രകാരമുള്ള ബലാദ്ഗ്രഹണം ചിന്തിക്കപോലും വയ്യാത്തതാണെന്നു രാമായണത്തിൻെറ ഏതുഭാഗവും വിളിച്ചു പറയുന്നതുകൊണ്ടു പ്രാജാപത്യവിവാഹം സ്മൃതിസമ്മതിയെ പ്രാപിച്ചതുനിമിത്തം സൎവ്വും ശോഭനംതന്നെ.

"പാണിം ഗൃഹ്ണീഷ്വ പാണിനാ."

എന്നുള്ള ജനകമഹാരാജാവിന്റെ വാക്കു വിവാഹവ്യവസ്ഥയെ കാണിക്കുന്നു. സവർണ്ണകളിൽ പാണിഗ്രഹണവും അസവർണ്ണകളിൽ ശരപ്രതോദവസ്ത്രദശാദിഗ്രഹണവും ശാസ്ത്രസമ്മതിയുള്ളതാകുന്നു.

"പാണിഗ്രഹണസംസ്കാരഃ
സവർണ്ണാസൂപദിശ്യതേ
അസവർണ്ണാസ്വയം ജ്ഞേയോ
വിധിരുദ്വാഹകർമ്മണി.

ശരഃ ക്ഷത്രിയയാ ഗ്രാഹ്യഃ
പ്രതോദോ വൈശ്യകന്യയാ
വാസോദശാ ശൂദ്രയാ തു
വർണ്ണോത്കൃഷ്ടസ്യ വേദനേ."

എന്നു മാനവധർമ്മശാസ്ത്രം.

ബ്രാഹ്മണൻ ക്ഷത്രിയസ്ത്രീയെ വിവാഹംചെയ്യുന്ന സമയം അവളുടെ കയ്യിലിരിക്കുന്ന ശരക്കോൽ ബ്രാഹ്മണന്റെ കൈകൊണ്ടു ഗ്രഹിച്ചാൽ വിവാഹബന്ധം ഏൎപ്പെട്ടു.* ഇപ്രകാരം ഉത്കൃഷ്ടവർണ്ണങ്ങളിലുൾപ്പെട്ട വരൻ അസവർണ്ണയെ വിവാഹം ചെയ്യുമ്പോളുള്ള സമ്പ്രദായം വ്യക്തമാക്കിയിരിക്കുന്നു.

"പുത്രീണാം കല്പയന്നദ്ഭുതഹരണമസൌ
പേത്തുമാത്മാനുരൂപം."

എന്നു പറഞ്ഞിട്ടുള്ളതു,

"ദദൌ പരമസംഹൃഷ്ടഃ
കന്യാധനമനുത്തമം."

എന്ന രാമായണവാക്യത്തെ അനുസരിച്ചാകുന്നു. കന്യാധനം കൊടുക്കുന്നതും വാങ്ങുന്നതും ആചാരം അനുവദിച്ചിട്ടുള്ളതാകുന്നു.

ദ്രൌപദീവിവാഹാനന്തരം,

"കൃതേ വിവാഹേ ദ്രുപദോ ധനം ദദൌ
മഹാരഥേഭ്യോ ബഹുരൂപമുത്തമം

---

* 'ക്ഷത്രിയയാ ഗൃഹീതഃ ശരഃ ഉത്കൃഷ്ടേന വരേണ ഗ്രാഹ്യഃ നതു വരേണ ഗൃഹീതഃ ശരഃ കന്യയാ. ഏവം പ്രതോദാദിഷു.

എന്നു പ്രാചീനവ്യാഖ്യാനം, കല്ലൂകഭട്ടൻ ഇങ്ങനെ അല്ല വ്യാഖ്യാനിച്ചിരിക്കുന്നതു്.

ശതം രഥാനാം വരഹേമമാലിനാം
  ചതുര്യുജാം ഹേമഖലീനശാലിനാം.''

എന്നാദിയായി ഭാരതം ആദിപർവ്വത്തിലും, സുഭദ്രാവിവാഹാനന്തരം,

''തേഷാം ദദൌ ഹൃഷീകേശഃ
  കന്യാർത്ഥേ ധനമുത്തമം
ഹരണം വൈ സുഭദ്രായാ
  ജ്ഞാതിദേയം മഹായശാഃ.''

എന്നാദിയായി മറെറാരിടത്തും പറഞ്ഞിട്ടുള്ളതിൽനിന്നു ഭഗവാൻ ശ്രീകൃഷ്ണൻ കൊടുത്തതായും,

''പ്രതിജഗ്രാഹ തത്സർവ്വം
  ധർമ്മരാജോ യുധിഷ്ഠിരഃ.''

എന്നതുകൊണ്ടു യുധിഷ്ഠിരൻ സ്വീകരിച്ചതായും കാണുന്നു.

തദനന്തരം മാണ്ഡവിയെ ഭരതനും, ഊർമ്മിളയെ ലക്ഷ്മണനും, ശ്രുതകീർത്തിയെ ശത്രുഘ്നനും യഥാവിധി വിവാഹം ചെയ്യുന്നു. ദശരഥമഹാരാജാവു പുത്രന്മാരോടും അവരുടെ ധർമ്മപത്നിമാരോടുംകൂടി അയോദ്ധ്യാനഗരത്തിലേക്കു പുറപ്പെടുന്നതിൻെറ മുൻപായി

''നാരീമാണിക്യഭൂഷാ നരപതിമഹിഷീ
  ജാനകീം മാനയിത്വാ
വേറെവച്ചാശ്വസിപ്പിച്ചതിമൃദുവചസാ
  മന്ദമന്ദം ബഭാഷേ.''

എന്ന് ഉപദേശം കൊടുക്കുന്നതിന്നാരംഭിക്കുന്നു. സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടവയും പറഞ്ഞുകൊടുക്കേണ്ടവയുമായ പല സംഗതികളും ഇവിടെ കവി ശാസ്ത്രാനുരോധേന സരസമായി വർണ്ണിച്ചിരിക്കുന്നു.

''ഭർത്താവത്രേ പരം ദൈവതമമൃതഗിരാ-
  മാകയാൽ വേറിടൊല്ലാ
മദ്ധ്യേ വേർപെട്ടുവന്നീടിലുമൊരുപൊഴുത-
  ങ്ങാസ്ഥ നീ കൈവിടൊല്ലാ

ഉൽഡം ത്രൈലോക്യമൊക്കെത്തരികിലുമരിയാ-
    ടായ്ക മററാരൊടും നീ
മൂഢ! ചാടീട്ട ചെന്തീക്കനലിലപി പതി-
    പ്രേഷിതാ നിർവിശംകം.'

എന്നു പറഞ്ഞു കൊടുത്തിട്ടുള്ളതിൽ ഭാവിയായ രാമായണകഥ മുഴുവൻ നിഴലിച്ചിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ജനകമഹാരാജാവിൻെറ പട്ടമഹഷിക്ക് ഈ ദീഘദശിത്വം ഉണ്ടായതിൽ ആശ്ചയ്യപ്പെടുവാനില്ലതന്നെ. സഭ്രാതൃമിത്രനായിരിക്കുന്ന രാമചന്ദ്രൻ നാലുമൂന്നാം മിഥിലനൃപപുരത്തിങ്കൽ സ്വസ്ഥാത്മാവായി വസിച്ചതിൻെറ ശേഷം അയോദ്ധ്യാനഗരത്തിലേക്കു പുറപ്പെട്ടു.

യാത്രാമദ്ധ്യത്തിൽ കോപാവിഷ്ടനായ പരശുരാമൻ കണ്ടെതിക്കുവാൻ ഭാവിക്കുന്നു. പരശുരാമൻെറ സാഹങ്കാരമായ ആത്മപ്രശംസയും രഘുരാമൻെറ വിനയാന്വിതമായ മധുരസ്വഭാവവും കവി വ്യക്തമായി പ്രദശിപ്പിച്ചിട്ടുണ്ട്.

"പണ്ടു ഭൂപതികൾ വീയ്യമുള്ളവരരക്ഷണ
    പൊരുതു നിന്നിതോ
ചണ്ഡശീല! തവ മുൻപിലിന്നു മമ
    ബാലനോ കലഹഭാജനം?
ചണ്ഡികാരമണബാലശിഷ്യ! തൊഴുകൈ
    വിശിഷ്യ കലയേ തെളി-
ഞ്ഞിണ്ടൽപോക്കി മമ വംശമാശു പരിപാഹി
    നിമ്മലഗുണാംബുധേ!"

എന്നാദിയായി പുത്രസ്നേഹപാരവശ്യം നിമിത്തം വൃദ്ധനായ ദശരഥൻ ചാപല്യത്തെ പ്രകടിപ്പിച്ചു ഭീതിതരളഹൃദയത്തേ പ്രസ്ഫുടമാക്കുന്ന ദീനവാക്യങ്ങളെ കവി മനോധമ്മത്തോടുകൂടി വണ്ണിച്ചിരിക്കുന്നു.

പ്രകൃത്യാ കോപിഷ്ഠനായ പരശുരാമൻെറ ഉള്ളിൽ രാമൻെറ സമരസവും ശാന്തവുമായ വാക്കുകൾ രോഷാഗ്നിയേ ജ്വലിപ്പിച്ചു. ഉക്തിപ്രത്യുക്തികളിൽ കോപാന്ധനായ പരശുരാമനു തന്നെ മടക്കം സംഭവിച്ചു.

അനന്തരം പരശുരാമൻ,

„ഹരധനരിദമാസ്താം; വീരഭൂപാലഹത്യാ-
കരണമിതു കലച്ചീടാകിൽ വൈകുണ്ഠചാപം.''

എന്നു പറഞ്ഞുംകൊണ്ടു കൊടുത്ത വൈഷ്ണവചാപം വാങ്ങിയ സമയം രഘുരാമൻ

„അന്നേരമേഷ ഭൃഗുഭൂദേ തമിമം ഗൃഹീത്വാ
മുന്നേതിലേററമിളകീടിന തീവ്രതേജാഃ.''

ഈ വൈഷ്ണവചാപത്തോടുകൂടി പരശുരാമനിലുണ്ടായിരുന്ന വൈഷ്ണവകല രഘുരാമൻ ആദാനംചെയ്തു. പരശുരാമൻെറ അവതാരകൃത്യങ്ങളെല്ലാം ഭംഗിയാകുംവണ്ണം സാധിച്ചുകഴിഞ്ഞതുകൊണ്ടായിരിക്കണം രഘുരാമൻ അപ്രകാരം ചെയ്തു് അദ്ദേഹത്തെ തപോവനത്തിലേക്കു യാത്രയാക്കുവാൻ കാരണമായതു്.

വീരന്മാരുടെ വാഗപക്ഷത്തിൽ പെട്ടുഴലുന്ന വായനക്കാരുടെ മനസ്സിന് അല്പം നിർവൃതിയുണ്ടാകുന്നതു്

„പ്രാകാശ്യമാന്നുകലവില്ലുകലച്ചു ദോർഭ്യാം
വേഗേന കിഞ്ചന വികഷ്തി രാമചന്ദ്രേ
ഏകാ സപത്നിയുളവാമിതുമൂലമെന്ന
മാകാണിനേരമകമേ വിഷസാദ സീതാ.''

എന്ന ശ്ലോകം വായിക്കുന്ന സമയത്തു മാത്രമാകുന്നു.

ചാപവിദ്യാരാമനായിരിക്കുന്ന രാമൻ പേർകുലചില വലിച്ചു ശരസന്ധാനം ചെയ്തപ്പോൾ

„കാമാരിശിഷ്യനമന്ദുഷ്മളനായ് ചമഞ്ഞു
ധൂമാവശേഷവനപാവകനെന്നപോലെ.''

രാമസായകം അമോഘമായതുകൊണ്ടു

„തവ പരഗതിരോധീ വത്തതാമെന്നു ചൊല്ലി-
പ്രവരശരമയച്ചു രാമഭദ്രസ്തദാനീം.'

എന്നു പറഞ്ഞു പരശുരാമൻെറ അനുവാദപ്രകാരം

„ത്യാജ ബാണമമരാലയസൌഖ്യലക്ഷ്മീ-
മെത്താതവാറിവനു തൽപ്രിയതതപവേദീ.'

അതിൻെറശേഷം

„ഉദാരം പോർവില്ലും വിശിഖനിരയും തൽക്ഷണമസൌ
നിധായ സ്വച്ഛന്ദം മനകുലവൃഷോ ലക്ഷ്മണകരേ
പ്രസാദംപൂണ്ടുദ്യദ്വിനയഭരനമ്രാജ്ജ്വലമുഖം
പദാംഭോജംകൂപ്പിപ്പരിചൊടഥ നിന്നു രഘുവരൻ.'

അപ്പോഠം പരശുരാമൻ

„ആസ്ഥയാ വിദധദാശിഷം തദാ
യാത്രചൊല്ലി നിജമാശ്രമം യയൌ."

പിന്നീട് എല്ലാവരുംകൂടി അയോദ്ധ്യാനഗരിയിൽ പ്രവേശിച്ച സമയം പൌരാവലി അത്യാദരവോടുകൂടി അവരെ ഉചിതമാം വണ്ണം എതിരേല്ക്കുന്നു. പിന്നെ,

„ഭ്രാത്മാ രാമചന്ദ്രൻ ദശരഥനൊടുമ-
സ്സോദരന്മാരൊടും ചേ-
ന്നത്യാനന്ദാലകംപുക്കണിമണിനഗരീം
വിശ്വമംഗല്യപൂർണ്ണാം
കൃത്വാ ഭൂപാലവംശോചിതമിനിയവസി-
ഷ്ഠാജ്ഞയാ സീതയാ ചേ-
ന്നുദ്യന്മോദേന മേവീ നിഖിലഭുവനസ-
മ്മോദപീയൂഷധാമാ."

ഇപ്രകാരം ബാലകാണ്ഡത്തിലെ കഥാഭാഗനിരൂപണം കഴിഞ്ഞു.

രാമായണമഹാകാവ്യത്തിലെ ഏഴു കാണ്ഡങ്ങളും നന്നാലു വിഭാഗങ്ങളോടുകൂടിയവയാണ്.

„ചതസ്രഃ കവിനാ ഭാഗാഃ
പ്രതികാണ്ഡം പ്രപഞ്ചിതാഃ."

എന്നു പറഞ്ഞിട്ടുമുണ്ട്.

ഇവിടെ 'രാമായണസുരദ്രുമം' 'ബാലകാണ്ഡമഹാമൂല' മായിട്ടുള്ളതാകുന്നു. അതിൻെറ നാലു പ്രധാന വിഭാഗങ്ങഠം രാമാവതാരം, വിശ്വാമിത്രയാഗരക്ഷ, ധനുർഭംഗം, സീതാപാണിഗ്രഹണം എന്നിവയാകുന്നു.

"മുനിനാ ബാലകാണ്ഡോ ƒയം
ചതുഷ്പ്രകരണീകൃതഃ.
കഥാപുരുഷനിഷ്പത്തി-
ർവിശ്വാമിത്രാദ്ധ്വരാവനം
ത്ര്യൈയംബകധനുർഭംഗഃ
സീതാപാണിപരിഗ്രഹഃ."

എന്നു പൂൎവ്വാചാൎയ്യന്മാരുടെ അഭിപ്രായവും കാണുന്നു.

ബാലകാണ്ഡത്തിൽനിന്നു പഠിക്കേണ്ട പാഠം,

"സൎവ്വേഷാം സമ്പദോ മൂലം
മഹതാമനുരോധനം."

എന്നു പറഞ്ഞിട്ടുള്ളതിനെത്തന്നെ പ്രകാരാന്തരേണ

"നിഷേവാ മഹതാം കിം കിം
ന സാധയതി സംഭൃതാ
ഇതി സന്ദൎശിതാനേന
കാണ്ഡേന കവിവേധസാ."

എന്നു മറെറാരിടത്തും കാണുന്നതിൽനിന്നു മഹാന്മാരെ സേവിക്കുന്നവൎക്കു സൎവ്വസമ്പത്തുമുണ്ടാവുമെന്നു സിദ്ധിക്കുന്നു.

IV

അതാതു രസത്തെ ഉചിതമായ പദപ്രയോഗങ്ങളെക്കൊണ്ടു പ്രകടിപ്പിക്കുവാനുള്ള അനിതരസാധാരണമായ പാടവം പുനം നമ്പൂരിക്കുണ്ടായിരുന്നു. ആശയപുഷ്ടിക്കനുഗുണമായ ഫലിതവും ഗാംഭീൎയ്യവും സന്ദൎഭോചിതമായി സൎവ്വത്ര വ്യഞ്ജിപ്പിച്ചിട്ടുണ്ടു്. 'വാക്യം രസാത്മകം കാവ്യം' എന്ന ആലങ്കാരികവചനത്തെ പുനംനമ്പൂരിയുടെ കവിതയിൽ അക്ഷരംപ്രതി ദീക്ഷിച്ചിട്ടുള്ളതായിക്കാണാം. സംസ്കൃതകവികളുടെ ആശയങ്ങൾതന്നെ പുനം നമ്പൂരിയുടെ നാരായത്തുമ്പുകളിൽനിന്നു പ്രവഹിക്കുമ്പോൾ ആസ്വാദ്യതരങ്ങളായിത്തീരുന്നു. സൎവ്വത്ര മനോധൎമ്മത്തോടുകൂടി ഗദ്യപദ്യങ്ങൾ എഴുതിരസിപ്പിക്കുവാൻ പുനംനമ്പൂരിക്കു പ്രത്യേകം വാസനയുണ്ടായിരുന്നു. പുനംനമ്പൂരിയുടെ ഗദ്യപദ്യപ്രബന്ധങ്ങളെച്ചൊല്ലി വിസ്തരിച്ചൎത്ഥംപറഞ്ഞുകേട്ടു പദപ്രയോജനങ്ങളെ മനസ്സിലാക്കുന്ന സമയം അവ മനസ്സിനെ സുഖിപ്പിക്കുകയും

രസിപ്പിക്കുകയും ചെയ്യുന്നതുകൂടാതെ മദിപ്പിക്കുകതന്നെചെയ്യും. ആലോചനാമൃതമായിരിക്കുന്ന പുനത്തിൻെറ കവിതകളെ ആസ്വാദിക്കുംതോറും മനസ്സിന്നുണ്ടാകുന്ന ഉന്മേഷം വൎദ്ധിച്ചു വൎദ്ധിച്ചു ലഹരികൊള്ളുന്നതിൽ അത്ഭുതപ്പെടുവാനില്ല.

"മധുമദമണമോലും പദ്യഗദ്യൈരനേകൈഃ
മദയതി പുനമിന്നും ഭൂരി ഭൂചക്രവാളം."

എന്നു ചന്ദ്രോത്സവത്തിൽ പറഞ്ഞിട്ടുള്ളതു് അത്യന്തം വാസ്തവമായിട്ടുള്ളതാകുന്നു. പ്രാചീനകവിയായ പുനംനമ്പൂരിയുടെ കവിതയിൽ ഓജസ്സും ജീവനും പുഷ്ടിയോടുകൂടി പ്രകാശിച്ചുകാണുന്നതിൽ അത്ഭുതത്തിന്നവകാശം ചിലൎക്കുണ്ടായെന്നു വന്നേക്കാം. എന്നാൽ അതു ദേശഭേദംകൊണ്ടു വരാവുന്നതാണു്. സഞ്ചാരംകൊണ്ടും സംസൎഗ്ഗബലംകൊണ്ടും ഭാഷയുടെ മൎമ്മംഗ്രഹിച്ചു പുഷ്ടിപ്പെടുത്തുവാൻ ബുദ്ധിയും വാസനാബലവുമുള്ളവൎക്കു സാദ്ധ്യമാണു്. എന്നാൽ സംസ്കൃതഭാഷാദേവിയുടെ അധീനതയിൽ വളൎന്നുപോന്ന കൈരളിക്കു കേവലം സ്വാതന്ത്ര്യം അന്നു ലഭിച്ചിട്ടില്ലാതിരുന്നതുകൊണ്ടു ചില വൈകല്യങ്ങൾ സംഭവിക്കാതിരുന്നില്ല. വിശേഷണവിശേഷ്യങ്ങൾക്കുള്ള വിഭക്തിപ്പൊരുത്തം ഇതിന്നു ഉത്തമദൃഷ്ടാന്തമാകുന്നു. പുനംനമ്പൂരിക്കും ഈ ബന്ധത്തിൽനിന്നു സാകല്യേന മോക്ഷം പ്രാപിക്കുവാൻ സാധിച്ചിട്ടില്ല. ഭാഷാമൎമ്മജ്ഞന്മാരുടെ ദൃഷ്ടിയിൽ ഇതു ദോഷമാണെങ്കിലും പുനംനമ്പൂരിയുടെ കാലത്തു് അതു ഭൂഷണമായി വിചാരിച്ചുപോന്നിരിക്കണം. ജീവദ്ഭാഷക്കു മൃതഭാഷയെ അനുകരിച്ചു നടപ്പാൻ ഒരിക്കലും സാധിക്കുന്നതല്ലല്ലൊ. മൃതഭാഷയുടെ വല്ല നിയമങ്ങളും ജീവദ്ഭാഷയെ ബന്ധിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം അതിൻെറ സൎവ്വതോമുഖമായ വികാസത്തോടുകൂടി ശിഥിലതയെ പ്രാപിക്കുന്നതു സ്വാഭാവികമാകുന്നു.

പുനംനമ്പൂരിയുടെ സരസപ്രയോഗങ്ങളേയൊ, മനോധൎമ്മസുന്ദരമായ ആശയവിശേഷങ്ങളേയൊ, വൎണ്ണനാചാതുൎയ്യത്തേയൊ, ചമത്കാരപരിമളഘുമുഘുമിതമായ വാഗ്വിലാസങ്ങളേയൊ തെളിയിക്കുന്നതിന്നു ഉദാഹരണങ്ങൾ സൎവ്വത്ര സുലഭമായതുകൊണ്ടു പ്രത്യേകം ഇവിടെ എടുത്തുചേൎത്തു അവതാരികയെ ദീൎഘിപ്പിക്കുന്നില്ല.

വർണ്ണനകളെല്ലാം പ്രായേണ പദ്യഗന്ധികളായ ഗദ്യങ്ങളെക്കൊണ്ടാണ് പുനം നിർവ്വഹിച്ചിട്ടുള്ളതു്. ദണ്ഡകങ്ങളും ധാരാളം പ്രയോഗിച്ചുകാണുന്നുണ്ടു്. നഗണദ്വന്ദ്വം കൊണ്ടാരംഭിച്ചു് ആവശ്യംപോലെ രഗണം ചേർത്തു തുടർത്തുള്ള ദണ്ഡകങ്ങളാണു് പ്രായേണ കാണുന്നതു്. എന്നാൽ മററു രീതിയിലുള്ള ദണ്ഡകങ്ങളും പ്രയോഗകോടിയിൽ കൊണ്ടുവരാതിരുന്നിട്ടില്ല.

ഭാഷയിലും സംസ്കൃതത്തിലും പദ്യഗദ്യങ്ങളെ എഴുതുന്നതിനു നമ്പൂരിക്കു തുല്യമായ പാടവമുണ്ടായിരുന്നു. കാദംബരീരീതിയിലാണ് അധികവും സംസ്കൃതഗദ്യങ്ങൾ എഴുതിക്കാണുന്നതു്. ചില പ്രസിദ്ധ സംസ്കൃതഗദ്യങ്ങളിൽ ഈഷദ്ഭേദംചെയ്തു സന്ദർഭോചിതമായി പ്രയോഗിച്ചിട്ടില്ലെന്നും ഇല്ല. എന്നാൽ അങ്ങനെ ചെയ്തിട്ടുള്ളതു ഗ്രന്ഥകർത്താവോ ചാക്യാന്മാരൊ എന്നു നിശ്ചയമില്ല. രഘുവംശം, മാഘം, ഭോജചമ്പു, കിരാതാർജ്ജുനീയം, ഭാരതചമ്പു, നൈഷധകാവ്യം, അനർഘരാഘവം, ശ്രീകൃഷ്ണവിലാസം, ശാകുന്തളം, ബാലരാമായണം മുതലായ പ്രസിദ്ധഗ്രന്ഥങ്ങളിലെ അനവധി പദ്യങ്ങൾ സന്ദർഭോചിതമായി ചേർത്തുകാണുന്നുണ്ടു്. അവയെല്ലാം കൂത്തുപറയുവാൻ ചാക്യാന്മാരൊ, പാഠകം പറയുവാൻ നമ്പ്യാന്മാരോ യഥേഷ്ടം കൂട്ടിച്ചേർത്തവയാകുന്നു. സംസ്കൃതപദങ്ങളേയും ഭാഷാപദങ്ങളേയും അസ്വാരസമായി കൂട്ടിയോജിപ്പിച്ചു മോരും നെല്ലും കൂട്ടിക്കലർന്നതുപോലെ ഒരിടത്തും വിരസമാക്കിത്തീർത്തിട്ടില്ല. ഭാഷാപദങ്ങൾക്കു സംസ്കൃതവിഭക്തിപ്രത്യയംചേർത്തു ശ്രോതാക്കളുടെ കർണ്ണങ്ങളിൽ തോദമുണ്ടാക്കിത്തീർത്തിട്ടില്ല. സംസ്കൃതതിങന്തങ്ങളെ ഭാഷാപദ്യങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതു ദോഷമല്ലെന്നു കരുതുന്നവരും ധാരാളം ഉണ്ടായേക്കാം.

സംസ്കൃതഭാഷാപ്രചുരമായ ചമ്പുപ്രബന്ധങ്ങൾ ഒരു വായനക്കർത്ഥം മുഴുവൻ മനസ്സിലാക്കുവാൻ സാധിക്കാത്തവരുണ്ടെങ്കിൽ ഗ്രന്ഥകർത്താവു് അപരാധിയല്ലല്ലൊ. സംസ്കൃതഭാഷയിൽ ദൃഢവ്യുത്പത്തിയുള്ളവർക്കു മാത്രമെ ഇതിൽ പല ഭാഗങ്ങളും വായിച്ചു രസിക്കുവാൻ സാധിക്കയുള്ളു. അങ്ങനെയുള്ള വല്ലവർക്കും ഇതിൽ വൈരസ്യം തോന്നിയാൽ "ഭിന്നരുചിർഹി ലോകഃ" എന്ന സമാധാനം മാത്രമെ ശരണീകരണീയമായിട്ടുള്ളു. വ്യുത്പത്തി

കുറവായിട്ടുള്ളവരുടെ വൈരസ്യം താൽകാലികവും സ്വല്പപരിശ്രമംകൊണ്ടു പരിഹരിക്കാവുന്നതുമാണു്. അമൃതകല്പമായ ബാലകേരസലിലത്തെ പാനംചെയ്യേണമെന്നാഗ്രഹിക്കുന്നവർ അതിന്നുവേണ്ടി ചെയ്യുന്ന പ്രയത്നം ശ്രമാവഹമായിക്കരുതുന്നില്ലെന്നുള്ളതുതന്നെ ഇവിടേയും സമാധാനം.

V

ഈ ഗ്രന്ഥത്തിന്റെ കർത്താവു പൂനംനമ്പൂരിയാണെന്നു പറഞ്ഞുവല്ലോ. പൂനംനമ്പൂരിയുടെകാലം കൊല്ലം ഒൻപതാം ശതാബ്ദത്തിലെന്നു ഭാഷാചരിത്രത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായത്തെ പല പണ്ഡിതന്മാരും അനുവദിച്ചുകാണുന്നു. ആ മഹാശയന്മാരുടെ അഭിപ്രായത്തോടു യോജിക്കുന്നതു ശോഭനമായിട്ടുള്ളതാണെങ്കിലും നിവൃത്തിയില്ലായ്കയാൽ വ്യസനിക്കുന്നു.

കൊച്ചീരാജ്യം ഭരിച്ചിരുന്ന ഒരു പ്രസിദ്ധനായ ശക്തൻ തമ്പുരാൻ ജീവിച്ചിരുന്നതു കൊല്ലവർഷം ൮൬൦-നും ൯൨൦-നും മദ്ധ്യേയാണു്. അദ്ദേഹത്തിന്റെ ചരിത്രം രാജരത്നാവലീയത്തിൽ പൂനംനമ്പൂരി വിവരിച്ചിട്ടുള്ളതുകൊണ്ടു പൂനം ആ ശക്തൻതമ്പുരാന്റെ സമകാലികനായിരുന്നിരിക്കണം. തൃശ്ശിവപേരൂർ പൂരം തുടങ്ങിയതു് ഈ ശക്തൻരാജാവായിട്ടാണെന്നാണു് ഐതിഹ്യം. പൂരം തുടങ്ങീട്ടു് ഇപ്പോൾ ൮൦൦ സംവത്സരം കഴിഞ്ഞിരിക്കുന്നു എന്നുള്ള ഐതിഹ്യവും ഇതോടു യോജിച്ചുതന്നെ ഇരിക്കുന്നു. ഉദ്ദണ്ഡശാസ്ത്രികളേയും പൂനംനമ്പൂരിയേയും തന്ത്രസമുച്ചയം ഉണ്ടാക്കിയ ചേന്നാസ്സ നമ്പൂരിയേയും കുറിച്ചു പല ഐതിഹ്യങ്ങളും പൂനത്തിനെക്കുറിച്ചു ശാസ്ത്രികളുടെ ശ്ലോകവും 'അന്ത ഹന്തക്കിന്തപ്പട്ടു്' എന്നു പറഞ്ഞു ശാസ്ത്രികളുടെ സമ്മാനവും മററും പ്രസിദ്ധമായിട്ടുള്ളതുകൊണ്ടു് അവർ സമകാലികന്മാരായിരുന്നിരിക്കണം. എന്നാൽ തന്ത്രസമുച്ചയത്തിൽനിന്നു നമ്പൂരിയുടെ കാലം ഏതാണ്ടു് ൯൦൪-ാമാണ്ടാണെന്നു സൂക്ഷ്മമായി അറിവാൻ സാധിക്കുന്നതാണെന്നു മുൻപു വ്യക്തമാക്കിയല്ലോ.

"താരിൽതന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം
നീരിൽതാർബാണ! വൈരാകരനികരതമോ-
മണ്ഡലീചണ്ഡഭാനോ!

നേരെത്താതോരു നീയാം തൊട്ടുകുറികളയാ-
യെന്നുമേഷാ കുളിയ്ക്കു-
ന്നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ-
ഹന്ത കല്പാന്തതോയേ.''

എന്നു കോഴിക്കോട്ടു മാനവിക്രമൻ രാജാവിനെക്കുറിച്ചും,

''ജംഭപ്രദ്വേഷിമുൻപിൽ സുരവരസദസി
ത്വദ്ഗുണൌഘങ്ങൾ വീണാ-
ശ്ശുംഭൽപാണൌ മുനൌ ഗായതി സുരസുദൃശാം
വിഭ്രമം ചൊല്ലവല്ലേ
കുമ്പിട്ടാളുർവ്വശിപ്പെണ്ണുകകമലമഴിഞ്ഞൂ
മടിക്കുത്തഴിഞ്ഞൂ
രംഭയ്ക്കുഞ്ചാറുവട്ടം കബരിതിരുകിനാൾ
മേനകാ മാനവേന്ദ്ര!''

എന്നിങ്ങനെ അദ്ദേഹത്തിനെക്കുറിച്ചു മറ്റൊരു പദ്യവും പുനം ഉണ്ടാക്കിയതായി പ്രസിദ്ധമായി കേട്ടിട്ടുണ്ട്. ഇവിടെ 'മാന വേന്ദ്ര' എന്നതിന്നുപകരം 'മാനവേദ' എന്നു ചിലർ പഠിച്ചു രണ്ടാംപദ്യം മാനവേദൻ രാജാവിനെ ഉദ്ദേശിച്ചാണെന്നു കല്പിക്കുന്നു. എന്നാൽ രാജാവെന്നുള്ള അൎത്ഥത്തിൽ മാനേവേന്ദ്ര എന്നു പ്രയോഗിച്ചിട്ടുള്ളതായിട്ടാണു് അധികം പ്രസിദ്ധി. ഈ രണ്ടു പദ്യങ്ങളും മാനവിക്രമരാജാവിനെക്കുറിക്കുന്നതായാലും, പാഠഭേദം അനുസരിച്ചു മാനവിക്രമരാജാവിനേയും മാനവേദൻ രാജാവിനേയും കുറിക്കുന്നതായാലും, ഈ രണ്ടു നാമധേയങ്ങളോടു കൂടി അനേകം രാജാക്കന്മാർ കോഴിക്കോട്ടു സാമൂതിരിവംശത്തിൽ ഉണ്ടായിരുന്നതുകൊണ്ടു ശ്ലോകങ്ങൾ രണ്ടും ഏതു രാജാവിനേയൊ രാജാക്കന്മാരേയൊ പരാമൎശിക്കുന്നു എന്നു ഖണ്ഡിച്ചു പറവാൻ സാധിക്കുന്നതല്ല. കൊല്ലവൎഷം അറുനൂറാമാണ്ടിടയ്ക്കുണ്ടായിരുന്നതായ ഒരു രാജാവിനേയോ രണ്ടു രാജാക്കന്മാരേയോ പരാമൎശിക്കുന്നതായി വിചാരിച്ചാൽതന്നെയും അബാദ്ധമൊന്നും വരുവാനില്ല. സാമൂതിരിരാജാക്കന്മാരെല്ലാവരും പ്രായേണ വിദ്വാന്മാരും വിദ്വത്പ്രോത്സാഹനതല്പരന്മാരുമായിരുന്ന സ്ഥിതിക്കു ഗ്രന്ഥകൎത്തൃത്വം മുതലായവകൊണ്ടു പ്രസിദ്ധി സമ്പാദിച്ച മാനവിക്രമൻ രാജാവിനെക്കുറിക്കുന്നു എന്നു പറയുന്നതു സാഹസമായിരിക്കും.

"മദയതി പുനമിന്നും ഭൂരിഭൂചക്രവാളം."

എന്നുള്ള ചന്ദ്രോത്സവത്തിലെ വാക്യംകൊണ്ടു പുനത്തിന്റെ കൃതി അദ്യാപി ജനങ്ങളെ മദിപ്പിക്കുന്നു എന്നു പറയുന്നതു സമഞ്ജസമായിരിക്കുമെന്നു തോന്നുന്നു. പ്രാചീനകവിയായ പുനത്തിന്റെ കവിതകൾ ഇന്നും ലോകരെ മദിപ്പിക്കുന്നു എന്നല്ലാതെ ചന്ദ്രോത്സവകർത്താവിന്റെ സമകാലികനാണ് പുനം എന്നു കല്പിക്കുന്നതു വൈരസ്യപ്രദമല്ലയോ എന്നു ശങ്കിക്കുന്നു.

ചന്ദ്രോത്സവകർത്താവു വാല്മീകിവ്യാസന്മാരെ ആദ്യവും തദനന്തരം കാളിദാസൻ, ഭാരവി, മുരാരി, ബാണഭട്ടൻ എന്നിവരേയും ഏതാണ്ടു കാലഗണനയെ അനുസരിച്ചുതന്നെ പറഞ്ഞു. പിന്നീടുള്ള പേരു പുനത്തിന്റേതാണ്. അതിനുശേഷം,

"ഉചിതരസധിചാരേ ചാരുവാഗ്ദേവതാശ്രീ
കരകിസലയസംമൃഷ്ടശ്രമസ്വേദജാലം
അഹമഹമികയാവന്നത്ഛബ്ദപ്രവാഹം
ഭവതു വദനബിംബം പ്രീതയേ ശാങ്കരം മേ."

എന്നു പറഞ്ഞിരിക്കുന്നതു മഴമംഗലംനമ്പൂരിയെ ഉദ്ദേശിച്ചാണെന്നു തോന്നുന്നു. മഴമംഗലംനമ്പൂരിയുടെ പേർ ശങ്കരൻ എന്നായിരുന്നു എന്ന് അദ്ദേഹത്തിന്റെ മുഹൂർത്തപദവിയുടെ 'ബാലശങ്കരം' എന്ന പേരായ വ്യാഖ്യാനത്തിൽനിന്നും, 'ബാലശങ്കരം' എന്ന പേരായ കാലദീപവ്യാഖ്യാനത്തിൽനിന്നും അറിയുവാൻ സാധിക്കുന്നതാണ്.

"ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ മുഹൂർത്തപദവീവ്യാഖ്യാനേ പ്രഥമപരിച്ഛേദഃ സമാപ്തഃ" എന്നു മുഹൂർത്തപദവീവ്യാഖ്യാനത്തിലും "ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ ബാലശങ്കരനാമ്നി കാലദീപവ്യാഖ്യാനേ പ്രഥമോഽദ്ധ്യായഃ സമാപ്തഃ" എന്നു കാലദീപവ്യാഖ്യാനത്തിലും പറഞ്ഞുകാണുന്നതുകൊണ്ടു മഴമംഗലംനമ്പൂരിയുടെ പേർ ശങ്കരൻ എന്നുതന്നെ സിദ്ധിക്കുന്നു. അതിന്റെ കർത്താവു മഴമംഗലമാണെന്നുള്ളതിലേക്ക് ആ വ്യാഖ്യാനത്തിൽതന്നെ ആന്തരമായ പല തെളിവുകളും ഉണ്ട്.

ഇനി ജ്യോതിർഗ്ഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവും കാലദീപത്തിന്റെ കർത്താവും ആയ മഴമംഗലംതന്നെയൊ പ്രസിദ്ധകവിയായ മഴമംഗലം എന്നു ശങ്കിക്കുവാൻ അവകാശമില്ലെന്നില്ല. ആ ശങ്കയെ പരിഹരിക്കുന്നതിനു ചില യുക്തികളെ പറയാം. ഭാഷാനൈഷധചമ്പുവിൽ കവി ദമയന്തിയെ വർണ്ണിക്കുന്ന ഘട്ടത്തിൽ "ഭാസ്വതാ ഭൂഷാഗണേന, അമൃതമയേനാധരേണ, രക്തേന പാണിതലേന, സൌമ്യേന ശീലേന, ഗുരുണാ നിതംബേന, സിതേന ദശനേന, അസിതേന കൈശികേന ച ജ്യോതിർമ്മയീ വിരാജമാനാ" എന്നുള്ള ജ്യോതിഷപരമായ വർണ്ണനകൊണ്ടും ജ്യൌതിഷികന്മാരെ തന്റെ കൃതികളിൽ ഒന്നിലുംതന്നെ അപഹസിച്ചു കാണാത്തതുകൊണ്ടും ദമയന്തീസ്വയംവരത്തിനു മുഹൂർത്തം നിശ്ചയിക്കുന്ന വിഷയത്തിൽ കാണിച്ചിരിക്കുന്ന കൌശല്യംകൊണ്ടും മഴമംഗലംനമ്പൂരിമാർ രണ്ടുപേർ ഉണ്ടായിട്ടുള്ളതായി പ്രസിദ്ധിയില്ലാത്തതുകൊണ്ടും കവിയും ജ്യൌതിഷികനും ഒരാളെന്നുതന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു.

ഇവിടെ പരമേശ്വരപ്രിയശിഷ്യനെന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് അദ്ദേഹത്തിന്റെ ഗുരു പരമേശ്വരൻ എന്നു സിദ്ധിക്കുന്നു. ചെങ്ങന്നൂർ പ്രസിദ്ധജ്യൌതിഷികനായ വാഴമാവേലി പരമേശ്വരൻപോററിയുടെ പ്രിയശിഷ്യനായിരുന്നു മഴമംഗലത്തു ശങ്കരൻനമ്പൂരി. അദ്ദേഹം എഴുതിയിരിക്കുന്ന ബാലശങ്കരം വ്യാഖ്യാനാവസാനത്തിൽ 'എന്റെ വാഴമാവേലിക്കു നമസ്കാരം' എന്ന് എഴുതിക്കാണുന്നുണ്ട്. എന്നാൽ മഹാകവിയായ ഇദ്ദേഹത്തിന്റെ കാലം ഏതാണ്ട് എഴുനൂറിനടുത്തായിരുന്നു എന്നു കല്പിക്കുവാനുള്ള മാർഗ്ഗം മുൻപു കാണിച്ചിട്ടുണ്ടല്ലൊ. പ്രാചീനന്മാരായ കവികളുടെ പേരു മുമ്പു മുൻപു പറഞ്ഞിരിക്കുന്ന ചന്ദ്രോത്സവകർത്താവു മഴമംഗലത്തിന്റെ പേരു പറയുന്നതിന്റെ മുൻപു പുനത്തിന്റെ പേരു പറഞ്ഞിരിക്കുന്നതുകൊണ്ടു പുനം മഴമംഗലത്തു ശങ്കരൻനമ്പൂരിയെക്കാൾ പ്രാചീനനെന്നു തന്നെ സിദ്ധിക്കുന്നു.

ഉദ്ദണ്ഡശാസ്ത്രികളുടെ കൃതിയായ കോകിലസന്ദേശത്തിൽ കാണുന്ന

,,ദൃഷ്ട്വാ ദേവം പരിസരജുഷം ശംബരേ ബാലകൃഷ്ണം
ലോപാമുദ്രാസഖദിശകിതം ദിങ്മുഖം ഭൂഷയിഷ്യൻ
കോലാനേലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ.''

എന്ന പദ്യത്തിലെ ശങ്കരകവി 'കൃഷ്ണവിജയ' കാവ്യത്തിന്റെ കർത്താവായിരിക്കാം. മഴമംഗലത്തു ശങ്കരൻനമ്പൂരി ഉദ്ദണ്ഡശാസ്ത്രികളുടെ പിൻകാലത്തുണ്ടായ ആളായതുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് ഉദ്ദണ്ഡശാസ്ത്രികൾക്കു പറയുവാൻ സാധിക്കുന്നതല്ലല്ലൊ. മേൽ ഉദ്ധരിച്ച ശ്ലോകത്തിൽ ,,പ്രഥന്തേ' എന്ന ലട്ട് ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു ശങ്കരകവി ഉദ്ദണ്ഡശാസ്ത്രികളുടെ കാലത്തു ജീവിച്ചിരിക്കുന്നുണ്ടെന്നുതന്നെ സിദ്ധിക്കുന്നു.

,,ശ്രീശങ്കരേണ വിദുഷാ കവിസാർവ്വഭൌമേ-
നാനന്ദമന്ദഗതിനാ പുരതോ ഗതേന
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്യൈരവദ്യരഹിതൈരസവർണ്ണ്യമാനാ.''

എന്ന ചന്ദ്രോത്സവത്തിലെ പദ്യംകൊണ്ടു ശങ്കരകവി കൃഷ്ണവിജയം കാവ്യത്തിന്റെ കർത്താവെന്നു സിദ്ധിക്കുന്നു എന്തുകൊണ്ടെന്നാൽ ,,ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ' എന്നപ്രയോഗം ശ്രീകൃഷ്ണവിജയംകാവ്യത്തേക്കൂടി ധ്വനിപ്പിക്കുന്നതായി വിചാരിക്കാവുന്നതാണ്. അപ്പോൾ ഉദ്ദണ്ഡശാസ്ത്രികളും ചന്ദ്രോത്സവകർത്താവും പ്രസ്താവിച്ചിരിക്കുന്ന ശങ്കരകവി ഒരാളെന്നുതന്നെ വന്നുകൂടുന്നു.

ചന്ദ്രോത്സവകർത്താവു പുനത്തിന്റെ പില്ക്കാലത്തു ജീവിച്ചിരുന്ന കവിയായിരുന്നു എന്നല്ലൊ മുൻപു സാധിച്ചതു്. എന്നാൽ

,,മധുമൊഴി പുനമെന്നാ നൽക്കവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ
പകലിരവുവളർത്തി സ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരമ്പിതാ രാഘവാദ്യൈഃ.''

എന്ന പദ്യത്തിലെ ,,സ്തൂയമാനാപദാനാ'' എന്ന പ്രയോഗ

ത്തിൻെറ സാരസ്യത്തിന്ന ഭംഗം വരാതിരിക്കുവാനായി സിദ്ധാന്തി ക്കുന്ന മറെറാരു കൂട്ടരുടെ ശാഠ്യമോ അഭിലാഷമോ അനുസരിച്ച പുനംനമ്പൂരിയേയും ചന്ദ്രോത്സവകൎത്താവിനേയും സമകാലിക ന്മാരായിക്കല്പിച്ചാൽ തന്നേയും ദോഷമൊന്നും വരുവാനില്ല. എന്തുകൊണ്ടെന്നാൽ അതുനിമിത്തം ചന്ദ്രോത്സവകൎത്താവു കുറേ ക്കൂടി പ്രാചീനനായിത്തീരുമെന്നുള്ളതല്ലാതെ പുനംനമ്പൂരി കുറേ ക്കൂടി ആധുനികനായിത്തീരുവാൻ ചേന്നാസ്സ നമ്പൂരിയുടെ കാലം മുതലായതൊന്നും അനുവദിക്കുന്നതല്ല. ഈ അഭിപ്രായം സ്വീകാൎയ്യമായി വരുന്നപക്ഷം ശങ്കരകവി മുൻപ് ആശങ്കിച്ചതു പോലെ മഴമംഗലമായിരിക്കാമെന്നതിനുള്ള അവകാശം കേവലം നിരസ്തമായിത്തീരുന്നതാണ്.

ചന്ദ്രോത്സവകാരൻെറ രാഘവാദികളാരെല്ലാമാണെന്നൊ ന്നും സൂക്ഷ്മമായി അറിയാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ട് അവ രാരുംതന്നെ മേൽപറഞ്ഞ അഭിപ്രായത്തെ തല്ക്കാലം വിഘടി പ്പിക്കുന്നില്ല.

ഭരതചരിതം സംസ്കൃതകാവ്യത്തിന്നും ചന്ദ്രോത്സവത്തിന്നും ചില വിഷയങ്ങളിൽ ചില സാദൃശ്യം കാണുന്നുണ്ട്. ഭരത ചരിതം ഒരു കേരളകവിയുടെ കൃതിയാണെന്ന സ്ഥാപിക്കുവാൻ പ്രയാസമില്ല. എന്നാൽ അതിവിടെ സംഗതമല്ലാത്തതുകൊണ്ട് അതിന്നായി യത്നിക്കുന്നില്ല. ഭരതചരിതത്തിൻെറ ആദ്യം കവി കളെ അനുസ്മരിക്കുന്ന സമ്പ്രദായം ചന്ദ്രോത്സവകാരനും അനു കരിച്ചിരിക്കുന്നു.

„ആദേശികൌ പദ്യപഥോദ്ധൃതാനാം
രത്നാകരൌ സൂക്തിമഹാമണീനാം
സന്മാൎഗ്ഗസന്ദൎശനപുഷ്പവന്തൌ
വന്ദേ കവീനാം പ്രഥമൌ മുനീന്ദ്രൌ.''

എന്ന ഭരതചരിതത്തിൽ വാല്മീകിവ്യാസന്മാരെക്കുറിച്ച പറ ഞ്ഞിട്ടുള്ളതിനെ,

„അകതളിരിലുപാസേ പൂൎണ്ണപുണ്യപ്രവാഹൌ
കനമുടയ കവീനാമാദിമൌ സാൎവ്വഭൌമൌ

അഴകെഴുമനുകമ്പാവാരിധീ വിശപ്രഭാജാം
ഹൃദയതിമിരമാലാസൂര്യ്യചന്ദ്രൌ മുനീന്ദ്രൌ."

ഇപ്രകാരം ചന്ദ്രോത്സവത്തിൽ അനുവദിച്ചുകാണുന്നു.

ഇതിന്റെശേഷം ഭരതചരിതത്തിൽ,

"അസ്പൃഷ്ടദോഷാ നളിനീവ ഹൃഷ്ടാ
ഹാരാവലീവ ഗ്രഥിതാ ഗുണൌഘൈഃ
പ്രിയാങ്കപാളീവ വിമർദ്ദഹൃദ്യാ
ന കാളിദാസാദപരസ്യ വാണീ."

എന്നു കാളിദാസനെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനെ അനുസ്മരിച്ചു ചന്ദ്രോത്സവത്തിൽ,

"ധ്വനിഭിരമൃതബിന്ദുസ്യന്ദിഭിഃ പ്രീണയന്തീ
സഹൃദയമഭിരാമൈരന്വിതാ ഭാവഭേദൈഃ
സരസമുചിതശയ്യാമാശ്രിതാ വിശ്വലോകം
സുഖയതി സുകുമാരാ കാളിദാസസ്യ വാണീ."

എന്നവിധം സരസമായിപ്പറഞ്ഞിരിക്കുന്നു.

ഇപ്രകാരം തന്നെ ഭാരവി മുതലായ മററു ചില കവികളെ കൂടി രണ്ടു കവികളും പ്രശംസിച്ചുകാണുന്നു. ഇവിടെ ആരു് ആരെ അനുകരിച്ചതായിട്ടാണ് വിചാരിക്കേണ്ടതു്? ഭരതചരിത കർത്താവായ കൃഷ്ണകവി ചന്ദ്രോത്സവകർത്താവിനെക്കാൾ പ്രാചീന നാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഭരതചരതത്തിലെ

"ബിഭ്രാണഃ സമകരഭൂഷണാം ധരിത്രീ-
മാസീനാം ഫണിപതിവിഷ്ടരേ വിശാലാം
ദൈത്യാരേസ്തനുമിവ യോഗമാത്രസിദ്ധാം
രാജേന്ദ്രഃ സസുഖമുവാസ വാസവശ്രീഃ."

എന്ന അവസാനപദ്യത്തിലെ "ബിഭ്രാണഃ" എന്നതു ഗ്രന്ഥ നിർമ്മാണംചെയ്ത കൊല്ലവർഷത്തെക്കുറിക്കുന്നതായി വിചാരിക്കുന്ന തിനു "സമ" ശബ്ദം ഗമകമായിത്തീരുന്നതാണ്. ഇവിടെ സൂചനം മാത്രം നിർദ്ദിഷ്ടമായതുകൊണ്ടു വത്സരശബ്ദവാചിയായ

സമാശബ്ദത്തിന്റെ സ്ത്രീലിംഗത്വത്തിൽ കവികൾക്കു സാധാരണ വിവക്ഷകാണുന്നില്ല. അപ്പോൾ „ബിഭ്രാണ”എന്നതുകൊണ്ടു കൊല്ലവൎഷം ൬൨൩ എന്നു സിദ്ധിക്കുന്നു. കവി കേരളീയനായതുകൊണ്ടു മററു നിൎദ്ദേശങ്ങളില്ലാതിരിക്കുമ്പോൾ പറഞ്ഞിട്ടുള്ളതു കൊല്ലവൎഷമായിരിക്കുവാനെ തരമുള്ളു. അപ്പോൾ ഭരതചരിതകൎത്താവു കൊല്ലവൎഷം ൬൨൩-ാമാണ്ടു ജീവിച്ചിരുന്നതായി വിചാരിക്കണം. അതുകൊണ്ടു കൃഷ്ണകവി ചന്ദ്രോത്സവകാരനെക്കാൾ പ്രാചീനനെന്നും കൃഷ്ണകവിയെ ചന്ദ്രോത്സവകാരൻ ഏതാണ്ട് അനുകരിച്ചിട്ടുണ്ടെന്നും സിദ്ധിക്കുന്നു.

ഇങ്ങനെ ചന്ദ്രോത്സവകാരനെക്കുറിച്ച് ഒരു് അഭിപ്രായഗതിവന്നാലും മുൻപറഞ്ഞ പുനത്തിന്റെ കാലനിൎണ്ണയത്തിന്നു് ഇതു ബാധകമായിത്തീരുന്നതല്ല.

അതിനാൽ ചന്ദ്രോത്സവത്തിലെ 'ശങ്കരൻ' മേൽപറഞ്ഞ കൃഷ്ണവിജയകൎത്താവായ ശങ്കരകവിയാണെങ്കിൽതന്നെയും അതിലെ ശ്ലോകങ്ങളുടെ അനുക്രമംകൊണ്ടു പുനംനമ്പൂരി ശങ്കരകവിയുടെ സമകാലികനെന്നും സ്വല്പമെങ്കിലും പ്രായംകൂടിയ ആളായിരുന്നു എന്നും ഊഹിപ്പാൻ വഴികിട്ടുന്നു. അപ്പോൾ പുനംനമ്പൂരിയും, ഉദ്ദണ്ഡശാസ്ത്രികളും, ശങ്കരകവിയും, ചേന്നാസ്സുനംപൂരിയും സമകാലികന്മാരെന്നുതന്നെ വന്നുകൂടുന്നു.

ഈവക യുക്തികളെക്കൊണ്ടും ചേന്നാസ്സുനമ്പൂരിയുടെ കാലം നിൎണ്ണയിച്ചിട്ടുള്ളതുകൊണ്ടും മററും പുനംനമ്പൂരിയുടെ കാലം ഏകദേശം ൬൬൦-നും ൭൨൦-നും മദ്ധ്യേ എന്നു തന്നെ സിദ്ധിക്കുന്നു.

കൃഷ്ണഗാഥ എഴുതിട്ടുള്ളതു ചെറുശ്ശേരി തന്നെയാണ്. ചെറുശ്ശേരിയും ഈ പുനവും ഒരാൾതന്നെയെന്നു ചിലൎക്ക് അഭിപ്രായമുണ്ട്. ഒരിക്കലും ഈ അഭിപ്രായം ശരിയല്ല. ചെറുശ്ശേരിയുടെ കാലം ഏകദേശം ഭാഷാചരിത്രകൎത്താവു പറയുന്നതുപോലെയായിരിക്കാം. അതിൽ കുറെക്കൂടി പ്രാചീനഭാഷ കാണുന്നതു കവി ജീവിതംനയിച്ച ദേശഭേദംകൊണ്ടു വന്നിട്ടുള്ളതായിരിക്കണം. ഇക്കാലത്തും ദേശഭേദം അനുസരിച്ചു ഭാഷാശുദ്ധിക്കു കൂടുതൽകുറവു നാം കാണുന്നുണ്ടല്ലൊ.

പുനംനംപൂരിയുടെ കൃതികൾ ഏകദേശം കൊല്ലവൎഷം ൬൦൦-ാമാണ്ടിടക്ക് എഴുതീട്ടുള്ളവയാണെന്നും അവയ്ക്കു കേരളത്തിൽ അധികമായ പ്രചാരമുണ്ടായിരുന്നു എന്നും മേൽപറഞ്ഞ യുക്തികളെക്കൊണ്ടു സിദ്ധമായി എന്നുതന്നെ വിചാരിക്കുന്നു.

ഈ യുക്തികളെ ഖണ്ഡിക്കുന്നതിന് ഉദ്ദണ്ഡശാസ്ത്രികൾ എന്നു പേരുള്ളവർ ഒന്നിലധികം പേരുണ്ടായിരുന്നു എന്നും ചേന്നാസ്സുനമ്പൂരി എന്ന് ഐതിഹ്യത്തിൽ കേട്ടിട്ടുള്ള വിദ്വാൻ തന്ത്രസമുച്ചയകൎത്താവല്ലായിരുന്നു എന്നും മാനവേദൻരാജാവ് ആധുനികനാണെന്നും കൊച്ചി ശക്തൻതമ്പുരാൻ പ്രാചീനനല്ലെന്നും ശങ്കരകവി കൃഷ്ണവിജയകൎത്താവൊ മഴമംഗലമൊ അല്ലെന്നും മറ്റും അനേകം വാദങ്ങൾ പുറപ്പെട്ടുവിയ്ക്കാവുന്നതാണ്. എന്നാൽ അങ്ങനെ വരാവുന്ന ഒരു് അഭിപ്രായഗതിയെ ഇവിടെ വിഗണിച്ചിട്ടില്ലെന്നു മാത്രമേ ഇപ്പോൾ പ്രസ്താവിക്കേണ്ടതുള്ളു. ഭാഷാചരിത്രത്തിലെ കാലനിൎണ്ണയംതന്നെ സ്ഥാപിക്കണമെന്നു വിചാരിക്കുന്നവർ ഈ അഭിപ്രായങ്ങളെക്കൂടി ചിന്തിക്കേണ്ടതാണെങ്കിൽ അപ്രകാരം ചെയ്യുമെന്നോൎക്കുമ്പോൾ സ്വല്പം ചാരിതാൎത്ഥ്യത്തിന്നവകാശം സിദ്ധിക്കുന്നില്ലെന്നില്ല.

പുനംനമ്പൂരി എഴുതിയിരിക്കുന്ന സകലകൃതികളുടേയും ഒരു പട്ടിക ഇവിടെ കൊടുക്കാൻ സാധിക്കുന്നതല്ല. രാവണോദ്ഭവംമുതൽ ശ്രീരാമന്റെ സ്വൎഗ്ഗാരോഹണപൎയ്യന്തമുള്ള സകല രാമായണകഥകളേയും, ഭാരതകഥകളേയും അദ്ദേഹം ചമ്പുക്കളായി എഴുതീട്ടുണ്ട്. ഭാഗവതകഥാംശങ്ങളേയും ഇപ്രകാരം എഴുതിയിരിക്കാനിടയുണ്ടെന്ന് ഊഹിക്കാൻ ചില ലക്ഷ്യങ്ങൾ ഇല്ലാതില്ല. ഇവയ്ക്കുപുറമെ നാരായണീയം, രാജരത്നാവലീയം, ചെല്ലൂർനാഥോദയം മുതലായ അനേകം കഥകളേയും അദ്ദേഹംതന്നെ ചമ്പുക്കളായി എഴുതീട്ടുള്ളതായി വിചാരിക്കാവുന്നതാണ്. എന്നാൽ ചമ്പുകാവ്യങ്ങളെ മുഴുവനും അച്ചടിച്ചു പ്രസിദ്ധം ചെയ്യിട്ടില്ലാത്തതുകൊണ്ടും ആന്തരലക്ഷ്യങ്ങളെയെങ്കിലും അടിസ്ഥാനപ്പെടുത്തി അവയുടെ കൎത്തൃത്വത്തെ നിരൂപണം ചെയ്യുവാൻ സാധിക്കുന്നതല്ല.

VI

ഭാഷാദേവിയുടെ അമൂല്യാഭരണങ്ങൾ ചമ്പൂരത്നഖചിതമായിട്ടുള്ളവയാകുന്നു. അവ ആധുനികലോകത്തെ ആകൎഷിക്കാതെ വന്നിട്ടുണ്ടെങ്കിൽ കാലഗതികൊണ്ടു വന്നിട്ടുള്ള പരിഷ്കാരഭ്രമം നിമിത്തമാണു്. ആഭരണങ്ങളുടെ അഭാവത്വാപന്നമായ നഗ്നത്വത്തിൽ ജനാഭിരുചിയുണ്ടായതു ദാരിദ്ര്യദേവതയുടെ പരിപീഡനംനിമിത്തമാണെങ്കിലും, തണ്ടാർമാതിൻകടാക്ഷാഞ്ചലകുവലയമാലാവിലോലാഖിലാംഗന്മാരായിരിക്കുന്നവരാരുംതന്നെ അനൎഘരത്നഖചിതദിവ്യാഭരണങ്ങളെ തിരസ്കരിക്കുകയൊ നിഷ്കാസിക്കുകയൊ ചെയ്തിട്ടില്ലെന്നുള്ളതു സുവിദിതമായിട്ടുള്ളതാകുന്നു. പ്രചാരാഭാവംനിമിത്തം ഭണ്ഡാരത്തിൽ വച്ചു സൂക്ഷിച്ചുപോരുന്ന ചമ്പൂരത്നാഭരണങ്ങളെ തുടച്ചു മിനുക്കി പ്രകാശിപ്പിക്കുമ്പോൾ അവയുടെ ആനൎഘ്യത്തെ നോട്ടക്കാർക്കറിവാൻ സാധിക്കുന്നതാണെന്നുള്ള വിചാരം പ്രോത്സാഹജനകംതന്നെ. രുചിയുടെ വ്യത്യാസംനിമിത്തം ഭാഷാദേവി പണ്ഡിതവല്ലഭന്മാരുടെ പ്രീതിക്കുവേണ്ടി അവയെത്തന്നെ വീണ്ടുമണിഞ്ഞു ഉജ്ജ്വലമാഹാത്മ്യത്തോടുകൂടി [illegible]വളായിത്തീരുവാനും ഇടയുണ്ടു്. അതു ഭവിച്ചാലുമില്ലെങ്കിലും ചമ്പൂരത്നാഭരണങ്ങളുടെ ആനൎഘ്യത്തിനോ പ്രഭാവത്തിനോ കുറവില്ലെന്നുള്ളതുതന്നെ അത്യന്തം ആശ്വാസജനകമാകുന്നു.

„കൃതസ്യാഃ സ്യുഃ കുപരീക്ഷകൈൎന മണയോ
യൈരൎഘതഃ പാതിതാഃ."

എന്നാണല്ലൊ ആപ്തവാക്യം.

ആദൎശഗ്രന്ഥങ്ങൾ അഞ്ചെണ്ണം പരിശോധിച്ചു ശരിപ്പെടുത്തീട്ടുള്ളതാണു് പ്രസ്തുതപുസ്തകം. കുന്നത്തൂർ ചെറുപൊയ്കയിൽ ഭട്ടതിരി അവൎകളുടെ വകയായ പ്രാചീനഗ്രന്ഥമാകുന്നു ഒന്നാമത്തെ ആദൎശം. കിടങ്ങൂർ കുളങ്ങര സുബ്രഹ്മണ്യൻമൂത്തതവൎകളുടെ വകയായ ഗ്രന്ഥമാണു് രണ്ടാമത്തെ ആദൎശം. സ്വന്തം ആവശ്യത്തിലേക്കായി പകൎത്തിസൂക്ഷിച്ചിരുന്ന പുസ്തകം മൂന്നാമത്തെ ആദൎശം. വൈക്കം ആയാംകുടിപണ്ഡിതർ ഇ. വി. രാമൻനമ്പൂരി അവൎകളുടെ പ്രാചീനഗ്രന്ഥം നാലാമത്തെ ആദൎശം. കവിതിലകൻ ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവൎകൾ

എം. എ., ബി. എൽ. സദയം കൊടുത്തയിച്ചിട്ടുള്ളതും ശ്രീമാൻ ചിദംബരവാധ്യാർ അവർകൾ ബി. എ. പ്രസിദ്ധം ചെയ്തിട്ടുള്ള രാമായണചമ്പുക്കളുടെ മാതൃകയുമായ പ്രാചീനഗ്രന്ഥം അഞ്ചാമത്തെ ആദർശം. ഈ അഞ്ചു ഗ്രന്ഥങ്ങളും അഞ്ചുവിധത്തിലായിരുന്നു. ഇവയ്ക്കു പുറമെ ശ്രീമാൻ ചിദംബരവാധ്യാർ അവർകൾ ബി. എ. പ്രസിദ്ധപ്പെടുത്തീട്ടുള്ള രാമായണചമ്പുവിന്റെ ഉപയുക്തഭാഗങ്ങളെക്കൂടി ആദർശങ്ങളായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചിലതിൽ ചിലഭാഗങ്ങൾ കുറവായും മററുചിലതിൽ ചിലഭാഗങ്ങൾ കൂടുതലായും ചിലതിൽ ചിലഭാഗങ്ങളില്ലാതെയും മററു ചിലതിൽ വേറെ ചിലഭാഗങ്ങളില്ലാതെയുമാണു കണ്ടതു്. എല്ലാ ഗ്രന്ഥങ്ങളും ശരിയായിപ്പരിശോധിച്ചു വിട്ടുപോയ ഭാഗങ്ങളെ മററു ഗ്രന്ഥങ്ങളിൽനിന്നു ചേർത്തും പൊടിഞ്ഞുപോയ ഭാഗങ്ങളെ എഴുതിച്ചേർത്തും തെററുകളേയും അബദ്ധപ്രയോഗങ്ങളേയും തിരുത്തിയും ആനുപൂർവ്വികമായി ക്രമീകരണംചെയ്തു ശരിപ്പെടുത്തിയും അത്യാവശ്യമെന്നുതോന്നിയ ദിക്കുകളിലെല്ലാം ടിപ്പണി കൂടി എഴുതിച്ചേർത്തും രാമായണം ബാലകാണ്ഡത്തേ അച്ചടിപ്പിച്ചു ഈവിധം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧൦൮൬—൧൨—൨൦.

കെ. ശങ്കരമേനോൻ.

PROVEMENT ... COCHIN GOVERNMENT.

ഭാഷാരാമായണചമ്പു

ബാലകാണ്ഡം.

രാവണോദ്ഭവം.

൧

പാടീടായിന്ന രാഗം മുഹുരപി വളരും
ചാരുചെന്താരിൽമാതിൻ-
ഗാഢാശ്ലേഷേഷു മേന്മേലിടയിലിടയിലാ-
നന്ദമൂർച്ഛാം ദധാനം,
ആടീടും വൈജയന്തീസുരഭിലവിപുലോ-
രഃസ്ഥലം, ചിത്തകാമ്പിൽ-
ത്തേട്ടുന്നേനിന്ദുചൂഡാദിഭിരപി മനസാ
വന്ദനീയം മുകുന്ദം.

൨

ലോകാനാമേകനാഥം പദതളിരിൽ വണ-
ങ്ങും ജനാനാമശേഷാ-
മാകാംക്ഷാം പൂരയന്തം നയനശിഖിശിഖാ-
ലീഢചൂതായുധാംഗം,
ഏകീഭാവായ കുന്നിൻമകളെ നിജശരീ-
രാർദ്ധമായ്ച്ചേർത്തു ചേർത്തും
ഭോഗോന്മേഷം വളർക്കും വിബുധപരിവൃഢം
ചന്ദ്രചൂഡം ഭജേഥാഃ.

൩

വാരാന്നാസ്ഥാനരംഗേ വിരവിലിവിടെ വ-
ന്നിങ്ങനേ നമ്മിലെത്തു-
ന്നേരം തോഴാ! വിളങ്ങും മനസി മമ സഭാ
കമ്പിതേ വൻപ്രസാദം,

G. P. T. 1554. 1000. 18-12-101. B

ക്ഷീരാബ്ധൌ രാവണോപദ്രവവിവശതയാ
ചെന്നു നാരായണോക്തം
നേരേ കേൾക്കുംവിധൌ പണ്ടമരപരിഷദാ-
മുള്ളിലുണ്ടായപോലേ.

൪

പൊൽത്താർമാതിൻമുഖശ്രീമധുരിമ കണികാ-
ണ്ടീടുവാൻ യോഗനിദ്രാ-
മുദ്രാം കൈക്കൊണ്ടു മേളം തടവുമൊരു ഭുജം-
ഗേന്ദ്രപര്യംകരംഗേ
ദുഗ്ദ്ധാംഭോരാശിമദ്ധ്യേ വിധിഗിരിശമഹേ-
ന്ദ്രാദിവൃന്ദാരകൌഘം
നിത്യം നിത്യം വണങ്ങും ത്രിഭുവനപെരുമാൾ-
കാന്തിസീമാ സമിന്ധേ.

൫

ഗാഢം പാലാഴിമാതിൻകുളുർമുല തിരുമാ-
റത്തു ചേർത്താകുലത്വം-
കൂടാതേ ഭോഗിശയ്യാതലഭുവി സുഖമേ
യോഗനിദ്രോത്സുകാത്മാ
പ്രൌഢാഭോഗം കടാക്ഷാഞ്ചലപരിചലനം-
കൊണ്ടു പാരേഴുരണ്ടും
പാടേ പാലിച്ചുകൊണ്ടപ്പുരമപുരുഷന-
ദ്ധ്യാസ്തു ദുഗ്ദ്ധാംബുരാശിം.

൬

വൈകുണ്ഠൻതൻ പ്രഭാവങ്ങളുമതുലത ക-
യ്ക്കൊണ്ട വൈകുണ്ഠലോകേ
വാർകൊണ്ടീടും വിശേഷങ്ങളുമഹിവരപ-
ര്യങ്കവും പ്രൌഢിവായ്പും
മാഴ്കീടായിന്ന പാലാഴിയുമഴകിയ പ-
ക്ഷീന്ദ്രനും ഭക്തിഭാജാ-
മേകാന്താനന്ദവും ഗീതവുമിളകിന വാ-
ദ്യങ്ങളും വാഴ്ത്തവല്ലേൻ.

ഗദ്യം ൧.

പെരികെ വളൎന്നു വളൎക്ഷത തേടിന
കൈലാസാദ്രിപരംപരപോലെ
മേലേമേലേ പോന്നുയരുന്ന ത-
രംഗചയങ്ങളിലിടകലരുന്ന തി-
മിംഗലതിമിമുഖമകരാവലൂണ്ണുന-
ഘോഷാകൎണ്ണനബധിരദിശാഗജ-
വിധുരവിരാവൈരുലകു മുഴങ്ങെ
പ്രകൃതി പുഴങ്ങെ ത്രിഭുവനനൈരശ്-
ന്യക്ഷയരക്ഷാ ലക്ഷ്മീമാതും,
ജഗദഗദംകാരോത്തമനാകിയ-
ധന്വന്തരിയും, ചിന്തിതമേകിന
ചിന്താമണിയും, മിന്നും മണിതുകിൽ
പൂവാടയുമപ്പൊന്നും പൂത്ത സു-
രദ്രുമതതിയും, പാവനസുരഭില-
ചരിതാ സുരഭിയു,മമിതരസോത്തര-
മമൃതസ്യന്ദവു,മിത്തരമുള്ള പ-
ദാൎത്ഥങ്ങൾക്കൊരു മുഖ്യാകരമായ്
വിഖ്യാതശ്രീവിളയും മംഗള-
കലശപയോധൌ ജഗതീദീപേ
മഹതി ദ്വീപേ, മാലതിമല്ലിക
ചെങ്ങഴിനീരരയാമ്പലൊരാമ്പൽ ന-
റുന്താമരയും നൈതലശോകം
കൈത തുടങ്ങിന കുസുമവിശേഷം
തടവിത്തടവിത്തുളസീപരിമള-
മിടയിടമാനിച്ചുജ്ജ്വലമഹിമാ
മലയസമീരണനാണ്മനടിക്കു-
ന്നാരാമത്തിൽ തിറത്തൊട്ടലാവിന-
വാനോൎതരുവരപങ്ക്തികൾ മൂഴ്കും.
മരുവി മനോജ്ഞേ മദ്ധ്യവിഭാഗേ
സുരമുനിചാരണകിന്നരപന്നഗ-
യക്ഷപ്രമുഖനഭശ്ചരനിവഹമു-
പശ്രുതഗീതമുദീക്ഷിതനൃത്തമു-

ദഞ്ചിതകുതുകമുപാദ്ദതനമ്മവി-
ശേഷരസാന്തരമപ്പോഴപ്പോൾ.
കനകമഹാപഥവീഥീചത്വര-
വേദികൾതോറും നീളെ നടന്നും
ലോകാലോകഗിരീന്ദ്രനെ വെല്ലു-
ന്നാകാരങ്ങളിയന്ന സുവർണ്ണ-
പ്രാകാരങ്ങളിലോരോ പുറമേ
ഗോപുരനികരം പൊന്മയമായതിൽ
മദ്ധ്യേ മദ്ധ്യേ മണിമയഗോപുര-
മിടകലരുമ്മാറെന്തൊരപൂർവ്വം.
സേവാലൌല്യം കൈക്കൊണ്ടനിശമ-
കംപുക്കീട്ടും മഹിതമഹാജന-
മാനനചാതുരി ഞാൻ ഞാൻ വേണ്ടുവ-
തെന്നതിചഞ്ചലകഞ്ചുകികരഭുവി
മിന്നാം പൊന്നിൻചൂരക്കോലാ-
മചിരപ്രഭകൾ ചിരപ്രഭതാം പൂ-
ണ്ടധികമിടഞ്ഞു നഭോന്തമടഞ്ഞു പു-
കഴ്ത്താവല്ല പുരോത്തമവിഭവം.
വെണ്മാടങ്ങളിൽ നോക്കീട്ടഖിലോ
വെണ്മാടങ്ങളിൽ മുങ്ങും ഭുവനം
പൊന്മാടങ്ങൾ നിനയ്ക്കുന്നേരം
പൊന്മാടങ്ങളനേകം കാണാം
പവിഴപ്പന്തൽ ഗണിക്കുന്നേരം
പവിഴപ്പന്തലൊടുങ്ങിക്കൂടാ.
വിഹരണഗിരിഗണവീക്ഷണസമയേ
വിഹരണഗിരികളൊഴിഞ്ഞില്ലൊന്നും
മിന്നും നവനവ പൊന്നിൻകൊടിമര-
മെന്നും മംഗലസിംഹാസനവര-
മുകളിൽ വിളങ്ങും ഖഗകുലപെരുമാൾ
പക്ഷയുഗേന നഭഃസ്ഥലസീമനി
മിക്കവെളത്തൊരു കനകവിതാന-
ച്ഛായാങ്കണഭുവി മേവിന ഗൌതമ-
ഭാർഗ്ഗവകണ്വപുലസ്ത്യ വസിഷ്ഠാ-

ദ്ദൃഖിലമുനീശപരവദനസരോരുഹ-
വിഗളിതവൈദികഭണിതിവിശേഷേ
ചില പണിതീൎത്തവിശ്രുംഖലമോതിന-
പങ്കജസംഭവകരതലവിഹിതം
ഭുവനകടാഹം മുടിമണിപോലെ
തടവുമനന്തഫണാവലിയെന്നും
മുത്തുക്കുടകൾ നിരക്കെപ്പെരുകിന
സങ്കീൎത്തനരസസിന്ധൌ നീന്തി മ-
യങ്ങിന ഭക്തജനത്തിൻ പരമ-
സ്തുതികൾ ചെവിക്കൊണ്ടടിയിലുണൎന്നും
നിദ്രാമുദ്രാകൌതുകമാൎന്നും
വൈകുണ്ഠാഖ്യേ ലോകേ തെളിവനൊ-
ടാനന്ദാത്മാ വാണരുളീ പരി-
പൂൎണ്ണസമുജ്ജ്വലസച്ചിന്മയനാം
നാരായണനഥ നിരുപമധാമാ.

൬

ത്രൈലോക്യാധീശനേവംവിധമണിനഗരീ-
മാവസൻ ദേവനന്നു
ന്നാലോക്യാലോക്യ പാപാൻ ഭ്രമയിതുമവതാ-
രങ്ങൾ കോലും ദശായാം
*മേലേ മേലേ തഴക്കും ഭുജബലമഹിമാ
ജാതവാൻ പോന്നൊരുന്നാൾ
നീലാംഭോജപ്രകാശോ ദശമുഖ ഇതി രാ-
ത്രിഞ്ചരേന്ദ്രോ ദുരാത്മാ.

൭

സാ കേകസീ മാല്യവതോ നിയോഗാ-
ല്ലബ്ധ്വാ മുനേവിശ്രവസഃ പ്രസാദം
ശോകാന്ധകാരോൽക്കരതീക്ഷ്ണഭാനും
പ്രാസൂത തം പുഷ്ടബലം കുമാരം.

---

* 'ചേലാൎന്നീടും പുലസ്ത്യാത്മജമുനികൃപയാ കേകസീസൂനരാസീൽ.'
(എന്ന പാഠാന്തരം).

൯

*അന്യോന്യാലോകിതൈരാതാവസുരസുരഗുരു
ഛായാഗജ്ഞകോപയാതൈ
മേഷേ പൂഷാ സപൂഷോ വിധുരഥ സസുതഃ
കുംഭസംസ്ഥേ ച മന്ദേ
ലഗ്നേ മാന്ദിഃ കുളീരേ മകരജുഷി കുജേ
സൈംഹികേയേ തുലാസ്ഥേ
ദ്വാദശ്യാം കൃഷ്ണപക്ഷേ സമജനി ജഗതാം
രാവണോ ധൂമകേതുഃ.

൧൦

സോദര്യേണ വിഭീഷണേന സഹിതോ-
ഽസൌ കുംഭകർണ്ണേന ച
സ്വാതന്ത്ര്യേണ വനേ ജനിത്രിമടിയിൽ-
ത്താനേ കിടക്കും വിധൌ
മീതേ കണ്ടഥ പുഷ്പകേണ നടകൊ-
ണ്ടീടും ധനാധീശ്വരം
ഖേദാൽ കേകസിവാക്കുമശ്രുപരിഷി-
ക്താംഗസ്സമുത്തസ്ഥിവാൻ.

൧൧

‘മാതഃ കിമേത’,ദിതിവാദിനമാത്മസൂനും
പ്രോവാച സാ ‘തനയ! പശ്യ ധനേശ്വരസ്തേ
ഭ്രാതാ ത്വദീയനഗരീമപഹൃത്യ ലങ്കാം
യാതീദൃശസ്ത്വമിതി ഹാ! രുദിതാസ്മി-ശോകാൽ.’

൧൨

അഗ്രേ ചെവിക്കൊണ്ടു ഗിരം ജനിത്ര്യാ
ദുഃഖാകുലായാ വിപുലാഭിമാനഃ

---

* ആദിത്യനും ശുക്രനും മേടത്തിലും, ചന്ദ്രനും ബുധനും മീനത്തിലും, ചൊവ്വ മകരത്തിലും, വ്യാഴവും രാഹുവും തുലാത്തിലും, ശനി കുംഭത്തിലും, മാന്ദി കൎക്കടകത്തിലും നില്ക്കുന്നസമയം കൃഷ്ണപക്ഷദ്വാദശിയും രേവതിയുടെ അന്ത്യപാദവും കൂടുമ്പോൾ ഗണ്ഡാന്തസമയത്തു കൎക്കടകലഗ്നത്തിൽ ലോകോപദ്രവകാരിയായ രാവണൻ ഭൂജാതനായി.

“ഗണ്ഡാന്തസംഭവോ മൎത്ത്യഃ
പിതൃമാതൃകുലാന്തകഃ
യദി ജീവിതി ഭൂപാലോ
ഗജവാജിസമന്വിതഃ” (എന്നു പ്രമാണം).

ഉൽക്രൂലരോഷാരുണനേത്രചക്ര-
ശ്ചക്രേ സമിന്ധാനമദസ്സ സന്ധാം.

൨൩

"പ്രൌഢാടോപേന ലങ്കാമണിനഗരിയിൽ നി-
ന്നാട്ടിദ്ദൂരക്കളഞ്ഞ-
ന്നാടും വീടും വിഭൂതിപ്രചുരിമയുമശേ-
ഷം പറിച്ചെന്നവേണ്ടാ
പാടേ മൂന്നാളകത്തദ്ധനപരിവൃഢനെ-
ക്കൊണ്ടു ക്രൂക്രൂററിരപ്പി-
ച്ചീടായ്കിൽ കേൾക്ക രക്ഷഃകുലഭവനൊരു പൌ-
ലസ്ത്യനല്ലെന്നമേ ഞാൻ."

൨൪

മാഴ്കാത്ത മാനമഹിമാ സ ഹി മാതുരഗ്രേ
വേഗാദുദീര്യ്യ സമയം വിജയൈകചേതാഃ
സാകം ജഗാമ തപസേ നിജസോദരാഭ്യാം
ഗോകർണ്ണമുത്തരമുദിതചരബാഹുതേജാഃ.

൨൫

ഭക്ത്യാ വണങ്ങി ഘടിതാഞ്ജലിരഞ്ജസാ പ-
ക്ത്യന്തശ്ശുദ്ധമതിരത്ര ശുഭേ പ്രദേശേ
പ്രത്യക്ഷയന്നഖിലനായകമാത്മനാ ത-
മ്മൂശേന്ദുചൂഡമൊരുവാചമിവർണ്ണമൂചേ.

൨൬.

"ഗൌരീസൌഭാഗ്യരാശേ! ജയജയ തൊഴുതേ-
നമ്പിലെൻ തമ്പിരാനേ!
നേരേ വന്നിങ്ങു തൃക്കാലിണയിലടിമപ്പെ-
ക്കീടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
റ്റി പ്രഭോ! കാംക്ഷിതാർത്ഥ-
പ്പൂരാം വാരാകരത്തിന്മറുകരയൊടണ-
യ്ക്കേണമെൻ തമ്പിരാനേ!

൧൭

സ്വർഗ്ഗംഗാബാലചന്ദ്രാങ്കിതപിരിചിടയും
തീപ്പൊരിപ്പോരുമൂന്നാം-
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയ കാ-
കോളവും കണ്ടനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോ-
മാലയും മാറിലയ്യാ!
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല-
മ്പേണമെൻ തമ്പിരാനേ!

൧൮

വാമാലങ്കാരിവാമാങ്കവുമണികഴലും
ദേവദൈത്യാവതംസം
മാമാ! തൃക്കൈകളിൽത്തങ്ങിന വരമഭയം
മാൻകിശോരം കുഠാരം
വാർമേവും പന്നഗേന്ദ്രാഭരണമമലഭ-
സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂർണ്ണശോഭം മനസി മമ പുല-
മ്പേണമെൻ തമ്പിരാനേ!"

൧൯

പ്രാർത്ഥിച്ചിവണ്ണമുടനഞ്ജലിമാല മൌലൌ
ചാർത്തീ തദാ ദിനകരാഭിമുഖോ മഹാത്മാ
ആത്തോരുഭക്തിഭരമേകപദേന തന്നേ
ധാത്രീതലേ തെളിവിൽനിന്നു തപം തുടർന്നാൻ.

൨൦

*അഭിരശ്മിമാലി വിമലസ്യ
ധൃതജയധൃതേരനാശുഷഃ

---

* ഈ പദ്യം "ഉദ്ഗതാ" എന്ന വൃത്തമാകുന്നു, അതിന്റെ ലക്ഷണം.

സ ജ സാ ലിമേ സ ലഘുകേ
നസജഗുരുകേഷ്വഥോദ്ഗതാ
അംഘ്രിഗതഭനജലാ ഗയുതാഃ
സജസാജഗൌ ചരണമേകതഃ പഠേൽ

സ—ജ—സ—ല
ന—സ—ജ—ഗു
ഭ—ന—ജ—ല—ഗു
സ—ജ—സ—ജ—ഗു.

തസ്യ ഭുവി ബഹുതിഥാസ്തിഥയഃ
പരിജഗ്മുരേകചരണേന തിഷ്ഠതഃ.

൨൭

*യമനിയമാദികൾകൊണ്ടേ
വിമലതചേർത്തുൾക്കരുന്നിലനുവേലം
ശമിതമഹേന്ദ്രിയതുരഗ-
സ്തിമിതസമാധിസ്സമാസ്ത തപസേഽസൌ.

൨൮

ജിതാസനോ മീലിതലോചനാംബുജ-
സ്സദോജ്ജ്വലസ്സംയമിതാനിലക്രമഃ
വിധൌതനാഡീനിവഹോ മഹത്തപ-
സ്സ തപ്തവാൻ കേവലമാരുതാശനഃ.

൨൯

ഉത്ഥാപ്യ മൂലശിഖിമൂലമസൌ †സുഷുമ്നാ-
മദ്ധ്യാദ്ധ്വനാ ദ്രുഹിണരന്ധ്രമുരുപ്രകാശം
വിസ്താര്യ വിഷപഗമൂഖൈഃ പരമാത്മചന്ദ്ര-
ന്ദ്രസ്തൈസ്തദാന്തരനഭസ്ഥലമഭ്യഷിഞ്ചൽ.

* "പൂർവ്വം ശമോ ദമഃ പശ്ചാ-
ദാസനം തു തൃതീയകം
പ്രാണായാമശ്ചതുർത്ഥോഽത്ര
പ്രത്യാഹാരസ്തു പഞ്ചമഃ.
ധാരണാതഃപരം ധ്യാനം
സപ്തമം തൽപരം പുനഃ
സമാധിരേവമംഗാനി
യോഗസ്യോക്താനി സൂരിഭിഃ." (എന്നു യോഗശാസ്ത്രം)

† "സുഷുമ്നാഖ്യാ മഹാനാഡീ
ദേഹമദ്ധ്യേ പ്രതിഷ്ഠിതാ
അന്തസ്സുഷിരസമ്പന്നാ
വേണുകാണ്ഡാവദുത്ഥിതാ.
ഗുദാത്തു ദ്വ്യംഗുലാദൂർദ്ധ്വം
മേഢ്രാത്തു ദ്വ്യംഗുലാദധഃ
മൂലേ വ്യുച്ഛിന്നവംശാഭം
തന്മുഖം സുപ്രതിഷ്ഠിതം
ത്രികോണദേഹമദ്ധ്യം തൻ-
മൂലാധാരം വിദുർബുധാഃ."
(എന്നു യോഗശാസ്ത്രം).

൨൪

ദീപ്തിസ്തദന്തരഥ കാചന മൂലപത്മാൽ
പ്രോത്ഥായ ദന്തുരിതമദ്ധ്യമനാഡിരന്ധ്രാ
ആദ്വാദശാന്തമപി രാജതദണ്ഡഗർഭ-
പ്രോദ്യന്മഹാരജതദണ്ഡനിഭാ ബഭാസേ.

൨൫

ആകാശകേവലഗൃഹോ ജലവാഹകാലേ
സാകാംക്ഷമേവ ശിശിര സലിലാവഗാഹീ
ആകീർണ്ണപഞ്ചശിഖിമദ്ധ്യഗതശ്ച ഘർമ്മേ
ലോകാദ്ഭുതാന്യഥ തപാംസി ചചാര സോഽയം.

൨൬

മുഹൂരാന്തരചക്ഷുഷാ ഗിരീശം
ബഹിരന്തശ്ച നിറഞ്ഞു കാങ്കെകൊണ്ടേ
ദ്രുഹിണാദിതൃണാന്തമിപ്രപഞ്ചം
നിഖിലം കേവലം ശിവരൂപമായ് പുലമ്പീ.

൨൭

ഇക്കാണായ വനങ്ങളും ഗിരിശിഖാ
കൂടങ്ങളും വല്ലരീ-
വൃക്ഷൌഘങ്ങളുമീ മൃഗങ്ങളുമൊരോ
മററുള്ള ജന്തുക്കളും
അഗ്രേ കണ്ടതശേഷവും പരശിവൻ
തന്നേ ശിവാദന്യഥാ
ന കാപി സ്ഫുടമൊന്നുമേ ശിവമയം
ത്രൈലോക്യമെപ്പേരുമേ.

൨൮

ഞാനത്രേ ശശിചൂഡനായതു കനൽ-
ക്കണ്ണും മദീയാളികേ
ഞാനത്രേ ശിതികന്ധരൻ പരശുതാ-
നെൻകയ്യിലും സാമ്പ്രതം
ഞാനത്രേ ശിവനെന്നെന്നുടലിതെ-
ല്ലാമേ ശിവാദ്ഭിന്നമെ-
ന്നാനന്ദത്തൊടുറച്ചിതാത്മനി ദൃഢം
പത്യുന്നിശാചാരിണാം.

൨൯

സതതമപി മനീഷാബിംബിതം ധാമ ശൈവം
പ്രഥിതരുചി പുറത്തുടിങ്ങു കത്തുന്നപോലെ
അതിശയിതതപസ്യാരീതികൊണ്ടേററമേററം
പ്രസരദതുലതേജോരാശി ജജ്വാല സോഽയം.

൩൦

അത്യന്തം വിസ്മയിച്ചു മുനിജനമരികെ-
ക്കണ്ടു ഘോരം തപസ്യാ
വിസ്താരം ദേവതാനാമിടനില മനകാ-
മ്പിന്നു തട്ടീ നിഗൂഢം
എത്തീ സംഭ്രാന്തി മുപ്പാരിനുമവശതരം
തോഴ! സാക്ഷാൽ ത്രിലോകി-
ഭർത്താ പ്രത്യക്ഷനായീലതുപൊഴുതു പുരാ-
രാതിതാനൊന്നുകൊണ്ടും.

൩൧

അപ്രസേദുഷി തദാ വൃഷധ്വജേ
തത്ര വഹ്നിവലയേ ഭൃശോജ്ജ്വലേ
പ്രസ്തുവൻ വദനപങ്കജാഹുതിം
ചന്ദ്രഹാസമസിമാദദേ രുഷാ.

൩൨

വേണീബന്ധാൻ വലിച്ചങ്ങുദിതരസമിടം-
കൈകൾകൊണ്ടാത്തമൂർദ്ധ-
ശ്രേണീം നേരാക്കി ദീപ്താസിഭിരിനിയ വലം-
കൈത്തലൈരത്യുദാരം
താനേ തൻകണ്ഠകാണ്ഡപ്രഹരണസമയേ
കൈവളർത്തു വിശേഷി-
ച്ചാനന്ദം പത്തുവക്ത്രങ്ങളുമിരുപതു ഹ-
സ്തങ്ങളും വീരമൌലേഃ.

൩൩

പ്രൌഢാത്മാ കണ്ഠവാടീം ത്രുടിതഘനസിരാ
ബന്ധമാസ്കന്ധമൂലം
പാടേ ഛേക്കുംവിധൌ, വിസ്മയമഴകിതു ദ-
ക്ഷാരിയേ സാക്ഷിയുള്ളു;

വാടീലമ്മന്ദഹാസം നതിഫണിതികൾ തേ-
ടീലഹോ! ഗദ്ഗദത്വം
കോടീലാ ചില്ലിപോലും വദനദശകമേ-
കൈകമാസീൽ പ്രസന്നം.

൩൪

*നിസ്ത്രിംശപ്രതിബിംബിതോഽപി യദുരഃ-
കമ്പോ ന വീരവ്രത-
പ്രൌഢിസ്സേതി ന *ചന്ദ്രഹാസമധുനോൽ
കണ്ഠച്ഛിദാ കമ്മസു
യോ ജുഹ്വൻ സ്വശിരാംസി ശങ്കരപുരോ
ഹാകാരവൈരേണ ന
സ്വാഹാകാരമുദാജഹാര സദശ-
ഗ്രീവഃ കഥം കത്ഥ്യതേ.

൩൫

സോഷ്മൽകൃത്യ ഹൃതേഷു മൂർദ്ധസു ജവാ-
ദന്തഃസ്ഫുടിത്വാ ബഹി-
വ്യാകീർണ്ണേഷ്വളികേഷു ദിവ്യലിപിഭിർ
ദൃഷ്ട്വാപി രാമായണം
ചിത്തേനാസ്ഖലിതേന യസ്തദധികം
ബ്രഹ്മാണമപ്രീണയ-
†ദ്വീരോ നൈരൃതപുംഗവഃ കഥമസൌ
വീഥിം ഗിരാം ഗാഹതേ.

൩൬

പൃഥ്വീചക്രം ചകമ്പേ ഝടിതി ദശ ദിശോ
ഘോരവാതപ്രചാരാ-
സ്സപ്താംഭോരാശയസ്തേ ക്ഷുഭിതജലഭരാ
ദുഃസ്ഥിതാ ഗോത്രശൈലാഃ

---

* "ഖഡ്ഗേ തു നിസ്ത്രിംശ-
ചന്ദ്രഹാസാസിരിഷ്ടയഃ." (ഇത്യമരഃ).

† "തസ്മൈ കഃ പ്രഥമായ മാനിഷു കഥാം വീരായ വൈരായതേ."
(എന്നു പാഠാന്തരം).

ഛിത്വാ മൂർദ്ധ്നോ നവാപി സ്വയമഥ ദശമം
　　ഛേത്തുമുദ്യച്ഛമാനേ
രക്ഷോനാഥേ ക്ഷണേന ത്രിജഗതി കില ക-
　　ല്പാവസാനഭ്രമോഽഭൂൽ.

൩൭

പങ്ക്തിഗ്രീവേ തദാനീം നിജദശമശിര-
　　ശ്ഛേദനായാത്തശസ്ത്രേ
സന്തപ്താസ്തത്ര സന്ത്രസ്തസുരവശധിയോ
　　ലോകപാലാസ്സമസ്താഃ
കിംച പ്രോദ്ദാമതൽസാഹസസമുദിതസം-
　　ഭ്രാന്തിസന്തോഷലോല-
സ്വാന്തോഽത്യന്താസഹിഷ്ണുസ്സമജനി ഭഗവാൻ
　　പാർവ്വതീപ്രാണനാഥഃ.

൩൮

പ്രാദുർഭൂയ പുരസ്തദാ സ ഭഗവാൻ
　　"മാ മാ കൃഥാഃ സാഹസം
ഭോ ഭോ വത്സ! ശിരാംസി സന്ദധതു തേ
　　ലങ്കേശ്വരേ"ത്യാലപൻ
സദ്യഃ പാടിതകണ്ടകീകസകണാ-
　　കീർണ്ണാം തദംസസ്ഥലീം
സ്വേനേഭാജിനപല്ലവേന മുദിതഃ
　　പ്രാസ്ഫോടയദ്ധൂർജ്ജടിഃ.

൩൯

മാനാദ്ധ്മാതഃ കൃതഭ്രൂയഃ പ്രരൂഢ-
　　ശ്രീമന്മൂർദ്ധശ്രേണിവിഭ്രാജമാനഃ
സ്ത്രീമദ്ധ്വാംഗേ വഞ്ചയിത്വാ സുഖേന
　　പ്രീതശ്ശംഭോരേകപാദേ പപാത.

൪൦

പഞ്ചാനാം പാവകാനാമപി മഹസി തപോ
　　ദുശ്ചരം യശ്ചരിത്വാ
*പ്രച്ഛിത്വാ കണ്ഠമാലാം പഥി ഭവതി ദ്വശോഃ
　　പാർവ്വതീപ്രാണനാഥേ

---

* സമാസേഽനഞ്പൂർവ്വേ ക്ത്വോ ല്യപ്.' എന്ന സൂത്രപ്രകാരം 'പ്രഛിദ്യ' എന്നു വേണം

ആവിർഭൂതേഷു വക്ത്രേഷ്വമരവരസഭേ*
യോഷിദിത്യദ്രികന്യാം
ന പ്രാണംസീൽ സ വാചാം കഥമിഹ വിഷയം
ഗാഹതേ നൈരൃതേന്ദ്രഃ.

൪൧

സന്തുഷ്ടേ ത്രിസ്രുണാം പുരാമപി രിപൌ
കണ്ഡൂലദോർമ്മണ്ഡല-
ക്രീഡാകൃഷ്ടപുനഃപ്രരൂഢശിരസോ
വീരസ്യ ലിപ്സോർവ്വരം
യാച്ഞാദൈന്യപരാഞ്ചി രാക്ഷസപതേ-
ശ്ചിത്രം! മിഥസ്ത്വം വൃണു
ത്വം വൃണ്വിത്യഭിതോ മുഖാനി കലഹാ-
യന്തേ സ്മ തസ്മിൻ ക്ഷണേ.

൪൨

ലബ്ധ്വാ മുഗ്ദ്ധേന്ദുചൂഡാഭരണകരുണയാ
വിശ്വലോകോദയശ്രീ-
വിദ്ധ്വംസായോത്തരംഗം വരമുദിതമദോ-
ദ്രേകനിന്നിദ്രചേതാഃ
നിദ്രാവൈകുണ്ഠസേവാമയവരയുഗളീ-
വഞ്ചിതൌ സ്വാനുജൌ തൌ
ധിക്കുർവന്നുഗ്രതേജാ ഭയചകിതധനേശോ-
ജ്ഝിതാം പ്രാപ ലങ്കാം.

൪൩

ലങ്കാപുരീമുപഗതം ഗിരിജാസഹായ-
കാരുണ്യലബ്ധവരഗർവ്വിതമേകവീരം
ആകർണ്യ രാവണമശേഷനിശാചരാസ്തേ
പാതാളഗാസ്സമുപതസ്ഥുരുദസ്തഖേദാഃ.

൪൪

ദത്വാ സ്വസാരമഥ ശൂർപ്പണഖാം സ വിദ്യു-
ജ്ജിഹ്വായ വിഹ്വലിതവിഷ്ടപചക്രവാളഃ

* 'സഭാരാജാമനുഷ്യപൂർവ്വാ.' എന്ന സൂത്രംകൊണ്ടു നപുംസകത്വം.

മണ്ഡോദരീം പ്രിയതമാമുപഭുഞ്ജമാനോ*
ലങ്കാപുരേऽരമത രാക്ഷസചക്രവർത്തീ.

൪൫

പഞ്ചിക്കെട്ടെന്നപോലേ രജതശിഖരിണം
പാണിപത്മേ വിലാസം
തഞ്ചിക്കയ്ക്കൊണ്ടു പത്തൻപത്തുമറികളിയ-
മ്മാനയാട്ടും ദശാസ്യം
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞാകുലതരമചല-
പ്പുത്രിതൽ പുൽകി പ്രസാദീ
കഞ്ചത്താർബാണവൈരീ വരമരുളിന ലം-
കേശപരന്നാരുമൊവ്വാ.

൪൬

ജവേന ചലിതേ ഗിരൌ ഝടിതി വീതകോപോദയാ
ചകാര ജഗദീശിതുസ്സമുപേത്യ കണ്ഠഗ്രഹം
†തദാത്വഭയസംഭ്രമശ്ലഥിതരത്നകാഞ്ചീഗുണാ-
വലംബിതദുകൂലസംവൃതനിതംബബിംബാംബികാ.

൪൭

സമ്പൂർണ്ണത്വേനതന്നേ സതതമുദിതനാ-
കേണമേണാങ്ക,നക്ക-
ന്നംഭോജന്മങ്ങളെങ്ങും വിരിവതിനു പരം
ചൂട്ടുകൂടാതെവണ്ണം,
വൻപാൽ പൂന്തെന്നൽ ബന്ദീകൃതവിബുധവധൂ-
നീവികമ്പേന മുൻപേ
സംഭാവ്യാത്മാ തദങ്കേ വിഹൃതിമകൃത ല-
ങ്കേശപരന്നാരുമൊവ്വാ.

൪൮

നിശാന്തനാരീപരിധാനധൂനന-
സ്ഫുടാഗസാപ്യൂരുഷു ലോലചക്ഷുഷഃ
പ്രിയേണ തസ്യാനപരാധബാധിതാഃ
പ്രകമ്പനേനാനുചകമ്പിരേ സുരാഃ.

---

* 'ഉപഭുഞ്ജാനഃ' എന്നല്ലേ സാധാരണപ്രയോഗം?

† 'തത്കാലസ്തു തദാത്വം സ്യാത്'—(ഇത്യമരഃ).

൪൯

ഭീരുസ്വാന്തോ മഹേന്ദ്രൻ കഴലിണപണിവാൻ
ഗോപുരം കാത്തുനില്ക്കു-
ന്നോരേക്കണ്ടും പറഞ്ഞും പലവഴിയിലിര-
ന്നീടിലും, കാങ്ക പാപം!
ഘോരം ഭ്രൂവല്ലികൊണ്ടങ്ങവരൊടിടയിടെ-
ത്തല്ലുകൊണ്ടാനകണ്ഠ
ച്ചൂരക്കോൽകൊണ്ടുകൊള്ളുംപരിചു ജഗതി ല-
ങ്കേശ്വരന്നാരുമൊവ്വാ.

൫൦

തദ്ദ്വാരപാലൈർമ്മണിദണ്ഡഹസ്തൈഃ
കിരീടകോടീഷു കൃതപ്രഹാരാഃ
കൈങ്കര്യ്യസിദ്ധ്യൈ കമലാസനാദ്യാ
നാകൗകസോ നാവസരം ലഭന്തേ.

൫൧

രക്ഷോനാഥാ! ജയേതി പ്രണമനവുമിയ-
ന്നന്തിയാംനേരമേ വ-
ന്നൽക്കുലോല്ലാസിരത്നപ്രഭയിലുലകിടം
മുങ്ങുമാറങ്ങുപാന്തേ
അർക്കാലോകാവസാനേ നിരവിൽ നിലവിള-
ക്കങ്ങു വയ്ക്കുന്നപോലേ
നില്ക്കേണം ച്ചൂഴമെട്ടും ഫണിവരരിഹ ല-
ങ്കേശ്വരന്നാരുമൊവ്വാ.

൫൨

വാനോരെപ്പോരിൽമണ്ടിച്ചിടയിലുടനുടൻ
കൊണ്ടുപോന്നാത്തപുഷ്പോ-
ദ്യാനേ മണ്ഡോദരീദൃഷ്ടികൾ മദമണിവാൻ
നട്ടു നട്ടൂഢശോഭം
ഊനാപായം വളൎന്നീടിന കനകലതാ-
വാടി പാടേ നനപ്പാൻ
താനേപോന്നും വരേണം ത്രിദശതടിനി ല-
ങ്കേശ്വരന്നാരുമൊവ്വാ.

ഗദ്യം ൨.

അഥ കൈകസീസുകൃതവിഷതരുവിഷപദ്രീചീനമൂലനാരാചേന, പുലസ്ത്യമുനിതപസ്യാപ്രദീപകജ്ജളകന്ദളേന, പ്രമഥപതിപ്രസാദതപനതാപനശക്തിസർവ്വസ്വേന, മന്ദീകൃതമഹേന്ദ്രേണ, ബന്ദീകൃതസുരസുന്ദരീകചബന്ധസൌഗന്ധ്യവാസിതകരതലാന്ദോളിതചന്ദ്രഹാസധാരാസമുത്ഥിതകീർത്തികന്ദളീകബളനാദ്ധസ്ഥിതദിശാചക്രവാളേന, വഹ്നിമപി നിഹ്നവാനേന, ദണ്ഡിനമപി ദണ്ഡയതാ, പ്രചേതസമപി വിചേതീകുർവ്വതാ, രുദ്രാനപി വിദ്രാവയതാ, വസൂനപ്യവസൂകൃതവതാ, ചന്ദ്രമപി നിന്ദതാ, രവിമപി രാവയതാ, വിദ്രാവ്യമാണവിദ്യാധരേണ, ഗന്ധർവ്വഗർവ്വസർവ്വംകഷേണ, കിംപുരുഷകുടുംബകമ്പനലമ്പടേന, യക്ഷഃകുലപ്രക്ഷോഭണദക്ഷിണകൌക്ഷേയകോൽക്ഷേപേണ, കിന്നരനികരഖിന്നതാവദാന്യസന്നാഹേന, സിദ്ധജനചിത്താരുന്തുദനിരന്ധ്രരഥനേമിനിർഘോഷേണ, ഗ്രഹഗളഗ്രഹവ്യഗ്രനിരർഗ്ഗളവിക്രമേണ, കാലരുദ്രധുരന്ധരേണ, ദശകന്ധരേണ സമാക്രാന്തേഷു സകലലോകേഷു, മരുപയ്യായേ മേരൌ, കലിതസന്ത്രാസേ കൈലാസേ, ഭഗ്നകന്ദരേ മന്ദരേ, *സത്രുശ്ശൂന്ന്യേ പാരിയാത്രകേ, സഹ്യേതരപീഡ്യേ സഹ്യേ, സമ്പ്രാപ്തവിലയേ മലയേ, ഘൂർണ്ണിതാനി താമ്രവർണ്ണീഗർഭഗതോയാനി, ചൂർണ്ണിതാനി ചൂർണ്ണീകല്ലോലജാതാനി, കബളിതപ്രായാനി കാവേരീജലാനി, കലുഷിതാ കളിന്ദകന്യാ, പ്രാപ്തഭംഗാ ഗംഗാ, കുശലേതരാഃ കോസലാഃ, മോഹശാലിനോ ഹേഹയാഃ, വ്യാകുലാഃ കേകയാഃ, സംഹൃതകളകളാഃ സിംഹളാഃ, മാനഹാനിവന്ധ്യാ മഗധാ, നിഷിദ്ധമര്യാദാ നിഷധാ, വിസ്മൃതനിദ്രാസുഖാ മദ്രാഃ, കലഹപ്രാപ്തഭംഗാഃ കലിംഗാഃ, തുരംഗഭംഗസങ്കുലാസ്ഥലിംഗാഃ, രക്ഷോരവഭീരുകർണ്ണപുടാഃ കർണ്ണാടാഃ, വന്ധ്യനൃത്തരംഗാഃ വംഗാഃ, ജളതാനിചോളാശ്ചോളാഃ, ഭീതിതരളാഃ കേരളാഃ, പരിഹൃതതാണ്ഡവാഃ പാണ്ഡ്യാഃ കിംബഹുനാ സർവ്വത്ര സദൈവ ചതുർദ്ദശഭുവനേഽപി വിനമ്രാ ധരാ, നിവൃത്താ വിദ്യാ, വിരതാനി സുരതാനി, സ്വാഹാകാരം വിനാ ഹാഹാകാര ഏവ കേവലമാവിരാസീൽ.

* 'സത്രപ്രശൂന്ന്യ പാരിയാത്രകേ' (പാഠാന്തരം).

൧൩

സ്വർഗ്ഗം ദുർഗ്ഗം ത്രിദശനിവഹൈര-
മ്മേദിനീം ഖേദിനീം താം
ശൈലാൻ ലോലാൻ ഭയതരളതാ-
ഭാഗിനോ ഭോഗിനോഽപി
കിം നാനോകൈതസ്സകലമയഥാ
വസ്തുപതിർദ്രാഗപാതാനീ-
ദ്ദോരാഘാതപ്രസഭചലിതൈ-
രാവണോ രാവണോഽസൌ.

൧൪

എവം ഭൂതേ പ്രപഞ്ചേ ഭയപരവശരാ-
യങ്ങുമിങ്ങും കിടക്കും-
ദേവവ്രാതങ്ങളിന്ദ്രാദികൾ വിധിഗിരിശ-
ന്മാരൊട്ടുംകൂടി മെല്ലെ
ദേവാനാം ദേവമംഭോരുഹനയനമഥാ-
ലോകിതും കൌതുകത്താൽ
കൈവല്യശ്രീകളിക്കും കലശജലനിധിം
നോക്കി നേരേ നടന്നാർ.

൧൫

ചക്രപാണിതിരുമാറിൽവാണ തുളസീസു-
ഗന്ധഭരവും മഹാ-
ലക്ഷ്മിതൻകുളർമുലക്കണിഞ്ഞ മൃഗനാഭി-
സൌരഭവുമാവഹൻ
മുഗ്ദ്ധപാൽക്കടൽത്തരംഗമാലയിലിറങ്ങി-
വന്ന മൃദുമാരുതൻ
തൽക്ഷണേന സുഖമാംചകാര സുരപുംഗ-
വാനസുരപീഡിതാൻ.

൧൬

മന്ദമന്ദമണിതെന്നൽ വന്നവഴി നോക്കി
നോക്കിയണയും വിധൌ
മുന്നിലങ്ങു കരുതീടിനാരിനി പാൽപ
യോധിമമരേശരാഃ

നന്നു പുണ്യ,മതിലും മുകുന്ദതിരുമാറിൽ
മിന്നി നവസൂര്യനോ-
ടൊന്നിനൊന്നു പിശകുന്ന കൌസ്തുഭമഹാമ-
ണിപ്രഭയുമഞ്ജസാ.

൧൭

ഏലാപരിഷ്വംഗലസത്തമാലം
വേലാധിരൂഢസ്ഖലദൂർമ്മിമാലം
പ്രൈക്ഷന്ത ദേവാ മനസോഽനുകൂലം
പയഃപയോധേരചിരേണ കൂലം.

൧൮

പാരമമ്പിന പെരുമ്പറധ്വനിയെ വിഷ്ണു-
ലോകഹരിണീദൃശാം
ചാരുഗീതനിനദങ്ങളോടിടകലർന്നു
കേട്ടുമഥ ദേവതാഃ
ക്ഷീരസാഗരതരംഗവാതപരിപൂർയ്യ-
മാണകരപാഞ്ചജ-
ന്യാരവം ഘുമുഘുമെന്നു കേട്ടുമധികപ്ര-
മോദമുപലേഭിരേ.

൧൯

ക്ഷീരസിന്ധുവിലനന്തനായ വളർമെത്ത
സീമനി രമാമുല-
ക്കോരകം തഴുകി യോഗനിദ്രയൊടു പള്ളി-
കൊണ്ട പരപൂരുഷം
ദൂരവേ സപദി കണ്ടനേരമതിഭക്തി-
പൂണ്ടു കരകുഡ്മളം
ചാരുമൌലിയിൽ നിധായ ദീർഘമവനൌ നി-
പേതുരമരേശ്വരാഃ.

൨൦

*വണങ്ങി വിബുധാളിചെന്നളവു പത്മനാഭൻ തെളി-
ഞ്ഞുണർന്നു കണികണ്ടിതമ്മലർവധൂമുഖാംഭോരുഹം

---

* "തേ ച പ്രാപുരുദന്വന്തം
ബുബുധേ ചാദിപൂരുഷഃ
അവ്യാക്ഷേപോ ഭവിഷ്യന്ത്യാഃ
കാര്യസിദ്ധേർഹി ലക്ഷണം."
എന്ന രഘുവംശശ്ലോകത്തെ അനുകരിച്ചിരിക്കുന്നു.

അനന്യപരരാസ്ഥിളങ്ങുമഭിഗമ്യലോകാനൂണാം
മനീഷിതഫലാപ്തിയെ പ്രകടയന്തി തേ ഭാവിനീ.

൩൧

ആരാൽ കാണായിതപ്പോളമരപരിഷദാ-
മാത്തിയെച്ചെന്നു കാണു-
ന്നേരം തന്നേ ശമിപ്പിച്ചരുളുമൊരു മഹാ-
പ്രാഭവത്തിൻനിധാനം
പാരീരേഴും ഭരിപ്പാൻ പുരികലതികയാ-
ക്ഷീണദീക്ഷം കനക്കും-
കാരുണ്യത്തിന്നധീനേക്ഷണമഭിമതക-
ല്പദ്രുമം പദ്മനാഭം.

൩൨

ഉന്നമ്രേ പന്നഗാധീശ്വരമണിതളിമേ
ചെററെഴുന്നേററിരുന്ന-
മ്മിന്നും മന്ദസ്മിതംകൊണ്ടമരമുനികളെ-
പ്പേത്തുമാനന്ദയന്തം
തന്നുള്ളിൽ പ്രേമമേറ്റും മലരിൽമകൾകണ-
ക്കത്തിനെത്താങ്ങിനില്ക്കും.
പൊന്നിൻകാഞ്ചീഗുണത്തെക്കരകമലതലം-
കൊണ്ടു സംഭാവയന്തം.

൩൩

പ്രാജ്യാഭോഗം വിളങ്ങീടിന നവനവപീ-
താംബരപ്രൌഢികൊണ്ടേ
പാശ്വേ പാടേ പടന്നോരിളവെയിലിളകു-
ന്നഞ്ജനാദ്രീന്ദ്രതുല്യം
സ്വേച്ഛാബീജം ചരസ്ഥാവരമയമഖിലം
വിശ്വചക്രം വിറക്കു-
ന്നൌജസ്വ്യാത്മാനമാത്മജ്ഞതതടവിന യോ-
ഗീശ്വരൈരാശ്രിതാംഘ്രിം.

൩൪

നാളീകനേത്രനെ വണങ്ങി വണങ്ങി വാനോർ-
പാളീ വിരിഞ്ചപുരശാസനവാസവാദ്യാ

മേലേ നിറഞ്ഞ പദഭക്തിരസേന മേലേ-
മേലേ പുകഴ്ന്നിതു ഗിരാ പരമം പുമാംസം.

൩൫

“നാരായണായ നളിനായതലോചനായ
നാമാവശേഷിതമഹാബലിവൈഭവായ
നാനാചരാചരവിധായകജന്മദേശ
നാഭീപുടായ പുരുഷായ നമഃ പരസ്മൈ.

൩൬

തൊഴുകരമിത പോററീ! പുത്തനായ് പോന്നപൊങ്ങും
മഴമുകിലൊടു ചുങ്കം വാങ്ങുമുത്തുംഗമൂർത്തേ!
തെളിവൊടു തിരുവുള്ളം വന്നു തിക്കിക്കിടക്കും-
മിഴിമുനയരുൾ, ഞങ്ങൾക്കാശ്രയം നിൻപദാന്തം.

൩൭

ഉലകിടമിതശേഷം പെററുപാലിച്ചൊടുക്കും-
കളികലരുമമേയപ്രാഭവന്തം ഭവന്തം
മലർമകളൊടുസാൎദ്ധം മുൻപിലദ്ധ്യക്ഷയന്തോ
നലമൊടു ചരിതാൎത്ഥാ ഹന്ത! നാം തമ്പിരാനേ!

൩൮

പരിചരണപരാണാം ദേവ! ഞങ്ങൾക്കിദാനീ-
മരുളുക കരുണാബ്ധേ! കാൽക്ഷണം വീക്ഷണാന്തം
ശരണമിതൊരുനാളും നീയൊഴിഞ്ഞില്ല പോററീ!
ചരണസരസിജേ വീണാശ്രയാമോ നികാമം.

൩൯

ഇച്ഛാജ്ഞാനക്രിയാശക്തികളൊടു കളിയും-
പൂണ്ടു വിശ്വം ചമച്ചും
നിശ്ശേഷം കാത്തുമിന്നിപ്രളയദശയിൽ നാ-
സ്തിത്വവും ചേൎത്തു നീണാൾ
സ്വച്ഛാത്മാവായ് വിളങ്ങീടിന പരമസുഖോ-
ദ്യോതമേ! മുൻപിൽ നേരേ
പശ്യന്തോ നിന്നെ വിശ്വംഭര! വരദ! കൃതാ-
ൎത്ഥാ വയം തമ്പിരാനേ!”

൧൦

ഇത്ഥം പുകണ്ണും വിധിശംഭുശക്രാ-
ദ്ദ്യുത്തംസരത്നാംശുപിശംഗിതാംഘ്രേഃ
ഉദ്യോഗഭാജാ വചനായ മന്ദ-
സ്മിത്യാ മുകുന്ദന്റ മുഖം വിളങ്ങീ.

൧൧

തിരുവുള്ളമഴിഞ്ഞുകൊണ്ടു തസ്മാ-
ലരുളപ്പാടിതി നാമ സന്ദധാനാ
ഒരു തേൻകണികാ സമേത്യ താനേ
പെരുമാറി സുരലോകകണ്ണരന്ധ്രേ.

൧൨

മേളന്താവുന്ന തൂവെൺമുറുവൽ തുണയുമായ്
ബാലവെൺചാമരാളീ-
മോലക്കംപൂണ്ടു വീശിച്ചുഴലെ നിറമെഴും
വിഷ്ണുലോകാംഗനാനാം
കോലപ്പൊൻകങ്കണാനാം നിനദമണികരാ-
ഗ്രേണ ഭംഗ്യാ വിലക്കി
ത്രൈലോക്യാധീശനുദ്യൽസ്മിതമധുരമുഖോ
ധാതൃമുഖ്യാൻ ബഭാഷേ.

൧൩

„ജയ പുരഹര ശംഭോ! വേധസേ സൌഖ്യമല്ലീ?
ദയയൊടുലകു ദേവാധീശ! കാക്കുന്നതല്ലീ?
നയമിയലിന വിണ്ണോർവീരർ വേഗേന ജന്യേ
ജയമസുരരൊടെത്തുന്നേരമെത്തുന്നതല്ലീ?

൧൪

അപി കുശലമമർത്ത്യാസ്സാംപ്രതം സ്വാഗതം വ-
സ്സുമിതദനുജദംഭാ കിന്നു ദംഭോളികേളിഃ?
അപി ധിഷണമനീഷാനിർമ്മിതാ നീതിമാർഗ്ഗാ-
സ്ത്രിദശനഗരയോഗക്ഷേമകൃത്യേ ക്ഷമന്തേ.”

൧൫

മധുരാമിതി ഭാരതീം ഗഭീരാം
മധുവിദ്വേഷി മുദാ പറഞ്ഞനേരം
ചതുരാനനനാദദേ തദാനീം
പ്രതിവാചം ത്രിദശൌഘചിത്തവേദീ.

൧൬

"കല്യാണങ്ങളൊഴിഞ്ഞു കൈവരുവത-
ല്ലസ്മാകമെപ്പോഴുമേ
ഫുല്ലാംഭോരുഹസോദരം തവ പദാം
ഭോജം നമസ്കുർവ്വതാം
മല്ലാർ പൂമകൾതൻ മനോമധുകര
പ്പൂന്താമരേ! സങ്കടം
ചൊല്ലാമെങ്കിലുമേകനാഥ! വിദുഷാ
നിന്നാലനുശ്രൂയതാം.

൧൭

ചണ്ഡാത്മാ ദശകണ്ഠനെന്നൊരു മഹാ
രാത്രിഞ്ചരേന്ദ്രൻ പിറ-
ന്നുണ്ടായ്വന്നിതു സാമ്പ്രതം ത്രിഭുവന-
ത്രാസായ സന്നാഹവാൻ
കണ്ടാൽ മണ്ടിയൊളിക്കവേ ച വിബുധാ-
നാം നിത്യമെല്ലാരെയും
കണ്ടാലും നിതരാം മെലിഞ്ഞു മദവും
വേർമാഞ്ഞു ദീനാനനാൻ.

൧൮

പറിച്ചുപോയീ പദമൈന്ദ്രമാത്താ-
ലിരക്ഷമാറായിതു ഖേചരൌഘം
ഹരിൽപ്രഭൃണാം പിണയുന്നിതിപ്പോൾ
മരിപ്പുകോലാത മരിപ്പുതന്നെ.

൧൯

യാഗപ്രസംഗേ ഭുവനേ ച മാഴ്കി
പ്രാകിക്കിടക്കുന്നിതു വിപ്രസംഘം
വൈകൃത്യഘോരാകൃതിയായ രക്ഷോ-
ലോകഢചനിത്രാസസമാകുലാശം.

൨൦

ചില കുറി പിശിതാശരാജക്രുദ്ധ-
ചഞ്ചലമഹിമാ ഭുവി പോന്നുവന്നകാണേയ്
തലമുടിപിടിപെട്ടിഴയ്ക്കുമല്ലോ!
വലരിപുമാനിനിമാരെ ലങ്കയോളം.

വൃ ഫ

ഓരോതരത്തിൽ കളിയായിതയ്യോ!
നേരേ ദശഗ്രീവനിയോഗഭാജാം
വൈരാഗ്യമേന്തുന്ന മുനീശ്വരാണാം
നീരുക്കൾ മുട്ടിച്ചു നടക്കതന്നെ.

വൃ വ

കേൾക്കേണം തമ്പിരാനേ! ചരിതമിതുദശ-
ഗ്രീവനെക്കൊണ്ടു ഞങ്ങൾ-
ക്കാക്കം പോക്കില്ലൊരോരോ പദവികൾ പഴുകി-
തായിതിപ്പോളശേഷം
ആർക്കുള്ളു ഞങ്ങളെന്നുള്ളതുമവനറിയു-
ന്നീല മാപാപി നീളെ-
പ്പാക്കുന്നോനിന്നമസ്മാൻ പെരുകിന കരുണാ-
സദ്മമേ! പദ്മനാഭാ!

വൃ ന

സുത്രാമാ തത്ര പാത്രം വിതരതി, ദഹനൻ
പാചകൻ, ദണ്ഡധാരീ
കുത്തിക്കോൽവാൻ, മുറിപ്പാൻ നിരൃതി, കഴുകുവാൻ
പാശധാരീ ജലാത്മാ,
ഉദ്യാനേ പൂവറുപ്പാൻ പവന,നറുതുറ-
ന്നീടുവാൻ വിത്തപാലൻ,
ചൊൽക്കൊള്ളും ഗോപുരം കാപ്പതിനഴകെഴുമീ-
ശാനനാശാന്തചേതാഃ.

വൃ ർ

തണ്ടുകൽ പാട്ടുപാടും മുനിവരനധുനാ
നാരദന്നംഗനാനാം
കണ്ടിക്കാർക്കുന്തൽ ചിക്കുന്നിതു ബത! പരിപൂ-
ർണ്ണേന്ദു മന്ദാക്ഷധാരീ
കൊണ്ടാടേണം വസന്താദികളിരുപുറവും
നിന്നു കൈക്കൂപ്പി മേളം
തണ്ടും പൊൽത്താമരപ്പൂ പുലരിയിൽ വിരിയി-
ക്കണമാരോഗ്യദാതാ.

വൃ ൫

ആസന്ധ്യം കണ്ട കല്ലും മരവുമുടനിഴ-
ക്കേണമൈരാവതം ചെ-
ന്നാതുംഗം വാജിരത്നം പുതിയപൊതി ചുമ-
ന്നീടുവാനുദ്ധഖേദം
നാൾതോറും നാകനാരീജനമടിതളിച്ചെ-
യ്തീടുവാൻ ചാടിഴപ്പാ-
നയ്യാ യാമ്യം പെരുംപോത്തലമിഹ വചനാ-
ഡംബരം തമ്പിരാനേ!

വൃ ൬

പരിക്കന്ത കണ്ടോരൊട്ടു ജഗതി ഭണ്ഡാരമൊരുവ-
ന്നിരക്കുന്നീലെങ്ങും നിശിചരസമൂഹൈരപഹൃതം
പരിക്ഷാമാ ധൎമ്മാ നിഗമകഥയും മാഞ്ഞിതധുനാ
പരക്കെച്ചൊല്ലേണ്ടാ പരവശമിദം പശ്യ ഭുവനം."

വൃ ൭

ഇതി വദതി വിധൌ വിഷാദമെല്ലാം
മതിമതിയെന്നുടനേ പരിസ്ഫുരന്തീ
മധുമഥനമുഖാരവിന്ദമദ്ധ്യാ-
ദുദിതവതീ കില കാപി വാങ്മതല്ലീ.

വൃ ൮

"ഖേദിച്ചീടായ്ക ദേവാസ്സകലമിതുധരി-
ച്ചേൻ ദശഗ്രീവനിമ്മ-
യ്യാദൌഘം നിങ്ങളോടല്പഖിലവുമവനെ-
ന്നോടു ചെയ്തു ഹതാത്മാ
ത്രാസം കൈവിട്ടിദാനീം വിരവൊടു സുഖമേ
ഗമ്യതാം വൈകിയാതെ
പോർതിങ്ങും പങ്ക്തികണ്ഠാനപയമറുതിപെട്ട-
പ്പൻ വികല്പംവിനാ ഞാൻ.

വൃ ൯

നൂനം ഞാനുണ്മ ചൊല്ലുന്നിതു ദശമുഖദു-
ശ്ചേഷ്ടിതം മാററുവാൻ ഞാൻ-
താനങ്ങായത്തനായോരളവു വരവു നി-
ങ്ങൾക്കു മംഗല്യഭാജാം;

സാനന്ദം പോയ്പിറപ്പേൻ ദശരഥസുതനായ്
  നാലുമൂന്നാളിലിപ്പോൾ
വാനോരെല്ലാം പിറന്നീടുക വിവിധതപൂ-
  ണ്ടനപായേ വാനരാണാം."

൯൦

ഹൃദ്യാം വാണീമിവണ്ണം തെളിവിനൊടരുളി-
  ച്ചെയ്തു മെല്ലേ മറഞ്ഞു
പൊൽത്താരിൽത്തയ്യലാളാം നളിനിയിൽ **വിളയാ-**
  ടുന്ന ശൃംഗാരഭൃംഗം;
ഭക്ത്യാ വന്ദിച്ചു നേരേ സ ഹി സുരഗണവും
  പങ്ക്തികണ്ഠാഭിഭൂതിം
ചിത്തേ നിധ്യായ നഷ്ടാം, നിജനിജഭവനം
  പ്രാപ്യ മോദിച്ചിരുന്നു.

രാവണോൽഭവം സമാപ്തം.

കേരള സാഹിത്യ അക്കാദമി

രാമാവതാരം.

൧

*ശ്രീമേവീടുന്ന വീരാസനവടിവു കലർ-
  ന്നാസ്ഥിതം, ജാനുഭാഗേ
വാമം വിന്യസ്യ ഹസ്താംബുജമിതരകരേ
  ബോധമുദ്രാം ദധാനം,
ആമോദാദപീക്ഷമാണം കരധൃതകമലാം
  മൈഥിലീം പാർശ്വസംസ്ഥാം,
കാമസ്മേരാഭം തൊഴുന്നേൻ കടകമകുടഹാ-
  രാദിഭൂഷം പുമാംസം.

---

* "ഏകം പാദമധഃ കൃത്വാ
  വിന്യസ്യോപരി ചേതരം
ഋജുകായോ വിശേദ്യോഗീ
  വീരാസനമിദം സ്മൃതം."

എന്നു വീരാസനലക്ഷണം.

"വീരാസനൈർധ്യാനജുഷാമൃഷീണാ-
  മമീ സമധ്യാസിതവേദിമധ്യാഃ
നിവാതനിഷ്കമ്പതയാ വിഭാന്തി
  യോഗാധിരൂഢാ ഇവ ശാഖിനോഽപി."

എന്നു കാളിദാസൻ.

൭

ത്രൈലോക്യത്തിന്ന പദ്മനാഭചരിതം
കർണ്ണാമൃതം മേല്ക്കുമേൽ
മാലോകൎക്കതിലും മനോഹരമഹോ!
രാമാവതാരോത്സവം
മാലാറീടുവതിന്നു പാൎക്കിലതു നീ
തോഴാ! ചെവിക്കൊൾക പൂ-
മാലാസൌരഭസാരമൻപൊടു മുക-
ക്കുംവൎണ്ണമാനന്ദനം.

൮

പ്രാദുർഭാവാ മുരാരേഃ കതികതി മഹിതാ-
സ്സന്തി ഹോ! കിന്തുമീഷു
ശ്രീരാമാഖ്യാവതാരോ ജയതി സുചരിതൈ-
ൎവ്വിശ്വമംഗല്യദായീ,
വക്രാന്തിക്ഷാന്തിസത്യപ്രഥിമവിനയഗാം-
ഭീൎയ്യസൌന്ദൎയ്യധൈൎയ്യ-
സ്ഥൈൎയ്യാദിഃ കാസ്യ വാ സംഭവതി ജനിഷു സം-
ഭൂയ ഭൂമാ ഗുണാനാം?

൯

കണ്ടാലോളം കൺകൾക്കും മണിഭവനമനോ-
ഹാരിണീ, രാജലക്ഷ്മീ-
കണ്ഠാശ്ലേഷം കലൎന്നുള്ളഖിലവസുമതീ-
പാലമാലാഭിരാമാ,
ഭണ്ഡാരംകൊണ്ടുപൂൎണ്ണാ, ഗജമദസുരഭീ-
ഭൂതശൃംഗാടകാ,* പ-
ണ്ടുണ്ടായീപോലയോദ്ധ്യാനഗരി പരിചിതാ¶
രാജധാനീ രഘൂണാം.

൧൦

ലോകാലോകോല്ലസൽഗോപുരഘനപരിഘാ-
ലംകൃതാ, ഭംഗികൈക്കൊ-
ണ്ടാകാശത്തോടുരുമ്മീടിന കനകമഹാ-
സാലമാലാഭിരാമാ,

* 'ശൃംഗാടകചതുഷ്പഥേ' (ഇത്യമരഃ).
¶ പരിചിതാ = പരിതശ്ചിതാ = നിബിഡാ.

ഏകാന്തേ രത്നഹർമ്മ്യങ്ങളിൽ നിജതരുണ-
ന്മാരുമായ് മാരകേളീ-
രാഗാലോലം കളിക്കും മധുരമൃഗദൃശാം
വിഭ്രമൈർഭാസമാനാ.

൬

മല്ലാർപൂങ്കാവിലയ്യാ! മൃദുലപവനനാമ-
റ്റൂയലാടിക്കളിക്കും
മല്ലാക്ഷീണാം മദോദഞ്ചിതസുരളിതസം-
ഗീതഭംഗീമനോജ്ഞാ,
ഉല്ലാസം പൂണ്ടു പൊന്നിൻകൊടിമരമുകളിൽ
കാററലച്ചംബുദാളീം
മെല്ലേ മെല്ലേ മുകയ്ക്കും കനകമയപതാ-
കാവലീലാളനീയാ.

൭

അസ്തി പ്രശസ്താ ജനലോചനാനാ-
മാനന്ദസന്ദായിഷു കോസലേഷു
ആജ്ഞാസമുത്സാരിതദാനവാനാം
രാജ്ഞാമയോദ്ധ്യേതി പുരീ രഘൂണാം.

൮

പദക്രമപ്രക്രമലബ്ധവർണ്ണാ
ജടാധരാ ജഹ്നസുതാകലാപാഃ
വിഭൂതിഭാജോ വൃഷഭാസിതാംഗാ
ദ്വിജോത്തമാ യത്ര ബഹുത്രിനേത്രാഃ. *

൯

സൌധാശ്ച യൌധാശ്ച സുധാമലാഭാഃ
കാന്താഘനാശ്ലേഷരസാനുവദീയാഃ,
കിന്തചാവസന്തി പ്രഥമേ വരാം ജ്യാ-
മാകൃഷ്യ നിഘ്നന്ത്യപരേ പരേഷാം.

* ബഹുത്രിണേത്രാഃ. ത്രിണേത്രസദൃശാഃ.
'വിശേഷാന്മപോബഹച്പുരസ്താത്തു' (ഇതി പാണിനിഃ).

൧൦

സന്നായകോൽകൃഷ്ടഗുണാ മഹാത്മാ
ലോകോത്തരാലംകൃതിരസ്തദോഷാ
വിശുദ്ധവർണ്ണാശ്രമഗുംഭിതാ യാ
ഹാരാവലീ കാവ്യകഥാഭിരാമാ.

൧൧

വെണ്മാടപ്പന്തി, ചന്ദ്രോദയമണിഭവനം,
തൂമണിക്കെട്ടൊരോരോ
പെൺമാൻനേർകണ്ണിമാർവീട, ലർവിശിഖമഹാ-
സ്ഥാന,മാനന്ദശാലാ
കൺമായത്തട്ടവട്ടത്തറകൾ, പരിമള-
പ്പന്തലെന്നേവമാദ്യൈ-
രമ്ലാനാ,നന്നയോദ്ധ്യാനഗരി മുഖരിതാ
ഗീതവാദിത്രഘോഷൈഃ.

ഗദ്യം ൧.

ഹരഹര! ശിവശിവ!! നാനാനഗരീ-
തിലകമയോദ്ധ്യാ നഗരിവിചാരേ,
ബഹുവിധരത്നസമൂഹംകൊണ്ടും
ജനപദമഹിളാചമയംകൊണ്ടും
കേളിവിനോദനമേളംകൊണ്ടും
പെരികിന പരിജനവിഭവംകൊണ്ടും
മേന്മേലോത്തു നിരസ്താതങ്കം
വലരിപുനഗരീം വാവായെന്നു പ-
ടയ്ക്കായ്ക്കൊണ്ടു വിളിക്കുംപോലേ
കാററേററുപരി കുലഞ്ഞിളകീടിന
കൊടിക്കുറകൾകൊണ്ടതിരമണീയം
പടപൊരുതോരോ വിജയപ്പേരി-
ട്ടെട്ടുദിഗന്തേ കേളിമുഴപ്പി-
ച്ചുച്ചരിനശ്രീപെരുമാറീടും
ചേകവരേക്കൊണ്ടതിഗംഭീരാ.
യൌവനപരിമളമദമിളകീടും-
തരുണികളും ചില തരുണന്മാരും

മന്ദസ്മിതവും മധുരാലാപവു-
മനുസരണങ്ങളുമകമലരഴികയു-
മവനുരമറികയുമവരവർ പറകയു-
മുപവനവിഹൃതിയുമകിലണിമുലമേ-
ലഭിരുചിപെരുകിയുമരുതരുതെന്നും
പുൽകാമെന്നും പുഷ്പശരന്നിത
ചെക്കോലെന്നും പൂമ്പൊടികൊണ്ടു വി-
തച്ചീടെന്നും പനിനീർകൊണ്ടു ത-
ളിച്ചീടെന്നും പൂന്തേൻപൊഴിയിൽ
പോകട്ടെന്നും പ്രൌഢവമിന്നല-
രമ്പനിതെന്നും പാവ്വണചന്ദ്രനു
തൊഴുകയെന്നും പറയുന്നേര-
ത്തന്യോന്യം ചില കലഹമിണക്കി വി-
മുക്തവിരോധമണഞ്ഞു പുണന്നും
പുരികുഴൽകൊണ്ടക്കാന്തനെ മൂടി-
പ്പുലരെപ്പുലരെപ്പൂണ്ടു കിടന്നും
മദനമഹോത്സവവിരതിയിൽ മാന-
ത്തമൃതാധരിമാർ മുലയിണയും വ-
ച്ചധരമധൂളീം ഝടിതി നുകന്നും
ദ്വിഗുണിതരതിബലമിളകീടും ചില
നരവിശേഷവിനോദമനോജ്ഞാ.
വെണ്മാടങ്ങളിലുന്മേഷത്തോ-
ടിടയിലമത്തും മാണിക്യോപല-
മഹസാ സഹസാ സന്ധ്യാസമയ-
ഭ്രാന്തിം കൈക്കൊണ്ടിണപിരിയും ചില
ചക്രാംഗാഹ്വയകരുണവിലാപവി-
ലോളിതമഹിതമനോഹരഭാഗാ.
നിത്യമിരുണ്ടുപുകഞ്ഞുണ്ടൊരിടം
വലരിപുമണിഗൃഹസുമധുരഭാസാ,
മെത്തും മദ്ധ്യാഹ്നഭ്രമമൊരിടം
ദിനകരകാന്തമണിദ്യുതിമഹസാ,
ശാരദശശധരബിംബംപോലെ
രജതസ്ഥലികൊണ്ടൊരിടം മധുരം,

ചൂടില്ലാതൊരു ചെങ്കനൽപോലെ
പവിഴക്കല്ലാൽ വിലസിതമൊരിടം,
പൈങ്കിളിമാല പറന്നകണക്കേ
മരതകരുചികൊണ്ടൊരിടം മധുരം.
ശിവശിവ! ശിവനേ! കുതിരപ്പന്തികൾ,
ചതുരംഗത്തള,മരശ്ശനികേതം,
പന്താട്ടത്തറ, സന്ധ്യാമന്ദിര-
മായുധശാലക,ളായാസപ്പുര,
ചന്ദനമന്ദിര,മിന്ദുശിലാലയ-
മാനപ്പന്തികൾ, ഭോജനശാലകൾ,
മാണിക്കത്തറ, മരതകമണ്ഡപ,-
മിന്ദ്രമണിക്കെ,ട്ടിന്ധനഗേഹം,
ബന്ധനഗേഹം,കനകക്കെട്ടുകൾ,
സഭ്യജനാനാം വിഹരണമന്ദിര-
മനവധിപലവുണ്ടങ്ങൊരുഭാഗേ.
ചന്തമിണങ്ങിന മന്ത്രിവരാണാം
മന്ത്രഗൃഹങ്ങളിതങ്ങൊരുഭാഗേ.
പാടവമേറ്റം നടവരസുരഭില-
നാടകശാലകളങ്ങൊരുഭാഗേ,
അഞ്ജനകുലഗിരിമഞ്ജിമ തിരളും
കുഞ്ജരപടലികളങ്ങൊരുഭാഗേ,
വാരിധിതിരകളൊടെതിരിടുമനുപമ-
വാജികദംബമിതങ്ങൊരുഭാഗേ,
നാലം പുകഴ്‌വാൻ കാലാൾപ്പടതൻ
കേളീസമരമിതങ്ങൊരുഭാഗേ,
ഭൂദേവാലയനിരകളിലിളകിന
വേദാഘോഷം കുഹചന ഭാഗേ,
സേവാവസരം പാർത്തുകിടക്കും
ഭൂപാലാവലി കുഹചന ഭാഗേ,
പാണ്ഡ്യമഹീപതിസൈന്യം കുഹചന,
കേരളകാഹളനിനദം കുഹചന,
ചോളമഹീപതിലാളിതമൊരിടം,
സിംഹളസേനാബൃംഹിതമൊരിടം,

സിന്ധുപുരന്ദരസുന്ദരമൊരിടം,
കർണ്ണാടദേശപുരമണ്ഡിതമൊരിടം,
അംഗകലിംഗതുലിംഗമഹാരാ-
ഷ്ട്രാധിപനിബിഡിതമായിട്ടൊരിടം,
മേന്മേലാശ്ചര്യാകരമത്രേ
പാൎക്കിലയോദ്ധ്യാനഗരി വിശേഷാൽ.

ഗദ്യം ൨.

പ്രശസ്തസുധാധവളൈഃ* ബൃഹൽകഥാരംഭൈരിവ സാലഭഞ്ജികോപശോഭിതൈഃ, വൃത്തൈരിവ സമാനവകക്രീഡിതൈഃ, കരിയൂഥൈരിവ സമത്തവാരണകൈഃ, ദാശസൈന്യൈരിവ സജാലകൈഃ, ബലിഭുവനൈരിവ സുതലസന്നിവേശൈഃ, വേശ്മഭിരുദ്ഭാസിതാ,—ഘനാഗമേനേവ ദർശിതാഖണ്ഡഘനവിഭ്രമേണ, വേലാതടേനേവ പ്രവാളമണിമണ്ഡനേന, ദേവാംഗനാജനേനേവ † ഇന്ദ്രാണീപരിചിതിവിദഗ്ദ്ധേന, ഗജേനേവ നവപല്ലവരുചിനാ, കോകിലേനേവ പരപുഷ്ടേന, ഭ്രമരേണേവ സുമേഷുലാളിതേന, ജലൌകസേവ രക്താകൃഷ്ടിനിപുണേന, യാജകേനേവ സുരതാൎത്ഥിനാ, മഹാനടബാഹുനേവ ബദ്ധഭുജംഗേന, ഗരുഡേനേവ വിലാസിഹൃദയതാപകരേണ, അന്ധകാസുരേണേവ § ശൂലാനാമുപരിഗതേന വേശ്യാജനേന ചാധിഷ്ഠിതാ.

ഗദ്യം ൩.

യസ്യാശ്ച വിശാലതയാ നാസ്തീവ ത്രിഭുവനം, ഉച്ചതയാ സൌധാനാം ലോഷ്ടകാ ഇവ ഗിരയഃ, രത്നബഹുലതയാപണാനാം

---

* ബൃഹൽകഥ, ഗുണാഢ്യൻ പൈശാചിഭാഷയിൽ നിൎമ്മിച്ചിട്ടുള്ള ഒരു മഹാകൃതി.

† 'ഇന്ദ്രാണീ കരണേ സ്ത്രീണാം
പൌലോമീസിന്ധുവാരയോഃ'.
(ഇതി മേദിനീ).

§ 'ശൂലോസ്ത്രീരോഗആയുധേ'
'മൃത്യുകേതനയോഗേഷു
ശൂലാ സ്യാൽ പണ്യയോഷിതി'.
(എന്നു മേദിനി).

ഗദ്യം ൪.

(ദണ്ഡകം).

തദനു മനുകുലാലംക്രിയാരത്നദീപാംകുരംനൽപ്രസാദം പുലമ്പീട്ടുമാലോകനംകൊണ്ടു രാജൻ സമാജ്ഞാപിതോ മാതൃലോകേന ശ്രദ്ധാതിശോകേന ഗാഢം *പരീരഭ്യ മന്ദം വിസൃഷ്ടോ വിശിഷ്ടാനുഭാവത്രിലോകീവരിഷ്ഠം വസിഷ്ഠം നമസ്കൃത്യ പാർവെല്ലുമൂർജ്ജസ്വി പോർവില്ലുമമ്പും കരേ ധാരയൻ വാരുലാവും മഹാലക്ഷ്മണോല്ലാസിനാ ലക്ഷ്മണേനാന്വിതോ നീളെ വാദിത്രഘോഷങ്ങൾ മേളിക്കയും രാജമാർഗ്ഗങ്ങളിൽ പട്ടുപാവാട മുക്താവിതാനങ്ങൾ പൊന്നിൻപറക്കോപ്പു മംഗല്യദീപങ്ങളെന്നിത്തരം വയ്ക്കയും തോരണശ്രേണി പൊന്നിൻകൊടിക്കൂറ ചേർന്നുന്നതം കേതുദണ്ഡോൽക്കരം പാട്ടുപാടേ നിവന്നെന്നുവേണ്ടാ ജയാശീർവ്വചോമംഗലപ്രക്രിയാബന്ധുരേ ചന്തമേറും പുരാഭ്യന്തരേ വിശ്വസർഗ്ഗാന്തരാപൂർവ്വശില്പിപ്രഭോർമ്മേദുരാനന്ദകാരുണ്യവാത്സല്യകല്ലോലിതസ്വാത്മനോവാച്ഛലാവിട്ടുമാശ്ചര്യവാരാന്നിധേർഗ്ഗാഥിപുത്രസ്യ പാർശ്വം പ്രമോദാഭിരാമാനനേന്ദുഃ സ രാമഃ സമാസേദിവാൻ.

൩൧

ലബ്ധ്വാ ശ്രീരാമചന്ദ്രം കഥമപി സഹ സൌ-
മിത്രിണാ ഗാഥിജന്മാ
നിസ്തന്ദ്രാനന്ദപാഥോധിയിൽ മുഴുകി മദി-
ക്കും †മനസ്കാരശാലീ
മെത്തീട്ടും മംഗലാശീർവ്വിതതിഭിരനുഗൃ-
ഹ്യാസ്ഥയാ യാത്രചൊല്ലി-
സ്വസ്ഥാത്മാ സംപ്രതസ്ഥേ സപദി പുരവരാൽ
സാധുവാദാഭിരാമാൽ.

൩൨

ധന്യശ്രീ വില്ലുമമ്പും കരതളിരിലെടു-
ത്തഞ്ജസാ കൌശികൻതൻ-
പിന്നാലേ രാമചന്ദ്രൻ നിജസഹജനൊടൊ-
ന്നിച്ചു പോകും ദശായാം

* പരിഷ്വജ്യ-എന്നായാൽ കൊള്ളാമെന്നു തോന്നുന്നു.
† 'ചിത്താഭോഗോ മനസ്കാരഃ' (ഇത്യമരം).

ഖിന്നത്വം മൂടിനിന്നന്നിഖിലപുരജനം
തത്ര കണ്ണെത്തുവോളം
മുന്നിൽ കണ്ടാസ്വദിച്ചു സുമധുരസുഷമാ-
കേളിരംഗം തടംഗം.

൩൭

മന്ദംമന്ദമമന്ദകൗതുകവശാൽ
പോകുന്നനേരം ക്ഷുധാ-
സന്തപ്തൗ രഘുനന്ദനൗ പരവശൗ
ദൃഷ്ട്വാ മുനിഗ്രാമണീഃ
*കുന്നിക്കും കൃപയാ ബലാമതിബലാം
തത്രോപദിശ്യ സ്വയം
ഖിന്നത്വം ബത! തീർത്തുപാർത്തമഹിമാ
ഭൂയഃ പ്രതസ്ഥേ വനം.

കേരള സാഹിത്യ അക്കാദമി

൩൮

"അമുഷ്മിൻ കാന്താരേ വിവൃതവദനാ ദൃക്പഥഗതാൻ
സമസ്താൻ സത്വൌഘാൻ കബളയതി കാചിന്നിശിചരീ
ഗമിക്കേണം മെല്ലെ"ന്നിതി മുനി ഭിയാ ചൊന്ന സമയേ
സുമിത്രാപുത്രോഽയം പ്രസഭമൊരു വിഷ്ഫാരമകരോൽ.

൩൯

വത്സജ്യാനിനദം നിശമ്യ നിതരാം
സുപ്താ സുകേതോസ്സുതാ
ബുദ്ധ്വാ ബുദ്ധിമതീ "കിമേതദിതി മേ
ഘോരേ വനേ ശ്രൂയതേ"
ഇത്ഥം ക്രോധവശാദതീവ വികൃതാ-
കാരാനനാ താടകാ
ഗർജ്ജന്തീ ഗഗനസ്പൃശാ കടുതര-
ധ്വാനേന ശീഘ്രോത്ഥിതാ.

---

* ക്ഷുൽപിപാസേ ന തേ രാമ!
ഭവിഷ്യേതേ നരോത്തമ!
ബലാമതിബലാം ചൈവ
പഠതഃ പഥി രാഘവ! (എന്നു രാമായണം).

൩൩

ജ്യാനിനാദമഭിഗൃഹ്ണതീ തയോഃ
പ്രാദുരാസ *ബഹുലക്ഷപാച് ഛവിഃ
താടകാ ചലകപാലകുണ്ഡലാ
†കാളികേവ നിബിഡാ വലാകിനീ.

൩൪

അക്കാന്താരാദ്ധ്വയാത്രാവിധിയിൽ നടുവിൽ നി-
ന്നുത്ഥിതം കേട്ടകാണ്ഡോ-
ദഗ്രം കോലാഹലം കഞ്ചന കൗശികസ്യ
തന്നന്തരാത്മാ നടുങ്ങീ
നീത്യാ പാഴ്ത്താടകായാ വരവിതു ദൃഢമെ-
ന്നോർത്തസൌ സംഭ്രമം പൂ-
ണ്ടാർത്ത്യാ ശ്രീരാമനോടദ്ഭുതനിധിയോടു ചിൽ-
ക്കാതലോടേവമൂചേ.

ഗദ്യം ൮

"മനുകുലതിലക! മനോഹര! രാഘവ!
താടക പോന്നു വരുന്നുണ്ടിപ്പോ
ളോടിവരുന്നിതു നിർണ്ണയമത്രേ.
കോടിയുഗാന്തിമവാത്യാഭീഷണ-
വിവലനദശയിൽക്കാൺക മരങ്ങൾ പ-
റിഞ്ഞു മുറിഞ്ഞും ജഗതിമറിഞ്ഞും
പൊടിധൂളും പോന്നുപരി നിറഞ്ഞും
കമ്പിതമല്ലോ? ഗിരിമുകളുംപോലും
മുൻപിലതല്ലോ കേസരികാസര-
കുംഭിവ്യാഘ്രവരാഹമൃഗാദ്യം
വനചരജന്തുകദംബമനേകമ-
കമ്പടിപോലേ ചൂഴമഴൽപ്പെ-
ട്ടലറിവരുന്നു കാണുക വീര!
വില്ലെടുവീര! വിലോകയ പുരതോ
ലക്ഷ്മണ! വിക്രമ! വീര്യവിചക്ഷണ-
താദിഗുണാകര! ശൂര! ഗൃഹാണ ക്രു-

* 'ബഹുലഃ കൃഷ്ണപക്ഷേ ച'
(ഇതി വിശ്വഃ).

† കാളികാ=മേഘപങ്ക്തിഃ.

പാണം വില്ലു കുലച്ചതു നൽകുക
രാമനു കാണായ് രാക്ഷസിതന്നേ,
ജന്തുസമൂഹാനന്തരിയാതേ
തച്ചും കൊന്നും പച്ചേ തിന്നും.

൩൨

നിമ്മജ്ജച്ചക്ഷുരന്തർഭ്രമിതകപിലിത-
ക്രൂരതാരാ,നഖാസ്ഥി-
ഗ്രന്ഥിം ദന്താന്തരാളഗ്രഥിതമവിരതം
ജിഹ്വയാ ഘട്ടയന്തീ
ധ്വാന്തേ/പി വ്യാത്തവക്ത്രജ്വലദനലശിഖാ-
ജജ്ജരേ വ്യക്തകമ്മാ
നിമ്മാന്തീ ഗൃദ്ധ്രരൌദ്രീം ദിവമുപരി പരി-
ക്രീഡതേ താടകേയം.

൩൪

രക്താഭ്യക്തോരുസൃക്കപ്രതികമ്പളവല-
ജ്ജാംഗലവ്യഗ്രതാലുഃ
ഫൂൽക്കാരൈഃ ഫുല്ലഗല്ലവ്യതികരഗുരുഭിഃ
കമ്പയന്തീ ജഗന്തി
അന്യോന്യനാഗ്രപാണിപ്രണയി ശവയുഗം
താടകാ താഡയന്തീ
സേയം ദ്രാഗ്ദഷ്ടദംഷ്ട്രാകഷണരണരണൽ-
കാരഭീമാഭ്യുപൈതി.

ഗദ്യം ൩.

കുടർമാലകളും തലയോട്ടുകളും
പലവെല്ലുകളും ഭൂഷണമാക്കി-
പ്പിണമിട്ടമടവിയൊടൊരുപടപിശകി-
ക്കാററത്തിളകും കല്ലും മുള്ളും
കുലുപിലെനെന്നു കലമ്പിച്ചെമ്പി-
ച്ചീട്ടും തലമുടി കാണ്മിനൊരില്ലി-
പ്പുട്ടിൻപരിചു നഭോന്തേ മുട്ടി
ക്കൊട്ടുമതഴയ്ക്കുമധമ്മമഹീപതി
കൊടിമരമാക്കും ഭ്രുകുടീകോടി ക-

റോരലലാടേ ഖണ്ഡതരാന്തക-
കരതലദണ്ഡം മദ്ധ്യിലൊതുങ്ങും
പിരികക്കൊടിയാമുരഗപ്രൌഢനി-
വന്നിരയാക്കാമുലകുകൾ മൂന്നും
വട്ടം പെരുകിന പൊട്ടക്കിണറൊട്ടു
പെട്ടന്നൊരു പടവെട്ടിപ്പട്ടുപരി-
വട്ടം കെട്ടിന നേത്രദ്വയമതി-
നുള്ളു ചുവന്നു മറഞ്ഞതിൽ മദ്ധ്യേ
കണ്മണി രണ്ടുപിരണ്ടു ഭയംകര-
മായ നിരീക്ഷണമയ്യോ പാപം,
കാലമഹാനലകട്ടകനൽപോലെ
കാകോളദ്രവവിഭവംപോലെ
യമഭടനെറിയും ഘനശിലപോലെ
കല്പാന്താൎക്കനുദിക്കുംപോലെ
കാണ്മ വരുന്നതു കെല്പില്ലേതും
കണ്ടു സഹിപ്പാൻ ഗിരിഗുഹ തോല്ക്കും
നാസികകണ്ടാൽ നിശ്വാസോച്ഛ്വാ
സങ്ങൾ പിണഞ്ഞതിൽ മാനം കലകള്ളു
മുള്ളിൽപുക്കങ്ങലറീടുന്നു.
കരതലനിഹതമദാന്ധഗജാധിപ-
മുണ്ഡം കൊണ്ടൊരു കുണ്ഡലവും കാൺ
പീതച്ഛൎദ്ദിതശോണിതധാരാ
ത്രുഷിതദംഷ്ട്രകൾ കൊണ്ടു കരാളം
ഭീഷണതാമയഭൂഷണമണിയും
വദനം കാണ്മ പിളൎന്നു വരുന്നു
മുഴമുഴുവെല്ലും പല്ലും വലിയൊരു
കഴുവൊട്ടു തുല്യം നാസിക കാണ്മിൻ.
വൻപു തുടൎന്നു കരിമ്പനപോലും
മുൻപുകൊടുക്കും ദോൎദ്ദണ്ഡം കാ-
ണത്ഭുതമേകം ഭക്ഷിതമനുജ-
ക്ഷതജത്ധരീനവകാശ്മീരജരസ-
കല്പിതമാം മുലരണ്ടിനമൊപ്പാ
പൊന്മലയേക്കാൾ വന്മലയുണ്ടോ

കൂടർമാലകൾകൊണ്ടുടഞ്ഞൊന്നിതു കാൺ.
ആയിരമിളവരിയാനകൾ കൂട്ടം
കെട്ടിത്തിക്കും പൊഴുതുമിവൾക്കു ബ-
ലക്ഷയമില്ലെന്നറിക രാമോത്തമ!
മദഭരചണ്ഡിമവിഭവവിചണ്ഡില-
ഹൃദയോദ്ദാമരമൊന്നലറുന്നിതു
ചാഞ്ചാടിക്കൊണ്ടിതചാടുന്നിതു
ചാഞ്ഞിതു വസുധാമണ്ഡലമയ്യോ!
കമ്പിതമിവ മേ മാനസമധുനാ
മട്ടുമൊഴിമാരിൽ കൂട്ടിവളെന്നോ
മടിയാകുന്നിതു മയ്യവബെയ്യാൻ?
ശാർദ്ദൂലങ്ങളിലാണും പെണ്ണും
പാർത്തോ മന്നവ നായാടുന്നു.
തിന്മതു മാംസം കൊൽവതു മുനികളെ
വേൽവാ പറവതു സഹ്യഗിരീന്ദ്രസ
ഹോദരമംഗമിതൊക്കെ നിനച്ചാ-
ലാണ്മയൊഴിഞ്ഞില്ലെങ്ങു പെണ്മ പ-
റഞ്ഞതു പോരുമണഞ്ഞുതുടങ്ങീ
ചീററംകോലും ഘോരാരാവം
മാറെറാലികൊണ്ടു ഗിരീന്ദ്രഗുഹാസു സു
കേതുസുതാഗതിയാലതിവേലം
ശങ്കകലൎന്ന തപസ്വികൾ ദിശിദിശി
കതിചന മണ്ടിയൊളിക്കുന്നതു കാൺ
കതിചന വീണു വിതുമ്പുന്നതു കാൺ.
മണ്ടരുതാഞ്ഞമ്മഹർഷികൾ കതിചന
കൈയും കാട്ടി പ്രാകുന്നതു കാൺ
വൃദ്ധന്മാരും വത്സന്മാരും
പത്നീജനവും കേഴുന്നതു കാൺ.
അന്തിയണഞ്ഞു പയിച്ചു തുടങ്ങീ
ഹന്ത പിപാസാ വിഷമയിതെന്നും
മുത്തായത്തിനു പത്താനകളെ-
പ്പാടേ തിന്നേനിന്നാലെന്നും
വനമഹിഷങ്ങളുമത്തായത്തി-

ന്നനവധികൊണ്ടേന*നഛമിതെന്നും
കാസരമെങ്കില്പമേത്തും ചുവയാ
കേസരിഭക്ഷണമിനിമതിയെന്നും
മൃഷ്ടാന്നത്തിന്ന കൊള്ളാമൊട്ടൊ-
ട്ടെട്ടടിമാനും പന്നിയുമെന്നും
പരമൊരുമാംസവുമൊവ്വാ പാത്താൽ
നരമാംസത്തിൻ പൊലിമയൊടെന്നും
കോണകമുടയും തെണ്ടും താവിന
മാണികൾ കാണപ്പെട്ടീലെന്നും
പലവചനങ്ങൾ പറഞ്ഞു വരുന്തൃ.
രാക്ഷസി വന്നു പിടിക്കും മുൻപേ
രൂക്ഷശരങ്ങൾ തറയ്ക്ക തദംഗേ.
കത്തിന വഹ്നിപൊലിപ്പാനപ്പോൾ
കുത്തിന ക്രപോദകമുതകീടാ.
രാമനിലും മേവിയ വിചികിത്സാ-
വ്യാകുലനാകിയ സൌമിത്രേ! നീ
ജയ ജയ നാഥ! രഘൂത്തമ! ജയ ജയ
പോരും പോരുമടങ്ങിയതയ്യോ!
കുശികസുതൻതൻവചനം കേട്ടാൽ
കുററം വാരാ ചെററൊരുനാളും.
തുംഗഭയംകരസത്വവധത്തെ-
പ്പെൺകൊലയെന്നു നിനച്ചീടൊല്ലാ.
വനഭുവി വാഴും ഞങ്ങൾക്കും വ-
ന്നനവധി ഭീതി തരുന്നോൾ നിയതം
രാക്ഷസകുലപതിരാവണനേക്കാൾ
രാപ്പകലിവളെപ്പേടി മുനീനാം
നീയല്ലായ്കിലൊരുത്തരുമാള-
ല്ലായാന്തീം പുനരേനാം ഹന്തും.
വിണ്ണോർകോനും പടയും കൂടെ-
ക്കണ്ണൊട്ടകാങ്കിലവൾക്കിരയായ്പ്പോം.
മഹിതമതേ! ജയ മഹിമനിധേ! ജയ

* അനഛം=അപയ്യാപ്തം.

ദുഷ്ടാൻ വിദലയ! ശിഷ്ടാൻ പാലയ!
സതതമിവണ്ണം നിന്നോടോരോ
വനദേവതകളുമിത! ചൊല്ലുന്നു
പരശിവനാണേ ഗുരുവരനാണേ
സത്യംതന്നേ സത്യംതന്നേ.

൧൦

„സ്ത്രീ രാക്ഷസീ; കഥമിഹാത്ര പതന്തു ബാണാഃ
പ്രേഷ്യസ്യ തേ കുശികനന്ദന! തൽ പ്രസീദ
ആദിശ്യതാമിഹ ഹി കോऽപി തപഃ സ്വതന്ത്രോ
മന്ത്രാക്ഷരൈഃ കതിപയൈര്യ്യ ഇമാമപാസ്യേൽ."

൧൧

„കാളരാത്രികരാളേയം;
സ്ത്രീതി കിം വിചികിത്സസേ?
തജ്ജഗത് ത്രിതയം ത്രാതും
താത! താഡയ താടകാം."

൧൨

„ഗുർവ്വാദേശാദേഷ നിർമ്മീയമാണോ
നാഥമ്മായ സ്ത്രീവധോऽപി സ്ഥിതോऽയം
അദ്യ സ്ഥിതപാ ശോപാ ഗമിഷ്യദ്ഭിരല്ലൈർ-
ല്ലജ്ജാസ്മാഭിർമ്മീലിതാക്ഷൈർജ്ജിതേവ.

൧൩

ദീർഘം പ്രജാഭിരതികൌതുകിനീഭിരാഭി-
രസ്മിന്നകീർത്തിപടഹേ മമ താഡ്യമാനേ
ജ്യോതിർമ്മയേന വപുഷാ ജഗദന്തസാക്ഷീ
ലജ്ജിഷ്യതേ കുലഗുരുർഭഗവാൻ വസിഷ്ഠഃ."

൧൪

„മാ മൈവം വദ കാകുൽസ്ഥ!
നൈഷാ കാരുണ്യഭാജനം
ക്ഷത്രിയാണാം വിശേഷേണ
ധർമ്മോऽയം ദുഷ്ടശാസനം."

൧൫

"ദശരഥകുലേ സംഭൃതം മാമവാപ്യ ധനുർദ്ധരം
ദിനകരകുലാസ്തന്ദ്ര കോƒയം കളങ്കനവാങ്കുരഃ
ഇതി ഹ! വനിതാമേനാം ഹന്തും മനോ വിചികിത്സതേ
യദധികരണം ധർമ്മസ്യേദം തദൈവ വചാംസി നഃ."

൧൬

ത്രൈലോക്യശ്ലാഘ്യതേജോനിധി കുശികസുതൻ
മേല്ക്കുമേലങ്ങപേക്ഷി-
ച്ചാലോലാത്മാ പറഞ്ഞോരളവുമശിഥില-
സ്ത്രീവധോദ്വേഗഭ്രമാ
മേലേമേലേ മദംപൂണ്ടുലകുകളെ നടു-
ങ്ങിക്കുമത്താടകാമ-
ങ്ങാലോക്യാലോക്യ കോപം വളരുമളവുമാ-
ശങ്ക രാമൻ കലർന്നു.

൧൭

വിശ്വാമിത്രൻ പറഞ്ഞും പലവഴികൾ ശുന-
ശ്ശേഫനേററം കരഞ്ഞും
നിശ്ശങ്കാത്മാ സുമിത്രാസുതനഴകൊടുകാ-
ണ്ടുദ്യമം ചൊന്നുറഞ്ഞും
അച്ഛിന്നക്രോധമാധാവനദശയിൽ വിധൂ-
താടവീം താടകാമ-
ങ്ങച്ചോ! കണ്ടും പ്രകോപാൽ മനുകുലതിലകം
വില്ലെടുക്കെന്നു വന്നു.

൧൮

ഉഗ്രം വില്ലുംകലച്ചുമ്മണി *പകഴിതൊടു-
ത്തന്തികാഗന്തുകാമാം
തൃക്കൺപാർത്തമ്മഹാരാക്ഷസിയെ രാഘവരേ
ത്രുക്ഷതാമാദധാനേ

* പകഴി = അമ്പു.

ചൊല്ക്കൊള്ളും ഐശ്വര്യവും ബാല്യവുമൊരുവനു കാ-
ണായതില്ലേറ്റമേറ്റം
തിക്കും ക്രവ്യാത്കുലത്തിന്നൊരു കടുകനലെ-
ന്നൊന്നുതന്നേ പുലമ്പീ.

൧൯

ചിത്രമഹോ രഘുപതിനാ
സത്വരമുക്തം തദാ നിശാചര്യാം
ശസ്ത്രമുരോഭുവി കൊണ്ടു
പുത്തരിയുണ്ടു കൃതാന്തനന്നേരം.

൨൦

മൂർച്ഛാലേന മുമൂർച്ഛ കച്ഛപപതി-
ർഭാരേണ ഹാഹാഹലോ-
ന്മിശ്രം ശോണിതമുദ്വവാമ ശിരസാം
ചക്രേണ ചക്രീശ്വരഃ
ഉദ്ബാഷ്പൈരുദഘൂർണ്ണി ദിക്കരടിഭിഃ
ശ്രീരാമബാണാശനി-
വ്യാദീർണ്ണോല്ലുഠതാടകാപ്രപതനോ-
ല്ലോലേ ധരിത്രീതലേ.

൨൧

രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ.

---

* 'ഹൃദയം മനഉരസോഃ' (എന്നു വിശ്വം).
'രുധിരം കുങ്കുമാസൃജോഃ' (എന്നു വിശ്വം).
'മദനാനലസന്തപ്താ യാഭിസാരയതി പ്രിയം
ജ്യോത്സ്നാതമസ്വിനീയാനയോഗ്യാംബരവിഭൂഷണാ
സ്വയം വാഭിസരേത് യാ തു സാ ഭവേദഭിസാരികാ.'
(എന്നു സുധാകരം).

"ജീവിതേശഃ പ്രാണഹാര
യമേ പ്രാണപ്രിയേഽപി ച."
(ഇതി കേശവഃ).

വൃ ൨

യച്ചകാര വിവരം ശിലാഘനേ
താടകോരസി സ രാമസായകഃ
അപ്രവിഷ്ടവിഷയസ്യ രക്ഷസാം
ദ്വാരതാമഗമദന്തകസ്യ തൽ.

വൃ ൩

മുനിഃ കൃശാശ്വാപത്യാനി
താടകാമാഥിനേ ദദൌ
അസ്ത്രാണി ജൃംഭകാദീനി
ജംഭശാസനശാസനാൽ.

വൃ ൪

സാകം ലേഭേ ജൃംഭകാദ്യൈരസ്ത്രൈഃ സമന്ത്രൈർ-
വിശ്വാമിത്രസ്തുഷ്യതോ യത് കൃശാശ്വാൽ
രാമായാസൌ തദ്ധനസ്തോചിതദാതൃം
പ്രീതഃ പ്രാദാൽ താടകാതാഡകായ.

വൃ ൫

അസംഖ്യഗതിവിഭ്രമാനതുലശസ്ത്രശാസ്ത്രോദ്യമാ-
നതന്ദ്രമുപശൃണ്വതോർമുനിമഹേശ്വരാദേനയോഃ
രഥോപരി നിഷണ്ണയോരിവ സുഖേന സോऽദ്ധ്വാ ഗതഃ
പദാന്തകൃതചംക്രമക്രമപരിശ്രമോവിസ്മൃതഃ.

വൃ ൬

അനേകധരണീധരാമനഘവാഹിനീപാവനീ-
മനോകഹശിഖാശതക്വണിതചക്രവാകോത്കരാം
വനാന്തഭുവമീദൃശീം കലയതോർദൃശാ കൌതുകാ-
ദനോധിരനയോർഗ്ഗുരുർമുനിരവാപ സിദ്ധാശ്രമം.

വൃ ൭

തസ്മിൻ മുഖ്യാശ്രമേ ചെന്നവിടെ നിവസതാം
നിർമ്മലബ്രഹ്മവിദ്യാ-
നിഷ്ണാതാനാം മുനീനാം കഴലിണയിൽ നമൻ
ഭക്തിഭ്രുഗ്നാ മനീഷീ

ഏപ്പോഴും ചേൻറ സൌമിത്രിയോട്ട സകുതുകം
കണ്ടുകണ്ടദ്ഭുതാനാം
തത്രത്യാനാം വിലാസം കുശികതനയനാൽ
നന്ദ്യമാനോ നൃവാത്സീൽ.

താടകാവധം സമാപ്തം.

അഹല്യാമോക്ഷം.

൧

ചിത്തേ തോഴ! സരോജനേത്രചരണാം-
ഭോജം തുടൎത്തും ഘണാ-
മുൾത്തുന്നീടിന ദുഷ്കൃതം മുതലരം
വേഗേന നിൎണ്ണീയതാം
ശുദ്ധേ രാഘവസംഗമേ ഭുവി കരി-
ങ്കല്ലാമഹല്യയ്ക്കു പ-
ണ്ടെത്തീടും തൊഴിലെത്ര പാവനമഹോ
നീ ഹന്ത! കേൾപ്പീലയോ.

൨

വിശ്വപ്രാധാന്യധാമാ മുനികുലപെരുമാ-
ളാശ്രമേ കല്പയിത്വാ
യജ്ഞാഗാരം വിശാലം പരിജനസമുപാ-
നീതസംഭാരഭൂമാ
ദിക്ചക്രാഗന്തുകാഭിർമുനിവിതതിഭിരുൾ-
ച്ചേൎന്നു യാഗംതുടങ്ങീ
സ്വച്ഛന്ദാത്മാ ജഗന്മംഗലവിഭവമഹാ-
സാധനം ഗാധിജന്മാ.

൩

ഭക്ത്യാ മുഖ്യാശ്രമത്തിൻമഹിമയുമവിടെ-
ച്ചേൎന്ന നാനാമുനീനാം
വൃത്തിം വിധ്വസ്തദോഷാമപി നിയമശമ-
ശ്രേയസീം കണ്ടൊരോന്നേ

അത്യന്താശ്ചൎയ്യകൌതുഹലഭരിതമനാ
രാഘവസ്സൌൎയ്യഭാജാ-
മുത്തംസം തത്ര സൌമിത്രിയൊടു കുതുകമാ-
പാദയന്നാബഭാഷേ.

ഗദ്യം ൫.

ഹരഹര! ശിവശിവ! ചിത്രമിതോൎത്താൽ
വത്സ! നിശാമയ ലക്ഷ്മണ! പുരതോ
മുഖ്യാശ്രമപദവിഭവമൊരോന്നേ
മദഭരമിളകിന കുഞ്ജരവരനും
പഞ്ചാനനനും പാമ്പും കീരിയു-
മാമ്പരിചഗ്രേ തമ്മിൽച്ചേൎന്നു ക-
ളിക്കുന്നതു കാണത്രയുമല്ലേ
ചിത്രമവശ്യം ദൃശ്യമിതെത്രയു-
മേണകിശോരം കാണിതശങ്കം.
ശാൎദ്ദൂലീസ്തനപാനമിയന്നതു്
വഹ്നിഗൃഹങ്ങളിൽ ബലിതണ്ഡുലമതു
ഭക്ഷിച്ചീടിന ഹരിണകിശോരം
കോപത്തോടേ താഡിപ്പാനായ്
മുനിപത്നികൾ ചെന്നോങ്ങീട്ടന്നൊരു-
ദണ്ഡം മെല്ലെപ്പേടിവെടിഞ്ഞു മു-
കപ്പാനാഞ്ഞതു കണ്ടു ദയാൎദ്രം
മുനിജനമാശു ചിരിക്കുന്നതു കാൺ,
കേളീശുകമതു ശില്പംകൈക്കൊ-
ണ്ടാഗമഘോഷം തേടുന്നതു കേ-
ട്ടാവതു പൂരയ കൎണ്ണാനന്ദം,
മറെറാരിടത്തിത വത്സലമനസാ-
മാചാൎയ്യാണാം പദളവിന്നതപാ
മാത്സൎയ്യത്തൊടു പാഠക്രമഗതി-
പാടവരീതികൾ ഗാഢം പൂണ്ടൊരു-
സംഭ്രമസംഭൃതവിപ്രവടുവാൎപ്പ ത-
പരിസരഭാഗാൻ നിദ്രാഭീത്യാ
ചംക്രമശീലാൻ ഹോമ്യസമിത്കുശ-
ദാരുപ്രായൈരിന്ധനജാതൈ-

ദ്ദീപിതദഹനാൻ രാത്രിന്ദിവമുട-
നോത്തിമ്മാഹാത്മ്യത്തെ വളക്കം
വടുജനനിവഹാൻ കണ്ടു വിലോചന-
സാഫല്യം ദൃഢമാപാദയ നീ,
നലമൊടു ചെയ്യോരാതിത്ഥ്യംകൊ-
ണ്ടതിസംതൃപ്തം സോച്ഛ്വാസാമല-
നാസാപുടമയകിണ്ണത്തിങ്കൽ
കോരിത്തെരുതെരെ മഹിതഹുതോല്ക്കര-
സൌരഭസാന്ദ്രം മൃദുലസമീരണ-
മാസ്വാദ്യാസ്വാദ്യാനന്ദത്തൊടു
പാനകദംബം കുത്രചിദാസ്സേ,
വീമ്പുകലന്ന ത്രിഭുവനലക്ഷ്മീ-
ഗാഢാശ്ലേഷംപൂണ്ടു വിളങ്ങിന
സുരകുലപെരുമാളെഴുനെള്ളും മണി-
സിംഹാസനവരമധികമിളക്കം
വ്രതചര്യാണാം കമ്മസു പരിചിതി-
ചാതുര്യാണാം വൈതാനാഗ്നിസ-
മുജ്ജ്വലമഹസാമൃത്വിക്സദസാം
പാവനഗഹനം മഹിമാഭോഗം
പാപവിദാരണമാരണർപോലും
വന്ദിക്കേണം കാങ്കിലൊരോന്നേ,
കിമിഹ ബഹുക്ത്യാ പുണ്യാശ്രമമിതു
വിശേഷാത്തീർണ്ണം വിശ്രുതവിഭവം
ദുഷ്കൃതശാന്ത്യൈ ഹന്ത തൊഴേണം.

൪

"വാരാംസ്രുതീനഭിഷുണ്വതേ, വിദധതേ
വന്യൈശ്ശരീരസ്ഥിതീ,-
രൈണേഷ്വാം ത്വചി സംവിശന്തി, വസതേ
ചാപി ത്വചസ്താരവീഃ,
തൽ പശ്യന്തി ച ധാമ നാഭിപതതോ
യച്ഛാമ്മണേ ചക്ഷുഷീ,
ധന്യാ വീതരജസ്തമാ; ഭഗവതി-
ചര്യേയമാമോദതേ*.

* ആമോദയതീത്യർത്ഥഃ. അന്തർഭാവിതണ്യർത്ഥോയം ധാതുഃ.

൭

തൈർമ്മേധാജനനവ്രതപ്രണയിഭി-
ർവ്യൂഢൈർവ്വട്ടനാമിയം
സിക്താ നിത്യവസന്തവിഭ്രമവതീ
രമ്യാ പലാശാവലിഃ
ഏതസ്യാം ഹരിണാരിപാണിജസൃണി-
ശ്രേണിശ്രിയഃ കോരകാ
ഗോപായന്തി തപോവനം വനകരി-
ക്രീഡാകരാകർഷണാൽ.

൮

ഹൃദ്യാം വൃത്തിം മഹിമഗഹനാം
മാനയൻ മൌനഭാജാം
നത്വാചാര്യ്യം കരധൃതധനു-
സ്സാനുജോ ബദ്ധദീക്ഷം
„രക്ഷോഭീതേരവതു ഷഡഹോ-
രാത്രമസ്മാൻ ഭവാനി”-
ത്യുക്തസ്തസ്ഥൌ ദൃഢപരികരോ
യജ്ഞശാലോപകണ്ഠേ.

ഗദ്യം ൨.

അഥ സമുപക്രാന്ത ഏവ സ ഖലു സവനകോലാഹലഃ സകലഗീർവ്വാണഗണസംജനിതകൌതുകാന്തിദ്രഃ സതതഹുതപുരോഡാശസൌരഭീസമുത്സാരിതദുരിതജാതഃ ഷഷ്ഠേഽഹനി തൽക്ഷണപ്രബുദ്ധൈസ്തദാതപസമുദിതഭയങ്കരഹുംകാരബധിരിതദിശാദന്തിവിധുരഫൽക്കൃതിസമാക്രാന്തഗിരിദരീകുഹരൈഃ പ്രതിദിവസഖാദിതമനുജനിവഹാസ്ഥിമാലാവിരചിതവചാകാലീലൈഃ കോപചടുലഭ്രുകുടികഠോരലലാടൈഃ ദണ്ഡധരദണ്ഡകാണ്ഡചണ്ഡിമഖണ്ഡനലാലസഭ്രൂലതാഞ്ചലസമുജ്ജ്വലനകല്പിതത്രിഭുവനദൌസ്ഥിത്യമുദ്രൈഃ രൂക്ഷതരാക്ഷിവിക്ഷേപസന്ത്രാസ*കാന്ദിശീകഖേചരൈഃ പ്രതിപദവിഹിതസുരാമാംസവമൈഃ „അദ്യന്താം മുനയഃ ബധ്യന്താം മുനിപത്ന്യഃ ഛിദ്യന്താം പവിത്രാണി വൃശ്ച്യന്താം

* 'കാന്ദിശീകോ ഭയദ്രുതഃ' (ഇത്യമരഃ).

യൂപദണ്ഡാഃ ഭജ്യന്താമാശ്രമാഃ ഭുജ്യന്താം ഹവീംഷി സാംപ്രതമ-സാംപ്രതമേവ ഹോതു''മിത്യാദിവാത്താമാത്രേണൈവ സമുദേജിതസകലദിഗ്ജനൈഃ ഭയവിവശപലായമാനമുനിജനഹാഹാരാവവഷിഭിഃ മാരീചസുബാഹുപ്രഭൃതിഭിഃ നിശാചരനിവഹൈരവധൂയതേ സ്മ. തദനന്തരമന്തരിക്ഷാദാപതന്തം അന്തകാനീകഭയങ്കരം പലാശഗണമാലോക്യ പലായമാനാഃ കരഗളിതപലാശസമിൽകുശാഃ കുശികനന്ദനാന്തേവാസിനഃ സസംഭ്രമമഭിലഷിതാഹവായ രാഘവായ ന്യവേദയൻ.

൭

"ഏതൽപ്രാഗ്രേശ്ശിഖരാണി താനി പരിതഃ
ക്ഷിപ്ത്വാ ഹസിത്വാ മിഥഃ
കൃത്വാ ഹസ്തവിഘട്ടനം തത ഇതഃ
സ്ഥിത്വാ നദിത്വാ മുഹുഃ
സിക്ത്വാ ക്ഷ്മാമസൃജാ സ്രജാന്ത്രകൃതയാ
ബദ്ധ്വാ കചാൻ ഖേചരാൻ
ദഗ്ദ്ധ്വാച്ഛിസ്സദൃശാ ദൃശാ നിശിചരാ
രുന്ധന്തി രന്ധ്രം ദിവഃ.

൮

ത്രേതാഗ്നികുണ്ഡപൂരം ച
വഷന്തോ രുധിരച്ഛടാഃ
ഹിംസ്രാഃ സുബാഹുമാരീച-
മിശ്രാ നഃ പരിവൃണ്വതേ.

൯

എൻപോററീ! പോക കഷ്ടം നിശിചരരിത തി-
ന്മാൻ തുടങ്ങുന്നിതയ്യോ!
ഡിംഭൌ ഭൂപാലപുത്രൌ, നിപതതി സുരയും
മാംസവും വേദിതോറും''
സംഭ്രാന്ത്യാ ചെന്നിവണ്ണം മുനികുലവചനവും
രാമബാണാസനജ്യാ-
ഗംഭീരദ്ധ്വാനവായ്പും കൊടുമയൊടുടനൊ-
ന്നിച്ചു കേട്ടു ജനൌഘം.

൧൦

വേഗാദഭ്യാപതന്തം ക്ഷപിതമഖവിധാ-
നൈർമഹായാതുധാനൈ-
സ്സാകം മാരീചമൂരീകൃതഗുരുകുഹനാ-
ഗ്രഹനം കണ്ടകാണ്ഡേ
ആകല്പം മാനവാനാം തദുപരി വിസൃജ-
ന്മാനവാൻ മാനവാസ്ത്രം
മേഘജ്യോതിസ്സമാനം വിദലിതധൃതി വി-
ദ്രാവയാമാസ ദൂരം.

൧൧

മാരീചനീചമതിരാഹവമാരചയ്യ
ക്ഷിപ്തഃ ക്ഷണേന രഘുനായകസായകേന
മദ്ധ്യേപയോനിധി ഭയേന നിമഗ്നമൂർത്തി-
ർവേഷം പുപോഷ ജലമാനുഷനിർവ്വിശേഷം.

൧൨

വിദ്രാണേ താടകേയേ രഭസപരവശഃ
പ്രൌഢബാഹുസ്സുബാഹുർ-
ധൃത്വാ മാഹോക്ഷവേഷം നിശിചരസുഭടൈഃ
സാകമഭ്യേത്യ വേഗാൽ
കുത്തിപ്പൊട്ടിച്ചു കീഴ്മേലിളകിമറിയുമാ-
റാശ്രമം ഘോരഘോര-
പ്രദ്ധ്വാനം വ്യാപരിച്ചാനഖിലഭുവനസം-
ക്ഷോഭശങ്കാവിധായീ.

൧൩

സമന്തതസ്സന്തതഹന്തഹാരവേ
മഹാശ്രമേ തത്ര സുബാഹുചേഷ്ടിതൈഃ
ലഘു പ്രഭാവം നിജമേവ ദർശയൻ
രഘുപ്രവീരോ ദഹനാസ്ത്രമാദദേ.

൧൪

ആഗ്നേയാസ്ത്രം പ്രയോഗിച്ചുളവു രഘുവരേ
വിജ്വലജ്ജ്വാലജാല-
പ്രോദ്ദീപ്തേനോഗ്രധാമ്നാ പ്രളയദഹനവ്യ-
ന്ദേന ദന്ദഹ്യമാനാഃ

ധാത്ര്യാം ചത്തമ്മലച്ച്യ മഖവിഹതികരാ
രാക്ഷസാസ്സ്തേ തദാനീം
പ്രോദ്രിക്താത്മാ സുബാഹുസ്സുബഹു പരിണ്ടദൻ
പ്രേതരാജ്യം പ്രപേദേ.

൭൫

വംശസ്ഥശാ ഹൃദയഹാരിഫലാനചിതേന
രാമേരിതേന സഹസാ സഹ സായകേന
സ്നേഹാദ്രിതേന നിരഗാദനുരാഗിണീവ
പ്രാണാവലീ ഹൃദയതഃ പിശിതാശനാനാം.

൭൬

നാശം നൈശാചരം ചേൽഖിലമപി മഖ-
ത്രാണമാധായ വായ്ക്കും
തേജോരാശൌ പുരസ്താന്നമതി കുലഗുരോ-
രന്തികേ രാമചന്ദ്രേ
ആശാകാശാവകാശോത്ഥിതജയജയ'ശ-
ബ്ദങ്ങളും മൌനഭാജാ-
മാശീർവാദങ്ങളും തങ്ങളിലൊരുമകല-
ർന്നു നഭോമദ്ധ്യരംഗേ.

൭൭

അഥ നിശിചരമാഥാദ്ദീതവൈതാനവിഘ്നോ
മുനിരവഭൃഥകൃത്യം വിശപഹൃദ്യം സമാപ്യ
അമനുത ജയലക്ഷ്മ്യാ രാമമാജൌ സമേതം
യജനജനിതലക്ഷ്മ്യാ യോക്തുമവ്യാജലക്ഷ്മ്യാ

൭൮

തതോ മുനിസ്സാധുസമാപ്തയജ്ഞഃ
കൃതാൎത്ഥതാദന്തരിതാന്തരാത്മാ
മുദാ സമാഹൂയ മഹൎഷിമദ്ധ്യേ
ജഗാദ നമ്രം ജഗദീശസൂനും.

൭൯

„ശ്രീമന്മംഗല്യസൂൎയ്യാന്വയതിലകമണേ!
വത്സ! മേന്മേൽ വളൎത്താ-
സാമൎത്ഥ്യംകൊണ്ടു ദുഷ്ടക്ഷയമുടനസതാം
ശിക്ഷയും നന്നിദാനീം

ക്ഷേമമപ്രൌഢേന രാജ്ഞാ ദശരഥനോടപേ-
ക്ഷിച്ചനേകം പിണങ്ങി
ത്വാമത്രാനീയ നമ്മാൽ കൃതമിതു സഫലം
കർമ്മ നിർവിഘ്നമാസീൽ.

൨൦

"നിസ്സംബാധം വ്യതീതേ മഹിതമഖവിധൌ
തൽക്ഷണേനൈവ ബാലൌ
ഹസ്തേ കൊണ്ടത്തരുന്നുണ്ടി'തി നൃപതിയോടു-
ക്തം മയാ സത്സമാജേ
മദ്ധ്യേ കാണേണ്ടുവൊന്നത്ഭുതമിതു മിഥിലാ-
യാം മഹായജ്ഞഘോഷം
ചിത്തേ യദ്യസ്തി കൌതൂഹലമതുമിഹ സാ-
ധിച്ചയോദ്ധ്യാപ്രവേശം.

൨൧

ന്യസ്തം ക്ഷിതൌ ഭുജഗഭൂഷണചാപമുള്ളിവില്ലും
ചിത്രാന്തകം ജനകരാജ്യവിഭൂതിവായ്പും
ഉദ്വീക്ഷണീയമിതയോരിഭവം ച കന്യാ-
രത്നം വരഞ്ഞതിന സംപ്രതി പോകയോ നാം."

൨൨

ഇത്ഥം ഗുരൌ വദതി യുക്തമിതെന്നുതന്നേ
തത്രോച്ചകൈരഭിനനന്ദ മുനീന്ദ്രവൃന്ദം
ഉക്ത്വാ നതേന ശിരസാ തരസാ തഥേതി
പ്രത്യഗ്രഹീൽ പരിവൃഢോ പി മുദാ രഘൂണാം.

൨൩

ആത്താമോദം തദാനീം മുനിരഥ മിഥിലാ-
രാജധാനീം പ്രയാസ്യൻ
*ഗോത്രേന്ദ്രം ഭീമജാമാതരമുടനഭിവ-
ന്ദ്യേന്ദുമന്ദാരഗൌരം
സാകം പ്രസ്ഥായ താഭ്യാം ദശരഥതനയാ-
ഭ്യാം ഗതശ്ശോണതീരം
മാർത്താണ്ഡേ മണ്ഡിതാസ്തേ നിയമകൃത സാ-
യന്തനം ശാന്തചേതാഃ.

---

* 'ഭവഃ ഭീമഃ സ്ഥാണൂ രുദ്ര ഉമാപതിഃ' (ഇത്യമരഃ).

കേരള സാഹിത്യ അക്കാദമി

൨൪

തസ്മിന്നതന്ദ്രമുപവിശ്യ സമം മുനീന്ദ്രൈ-
രധ്യാസിതേന പുരതഃ പ്രഭുണാ രഘൂണാം
പൃഷ്ടോ$'$ഥ ഗാഥിതനയോ നിജതാതജന്മ-
പ്രസ്താവനീമകഥയൽ സ കഥാം പുരാണീം.

൨൫

തദനു കുശികജന്മശ്രീകഥാകർണ്ണനംകൊ-
ണ്ടഗണിതഗതയാമാം യാമിനീം തത്ര നീത്വാ
കൃതദിനമുഖകൃത്യഃ ശോണതീർത്ഥേ ഗുരും തം
വിഹിതനിയമമഗ്രേകൃത്യ ഗംഗാം പ്രതസ്ഥേ.*

൨൬

സ്നാത്വാ ദിവ്യാപഗായാഃ പയസി ദുരിതഹരേ
തർപ്പയിത്വാ നിതാന്തം
പ്രീത്യാ ദേവർഷ്ഷി പിതൄണാം ഗണമധിവസതേ
തീരഭൂമിം തദീയാം
ആസ്ഥാം കൈക്കൊണ്ടു മദ്ധ്യേ മുനിവരസദസാം
ശ്രോതുകാമായ രാമാ-
യാസ്മൈ ഭാഗീരഥീപാവനപരമകഥാം
ഗാഥിജന്മാ ന്യഗാദീത്.

ഗദ്യം ൩.

(ദണ്ഡകം).

"ശ്രീമാൻ പുരാ$'$ഭവദയോദ്ധ്യാപുരേ പരമ-
ധാമാ നൃപസ്സഗരനാമാ
ശ്രീമഹിതസ്സുമതിരപി കേശിനിയുമവനിരുവർ
ഭാമിനികളഴകിലുടയ്ക്കുതാം
ശ്രിതനാം ഭൃഗോരതനുകൃപയാ വിദർഭസുത
സുഷുവേ$'$ഥ സൂനുമസമഞ്ജം
ശിവതനയനിവഹമുടനഴകിനൊട്ടു ഷഡയുതമി-

* ഇവർ ഗംഗാതടത്തേ പ്രാപിച്ച വൃത്താന്തം മറെറാരു കവി വർണ്ണിച്ചിരിക്കുന്ന വിധം താഴെ ചേർക്കുന്നു.

"അജാനപാവനക്ഷീരാം
വൃഷാനന്ദവിധായിനീം
ശ്രുതിപ്രണയിനീം സോ$'$യ-
മാപഗാമാപ ഗാമിവ."

തമിതധൃതിസുമതിയുമസാവീൽ.
ശത്രും ജഗത്തിനസമഞ്ജം ദുരാചരിത
മുത്സായ്യ സോഽപി ഹയമേധം
ശക്തിയൊട്ട മുതിരുമളവുത്തരള ചകിതമതി
വൃത്രരിപുരഹൃത ഹയമേതം.
ശതശോ വിഭിന്നപഥമഥ സൌമതേയതതി
ഹയമാർഗ്ഗണായ നടകൊണ്ടു
ശകലിതമിതവനിതലമവർതുടരുമതികഠിന-
ദൃഢഖനനവിധിഭിരതിഭീമൈഃ
മൃഷ്ടം ഹയം കപിലപൃഷ്ഠേ വിലോക്യ പരി-
തുഷ്ടാ *മലിമ്ലുചനതെന്നേ.
മുട്ടെ മുഹുരിളകി മുസലർഷ്ടിധനുരസിഭിരതി-
ധൃഷ്ടതയൊടവരവരണഞ്ഞാർ.
മുടിയാൻ വരുന്നളവിതറിയാവതല്ല ശിവ
കട്ടഹ്രുംകൃതേന കപിലോഽയം
മടമയൊട്ട പടതുടരുമവരിലൊരു ഭസിതവടി-
വുടനരുളി മറപൊരുൾ മറഞ്ഞു
വിജ്ഞായ തദ്ഗതിമമർത്ത്യാപഗാനയന
വൃത്ത്യാംശുമാൻ ഗരുഡവാചാ
വിജചലിതരതിതപസി തദ്ധരണിഭരണമവ-
മൃച്യ വനമഭജത ദിലീപേ
വിരതേഽഥ തത്ര പുനരുപലഭ്യ വൃത്തമിതു
വിരജാ ഭഗീരഥനതന്ദ്രം
വിപുലമതി വിബുധസരിദവതരണമധിധരണി
വിരചയിതുമതനു സമനാഹീൽ.

൨൬

ഗത്വാ ഗോകർണ്ണഭൂമിം നിരുപമതപസാ
തോഷിതാദ്രികന്യാ-
ഭർത്തുല്ലബ്ധാനുവാദസ്തദനു ഭഗവതീം
വോഢമാകാശഗംഗാം

* 'പ്രതിരോധിപരാസ്കന്ദപാടച്ചരമലിമ്ലുചാഃ' (ഇത്യമരഃ).

ഉത്സാഹീ മർത്ത്യലോകാവതരണവിധയേ
പിന്നെ ദിവ്യസ്രവന്തീ-
മുദ്ദിശ്യാസൌ തപസ്യാം ചിരമകൃത നവ-
സ്യാഗമസ്യാനുരൂപം.

വ. വൃ

തുംഗഭംഗുരതരംഗസംഘകബളീകൃ-
താംബരദിഗങ്കണാ-
സംഗശീതകരശംഖസങ്കുലിതതാര-
മൌക്തികസമാകുലാ
*മംക്ഷു ഫേനപിഹിതാത്മകുഞ്ജരഗവേഷ-
ണാകുലപുരന്ദരാ
ഭംഗകൃഷ്ടഹയവിഹ്വലാരുണദിശാ വി-
മൂഢദിവസേശ്വരാ.

വ. ൻ

ദൃശ്യമാനവിടപാഗ്രസമ്യഗനുമേയ-
നന്ദനമഹീരുഹാ-
കഷ്ണാ ജലദജാലശൈവലിതനാകവ-
ലോദകനഭോന്തരാ
ഉദ്ധതധ്വനി പപാത ശങ്കരജടോദ-
രേ സുരനദീ ഘനാ-
വർത്തഗർത്തവലമാനഭാസുരവിമാന-
പോതവിഹിതാദ്ഭുതാ.

ന. 0

വിസ്തീർണ്ണേ ഹരജാടജൂടകുഹരേ
നിദ്ധ്യായ ദൂർവ്വാശിഖാ-
ലഗ്നസ്വല്പതുഷാരവിഭ്രമധരാം
ഗംഗാമദഭ്രോദ്ഭടാം †

* "ഭ്രാങ്മംക്ഷുസപദി ദ്രുതം" (ഇത്യമരഃ).

† "അലബ്ധനിർഗ്ഗമാ ശംഭോ
കപർദ്ദാരാമഗാ
ദധൗ ദൂർവ്വാശിഖാലഗ്ന-
തുഷാരകണികോപമാം"
(എന്നു ഭോജചമ്പു).

സദ്യസ്തേന നതിപ്രസാദിതധിയാ
പശ്ചാൽ ജടോൽപേഷണ-
ക്ഷിപ്താം ബിന്ദുസരസ്യസൌ ത്രിപഥഗാം
ലബ്ധ്വാ പ്രതസ്ഥേ കൃതീ.

൩൧

ഉദ്യൽകല്ലോലഹല്ലോഹലമിളകി നട-
ക്കുംവിധൌ സത്രഗേഹ-
പ്രദ്ധ്വംസാൽ ജഹ്നരേനാമപിബദതിരുഷാ
പിന്നെ രാജാ മഹൌജാഃ
സ്തുത്വാ തം സംപ്രസാദ്യ ശ്രുതിവിവരപരി-
ത്യക്തയാ ജഹ്നപുത്ര്യാ
ഭത്വാ സമ്യൿ പിതൄണാം ഗതിമഗമദയോ-
ദ്ധ്യാം കൃതാൎത്ഥാന്തരാത്മാ."

൩൨

ഏവം കേട്ടു ഭഗീരഥാൽഭുതകഥാം
ധൈൎയ്യക്ഷമോത്സാഹിനീം
സോഽയം വിസ്മിതമാനസോ ഭഗവതീ-
മാനമ്യ ഭാഗീരഥീം
നാവാ താം മഹിതാം വിലംഘ്യ മുനിനാ
സാൎദ്ധം വിശാലാം പുരീം*
സാവിത്രാന്വയമണ്ഡനസ്യ സുമതേ
രാജ്ഞഃ സമാസേദിവാൻ.

൩൩

അഗ്രേ വന്നെതിരേറ്റു കൌതുകഭൃതാ
രാജ്ഞാ സമഭ്യൎച്ചിതോ
മുഖ്യാത്മാ സ തു രാജപുത്രസഹിതഃ
പ്രസ്തൂയ ചിത്രാഃ കഥാഃ

---

* "വിലംഘ്യ ഗംഗാം വിലസത്തരംഗാം
വിലോകയാമാസുരമീ വിശാലാം
വിശാലനാമ്നാ രചിതാം നൃപേണ
പുരീം വിശാലാപണചത്വരാം താം."
എന്നു മറ്റൊരു കവി വൎണ്ണിച്ചിരിക്കുന്ന പ്രകാരം കാണ്ക.

തത്രൈവ *ക്ഷണദാമതീത്യ മിഥിലാം
യാസ്യൻ പ്രദർശ്യാശ്രമം
മദ്ധ്യേ ഗൌതമനാം മുനേരകഥയൽ
തത്ദാരബദ്ധാം കഥാം.

൩൮

„ഇക്കാണായതു ഗൌതമാശ്രമമിഹ
ശ്രീമാൻ മുനിർഗ്ഗൌതമഃ
പത്ന്യാ സാർദ്ധമഹല്യയാ കില തപ-
സ്സും ചെയ്തിരുന്നു ചിരം
അക്കാലത്തു മുനേരസന്നിധിയിലാ
വൃത്രാരി വന്നേകദാ
തദ്ദാരാൻ ഭവിതവ്യതാവിധുരിതോ
ഭീതാൻ രഹസ്യൂചിവാൻ.

൩൯

പേടിച്ചീടായ്ക. ഭദ്രേ! സകലഭുവനസാ-
മ്രാജ്യലക്ഷ്മീവിലാസ-
ക്രീഡാരംഗം മഹേന്ദ്രൻ പുനരഹമരികേ
നില്ലു ലജ്ജാ തവാസ്താം
ഗാഢപ്രേമ്ണാ കൊതിക്കുന്നിതു തിരുവുടൽ ക-
ണ്ടീടുവാനെത്രനാളു-
ണ്ടേടത്താർബാണവീര്യോദയവിളനിലമേ!
ഹന്ത ദാസോ ജനോഽയം.

൪൦

ആരാലിപ്പൂവലംഗം നവനവസുഷമാ-
മണ്ഡിതം കണ്ടതോറും
മാരോന്മാദം മുഴക്കുന്നിതു കുചതടമൊ-
ന്നും തലോടീടിലോ ഞാൻ
ആരോമൽക്കൊങ്കമീതേ മുഹുരപി മുറുകെ-
ച്ചേർത്തു പുല്കീടിദാനീം
പോരും ചാരിത്രദുഷ്കർമ്മമിതതിലഘു പാ-
രത്രികാധീനസൌഖ്യം.

* „നിശാ നിശീഥിനീ രാത്രി-
സ്ത്രീയാമാ ക്ഷണദാ ക്ഷപാ."-(ഇത്യമരഃ).

൩൭

ഇന്നിൻകാരുണ്യമെന്നെ പ്രതി രഹസി പുല-
മ്പുന്നതെന്നാകിലിപ്പോൾ
നിന്നാണേ, തീൎത്തുചൊല്ലാം പ്രിയമഹിഷി ശചീ-
ദേവി നൂനം ദ്വിതീയാ
എന്നാൽ നമ്മോട്ടുകൂടെക്കളികളിൽ വിളയാ-
ടീടുവാനാഗ്രഹം മേ
വൎണ്ണിക്കാവല്ല നല്ലോരവസരവുമിതേ-
ക്കാൾ വരാ ജീവനാഥേ!'

൩൮

ഇത്ഥം പറഞ്ഞനുനയം മധുരം ത്രിലോകീ-
ഭൎത്താ പലായനപരാം ഭയവേപിതാംഗീം
ഉൽക്കമ്പമാൎന്ന ശിവ ഗൌതമധൎമ്മപത്നീം
കൈക്കൽ പിടിച്ചിതു ബലാദബലാം വലാരിഃ.

൩൯

ത്രൈലോക്യാധീശനെന്നുള്ളൊരു ബഹുമതികൊ-
ണ്ടോ, മനോമോഹനശ്രീ-
ക്കോലും വാഗ്ഭംഗികൊണ്ടോ, വിപുലബലമെഴും
ഭാവിതാശക്തികൊണ്ടോ
ലോലാത്മാ സാ സതീ വാസവനു വശഗതാ
തൽക്ഷണം തേന രേമേ
നാളൊന്നുദ്വേലമസ്യാ നിഭൃതമഭൃത സോ-
പ്യൈരവപത്യം രസാൎദ്രം.

൪൦

ഇത്ഥം മേവുന്നകാലം മദനതുയിർ പൊറാ-
ഞ്ഞേതകദാ നാകനാഥൻ
മദ്ധ്യേ ചെന്നദ്ധ്വരാത്രെ മുനിപരിവൃഢമു-
ച്ച്യാശ്രമപ്രാന്തഭാഗേ
വൃദ്ധം തം കോഴിക്കൂകിപ്പെരിയനിയമധ-
ൎമ്മായ പെട്ടെന്നകത്തി-
സ്വസ്ഥാത്മാ താനകംപുക്കകൃത രതിമഹ-
ല്യാസഹായോ യഥേഷ്ടം.

കേരള സാഹിത്യ അക്കാദമി

൪൧

വിജ്ഞായ സ്നാനവേലാം മുനിരനുപഗതാം
തൽക്ഷണേ ധിക്കൃതം സ്വാ-
ദിച്ഛേലെന്നങ്ങകംപുക്കളവു സരഭസം
പർണ്ണശാലാന്തരാളേ
സ്വച്ഛന്ദം ധർമ്മപത്ന്യാ സഹ രതിമനുഭൂ-
യാശ്രു കുന്തിച്ചുദഞ്ച-
ന്നിശ്വാസം നിർജ്ജിഹാനം പ്രശിഥിലവസനം
തത്ര കണ്ടാന്മഹേന്ദ്രം.

൪൨

അന്നേരം കണ്ടു വിണ്ണോർപരിവൃഢമുടജാ-
ഭ്യന്തരേ മെല്ലമേന്മേൽ
മിന്നും കോപാന്ധചേതാ 'ദശശതവൃഷണ-
പ്രോദ്ഗമം മെയ്യിലെങ്ങും*
ഇന്നിപ്പോളേ ഭവിച്ചീടുക, നിയതമസാ-
വശ്യസാധ്വീ! ശിലാത്മാ'-
വെന്നീവണ്ണം വിഷണ്ണൌ വിഗതദയമുഭൌ
ശപ്തവാനുഗ്രതേജാഃ.

൪൩

'കുചരിതചപലായാ ദേഹി മേ ശാപമോക്ഷം'
വിശദമിതി വദന്തീമാത്മഭാര്യാമനാര്യാം
'ദശരഥസുതരാമശ്രീപദസ്പർശശുദ്ധാ
വിശ നിജതനു'മെന്നങ്ങേഷ യാതോ ഹിമാദ്രിം.

---

* "ഗൌതമഃ ക്രോധതാമ്രാക്ഷഃ
ശശാപ ദിവിജാധിപം
യോനിലംപട! ദുഷ്ടാത്മൻ!
സഹസ്രഭഗവാൻ ഭവ.
ശപ്ത്വൈവം തം മുനിവരോ
ഭാര്യാം താമപി ശപ്തവാൻ
അദൃശ്യാ സർവ്വഭൂതാനാ-
മാശ്രമേഽസ്മിൻ ഭവിഷ്യസി."

(എന്നു രാമായണം).

§ "സ ച ക്രുധാ നിർവൃഷണം വൃഷാണം
ഭാര്യാമദൃശ്യാം ച മുനിശ്ചകാര."

(എന്നു ഭോജചമ്പു).

൪൪

ദുഃഖാൎത്തിതോ വാസവനും തദാനീം
കൈക്കൊണ്ടു ബീഭത്സതരം ശരീരം
പട്ടാംബരപ്രാവൃതസൎവ്വഗാത്ര-
ശ്ലിഷ്ടാം നിശാം മച്ചിലടച്ചനൈഷീത്.

ഗദ്യം ൪.

(ദണ്ഡകം).

തദനു വിബുധനായകൻ പ്രാതരാതങ്കശാലീ സദാ ലജ്ജിതോ
മജ്ജനാലേപനാദിക്രിയാസു പ്രയാസേന ഗൂഢം പ്രവൃത്തിം വി-
തന്വൻ അധന്യോഹമെന്നേ മഹാപാപമേ, പണ്ടിവണ്ണം ജഗത്തി-
ങ്കലാൎക്കാനുമുണ്ടോ ഭവിച്ചൂ സുഖക്കേടൊരേടത്തു ഹാ കഷ്ടമെന്നേ-
ത്രയും തത്ര ജാതാനുതാപം നിരൂപിച്ചു രാത്രിന്ദിവം പട്ടവസ്ത്രേണ
മൂടി കദാചിത് കോണിൽ നാണിച്ചു രോഗച്ഛലാൽ മച്ചില്പുക്കു-
ക്കൊളിച്ചൊച്ചകൊള്ളാതവണ്ണം കിടന്നും സുധൎമ്മാസദസ്സീമ്നി ധ-
ൎമ്മാസനാദ്ധ്യാസനാദിക്രിയാവിഘ്നമുച്ചൈരിയന്നും പരിഭ്രാന്തികൈ-
ക്കൊണ്ടു ഭൃത്യോല്ക്കരം നിത്യമുദ്വേഗമാൎന്നും പുലോമാത്മജാമാത്മ-
ശുശ്രൂഷണവ്യാകുലാം കണ്ടകാലേ മുഖം താഴ്ത്തി നാണംപിണ-
ഞ്ഞും നിതാന്തം കരഞ്ഞും വശംകെട്ടു മേവുന്നവസ്ഥാന്തരേ സൎവ്-
ദേവർഷിവൃന്ദങ്ങളൊന്നിച്ചു നേരേ പുറപ്പെട്ടു നീഹാരശൈലേ ത-
പസ്യന്തമത്യന്തഭക്ത്യാ മുനിം ഗൌതമം കണ്ടു കാൽത്താരിൽ വീ-
ണങ്ങുനത്തീടിനാർ. ‘വിശ്വലോകത്തിനാലംബമേ! തമ്പുരാനേ!
കൃപാസമ്പദാ നിൻപ്രഭാവാനഭിജ്ഞം കൃതാനാൎയ്യകൃത്യം മഹേന്ദ്രം
മഹാസങ്കടാദേനമുദ്ധൃത്യ ലോകത്രയം കാത്തുകൊള്ളേണമെ-
ന്നാൎത്തബന്ധോ! പരം മററൊരാധാരമില്ലാരുമെന്നാൽ നമസ്തേ
നമസ്തേ സമസ്താപരാധം ക്ഷമിക്കേണമിപ്പോളനുഗ്രാഹ്യമേതം
ജനം കാണപേക്ഷിക്കൊലാ ചെററു’മെന്നീദൃശം* വാചമാകൎണ്യ
ജാതാനുകമ്പോ മുനിപ്രൌഢനും ചെററു ചിന്തിച്ചു ‘സൎവ്വത്ര ഗാത്രേ
മഹേന്ദ്രന്നഹോ മുന്നമുണ്ടായതൊക്കെ ക്ഷണേനൈവ കണ്ണായ്ച്ച-
മഞ്ഞീടുകെ’ന്നേവമാഭാഷ്യ പെട്ടെന്നയച്ചീടിനാൻ. തൽക്ഷ-
ണേനാതിസന്തുഷ്ടമൊന്നിച്ചു ദേവർഷിവൃന്ദം ദിവം പ്രാപ്യ ദേ-
വാധിരാജം സഹസ്രേക്ഷണം ഭദ്രസിംഹാസനേ വച്ചു പണ്ടേക്ക-
ണക്കേ മഹാപ്രാഭവത്തോടു വാഴിച്ചിതെല്ലാരുമേ.

* ഈദൃശം (ശ. സ്റ്റീ. ബി. ഏ.)

൪൫

ചൊല്ലാമന്നുതുടങ്ങി വാസവനസൌ
ജാതസ്സഹസ്രേക്ഷണോ
വല്ലാതേ ശിലയായ്ചമഞ്ഞിതിവിടെ-
ച്ചൊല്ലാർന്നഹല്യാ സതീ
ഉല്ലാസം പെരുമോമലംഘ്രികമലം
മെല്ലെന്നു വയ്ക്കേണമി-
ക്കല്ലിന്മേലപശല്യമസ്ത്വിഹ മുനേ-
രാപ്തും കളത്രം ക്ഷണാൽ.”

൪൬

ശ്രുത്വാ ഗുരോരിതി ഗിരം ഗുരുഹാർദ്ദഹൃദ്യാം
ചിത്രീയമാണമനസാ പ്രഭുണാ രഘൂണാം
രക്താരവിന്ദരുചിരന്ത്വചിരാച്ഛിലായാം
തസ്യാം ന്യധായി ചരണം ശരണം മുനീനാം.

൪൭

„ശിലാ കമ്പം ധത്തേ, ശിവശിവ! വിയുങ്ക്തേ കഠിനതാ-
മഹോ നാരീച്ഛായാമയതി വനിതാരൂപമയതേ”
വദത്യേവം രാമേ വിനമിതമുഖീ വല്ക്കലമുരഃ-
സ്ഥലേ ധൃത്വാ ബദ്ധ്വാ കചഭരമുദസ്ഥാദൃഷിവധൂഃ.

൪൮

*പ്രാദുർഭൂയ പുരസ്ഥിതാ „ജയജയ
ശ്രീരാമരാമേ”ത്യവാ-
ഗ്ഗദ്ഗദാ സാ ശിരസാ ധൃതാഞ്ജലിപുടാ
ഭക്ത്യാ പരിക്രമ്യ തം

* “മൃത്തികാഖണ്ഡലക്ഷണയോഗേന ഗാത്രേണ, സുമനഃപ്രവരപ്രണയിനാ കചഭരേണ, നിജോദ്വൃത്തതാമുഷിതഗോത്രശോഭേന സ്തനഭരേണ ച നിജചരിതം മുഹുർമ്മുഹുരിവ പ്രകാശയന്തീ ഭഗവൽകൃപയൈവ മഹാശാപാലസ്യദോഷാന്നിവൃത്താ തമേവ ഭഗവന്തം ഭക്തിഭരേണ നമസിത്വാ പ്രാക്തനവ്രതലോപസ്മരണഹൃണീയമാനഹൃദയാപ്യുപാധീകൃതധൈര്യാ നിവചനീകൃത്യ തപാംസി സേധയമാനം ഗൌതമം താപസോത്തംസമുപേത്യ തദ് ഗൃഹിണീപദം പ്രത്യാപേദേ”.

എന്നു ഈ പ്രകരണത്തെത്തന്നെ മഹാകവി നാരായണഭട്ടതിരി സരസമായി വൎണ്ണിച്ചിരിക്കുന്നു.

ചിത്തേ നീലഘനോജ്ജ്വലം നിദധതീ
ഭൂയസ്സ്വരൂപം പ്രഭോ-
ശ്ശുദ്ധാ ശ്രോണിഭരാലസേന വപുഷാ
യാതാ പതിം ഗൌതമം.

൪൯

ദുഃഖേ സുഖേ ച രജ ഏവ ബഭൂവ ഹേതു-
സ്താദൃഗ്വിധേ മഹതി ഗൌതമധർമ്മപത്ന്യാഃ
യസ്മാൽ ഗുണേന രജസാ വികൃതിം ഗതാ സാ
രാമസ്യ പാദരജസാ പ്രകൃതിം പ്രപേദേ.*

൫൦

ഇത്ഥം ഗൌതമവല്ലഭാം നിജപദാം
ഭോജന്മപാംസൂച്ഛടാ-
നിർദ്ധൂതവൃജിനാം വിധായ വിഹിതാ-
തിഥ്യസ്തയാ സാദരം
വിശ്വാമിത്രവിതീര്യ്യമാണവിവിധാ-
ശീർവ്വാദസന്ധുക്ഷിത-
പ്രൌഢാത്മദ്യുതിരാപ മൈഥിലപുരം
ഭ്രാത്രാ സമം രാഘവഃ.

അഹല്യാമോക്ഷം സമാപ്തം.

സീതാസ്വയംവരം.

൧

മഹതാമനുരോധനേന പുംസാം†
വരുമേവകർമ്മയത്നമായഭീഷ്ടം

---

* 'സാ തതസ്തസ്യ രാമസ്യ
പാദസ്പർശാന്മഹാത്മനഃ
അഭൂത് സ്വരൂപാ വനിതാ
സമാക്രാന്താ മഹാശിലാ.''
(എന്നു പത്മപുരാണം).

† ''സർവ്വേഷാം സമ്പദോ മൂലം
മഹതാമനുരോധനം.''
(എന്ന് ഒരു മഹാകവി പറഞ്ഞിരിക്കുന്നു).

രഘുപുംഗവനമ്മുനിപ്രസാദാൽ
തരുണീമഞ്ജരി സീതയെന്നപോലെ.

൨

താഽനേ കൃത്വാ വിശുദ്ധാം മുനിവരഗൃഹിണീം
ഭാനുവംശോദ്ഭവാനാം
മാണിക്യോത്തംസരത്നം കുശികതനയനാൽ
മാനിതഃ സാനുജന്മാ
നാനാലങ്കാരരഥ്യാവിപണിമണിഗൃഹാം
കൌതുകാലോകിലോക-
ശ്രേണീപൂർണ്ണാന്തരാളാം രഘുപതി മിഥിലാം
പ്രാപ ചാപോത്സവാഢ്യാം.

൩

കണ്ടാരഗ്രേ നരേന്ദ്രം ജനകമമലഭ-
ദ്രാസനേ ഭാസമാനം
തണ്ടാർമാതിൻകടാക്ഷാഞ്ചലകുവലയമാ-
ലാവിലോലാഖിലാംഗം
കണ്ടോളം കാമ്യരൂപം പുകൾപെരിയ പര-
ബ്രഹ്മസാക്ഷാൽക്രിയായാ
ഭണ്ഡാരം പാർശ്വഭാഗേ മരുവുമൊരു ശതാ-
നന്ദനാൽ നന്ദ്യമാനം.

൪

കൃത്വാ സപര്യാം ദ്രുതമാതിഥേയീം
ഭദ്രാസനാസ്ഥാപിതമാദരേണ
നത്വാ മുനീന്ദ്രം മിഥിലേന്ദ്രനപ്പോൾ
മുഗ്ദ്ധസ്മിതാർദ്രം വചനം ബഭാഷേ.

൫

„ലുമ്പന്നദൃഷ്ടജാമാതൃ-
സമ്പദാം ശുചമദ്യ നഃ
ത്വദാഗമനജന്മായ-
മാനന്ദഃ സുദിനായതേ .

൬

ഇന്നാകിൽ ഫലിതം മനോരഥമഹോ
വിശ്വക്രതൂനാം ക്രിയാ
ധന്യാ ഭൂമിസുരാശിഷോഽപ്യവിതഥാ
നിർണ്ണീതമിന്നാകിലോ
പുണ്യാത്മൻ! ബഹുമാനഭാജനമഹം
ജാതോഽസ്മി ലോകത്രയേ
ചന്ദ്രാൎക്കാവധി, മൽപുരേ തവ പദ-
ന്യാസാൽ പവിത്രീകൃതേ.

൭

അജനി ഭവനമേതൽ പാവനാനാം പുരസ്താൽ
പദകമലപരാഗൈഃ സ്പൃശ്യമാനം ത്വദീയൈഃ
അപി ച തവ കടാക്ഷച്ഛദ്മഗംഗാതരംഗൈ-
രഘപടലമകാണ്ഡേ ക്ഷാളിതം നഃ ക്ഷണേന.

൮

*സാധിഷ്ഠം ഭോ സുധാവൎഷിണി ഹിമകരബിം-
ബത്തിലും നൈവ ലബ്ധ-
പ്രീതിപ്രാഗ്ഭാരമേതന്നയനയുഗമഹോ
സാമ്പ്രതം നിൎവ്വൃതം മേ
ചേതോ ജാമാതൃലാഭാച്ചപ്രസിതമിവ ഭവൽ_
സന്നിധാനേഽത്ര താനേ
വീതാശങ്കം പുളയ്ക്കുന്നിതു ശിവശിവ! വി-
ദ്ധ്വസ്തദോഷം വിശേഷാൽ.

൯

അധിഗതൌ വിഷയം കിമിഹാശ്വിനൌ
നയനയോരഥവാ നളകൂബരൌ
സവപുഷാവഥ കിം മധുമാധവൌ
കഥയ മേ മുനികുഞ്ജര! കാവിമൌ?

---

* സാധിഷ്ഠം = അതിബാഢമിത്യൎത്ഥഃ.
'അന്തികബാഢയോൎന്നേദസാധൌ'
(ഇതി പാണിനിഃ).

൫൦

*കതര ഏഷ കളായദലച്ഛവിഃ
കമലലോചനയോരനയോഃ പുനഃ
ഇഹ കഥം ഹൃദയം മമ ലീയതേ
നിയമിവൃത്തി യഥാ പരമാത്മനി."

൫൧

ഇത്ഥം നിശമ്യ വചനം ജനകസ്യ രാജ്ഞോ
നിസ്തന്ദ്രമോദഭരമേദുരതാന്തരാത്മാ
മുഗ്ദ്ധസ്മിതദ്യുതിമനോജ്ഞമുഖം ഗഭീരം
പ്രത്യൂചിവാൻ കുതുകവാൻ കുശികാത്മജന്മാ.

൫൨

"അവനിമവനിപാലാഃ കോടിശഃ പാലയന്താ-
മവനിപതിയശസ്തു ത്വാം വിനാ നാപരത്ര;
ജനക! കനകഗൌരീം യൽ പ്രസൂതാ തനൂജാം
ജഗതി ദുഹിതൃമന്തം ഭൂർഭവന്തം വിതേനേ.

൫൩

ദേവ്യാ യസ്യാ വസനമുദധിഃ
§പീഠികാ ഹാടകാദ്രി-
ർഹാരസ്സിന്ധുസ്സഗരതനയ-
സ്വർഗ്ഗമാർഗ്ഗൈകബന്ധുഃ,
ക്രീഡാശൈലഃ പരമപുരുഷ-
ക്രോഡദംഷ്ട്രാ ച, തസ്യാ-
സ്സീതാമാതുർജഗതി മിഥിലാം
സൂതികാഗേഹമാഹുഃ."

൫൪

"അവതരതി മേ വത്സാ പ്രൌഢിം, ന കശ്ചന ലഭ്യതേ
ജഗതി പുരജിച്ചാപാരോപക്രിയാചതുരോ വരഃ
വിഹിതസമയത്യാഗേ ഭൂയാൻ ഭവേദയശോഭരഃ
കിമിഹ കരവൈ ചിന്താസിന്ധൌ നിമജ്ജതി മാനസം."

---

* കതര=ദ്വയോർമ്മദ്ധ്യേകഃ.

§ അല്പം പീഠം പീഠീ സൈവ പീഠികോപവേശനപീഠം,

൧൫

"അലം ജനക! ചിന്തയാ ദുഹിതരം പ്രദാസ്യാമി തേ
വരായ ഗുണശാലിനേ ഭവതു നിർവൃതിശ്ചേതസി
യഥാ സമയരക്ഷണാൽ തവ യശസ്സമുജ്ജൃംഭതേ
തഥാ പുരവിമത്ഥിനോ ധനുരധിജ്യമാപാദ്യതേ."

൧൬

"സമസ്യാ വാ സാമ്നാം ബഹിരബഹിരംഹഃപരിമൃജാ-
മൃചാം വാ സംവാദഃ കിമപി യജുഷാം വാ പരിപണം
തപോദാശീവാദോഽയം ബഹുവിഷയസാക്ഷാൽകൃതഫലോ
വരം മേ വത്സായാഃ കഥയതി പുരോവർത്തിനമിവ."

൧൭

"പുത്രാസ്തേ ജഗദേകജാംഘികയശ-
ശ്ശ്രാമഭ്രമൽകീർത്തിനാ
ചാതുർഹോത്രവിതീർണ്ണവിശ്വവസുധാ-
ചക്രേണ ചക്രേ മഖഃ
രാജ്ഞാ പങ്ക്തിരഥേന; യത്ര സകല-
സ്വർവ്വാസിസർവ്വാതിഥൌ
സ സ്വേനൈവ ഫലപ്രദഃ ഫലമപി
സ്വേനൈവ നാരായണഃ.

൧൮

ചത്വാരോ ദിനനാഥവംശമണയോ
ജാതാഃ കുമാരാസ്തു യേ
തേഷാമേഷ പുരോഭവഃ പ്രമദയൻ
കൃത്സ്നാം ധരിത്രീം ഗുണൈഃ
*മത്തോ ലബ്ധസമസ്തചാപനിഗമോ
വിശ്വാഭിരാമാകൃതീ
രാമസ്താഡിതതാടകഃ പുനരസാ-
വസ്യാനുജോ ലക്ഷ്മണഃ."

൧൯

വിദേഹമദ്ധ്യേ ബഭാഷേ ശമജലധി ശതാ-
നന്ദനം പ്രേഹന്ത! ദിഷ്ട്യാ
ഭദ്രേണാനേന മാതാ മമ ഹതദുരിതാ
പ്രാപിതാ ഭർത്തൃപാർശ്വം

* മത്തോ മൽസകാശാദിത്യർത്ഥഃ.

അത്രേയല്ല പുലമ്പുന്നിതു സുചിരമിമൌ
 പശ്യതോ മാനസം മേ
വത്സേ സീതോർമ്മിളേ സാമ്പ്രത," മിതി ഗദിതഃ
 പ്രാഹ രാജാ മുനീന്ദ്രം.

൨൦

"യദ്ഗോത്രസ്യ പ്രഥമപുരുഷ-
 സ്തേജസാമീശചക്രോഽയം
യേഷാം ധർമ്മപ്രവചനഗുരുർ-
 ബ്രഹ്മവാദീ വസിഷ്ഠഃ
യേ വർത്തന്തേ തവ ച ഹൃദയേ
 സുഷ്ഠു സംബന്ധയോഗ്യാ-
സ്തേ രാജാനോ; മമ പുനരയം
 ദാരുണഃ ശുല്കസേതുഃ."

൨൧

"കൃത്യേഽസ്മിന്നന്തരായശ്ചേൽ
 ശുല്കസംജ്ഞൈവ കേവലം
നിശ്ചിനു ത്വം മഹാരാജ!
 ന കിഞ്ചിദിദമീദൃശം."

൨൨

"യദപീദമപി വിദേഹനന്ദിനീ-
 പാണിപീഡനവിധേർമഹാർഘതാം
ഏവമാഹ മുനിരേഷ കൌശിക-
 സ്തേന മുഹ്യതി ചിരായ മേ മനഃ."

൨൩

ഗിരീശേനാരാദ്ധം ത്രിജഗദവജൈത്രം ദിവിഷദാ-
 മുപാദായ ജ്യോതിഃ സരസിരുഹജന്മാ യദസൃജൽ
ഹൃഷീകേശോ യസ്മിന്നിഷുരജനി മൌർവ്വീ ഫണിപതിഃ
 പുരസ്ത്രിഭ്യോ ലക്ഷ്യം ധനുരപി കിമപ്യദ്ഭുതമിദം.

൨൪

യേഷാം ചാപസമർപ്പിതം ത്രിഭുവന-
 ച്ഛിദ്രാപിധാനവ്രതം
ജാതം കേവലമേവ *രോഹിതമപ-
 ജ്യാബന്ധമൈന്ദ്രം ധനുഃ

* 'ഇന്ദ്രായുധം ശക്രധനുസ്തദേവ ഋജു രോഹിതം.' (ഇത്യമരഃ).

ത്യേപി പ്രേക്ഷ്യ പുരാ ശരാസനമിദം
മൌർവ്വീകിണശ്യാമികാ-
കസ്തൂരീസുരഭീകൃതാനബിഭരു-
ർവ്യർത്ഥം ഭുജാൻ ഭൂഭുജഃ.

൨൫

"തദ്ഭാഗധേയമപി താദൃശമുത്സവാനാ-
മേതാം ദശാം വയമപി പ്രസമീക്ഷിതാരഃ,
സന്ത്യേവ വിശ്വഭുവനാഭയദാനശൌണ്ഡാഃ
ക്ഷോണീഭുജഃ, പരമമീ ന തു രാമഭദ്രഃ."

൨൬

എന്നീവണ്ണം പറഞ്ഞോരളവിലഥ ശതാ-
നന്ദവക്ത്രാരവിന്ദം
മന്ദം നോക്കിച്ചിരിച്ചങ്ങുപചിതകുതുക-
സ്നേഹവിസ്രംഭചേതാഃ
ധന്യാത്മാ രാമസൌമിത്രികളൊടു സഹിതം
കൈപിടിച്ചാസ്ഥയാ താൻ-
തന്നേ ഗാഢേസ്തനുജം മണിമറയിലക-
ത്തേഷ ധീമാനനൈഷീൽ.

൨൭

സമ്പ്രാപ്തേ രാജധാനീമഥ ദശരഥപു-
ത്രാന്വിതേ ഗാധിസൂനൌ
ഗംഭീരൈർമ്മന്ത്രയിത്വാ സഹ സചിവവരൈർ-
മ്മൈഥിലേയോ മഹാത്മാ,
സമ്മോദം പൂണ്ടയച്ചങ്ങിവിലദിശി മട-
ക്കോല ഭൂപാലകാനാം
മമ്മാ! സർവ്വത്ര സീതാപരിണയനമഹാ-
ഘോഷമുച്ചൈർവ്യതാനീൽ.

൨൮

എട്ടാശാചക്രവാളേ ശിവ! ശിവ! പൊടിപൊ-
ങ്ങിപ്പുഴുങ്ങും ദശായാം
മുട്ടെക്കേറ്റംക്കായ് തുടങ്ങീ ജയവിരുതു വിളി-
ക്കുന്നതഗ്രേ നൃപാണാം,

ചട്ടററീടുന്ന കൊററക്കുടകളുമിളകീ-
ട്ടും കൊടിക്കൂറ കാറേറ-
റെറാട്ടൊട്ടാടിക്കളിക്കുന്നതു ഗഗനതലേ
ഹന്ത! കാണായ്‌ച്ചമഞ്ഞു.

൨൯

കടകം തഴകളോരോന്നൊക്കെനീളെപ്പിടിപ്പി-
ച്ചിടയിലിടയിൽ വീയിപ്പിച്ചു വെൺചാമരൌഘം
ഉടനുടനുപയാതാസ്താം പുരീം രാജസിംഹാഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ.

൩൦

സംഭ്രാന്ത്യാ വന്നു വന്നന്നിറയുമഖില ഭൂ-
ലോകപാലാനിരുത്തി-
സ്സമ്മാനിച്ചങ്ങൊരോ കൈനലകളിൽ മിഥിലേ-
ന്ദ്രസ്യ മന്ത്രീ തദാനീം
അമ്ലാനാമോദമാല്യഘുസൃണമൃഗമദാ-
ലേപതാംബൂലമുഖ്യൈഃ
സമ്മോദാഢ്യം പദാർത്ഥൈഃ സദൃശമുടനറി-
ഞ്ഞർച്ചയാമാസ ധീമാൻ.

൩൧

വന്നെത്തീ പോന്നകാണേഡ ചില പുഴവഴിയും-
വണ്ണമോരോ ദിഗന്തേ
ധന്യം ഭൂദേവസംഘം തിരളുമൊരു പണ-
ശ്രദ്ധയാവൃദ്ധബാലം
ഒന്നിച്ചുയ്യായിരം ചങ്ങലവട്ടികൾ കൂട-
ക്കൂട്ടവും പിന്നെ മേന്മേ-
ലന്യോന്യം ദർപ്പഭാരാൽ പലവക വിശകി-
ക്കൊണ്ടൊരാഭോഗവായ്പും.

൩൨

മല്ലും തട്ടിത്തിമിർത്തുണ്ടൊരു പരിഷ പരേ
യഷ്ടിമാലംബ്യ മേന്മേൽ
മെല്ലേ മെല്ലേ നടന്നും പെരുവഴിയിലിരു-
ന്നും കുരച്ചും പ്രകാമം,

പല്ലെല്ലാം പോയവർഗ്ഗം പലപൊഴുതുരുവി-
ട്ടും പരേ, കാണിനേരം
നില്ലാതേ ഹന്ത! മുഷ്ടാമുഷ്ടിയിലധികവിരൺ-
പൂണ്ടു മണ്ടുന്നിതന്യേ.

൩൩

എണ്ണേറും വിത്തലോഭാത് കതിചന, സരസം
ബാലനാരീകദംബം
തന്നേ പൂണ്മാൻ കൊതിച്ചങ്ങൊരു പരിഷ, പരേ
ഹന്ത! ഹുംകാരവേഗാൽ
എന്നെക്കൈക്കൊൾകകത്തെന്നുയരെ മുറവിളി-
ച്ചും വശംകെട്ടുമയ്യോ!
കണ്ണും ദിക്കും നരുങ്ങില്ലൊരുകുറി മിഥിലാ-
ഗോപുരേ ജാതഹാസം.

൩൪

പയ്യെപ്പയ്യെത്തിരണ്ടു തദനു കുറുവടി-
ത്തണ്ടുമായമ്മുരമ്പ-
ക്കയ്യന്മാ,രയ്യ നീചപ്രഭൃതികളുമണ-
ഞ്ഞു കയത്തൊന്നിനൊന്നായ്
കയ്യിൽ കൈകോത്തുകെട്ടിപ്പിടലി പൊളികയും
വീഴ്കയും ചാകയും കാൽ
കൈയെന്നിത്യാദി പൊട്ടിത്തിറവിയ മുറയും,
ഘോഷമെന്തൊന്നു ചൊൽവൂ! (യുഗ്മകം)

൩൫

പൃഥ്വീപാലാസ്തദാനീം വിരവൊടു വിഹിത-
സ്നാനഭുക്ത്യാദികൃത്യാ
മെത്തീടും നൂത്നരത്നാഭരണമണിമഹോ-
രാജിനീരാജിതാംഗാഃ,
ചിത്താനന്ദം വരുംമാറഖിലതനുമതാം
ചെന്നു ചേർന്നും നിറഞ്ഞു
വിസ്തീർണ്ണേ ചാപരംഗേ പുനരപി ച യഥൌ-
ചിത്യമേതേ നിഷണ്ണാഃ.

൯൬

ഓരോരോ ദിക്കിലുച്ചൈരിടി ഝടിതി നട-
ങ്ങും വെടിപ്രൌഢി മമ്മാ!
ഭേരീനാദം നൃപാണാം ജയവിരുതു മഹാ-
വന്ദിനാം ഗാനഭേദം
ചാരുസ്മേരാനനാനാം തരിവളനിനദം
ചാമരഗ്രാഹിണീനാം
പൂരേ കേൾ വിശ്വവിസ്മാപകമഭവദഹോ!
വാപരങ്ഗം തദാനീം.

ഗദ്യം ൧.

ഹരഹര! ശിവശിവ! മിഥിലയിലിയലിന
കുതുകവിശേഷം പറവാൻ വല്ലേൻ.
തെരുതെര വന്നു നിറഞ്ഞീടുന്ന ന-
രേന്ദ്രന്മാരൊടുകൂടിത്തിക്കി-
ത്തെളിവൊടുചെല്ലും പെരിയ പടജ്ജന-
ചരണസമുത്ഥിതപൊടിപടലംകൊ-
ണ്ടാശാചക്രം മുഴുവൻ മൂടി.
തെളുതെളെ വിലസിന വാളുകൾ പരിചകൾ
ചുരിക കടുത്തില കട്ടാരം വേ-
ലിട്ടേറീട്ടികൾ വട്ടച്ചക്രം
മററുമൊരോതരമായുധജാലം
കടുമയൊടുടനടനിളകിനനേരം
കാക്കാലത്തു പരന്നീടും ചില-
മിന്നൽ കണക്കേ കണ്ണടയും മാ-
റൊളിവിൽ വിളക്കം ജഗതി വിളങ്ങീ.
തിരളൊളി തിരളും ബാലവധൂനാം
താലികൾ തോടകൾ താവടമുടഞാൺ
കണ്ടുവിരൺ പൂണ്ടൊരാത്തക്കൈ
കൈയും കോർത്തുപിടിച്ചു നടക്കും-
കാമുകഹർഷനിനാദവിശേഷേ
നിവിരത്തിരളും ശൃംഗാരാർദ്രം
പദ്യവിശേഷം കുഹചന ഭാഗേ.

ജലധരസമയേ കടുതരമിടികൾ മൃ-
ഴങ്ങുംപോലെ തകിലും മുരചും
നക്രപെരുമ്പറ ഡിംഡിമമുടനേ
തുടിപടഹങ്ങളിവററിൻഘോഷം
ചെവിപൊടിയുംമാറുലകിൽ നിറഞ്ഞു മു-
ഴങ്ങുന്നതുകേട്ടച്ചെരെങ്ങും
കേകാലാപം കാരംകാരം
പീലിപരത്തിച്ചുററും മുററം
പിടകളുമായിക്രുത്താടീടും-
മത്തശിഖാവളബഘവിനോദം
ഹൃദ്യം നിതരാം കുഹചന ഭാഗേ.
കല്യാണത്തിനു വന്നീടും ചില
*മന്നവരെച്ചെന്നൊപ്പമെതിപ്പാൻ
മുല്ലാടണയും കോപ്പേൽക്കണ്ണാർ
പൊല്പൂമെയ്മേലല്ലേതരമാ-
യഴകിനൊടണിയും നാനാഭരണമ-
ഹോജ്വലരത്നസ്ഫുരിതവിലാസൈ-
രിളവെയിൽപോലേ കുഹചന ലസിതം.
കുടയും വടിയും കോലാഹലവും
ഘുമുഘുമിനെന്നു കയത്തുപിടഞ്ഞുട-
നശനശ്രദ്ധകുറിക്കൊണ്ടിടെയിടെ
വന്നു നിറഞ്ഞീടുന്ന മഹീസുര-
സംഘവിശൃംഖലകളകളവചന-
പ്രഹസിതലീലാലോളിതമൊരിടം

ഗദ്യം ൨.

കദാചിദപിപ്രവൃദ്ധം പൊടുന്നെന്നു തമ്മിൽ തെളിഞ്ഞിട്ടു ഹോ! „ശങ്കരൻ തെക്കു നിന്നെപ്പോൾ വന്നു ഭവാൻ, എൻ†പ്രമത്തൻ വെലിക്കെന്നുപോലും വരാഞ്ഞു കിടക്കുന്നിതോ ക്ലേശമായിട്ടു താനേസുഖിച്ചങ്ങിരിക്കുന്നതത്രേ. പണത്തിന്നു മുട്ടീട്ടു കുത്താപി മേടിച്ചു മുന്നാളകത്തും വരുംപോൾ വിരിപ്പാവു രണ്ടൊണ്ടു തന്നുട്ടുതാനും.' „അഹോ! വാസുദേവാ, നിന്നെ ഞാനൊൻപതിററാണ്ടുകൂടീട്ടു കണ്ടു; ഗൃഹത്തിങ്കലോ നിന്നിതോ ഇത്രനാളും വശം

* എതിർക്കുക = എതിരേല്ക്കുക. † പ്രമത്തൻ = ബ്രഹ്മദത്തൻ.

കെട്ടുപോയ് ഞാനനൎത്ഥങ്ങൾകൊണ്ടേ. മരിച്ചു പിതൃവ്യൻ കടം കൊണ്ടു പെണ്ണുങ്ങൾ രണ്ടുംകൊടുത്തു കിടക്കുന്നതുല്പത്തിയെട്ടാണ്ടു പോരും കുടുംബം ഭരിപ്പാൻ വശത്തേതുമില്ലേ.” “എന്തഹോ! കൃഷ്ണനെങ്ങോട്ടു പിന്നെത്തുടങ്ങീതു ഞാനോ വടക്കോട്ടു പോവാൻ തരംകെട്ടിതോ പണ്ടു തമ്മിൽ പറഞ്ഞൊത്തകാൎയ്യങ്ങളെല്ലാം മറന്നില്ല സത്രം കഴിഞ്ഞാൽ നിരൂപിച്ചു കല്പിച്ചുകൊള്ളാം പറഞ്ഞിങ്ങു നിന്നിട്ടെടോ! വൈകിയാതേ പണം വാങ്ങിവന്നിട്ടു കാൎയ്യങ്ങളെല്ലാം” കയച്ചിത്തരം വാൎത്ത കേൾക്കാമനേകം.

ഗദ്യം ൩.

പ്രതിഭടവിഘടിനി വിമതോച്ചാടിനി
വിശ്വവശംകരി ശത്രുഭയംകരി
വനിതാമോഹിനി കനകാവാഹിനി
മന്മഥസംഗ്രഹമന്ത്രഭവബീജം
ജ്വാലാമാലിനി ലീലാശാലിനി
പഞ്ചശതാക്ഷരി വഞ്ചനസാക്ഷിണി
എന്നിത്യാദികൾ മന്ത്രങ്ങൾ ജപി-
ച്ചതുമിതുമുടനേ സാധിക്കാമെ-
ന്നതിചടുലം ചില വെടികളിളക്കി-
ത്താഴ്ന്ന മാലോകൎക്കു വരുന്നതു
താൻ കല്പിച്ചു വരുത്തുകയെന്നായ്
എല്ലാരോടും ഘോഷിച്ചുംകൊ-
ണ്ടാഢ്യത്തൊപ്പിയുമാട്ടിപ്പോര കി-
ലുക്കൻവടിയും, പാലും നെയ്യും
കൂട്ടിച്ചീൎത്തുടനാനബ്ഭോഷ്കുക-
ളൊക്കെനിറപ്പാൻ മാനിച്ചുള്ള ക-
ടാഹംപോലേ വൎദ്ധിയുമായി,
കഞ്ഞിപ്പുടവ കയപ്പിച്ചുംകൊ-
ണ്ടാനബ്ഭോഷ്കുകൾ പലവുതരത്തില-
ടുത്തു വെളിക്കു ജഗത്സു വിതച്ചും
മാലോകൎക്കു സഹിക്കരുതാതൊരു
വാനാററംകൊണ്ടാക്കെ നിറച്ചും
സൌഭാഗ്യാകരമായുഷ്യകരം

സൌന്ദൎയ്യപ്രദമഖിലാകൎഷണ-
മംഗജജൃംഭണമനുഭവസാരം
കലഹവിനാശനമനുരാഗകരം
വൃഷ്യവരിഷ്ഠം ദ്വേഷണയന്ത്രം
മാരണയന്ത്രം മോഹനയന്ത്രം
സ്തംഭനയന്ത്രം മേളനയന്ത്രം
വിഘടനയന്ത്രം പോഷണയന്ത്രം
കൎശനയന്ത്രം മററുമോരോരോ
യന്ത്രശ്രേണികളെഴുതിച്ചേൎക്കും
ഗ്രന്ഥക്കെട്ടുമെടുത്തുനടക്കും
ശിഷ്യജനങ്ങളുമൻപതുമുപ്പതു
പരികൎമ്മികളും ചുമടു ചുമന്നി-
ട്ടൻപതുകയ്യരുമൊക്കെത്തക്കെ
ക്ഷോണീപാലഗൃഹങ്ങളിലുദയമ-
ണഞ്ഞുംകൊണ്ടത്തേങ്ങാനിഖിലം
ചുട്ടുമുടിച്ചും കട്ടുഭുജിച്ചും
ഓന്തും ചുണ്ടെലി ചേരത്തടിയൻ-
വാലുമെരുമ്പും മായൂരശിഖാ
ഞാഞ്ഞൂലിത്തരമൊക്കെത്തക്കെ വ-
റുത്തുപൊടിച്ചുച്ചുടലബ്ഭസ്മം
മേളിച്ചുഴകൊടുമഷിയുണ്ടാക്കി വി-
ശ്രുതം ത്രിഭുവനവശ്യമിതെന്നൊരു-
പേരും ഭള്ളായ്ക്കീൎത്തിപ്രഭജ്ജല-
ധൂളിജനത്തിനു ദത്വാ പൊന്നും-
പണവും പച്ചേ ഝടിതി പറിച്ചും
ഭ്രാന്തുമുടിക്കാമെന്നും ചൊല്ലി-
ഭ്രാന്തന്മാരൊടണഞ്ഞക്കണ്ണുമ-
ടച്ചൊരു ഭസ്മസ്നാനംചെയ്യും-
നേരത്തലറിക്കൊണ്ടവർതന്മേ-
ലടിയേല്പിച്ചൊരു പുൺവടുവെല്ലാം
മററൊന്നാക്കി മറിച്ചു പറഞ്ഞും
പുറമേ പെരിയേ ഭള്ളുംകാട്ടി-
ക്കന്നിച്ചുഴകൊട്ടു മോന്തായത്തൊട്ടു-

മുട്ടിനടന്നും ശ്രീകരഹോമം
ഭീഷണഹോമം മോഷണഹോമം
സംഹൃതിഹോമം മേളനഹോമം
വഞ്ചനഹോമം രഞ്ജനഹോമം
മാരണഹോമം ദ്വേഷണഹോമം
മററുമൊരോരോ ഹോമംകൊണ്ടു വി-
ലക്കിച്ചെങ്ങും വെററിലതിന്ന-
പ്പാഴ്കുമിവാൎത്തുപ്പൽ തെറിപ്പി-
ച്ചാഹാ ഹുഹുവെന്നു ചിരിച്ചെ-
ങ്ങാനപ്പൊളികളിളക്കിയുമച്ചെ-
ന്നുൎവ്വശിതന്നെ വശത്താക്കുവതി-
ന്നിന്ദ്രനിയോഗാൽ തേരുംകൊണ്ട-
മ്മാതലിവന്നു പോയീലിഞ്ഞാ-
നെങ്ങനെ പോവൂ കാലം പോരാ-
ഞ്ഞിങ്ങുഴലുന്നു വാചസ്പതിതാൻ
പിഴകിപ്പോമ്പോൾ വേദനയുണ്ടാ-
കാതോ വൃദ്ധന്നെന്തൊരു ധൎമ്മം
ചിന്തിച്ചത്രേ! മാറാക്കൊണ്ടു
പൌലോമ്യാദികൾ നില്ക്കട്ടേ ദൃഢ-
മീഷദ്ധ്യാനം കൊണ്ടേ ലക്ഷ്മി മ-
ഹേശ്വരി ഭാരതിദമനതകൈക്കൊ-
ണ്ടവരെയുമധുനാ വേണ്ടുകിലിവിടേ-
പ്പിരിയാതാക്കുവനില്ല വികല്പം
ബ്രഹ്മാ മുന്നം തേടിയയച്ചാൻ
സമ്മതമോൎത്തിട്ടവിടെച്ചെന്നേ-
നിക്കാലത്തൊരു രക്ഷാകലശവു-
മാടീതിഞ്ഞാൻ ദക്ഷാരാതിപ-
രശ്വധമേററിട്ടതുകൊണ്ടത്രേ
ചാകാഞ്ഞൂപോലെന്നു ജനങ്ങൾ പു-
കഴ്ത്തീടുന്നു കൌതുകമോടേ
കല്പനയുണ്ടു പിറന്നാൾതോറും
പത്മജനിന്നും മംഗലകലശം
പാൎവ്വതിയും പണ്ടന്നേക്കൊണ്ടൊരു

മേളനഹോമം ചെയ്യിച്ചത്രേ
ഹരനൊട്ട തിരുവുടലർദ്ധം പററീ
ത്രിപുരവധത്തിന കഴിവില്ലാഞ്ഞ-
ത്ര്യംബകവചസാ സംഹൃതിഹോമം
ചെയ്യേന്നിഞ്ഞാൻ മൂന്നേമുക്കാൽ-
നാഴികകൊണ്ടൊരുപിടിവെണ്ണീറായ്
ഗരളം പണ്ട കുടിച്ചൊരുനാളും
പാൎവതിതാനേ മംഗലസൂത്രവി-
ഭംഗഭയംകൊണ്ടെന്നെക്കൊണ്ടൊരു
നാല്പതുദിവസം മൃത്യുഞ്ജയനൊരു-
മൃത്യുഞ്ജയവും ചെയ്യിപ്പിച്ചു."
പലതരമേവം ഡാംഭികമുദ്ര ന-
ടിക്കും മാന്ത്രികരങ്ങൊരുഭാഗേ.
കണ്ടമരുന്നു പറിച്ചുമിടിച്ചും
കട്ടകടെയുള്ള തരഞ്ഞിലെന്നി-
ട്ടിടയിലരച്ചും വാതദ്വേഷിണി
പിത്തവിരോധിനി കഫവിധ്വംസിനി
കല്യാണഘൃതം ധാന്വന്തരഘൃത-
മായുഷഘൃതം മേദസ്സരഘൃത-
മാരോഗ്യഘൃതം കാരസ്സരഘൃത-
മജരാതൈലം ദൃഷ്ടിരസായന-
മാശോനാശനമാന്ത്രകഷായം
വൃഷ്യകഷായം ബഹുവിധമിത്ഥം
മററുമൊരോരോ പേരും ചൊല്ലി-
ട്ടൂശാന്താടി കഷണ്ടിപ്പെരുക്കാ-
ലെന്നിവപോലുമൊഴിപ്പാനായി-
ട്ടാക്കുമൊരിക്കലുമെങ്ങും പാൎത്താ-
ലുതകാതവ ചില നല്ല മരുന്നുകൾ
വിരയെ വരുത്തുകയെന്നു പറഞ്ഞും
ദ്രസ്വാദുള്ളതു മറേറവക്കും
സ്വാദുള്ളതു ബത തങ്ങൾക്കിതരം
മുൻപേ മൎയ്യാദയുമായ് കല്പി-
ച്ചേളിയൊരു രോഗം കണ്ടാലപ്പോ-

ളെല്ലായിലുമമ്മീതേയുള്ളതി-
തെന്നുപറഞ്ഞും പേടിപ്പിച്ചും
സഹിക്കരുതാത കഷായം മുക്കുടി
നസ്യവുമൊക്കെയകത്തുചെലുത്തി
സ്വസ്ഥന്മാരെയുമപഗതകരുണം
വ്യാധിതരാക്കിവലച്ചു നിതാന്തം
വസ്തിപിടിക്ക പുകയ്ക്കു മുറിക്ക ജ-
ളൂകിക്കെന്നായിത്തരമോരോ
ദുർവ്യാപാരം വിരവൊടു ചെയ്തി-
ട്ടസുവും വസുവുംകൂടെ മുടിക്കും
വൈദ്യകദംബം കഥഹചനഭാഗേ.

ഗദ്യം ൪

കത്രചിൽ കാഴ്ചകാണ്മാൻ നടന്നഞ്ജസാ തിക്കിനില്ക്കും ഭടന്മാരുടൻതമ്മിലിഹചൊല്ലെടോ "കോച്ചയെന്തിന്നു കൂത്തോ വിളക്കോ; മഹീപാലകൻ പെൺകൊടുപ്പാൻ തുടങ്ങുന്നതിപ്പോൾ; കൊടുക്കുന്നതെന്തിന്നു നാട്ടാൎക്കുചെമ്മേ വളൎപ്പാൻ തനിക്കേതുമില്ലാതപോലെ; എടാ പൊട്ടനോ പെൺകൊടുക്കുന്നതെല്ലാൎക്കു മാശാരമത്രേ; ഇനിക്കില്ല കാളയ്ക്കു തണ്ണീർകൊടുപ്പോർ മിനക്കെട്ടുനിന്നിട്ടു കണ്ടും വരട്ടെ. ഇനിക്കാച്ചയുംകണ്ടുപോമ്പോൾ പതുക്കെ പൈ തിന്നുപോം ചാമയും നെല്ലുമെല്ലാം" കയച്ചിത്തരം വാൎത്ത കേൾക്കാമനേകം.

ഗദ്യം ൫.

*നാഴികവട്ടകവച്ചുമെടുത്തും
മുങ്ങീ മുങ്ങീലങ്ങും മുങ്ങീ

---

* "വ്യാസം കൈക്കൊരു പന്തിരണ്ടുവിരലാ-
യാറംഗുലം പൊക്കമായ്
തീക്കേണം ചെമ്പാത്രമിരുപലം
ചെമ്പാൽ കപാലോപമം
മദ്ധ്യേ തസ്യ തുളയ്ക്കുകാരമൊരു മു-
ക്കാലും പണത്തൂക്കമാം
പൊൻകോലാലതു നാഴിവട്ടകയതാം
കോൽനീളമാറംഗുലം."
(എന്നു നാഴികവട്ടയുടെ ലക്ഷണം).

തങ്ങളിൽ വാശിയരയ്ക്കാലല്ലീ
അത ചോരുണ്ണ മുഹൂർത്തം പ്രായ-
ശ്ചിത്തം വിരവൊടു പതിനൊന്നല്ലീ
കഷ്ടം കഷ്ടമിതാരു വിധിച്ചതു
വിഷ്ടി വിധിപ്പാൻ വഴിയില്ലൊട്ടും
ചൊവ്വായിന്നു കടക്കം മേഷേ
നാലിലിപോരാ ദൃഗ്ഗണിതംകൊ-
ണ്ടധിമാസംകൊണ്ടെന്താ പക്ഷം
കാലമടുത്തു മാലയെടുത്തു വ..-
ടിപ്പിക്കാമോ ചെററു നനച്ചാൽ
രോഹിണിയുച്ചതിരിഞ്ഞും കാണാം
മുങ്ങീവട്ടക പതിനഞ്ചല്ലീ
വലിയതു നാലോ കൊള്ളാമിപ്പോൾ
ഇത്ഥം കുത്രചിദുദ്ധതികോലും-
ജ്യൌതിഷികന്മാരുന്മാദികളെ-
പ്പോലേ നാനാ വാർത്ത പറഞ്ഞും
പരലും പലകയുമഗ്രേ വച്ചും
ഗണപതിവച്ചും കലിദിനമൊരുരുവ
രുത്തിക്കൂട്ടിപ്പാക്കുന്നപ്പോൾ
വിപരീതത്തൊടു വന്നതുകണ്ടു മ-
നസ്സുംകെട്ടു ചിരങ്ങും നുള്ളി
ജ്യാക്കളെമുരുവിട്ടുടനുടനൊക്കെ നി-
രത്തു ചിന്തു പന്തി പകുപ്പു
കൂട്ടു കളവു വയ്പു കൂട്ടു
പത്രേ നാലഞ്ചക്ഷരമെഴുതു
നക്ഷത്രങ്ങളെ നോക്കു വിരവൊടു
പരവശതാം പൂണ്ടിത്ഥം മരുവിന-
നാക്ഷത്രികജനചരിതവിലാസവി-
ശേഷമശേഷം കുഹചന ഭാഗേ.
അവരവരിടയിലഴച്ചും പാഞ്ഞും
വാദ്യം കൊട്ടിയുമോരോ പദ്യം
ഗദ്യം ഹൃദ്യം ഗാനവിശേഷം
നിവിരെപ്പാടിയുമാടിപ്പെരുമഴ-

പൊഴിയുംപോലെ സദസി തിരക്കി-
ത്തിക്കിവരും ചില ഹുംകാരികളുടെ
ഹുംകൃതികേട്ടും പേടിച്ചങ്ങോ-
ടിങ്ങോടോടിയു'മയ്യോ പാവം!
ചാന്നണ്ടിപ്പോളപ്പാ! മകനേ!
ഹാ! ഹാ! കഷ്ടം തിക്കിക്കൊല്ലാ-
യ്ക്കഗതികളിവരേ പോകട്ടയ്യോ
മുട്ടെപ്പൊങ്ങുന്നയശസ്സിപ്പോ-
ളൻപതു മുപ്പതു ചോമാതികളിത!
ചത്തുമലന്തു മിഥിലയിലിത്ഥം
ചെയ്യാമോ താൻ ജനകനിതെന്തോ
കേളായുന്തു പണമുണ്ടെങ്കില-
ടച്ചുകൊടുക്കാം തിക്കും മാററാം.''
ഇത്ഥം മെത്തിന ഘോഷംകൊണ്ടും
കുതിര ചിറാലിച്ചഴകൊട്ട പാഞ്ഞും
കാലുംകൈയുമൊടിഞ്ഞു പൊടിഞ്ഞും
ചുററും നിലവിളി ഝടിതി തുടൎന്നും
കററക്കുഴലികൾ സദസി ചമഞ്ഞും
ചുററും വെട്ടിപ്പലരു മുടിഞ്ഞും
ഗോപുരവാതിലടത്തുപൊളിച്ചും
കോയിമ്മക്കു തടുക്കരുതാഞ്ഞും
തൂണും വീണും ലോകർ കടൎന്നും
ചൂരക്കോൽകൊണ്ടടിയേല്പിച്ചും
ചൂലത്തിന്മേലാരാതിച്ചും
ചൂണ്ടൽ കൊളുത്തിട്ടരെഞ്ഞുക്കിയു-
മാൎത്തു തെളിച്ചോരു മാലയുമിട്ട-
ക്കുഴവും കൈയിലെടുപ്പിച്ചുംകൊ-
ണ്ടാനക്കമ്മരെ വിരവൊടടിച്ചു ന-
ടത്തിയുമിത്ഥം പറയാമല്ലതി-
വിസ്മയമത്രേ മിഥിലാപുരിയില-
നക്ഷണമോൎത്താൽ വിവിധവിശേഷം

൩൭

ചിന്നീടും കാന്തി പൊന്നിൻതളികയിൽ വലമായ്
മാലയും വച്ചു താരിൽ-
ത്തന്വംഗീ ഭംഗികൈക്കൊണ്ടരുവയർനടുവേ
മിന്നൽപോലേ വിലോലാ
കണ്ണിന്നാനന്ദധാരാ കമലശരപര-
ബ്രഹ്മവിദ്യേവ മൂർത്താ
ധന്യാ വന്നാളരങ്ങത്തതിമൃദുഹസിതാ
മൈഥിലീ മന്ദമന്ദം.

൩൮

വിലോക്യ ജനകാത്മജാം ഭുവനമോഹനാംഗീം പുര-
സ്തദദ്ഭുതകുതൂഹലപ്രണയഭാരസമ്മോഹിതം
കുലം ക്ഷിതിഭൃതാം ദധൌ വിമലപാർവ്വണേന്ദുപ്രഭാ-
നിരീക്ഷണവിജൃംഭിതാംബുധിവിഡംബനാഡംബരം.

൩൯

എന്നേ! വൈചിത്ര്യമയ്യാ! ധരണിയിലൊരു സൌ-
ദാമിനീ നീലമേഘം
തന്നോടാഹന്ത! വേർപെട്ടിത വിഹരതി ഭം-
ഗ്യാ ചിരം ഭാസമാനാ
എന്നേ! കർണ്ണപ്പുടുന്നു ലളിതതരവിലാ-
സങ്ങളെല്ലാമതല്ലേ
മിന്നുന്നു മേല്ക്കുമേലേ ചില മധുരപദാ
ർത്ഥങ്ങളാത്താനുബന്ധം.

൪൦

പൊന്നിൻചെന്താമരയ്ക്കുങ്ങുപരി കനകത്തൂ-
ണീയുഗം ബാലരംഭാ-
ദണ്ഡം തേർത്തട്ടുതൂണ്ടതിനുമുകളിലാ-
കാശമെന്നേ! വിനോദം
ചിന്തുന്നു രണ്ടു പൂവല്ലികൾ മലകളഹോ
ശംഖവും ചന്ദ്രബിംബേ
ബന്ധൂകാദർശമല്ലീ കുവലയലളിതേ
ഭാതി മേഘേ പയോദഃ.

൪൭

സീമാ സരോരുഹഭുവഃ കരകൌശലാനാ-
മാകർഷണാദ് ഭുതമഹൌഷധിരിന്ദ്രിയാണാം
സാമ്രാജ്യസമ്പദധിദൈവതമംഗയോനേ-
രാലക്ഷ്യതേ യുവതിരത്നമപൂർവമേതൽ.

൪൮

വിധായ ശ്വേതാംശും കമലവസതിർഗാളനപടം
തതസ്സ്വച്ഛീഭൂതപ്രചുരതരലാവണ്യസുധയാ
സരോജാക്ഷീമേനാമസൃജദത ഏവാമൃതകരേ
കളങ്കവ്യാജേന സ്ഫുരതി മലജാലവ്യതികരഃ.

൪൯

ദൃശോരസ്യാസ്തന്വ്യാ ഭവതി ബഹിരംഗം കുവലയം
കുചദ്വന്ദ്വോന്മേഷാൽ ഭവതി പരമാണുഃ കുലഗിരിഃ
അസാവിന്ദുർബിന്ദുർവദനസുഷമായാഃ കിമപരം
പരീഹാസസ്ഥാനം പരമചിരരോചിസ്തനുരുചാം.

ഗദ്യം ൩.

(ദണ്ഡകം).

അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസ-
മുല്ലാസി കല്പമലർമാലം
അല്ലൽപെട്ട മതികലയെ വെല്ലുമൊരു നിടിലതട-
ഫുല്ലമൃഗമദതിലകജാലം
അലർബാണവീര്യനെറി വിളയാട്ടുമോമൽമിഴി-
കലകൊണ്ടു കണ്ണിനനുകൂലം
അലമമലകുഴയിണയിൽ വിലസുമണിമണിരുചിഭി-
രൊളിവിളയുമനുപമകപോലം
ചെഞ്ചൊണ്ടിയോടുപമ ചിന്തുന്ന വായ്മലരിൽ
മന്ദം മുളച്ച ധൃതിചോരം
ചെന്തളിരിനനുമിളിതചന്ദ്രകരതുലനകല
രുന്ന മൃദുമുറുവലുമുദാരം.
ചിതറുന്ന കാന്തിതതി വദനം കലാധിപതി-
ശതകോടിതുല്യഗുണപൂരം.
ചിതമുടയ ഗളവടിവുമതിലലിയുമതിലളിത-
ഫുല്ലസൂനവലി വിലസിതമപാരം.

ആകമ്രപൊൽകടകവാർകങ്കണദ്യുതികൾ
പാകം കരാബ്ജമഭിരാമം.
ആകലിതമണികലശമാകമികമണിമുലയി-
ലാകലിതനവകനകദാമം.
അകളേബരന്നമഴലകമേ വളൎക്കുമിത്തു
നവരോമവല്ലരി നികാമം.
അഖിലജനധൃതിഹൃതിയിൽ മികവുടയ കൊടനട്ടവു
മഹഹ! ശിവ! നയനസുഖധാമം.
മാണിക്യകാഞ്ചിനെറി പേണിച്ചപട്ടവസ-
നാബദ്ധമുന്നതവിശാലം.
മാനമെഴുമലർവിശിഖയാനരുചി ജഘനതല
മാനമതി തുടയുമിതുമൂലം
മനനാ മഹിവലയവനിതാജനം പണിയു-
മണപാദപത്മമനുവേലം.
മണമുടയ കബരിമുതലണികുഴലൊടടമുഴവ-
നനുപമമിതമിതഗുണജാലം.

൪൮

രാമാമാലോക്യ വൈദേഹീം
മന്മഥാവിഷ്ടചേതസാം
ഉന്മാദമധുരാശ്ചേഷ്ടാ-
സ്സംബഭ്രുവുർമഹീഭൃതാം.

൪൯

ചിത്രം ചിത്രം! തദാനീമൊരുവനണികരം-
കൊണ്ടു കേളീസരോജം
ബദ്ധാഭോഗം തിരിച്ചാൻ തെളിവൊടു മതിനേ
രാനനാം വീക്ഷ്യ മോഹാൽ,
ഉൾത്തിങ്ങീടും പരാഗോല്ക്കരമിടതല ധൂ-
ളിച്ച പുത്തന്മധൂളിം
വക്ത്രാംഭോജേ തെറിപ്പിച്ചുള്ള കുലമചലം
ചാലയൻ മൂഢചേതാഃ.

൪൩

മദ്ധ്യേസിംഹാസനം മറെറാരു നൃപതി നിവേ-
ശ്യാഥ വാമം ഭുജം കാൽ
മറേറക്കൈകൊണ്ടു തന്വീശയുമതിസരസം
ചിക്കി വായ്ക്കും പ്രമോദാൽ
മുഗ്ദ്ധാംഗീമന്തരാ കിഞ്ചന ചതിയൊടസൌ
നോക്കിനോക്കിസ്സമീപേ
പൃത്ഥ്വീപാലം വയസ്യം ചിലപുതുമ വിശേ-
ഷം പറഞ്ഞങ്ങിരുന്നാൻ.

൪൪

ജാതോന്മാദം തദാനീമൊരു സരസനള-
ക്കീന്നു നല്ലോരു ചവ്വാ-
താദായാദായ മെല്ലിച്ചതിമണമിളക്കും
നാഗവല്ലീദലാന്തേ
മോദംപൂണ്ടാസ്പദിച്ചാനിടയിടയിൽ നറും-
ചുണ്ണമുച്ചൈരെടുത്തും
വാർതോഞ്ഞീടും കരണ്ഡാദ്ഭദനമലർ മിനു-
ക്കി ത്തലോം ഭംഗിശാലീ.

൪൫

അന്നേരം മറെറാരുത്തൻ ചെറിയൊരു പനിനീർ-
ക്കുപ്പി മെല്ലെന്നെടുത്ത-
ത്തന്വംഗീമൌലിതന്മേദുരജഘനഭരം
നോക്കിനോക്കി പ്രസാദീ
തണ്ണീർപോലേ കുടിച്ചാനൊരു തടിയനിരു-
ന്നാഗളം മദ്ധ്യമദ്ധ്യേ
